ܡܫ

# ܛܟܣܐ ܕܒܥܘܬܐ ܕܢܝܢܘܝܐ

# നിനവേക്കാരുടെ ബാവൂസായുടെ ക്രമം

(മൂന്നു നോമ്പ്)

ܐܝܟ ܥܝܕܐ ܕܥܕܬܐ ܕܡܪܬܝ ܡܪܝܡ ܕܩܘܪܘܝܠܢܓܕ

കുറവിലങ്ങാട് മർത്ത് മറിയം പള്ളിയിലെ ക്രമമനുസരിച്ചുള്ളത്

ܒܫܢܬܐ ܒܥܘ ܕܡܪܢ

നിനവേക്കാരുടെ ബാവൂസായുടെ ക്രമം (മൂന്നു നോമ്പ്)

©All rights reserved to
Major Archiepiscopal
Marth Mariam Archdeacon
Pilgrim Church, Kuravilangad

Published by
Major Archiepiscopal
Marth Mariam Archdeacon
Pilgrim Church, Kuravilangad

Printed at St. Thomas Press, Pala
For Private Use Only

06-01-2026
On the Feast of the Denha of Our Lord

# ബാവൂസാ ദ്നിനവായേ
## നിനവേക്കാരുടെ യാചന

വേരില്ലാത്ത മരം ഒരു വിരോധാഭാസമാണ്. വേരുകൾ ഉണ്ടായിട്ടും അതു തിരിച്ചറിയാത്തത്, അതിനെത്തേടി കണ്ടെത്താത്തത് അപരാധവുമാണ്. തലമുറകളായി കൈമാറ്റം ചെയ്യപ്പെട്ടു വരുന്ന വിശ്വാസപാരമ്പര്യം തെറ്റുകൂടാതെയും കുറവുകൂടാതെയും പാലിക്കാനും പങ്കുവയ്ക്കാനും നമുക്ക് ഉത്തരവാദിത്വമുണ്ട്. 'പാരമ്പര്യമെന്നാൽ ചാരം സൂക്ഷിക്കലല്ല, ജ്വാല കൈമാറലാണ്' (Tradition is not preserving ashes, but to pass on the flame).

പൗരസ്ത്യസഭയുടെ പൗരാണികത കണക്കിലെടുത്തുകൊണ്ട് മാർപാപ്പമാരും വത്തിക്കാൻ കാര്യാലയവുമൊക്കെ കൂടെക്കൂടെ ആവർത്തിക്കുന്ന ഒരു കാര്യമാണ് വിശുദ്ധ പാരമ്പര്യങ്ങളെ വീണ്ടെടുക്കുക എന്നുള്ളത്.

സീറോമലബാർ സഭയുടെ പ്രഥമ മേജർ ആർക്കിഎപ്പിസ്കോപ്പൽ തീർഥാടനകേന്ദ്ര പദവിക്ക് അർഹമായ കുറവിലങ്ങാട് മർത്ത് മറിയം പള്ളി ഇത്തരത്തിലുള്ള ഒരു ചരിത്രനിയോഗമാണ് ഏറ്റെടുത്തു നടപ്പിലാക്കി യിരിക്കുന്നത്. ഏതാണ്ടു പതിനാറാം നൂറ്റാണ്ടുവരെ കുറവിലങ്ങാട് അഭംഗുരം കാത്തു പരിപാലിച്ചുപോന്ന മൂന്നുനോമ്പിന്റെ ബാവൂസാനമസ്കാരം ഈ വർഷം മുതൽ സുറിയാനി ഭാഷയിൽനിന്ന് മലയാളത്തിലേക്കു മൊഴിമാറ്റം ചെയ്ത് അനുഷ്ഠിക്കുകയാണ്. പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ടിന്റെ നിർദ്ദേശപ്രകാരം, മർത്ത് മറിയം പള്ളിയുടെ ആർച്ചു പ്രീസ്റ്റ് റവ. ഡോ. തോമസ് മേനാച്ചേരിയുടെ നേതൃത്വത്തിലാണ് ബാവൂസ രൂപപ്പെടുത്തിയിരിക്കുന്നത്. റവ. ഡോ. ജോൺ കണ്ണന്താനം, ഫാ. മാത്യു പുല്ലുകാലായിൽ, ഫാ.അഗസ്റ്റിൻ കണ്ടത്തിൽകുടിലിൽ, ഫാ.ജോസഫ് പുത്തൂർ, ഡോ. ഫെബിൻ മൂക്കംതടത്തിൽ എന്നിവരാണ് സുറിയാനിയിൽനിന്നുള്ള വിവർത്തനം ചെയ്തിരിക്കുന്നത്. ഇതിലെ കീർത്തനങ്ങൾ രചിച്ചതും പ്രാർഥനകൾ ക്രമീകരിച്ചു ഭാഷചിട്ടപ്പെടുത്തിയതും ഫാ.ജോയി ചെഞ്ചേരിൽ M.C.B.S ആണ്.

‘പൗരസ്ത്യക്രിസ്ത്യാനികൾ അവരുടെ ആരാധനക്രമ പാരമ്പര്യങ്ങൾ സജീവമായി നിലനിർത്താനും എളിമയും സഹോദരസ്നേഹവുംകൊണ്ട് അടയാളപ്പെടുത്തിയ ആഴമായ വിശ്വാസ ജീവിതം എങ്ങനെ നയിക്കാം എന്നുമുള്ളതിനു മാതൃകയായിരിക്കാനും അത് ആഗോളസഭയ്ക്കുതന്നെ ആവശ്യമാണെ’ന്നുമുള്ള ലെയോ പതിനാലാമൻ പാപ്പായുടെ നിർദ്ദേശത്തിനുള്ള ഉത്തരംകൂടിയാണ് ഈ ചരിത്രത്തിന്റെ വീണ്ടെടുപ്പ്.

ബാവൂസ എന്ന സുറിയാനി വാക്കിന് യാചന, അപേക്ഷ എന്നൊക്കെയാണർഥം. പഴയനിയമത്തിൽ നിനവേ പട്ടണത്തിൽപ്പോയി പ്രസംഗിക്കാൻ ദൈവം നിയോഗിച്ച യൗനാൻ പ്രവാചകനെയും അദ്ദേഹം മത്സ്യത്തിനുള്ളിൽ കിടന്നതിന്റെയും നിനവേനിവാസികൾ യാചനാപൂർവം ചാക്കുടുത്ത്, ചാരംപൂശി പരിഹാരംചെയ്ത് ദൈവത്തിലേക്കു തിരിഞ്ഞതിന്റെയും (യോനാ 1, 3) മൂന്നു ദിനങ്ങളെ അനുസ്മരിക്കുന്ന ഈ നോമ്പ് പല പേരുകളിൽ അറിയപ്പെടുന്നു. നിനവേ നോമ്പ്, മൂന്നു നോമ്പ് പതിനെട്ടാമിടം, ചെറിയ നോമ്പ്, മകരം തിരുനാൾ എന്നിങ്ങനെ. തിങ്കൾ, ചൊവ്വ, ബുധൻ ദിവസങ്ങളിലാണ് ഈ നോമ്പ് ആചരിക്കപ്പെടുന്നത്. പഴയനിയമത്തിൽ അധിഷ്ഠിതമായ ഏക നോമ്പാചരണമാണ് നിനവേ നോമ്പെന്നതും ഇതിന്റെ പ്രത്യേകതയാണ്. മിശിഹായുടെ പെസഹാരഹസ്യങ്ങളെ ധ്യാനിച്ചുകൊണ്ടാടുന്ന വലിയനോമ്പിനു 18 ദിവസം മുൻപ് അതിന്റെ ഒരു പ്രവേശികയായി മൂന്നുനോമ്പ് നിലനിൽക്കുന്നുവെന്നതും എടുത്തുപറയേണ്ടതാണ്. മൂന്നു നോമ്പിനെത്തുടർന്നുവരുന്ന വ്യാഴാഴ്ച ഉപകാരസ്മരണയുടെ തിരുനാളായി (കുമ്പാൽ തൈബൂസാ) കൊണ്ടാടുന്നു.

എ.ഡി. 570 – 580 കാലഘട്ടത്തിൽ നിനവേ, ബേസ്ഗർമേ, അസോർ തുടങ്ങിയ പേർഷ്യൻ നഗരങ്ങളിലുണ്ടായ പ്ലേഗ് ബാധയിൽനിന്ന് രക്ഷനേടുന്നതിനായി പൗരസ്ത്യ സുറിയാനി സഭയിലെ വിശ്വാസികൾ തിങ്കൾ, ചൊവ്വ, ബുധൻ ദിവസങ്ങളിൽ ദൈവാലയത്തിൽ ഒന്നിച്ചുകൂടി ഉപവസിച്ചു പ്രാർഥിച്ച് പകർച്ച വ്യാധിയിൽനിന്ന് രക്ഷനേടിയത് മൂന്നുനോമ്പാചരണത്തിന്റെ

ചരിത്രപശ്ചാത്തലമാണ്. കാലക്രമത്തിൽ പേർഷ്യൻസഭയുമായി ബന്ധമുണ്ടായിരുന്ന കേരളസഭയിലേക്കും ഈ നോമ്പാചരണം കടന്നുവന്നു.

ഉദയമ്പേരൂർ സൂനഹദോസിന്റെ കാനോനകളിൽപ്പോലും പൗരസ്ത്യപാരമ്പര്യങ്ങളിലെ ഈ നോമ്പാചരണത്തിന്റെ പ്രസക്തിയും പൗരാണികതയും കണ്ടറിഞ്ഞ്, അതു തുടരണമെന്നു നിഷ്കർഷിച്ചിരിക്കുന്നത് ശ്രദ്ധേയമാണ്. (ഉദയമ്പേരൂർ സൂനഹദോസ് കാനോനകൾ, ഏഴാം മൗത്വാ, ഒമ്പതാം കാനോന)

മൂന്നുനോമ്പിന്റെ ആത്മാവ് ബാവൂസ നമസ്കാരമാണ്. സുറിയാനിഭാഷയിൽ വിരചിതമായ സുദീർഘമായ ഗീതങ്ങളും കീർത്തനങ്ങളുമാണ് ബാവൂസായിൽ ഉപയോഗിച്ചിരുന്നത്. അനുതാപത്തിന്റെ പ്രതീകമായ കറുത്തവസ്ത്രം അണിഞ്ഞുകൊണ്ട് പുരോഹിതരും ശുശ്രൂഷികളും ഗായകസംഘവുമെല്ലാം മൂന്നുനോമ്പിൽ ഈ ഭജനക്രമം അനുഷ്ഠിച്ചിരുന്നു.

പൗരസ്ത്യസഭയിൽപ്പെട്ട തൃശൂരുള്ള ശൂറായസഭയും മറ്റും മൂന്നുനോമ്പ് സജീവമായി ആചരിക്കുന്നുണ്ട്. കടുത്തുരുത്തി, പുളിങ്കുന്ന്, കുറവിലങ്ങാട് ദൈവാലയങ്ങൾ മൂന്നുനോമ്പാചരണവുമായി ബന്ധപ്പെട്ടുതന്നെയാണ് പ്രസിദ്ധങ്ങളായിത്തീർന്നിട്ടുള്ളത്. എങ്കിലും ഇവിടെയൊന്നും ബാവൂസായുടെ പൂർണകർമക്രമങ്ങൾ പാലിച്ചുപോന്നിരുന്നില്ല. 2026 ബാവൂസാദ്നിനവായേയുടെ വീണ്ടെടുപ്പ്, അതിന്റെ ഏതാണ്ട് പൂർണരൂപത്തിലാണ് കുറവിലങ്ങാട് മർത്ത് മറിയം പള്ളി ചിട്ടപ്പെടുത്തിയിരിക്കുന്നത്. സഭയിൽ നിലവിലുണ്ടായിരുന്ന കയ്യെഴുത്ത് പ്രതികൾ ക്രോഡീകരിച്ച്, കൽദായ കത്തോലിക്കാ സന്ന്യാസിയായിരുന്നപോൾ ബഡ്ജാൻ 1886 ലും പൗരസ്ത്യ സുറിയാനി സഭയുടെ മെത്രാപ്പോലീത്ത ആയിരുന്ന മാർ തോമാ ദർമോ 1960 ലും അച്ചടിച്ചു പ്രസിദ്ധീകരിച്ച ഹുദ്രാകൾ അടിസ്ഥാനമാക്കിയാണ് ഈ തക്സ തയ്യാറാക്കിയിരിക്കുന്നത്.

പൗരസ്ത്യ സുറിയാനി സഭാരത്നമായ മാർ അപ്രേം, മാർ അബ്രഹാം മൽപ്പാൻ, മാർ ഏലിയ, മാർ ആവാ കാസോ

ലിക്ക, മാർ ശല്ലീത്ത, സോവയിലെ ഭക്തനായ മാർ ഏലിയ, അർബേലിലെ മാർ ഗീവർഗീസ് എന്നിവരുടെ കീർത്തനങ്ങളും പ്രാർഥനകളും വിചിന്തനങ്ങളും ബാവൂസായിൽ ഉൾച്ചേർത്തിരിക്കുന്നു. പുരാതനമായ സുറിയാനി പാരമ്പര്യത്തിലെ ബാവൂസായുടെ പ്രാർഥനാഘടന നിലനിർത്തിക്കൊണ്ടുതന്നെ വായനകളും സങ്കീർത്തനങ്ങളും വിജ്ഞാപനങ്ങളും മുട്ടുകുത്തി നിലംചുംബിച്ചുകൊണ്ടുള്ള വിലാപ ശുശ്രൂഷകളും ലോകം മുഴുവനും വേണ്ടിയുള്ള മധ്യസ്ഥപ്രാർഥനകളും ഭക്തിസാന്ദ്രമായ കീർത്തനങ്ങളും അതിന്റെ ചൈതന്യത്തിന് ഒട്ടും ശോഷണം സംഭവിക്കാതെ എന്നാൽ, കാലോചിതമായി യാചനകളും വിചിന്തനങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടാണ് ഈ പ്രാർഥനാശുശ്രൂഷ പുനഃക്രമീകരിച്ചിരിക്കുന്നത്.

ഉപവാസവും പ്രാർഥനയും അനുതാപവുംവഴി ദൈവത്തോടും മനുഷ്യരോടും പ്രകൃതിയോടും നമ്മെത്തന്നെ അനുരഞ്ജിപ്പിക്കുകയാണ് ബാവൂസ. മനുഷ്യജീവിതത്തിന്റെ എല്ലാ ആഗ്രഹങ്ങളും ആവശ്യങ്ങളും യാചനകളും സമർപ്പിക്കുന്ന ഭജന- ജാഗരണപ്രാർഥനാശുശ്രൂഷയാണിത്. നമ്മുടെ നാടും കൃഷിയും കർഷകരും വിതയും കൊയ്ത്തുമെല്ലാം അതിലെ പ്രമേയങ്ങളാണ്.

യുദ്ധങ്ങളും ആധിപത്യങ്ങളും അവസാനിപ്പിച്ച് ഒരു സ്നേഹസമൂഹനിർമിതിയിലേക്ക് ഏവരെയും ക്ഷണിക്കുന്നതാണ് ബാവൂസ. എല്ലാവർക്കും പാടാവുന്ന സുറിയാനി ഈണത്തിലാണ് ഇവയുടെ കീർത്തനങ്ങൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്. ലളിതവും അനുദിന ജീവിതവ്യാപാരങ്ങളിൽ ഏവർക്കും സുപരിചിതവുമായ പദങ്ങളും ബിംബകല്പനകളുംകൊണ്ട് സമ്പന്നമാണ് ബാവൂസാ നമസ്ക്കാരം. ജാതിമതഭേദമന്യേ മുത്തിയമ്മയുടെ സവിധത്തിൽവന്ന് ഈ ശുശ്രൂഷകളിൽ പങ്കെടുക്കുന്നവർക്കു ദൈവാനുഗ്രഹങ്ങളും ആത്മീയ ഉണർവും സംലഭ്യമാകത്തക്കവിധമാണ് ഈ യാചനാ പ്രാർഥനയുടെ കർമവിധികൾ.

ആഘോഷങ്ങളേക്കാൾ, ഉപവാസത്തിലൂടെയും പ്രാർഥന യിലൂടെയും ദൈവത്തെ പ്രസാദിപ്പിക്കാൻ മനുഷ്യൻ നടത്തുന്ന ആത്മനവീകരണ യജ്ഞമാണത്.

സഹിത ഭാവങ്ങൾ അറ്റുപോകുന്ന ഇക്കാലത്ത് ദൈവ വിചാരത്തിന്റെയും സാഹോദര്യത്തിന്റെയും ഒത്തൊരുമയുടെ യും ഒരുമിച്ചു പ്രാർഥിക്കലിന്റെയും പങ്കുവയ്ക്കലിന്റെയും ഒരു മിച്ചു ഭക്ഷിക്കുന്നതിന്റെയും സ്നേഹഭാവങ്ങൾ ബാവൂസയിൽ വീണ്ടെടുക്കപ്പെടുന്നു എന്നുള്ളത് അതിന്റെ സാമൂഹികപ്രസക്തി വർധിപ്പിക്കുന്നു. മതസൗഹാർദത്തിന്റെയും നാട്ടുസവിശേഷ തകളുടെയും ധാരാളം ഘടകങ്ങൾ ഇതിലുണ്ട് എന്നുള്ളതും എടുത്തുപറയേണ്ടതാണ്. നഷ്ടപ്പെട്ട നന്മകളെ വീണ്ടെടുക്കുന്ന വ്യക്തിയും സമൂഹവും നാടിനും ലോകത്തിനു മുഴുവനും നൽ കുന്ന ശാന്തിയുടെയും നന്മയുടെയും ഭാവങ്ങൾ എന്നും പ്രസ ക്തവും പ്രസാദകരവുമാണ്. അതിനാൽ, പൂർണമനസ്സോടും സ്നേഹസഹകരണത്തോടുംകൂടെ നമുക്ക് ഈ ജീവന്റെ ഉറ വിൽനിന്ന് ആവോളം പാനംചെയ്യാം.

# ഉള്ളടക്കം

## നിനവേക്കാരുടെ ബാവൂസാ


തിങ്കൾ ഒന്നാം മൗത്വാ .................................... 11
തിങ്കൾ രണ്ടാം മൗത്വാ .................................... 38

ചൊവ്വ ഒന്നാം മൗത്വാ .................................. 63
ചൊവ്വ രണ്ടാം മൗത്വാ .............................. ... 92

ബുധൻ ഒന്നാം മൗത്വാ .................................. 120
ബുധൻ രണ്ടാം മൗത്വാ .................................. 156

# നിർദ്ദേശങ്ങൾ

1. ബാവൂസായുടെ ക്രമങ്ങൾ വചനവേദിയിലെ ബേമായിൽ മദ്ബഹായ്ക്ക് അഭിമുഖമായാണ് നടത്തേണ്ടത്.
2. ബാവൂസായുടെ ക്രമത്തിൽ വൈദികൻ മദ്ബഹായെ സമീപിക്കുന്നില്ല, ക്രമങ്ങൾ മുഴുവനായും ജനമധ്യത്തിൽ നിന്നുകൊണ്ടാണ് നടത്തുന്നത്.
3. ഹൂത്താമാ മദ്ബഹായുടെ അഴിക്കാലുങ്കൽ/വാതിൽ ക്കൽ, ഇടത്തുവശത്ത് നിന്നുകൊണ്ടാണ് നൽകേണ്ടത്.
4. ഓരോ ദിവസവും രണ്ട് മൗത്വാകൾ വീതമാണ് ഉള്ളത്; രാവിലെയും ഉച്ചകഴിഞ്ഞും.
5. ബാവൂസായുടെ ഓരോ മൗത്വായുടെയും ആരംഭത്തിലും അവസാനത്തിലും സമാധാനം കൈമാറുന്നു.
6. കാർമ്മികൻ കൊത്തീന, സൂനാറ, ഊറാറ (പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിൽ കറുത്ത കുപ്പായവും ഊറാ റയും) എന്നിവ ധരിക്കുന്നു.
7. മുഴുവൻ സമയവും മദ്ബഹാ വിരി തുറന്നിരിക്കും.
8. വൈദികൻ കൈസ്ലീവാ ഉപയോഗിച്ചാണ് ജനങ്ങളെ ആശീർവദിക്കുന്നത്.

# ܬܪܝܢܒܫܒܐ ܕܒܥܘܬܐ

# ബാവൂസായുടെ തിങ്കൾ

## ഒന്നാം മൗത്വാ

കാർമ്മികൻ തിരുവസ്ത്രങ്ങൾ അണിഞ്ഞു ബേമ്മയിൽ വന്നു പരിശുദ്ധ മദ്ബഹായ്ക്ക് അഭിമുഖമായി നിൽക്കുന്നു. മ്ശംശാനമാർ കാർമ്മികനിൽ നിന്നും സമാധാനം ***(കൈക്കസ്തൂരി)*** സ്വീകരിച്ചു ദൈവജനത്തിനു നൽകുന്നു. എല്ലാവരും പരസ്പരം സമാധാനം നൽകിയതിനുശേഷം ആരംഭിക്കുന്നു.

**കാർമ്മി** : അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി. (3)

**സമൂ** : ആമ്മേൻ. (3)

**കാർമ്മി** : ഭൂമിയിൽ മനുഷ്യർക്കു സമാധാനവും പ്രത്യാശയും എപ്പോഴും എന്നേക്കും.

**സമൂ** : ആമ്മേൻ.

**കാർമ്മി** : സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, *(സമൂഹവും ചേർന്ന്)* അങ്ങയുടെ നാമം പൂജിതമാകണമേ. അങ്ങയുടെ രാജ്യം വരണമേ. അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ. സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ മഹത്ത്വത്താൽ സ്വർഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു. മാലാഖമാരും മനുഷ്യരും അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്ന് ഉദ്ഘോഷിക്കുന്നു.

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ നാമം പൂജിതമാകണമേ. അങ്ങയുടെ രാജ്യം വരണമേ. അങ്ങയുടെ തിരുമനസ്സു സ്വർഗത്തിലെപ്പോലെ

ഭൂമിയിലുമാകണമേ. ഞങ്ങൾക്ക് ആവശ്യകമായ ആഹാരം ഇന്നു ഞങ്ങൾക്കു തരണമേ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടും ക്ഷമിക്കണമേ. ഞങ്ങൾ പ്രലോഭനത്തിൽ വീഴാൻ ഇടയാകരുതേ. ദുഷ്ടാരൂപിയിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ. എന്തുകൊണ്ടെന്നാൽ, രാജ്യവും ശക്തിയും മഹത്ത്വവും എന്നേക്കും അങ്ങയുടേതാകുന്നു. ആമ്മേൻ.

**കാർമ്മി** : ബാവായ്ക്കും പുത്രനും റൂഹാദ്ക്കുദ്ശായ്ക്കും സ്തുതി.

**സമൂ** : അനാദിമുതൽ എന്നേക്കും ആമ്മേൻ.

**കാർമ്മി** : സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, *(സമൂഹവും ചേർന്ന്)* അങ്ങയുടെ നാമം പൂജിതമാകണമേ. അങ്ങയുടെ രാജ്യം വരണമേ. അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ. സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ മഹത്ത്വത്താൽ സ്വർഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു. മാലാഖമാരും മനുഷ്യരും അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്ന് ഉദ്ഘോഷിക്കുന്നു.

**മ്ശം** : നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

## സ്ലോസാ

**കാർമ്മി** : മാറൻ വാലാഹൻ, ഞങ്ങളുടെ കർത്താവും ഞങ്ങളുടെ ദൈവവുമായവനേ, കരുണക്കടലേ, കൃപാസമുദ്രമേ, ദയാനിധിയേ, കരുണയുടെ വാതിൽത്തുറന്ന് മനമുരുകുന്നവരെ അനുതാപത്തിലേക്കു വിളിക്കുന്നവ

നായ ഞങ്ങളുടെ ആലാഹായേ, ബലഹീനരായ ഞങ്ങളുടെ യാചനകൾക്കായി നിന്റെ കരുണ യുടെ വാതിൽ തുറന്നുതരണമേ. അതിസമ്പന്നവും കവിഞ്ഞൊഴുകുന്നതുമായ നിന്റെ നിക്ഷേപാലയ ത്തിൽനിന്ന് ഞങ്ങളുടെമേൽ അനുഗ്രഹം ചൊരി യണമേ. തന്നെ ഇടവിടാതെ വിളിച്ചപേക്ഷിക്കു ന്നവരിൽനിന്ന് കൃപകളും ദാനങ്ങളും തടയാതിരിക്കു ന്നവനായ നല്ല നാഥാ. മാറാ ദ്കോൽ ആവാ വവ്റാ ഉറൂഹാ ദ്ഖുദ്ശാ ല്അൽമീൻ.

**സമൂ** : ആമ്മേൻ

## ഓനീസ

*(രീതി: തൂയൈ)*

**നീ എന്നേക്കും പുരോഹിതനാകുന്നു**

കറയില്ലാതെ നമുക്കായി
യാഗാർപ്പിതനാം മിശിഹായേ,
നിത്യപുരോഹിതനല്ലോ നീ
ഞങ്ങടെ വാഴ്ത്തിൻ കാരണവും

മാനുഷർ ഞങ്ങടെ യാതനകൾ
തോളിലെടുത്തൊരു കുഞ്ഞാടേ,
വിധിതൻ നാളതിൽ ഞങ്ങൾക്കായി
പാപവിമോചനമേകണമേ

**സഹോദരൻ നിന്നെ രക്ഷിക്കുകയില്ല**

നിലനിൽക്കാത്തൊരു ലോകത്തിൽ
പുര കെട്ടുന്നവരെല്ലാരും
പുകപോലെന്നും മാഞ്ഞടിയും
നരകത്തീയിൽ വീണുഴലും

വരുവിൻ രാജ്യം നേടീടാം
ആത്മാവിൻ വില നൽകീടാം
നിത്യത തേടി വിരാജിക്കാം
സ്വർലോകത്തിൽ ചെന്നണയാം

**കർത്താവേ അങ്ങയുടെ കൃപ ഞങ്ങളുടെമേൽ ഉണ്ടാകട്ടെ**

മിശിഹാരാജാ കർത്താവേ,
നിന്റെ ശരീരരഹസ്യത്താൽ
പോഷിതരാകും ഞങ്ങൾതൻ
പാപകടം നീ ഓർക്കരുതേ
ഉത്ഥാനത്തിൻ ദിനമതിൽ നിൻ
കൃപ മുന്നിൽ നിലകൊള്ളട്ടെ
ഈറേൻമാരോടൊപ്പം നിൻ
സ്വർഗമഹത്ത്വം പൂകട്ടെ

**എനിക്കു കാണാൻ കഴിയാത്തവണ്ണം പാപങ്ങൾ എന്നെ മൂടി**

മാമലപോലെൻ പാപങ്ങൾ
പേടിവളർത്തുന്നെന്നുള്ളിൽ
മരണയുറക്കം വിട്ടുണരാൻ
നാഥാ കനിയണമെന്നിൽ നീ
അന്ധതമൂടിയ നയനത്തിൽ
അഞ്ജനമതു നീ എഴുതണമേ
നെടുവീർപ്പോടെ വിളിക്കുമ്പോൾ
രക്ഷകനേ ദയ കാട്ടണമേ

**അവ എന്നെ വലയം ചെയ്യുന്നു**

കോളു നിറഞ്ഞൊരു കടലാണെൻ
പാപം പെരുകിയ യാത്രയിതും
കടലിൽപ്പെട്ടു കുഴങ്ങുന്നു
എങ്ങനെ മറുകരയെത്തീടും?

ഓറശ്ളേമിൽ ചെന്നീടാൻ
രക്ഷകനേ നീ ഉണരണമേ
കടലിനെ ശാസിച്ചീടണമെ
കനിവിൽ വിശ്രമമരുളണമേ

**ബാവായ്ക്കും പുത്രനും റൂഹാദ്ക്കുദ്ശായ്ക്കും സ്തുതി**

തിന്മനിറഞ്ഞോരാളാത്മാവേ,
എന്തുരചെയ്യും വിധിനാളിൽ
നിന്നുടെ ദീപമണഞ്ഞല്ലോ
നിന്നുടെയാട കവർന്നല്ലോ

വിധിയാളൻ തൻ സവിധത്തിൽ
ഓടിയണഞ്ഞഭയം തേടൂ
ഭയമെന്യേ നിന്നന്ത്യദിനം
കൃപയാൽ പൂരിതമാകട്ടെ

## സങ്കീർത്തനം 86:1–8

**മ്ശം** : കർത്താവേ, ചെവിചായിക്കണമേ; എനിക്കുത്തരമരുളണമേ; ഞാൻ അഗതിയും നിസ്സഹായനുമാകുന്നു. **(കാനോന)** അനുതാപികളെ സ്നേഹിക്കുന്നവനായ മിശിഹായേ, ഞങ്ങളുടെ പ്രാർഥനകൾക്കായി നീ വാതിൽ തുറക്കണമേ, ഞങ്ങളുടെ യാചന കൈക്കൊള്ളണമേ.

ഹല്ലേലൂയ്യാ (3)

**കാർമ്മി** : അങ്ങു നല്ലവനാകുന്നല്ലോ; എന്റെ ആത്മാവിനെ കാത്തുരക്ഷിക്കണമേ. ദൈവമേ, അങ്ങയുടെ ദാസനെ രക്ഷിക്കണമേ; എന്റെ പ്രത്യാശ അങ്ങിലാണല്ലോ.

**സമൂ** : അനുതാപികളെ സ്നേഹിക്കുന്നവനായ മിശിഹായേ, ഞങ്ങളുടെ പ്രാർഥനകൾക്കായി നീ വാതിൽ തുറക്കണമേ, ഞങ്ങളുടെ യാചന കൈക്കൊള്ളണമേ.

**കാർമ്മി** : കർത്താവേ, എന്നോടു കരുണതോന്നണമേ; എന്നെന്നും ഞാൻ അങ്ങയെ വിളിക്കുന്നു. അങ്ങയുടെ ദാസന്റെ ആത്മാവിനെ ആനന്ദിപ്പിക്കണമേ; എന്റെ ആത്മാവിനെ ഞാൻ അങ്ങയുടെ പക്കലേക്കുയർത്തുന്നു.

**സമൂ** : അനുതാപികളെ സ്നേഹിക്കുന്നവനായ മിശിഹായേ, ഞങ്ങളുടെ പ്രാർഥനകൾക്കായി നീ വാതിൽ തുറക്കണമേ, ഞങ്ങളുടെ യാചന കൈക്കൊള്ളണമേ.

**കാർമ്മി** : എന്തുകൊണ്ടെന്നാൽ അങ്ങു നല്ലവനാണല്ലോ; അങ്ങയെ വിളിച്ചപേക്ഷിക്കുന്നവരിൽ അങ്ങയുടെ കൃപാവരം സമൃദ്ധവുമാണല്ലോ.

**സമൂ** : അനുതാപികളെ സ്നേഹിക്കുന്നവനായ മിശിഹായേ, ഞങ്ങളുടെ പ്രാർഥനകൾക്കായി നീ വാതിൽ തുറക്കണമേ, ഞങ്ങളുടെ യാചന കൈക്കൊള്ളണമേ.

**കാർമ്മി** : കർത്താവേ, എന്റെ പ്രാർഥന ചെവിക്കൊള്ളണമേ; എന്റെ നിലവിളിയുടെ സ്വരം കേൾക്കണമേ. ഞെരുക്കകാലത്തു ഞാൻ അങ്ങയെ വിളിച്ചു; അങ്ങ് എനിക്ക് ഉത്തരമരുളി.

**സമൂ** : അനുതാപികളെ സ്നേഹിക്കുന്നവനായ മിശിഹായേ, ഞങ്ങളുടെ പ്രാർഥനകൾക്കായി നീ വാതിൽ തുറക്കണമേ, ഞങ്ങളുടെ യാചന കൈക്കൊള്ളണമേ.

**കാർമ്മി** : ബാവായ്ക്കും പുത്രനും റൂഹാദ്ക്കുദ്ശായ്ക്കും സ്തുതി

**സമൂ** : അനാദിമുതൽ എന്നേക്കും ആമ്മേൻ.

**മ്ശം** : കർത്താവേ, ചെവിചായിക്കണമേ; എനിക്കുത്തരമരുളണമേ; ഞാൻ അഗതിയും നിസ്സഹായനുമാകുന്നു. **(കാനോന)** അനുതാപികളെ സ്നേഹിക്കുന്നവനായ

മിശിഹായേ, ഞങ്ങളുടെ പ്രാർഥനകൾക്കായി നീ വാതിൽ തുറക്കണമേ, ഞങ്ങളുടെ യാചന കൈക്കൊള്ളണമേ.

ഹല്ലേലൂയ്യാ (3)

**മ്ശം** : നമുക്കെല്ലാവർക്കും മുട്ടുകുത്താം

## ഊനായ

(മാർ അപ്രേം രചിച്ചത്)

*(എല്ലാവരും മുട്ടുകുത്തി നിലംപറ്റെ കുമ്പിടുന്നു)*

മാറൻ എസ്രാഹം അലൈൻ
മാറൻ കമ്പെൽ ബാവൂസൻ
മാറൻ എസ്രാഹം അലൈൻ
മാറൻ എസ്രാ ല്അവ്ദയ്ക്ക്

കർത്താവേ കനിയണമേ, കാരുണ്യം ചെയ്തീടണമേ
യാചനമേൽ ചെവി ചായ്ക്കണമേ
കർത്താവേ കനിയണമേ, കാരുണ്യം ചെയ്തീടണമേ
ദാസരൊടൊരുമയിലാകണമേ.

*(എല്ലാവരും നിലംപറ്റെ കുമ്പിട്ട് എഴുന്നേൽക്കുന്നു.)*

**മ്ശം** : നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

## സ്ലോസാ

**കാർമ്മി** : മാറൻ വാലാഹൻ, ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ, ഹൃദയംനുറുങ്ങി നിന്നോടു നിലവിളിക്കുന്ന ഈ മക്കളെ ആശ്വസിപ്പിക്കണമേ. നിന്റെ കർത്തൃത്വത്തിന്റെ വാതിൽക്കൽ മുട്ടിവിളിക്കുന്ന ആട്ടിൻകൂട്ടമായ ഞങ്ങളുടെ പ്രാർഥനകൾ നീ നിരസിക്കരുതേ. പാതാളവാതിലുകളോ ദുഷ്ടശത്രുവോ

നിനക്കെതിരായി പ്രബലപ്പെടുകയില്ലെന്നു നിന്റെ പരിശുദ്ധ സഭയോടു തലമുറകളായി നീ ചെയ്ത വാഗ്ദാനം ഞങ്ങളിലും പൂർത്തിയാക്കണമേ. മാറാ ദ്കോൽ ല്അൽമീൻ.

**സമൂ** : ആമ്മേൻ.

## തെശ്ബൊഹ്ത്താ

(മാർ അബ്രഹാം മല്പാൻ രചിച്ചത്)

*(രീതി: എസ്പൻ അൽ സ്ലോസ, മുൾച്ചെടികൾക്കിടയിൽ....)*

പ്രാർഥന നേർക്കങ്ങേ നോട്ടം തിരിയണമേ,
രക്ഷകനീശോയേ, യാചന കേൾക്കണമേ.

ബലമില്ലാത്തവർ തന്നഭയം നീയല്ലോ
ശരണവുമതുപോലെ തുണയും നീ തന്നെ

ഞങ്ങളെ വീഴ്ത്താനായി വലകൾ വിരിച്ചീടും
സാത്താൻ തകരട്ടെ നിൻ കരമുയരട്ടെ
വലകൾ തകർത്തീടാൻ ശക്തി പകർന്നിടണേ
ദൂഷകനുണകളെ നീ ചുട്ടുകരിക്കണമേ

നിന്നുടെ വൻകൃപകൾ ഞങ്ങളിൽ നിറയട്ടെ
നല്ല പ്രവൃത്തികളാൽ പ്രീതി ഉണർത്തട്ടെ

കരുണാസാഗരമേ, നിൻ വരവിൻ നാളിൽ
ഞങ്ങൾ പാടട്ടെ അനവരതം സ്തുതികൾ.

**മ്ശം** : നമുക്കെല്ലാവർക്കും മുട്ടുകുത്താം

## ഊനായ

(മാർ അപ്രേം രചിച്ചത്)

*(എല്ലാവരും മുട്ടുകുത്തി നിലംപറ്റെ കുമ്പിടുന്നു)*

മാറൻ എസ്രാഹം അലൈൻ
മാറൻ കമ്പെൽ ബാവൂസൻ
മാറൻ എസ്രാഹം അലൈൻ
മാറൻ എസ്രാ ല്അവ്ദയ്ക്ക്

കർത്താവേ കനിയണമേ, കാരുണ്യം ചെയ്തീടണമേ
യാചനമേൽ ചെവി ചായ്ക്കണമേ
കർത്താവേ കനിയണമേ, കാരുണ്യം ചെയ്തീടണമേ
ദാസരൊടൊരുമയിലാകണമേ.

*(എല്ലാവരും നിലംപറ്റെ കുമ്പിട്ട് എഴുന്നേൽക്കുന്നു.)*

## കാറോസൂസാ

**മ്ശം** : നമുക്കെല്ലാവർക്കും അനുതാപത്തോടും ശ്രദ്ധയോടും കൂടെ മാറൻ എസ്രാഹം അലൈൻ എന്ന് അപേക്ഷിക്കാം.

**സമൂ** : മാറൻ എസ്രാഹം അലൈൻ.

**മ്ശം** : നിന്റെ കർത്തൃത്വത്തിന്റെ വാതിൽക്കൽ പ്രാർഥനയോടെ മുട്ടുന്ന ആട്ടിൻകൂട്ടത്തിന് വാതിൽ തുറന്നുകൊടുക്കുന്ന ബലവാനായ കർത്താവേ, നിന്നോടു ഞങ്ങൾ യാചിക്കുന്നു.

**സമൂ** : മാറൻ എസ്രാഹം അലൈൻ.

**മ്ശം** : അബ്രാഹത്തിനും മൂശേക്കും ഉത്തരമരുളിയതുപോലെ നിന്റെ ആരാധകരായ ഞങ്ങൾക്കും ഉത്തരമരുളുന്ന ബലവാനായ കർത്താവേ, നിന്നോടു ഞങ്ങൾ യാചിക്കുന്നു.

**സമൂ** : മാറൻ എസ്രാഹം അലൈൻ.

**മ്ശം** : സിംഹങ്ങളുടെ ഗുഹയിൽനിന്ന് ദാനിയേലിനെ രക്ഷിച്ചതുപോലെ നിന്റെ തിരുനാമത്തിന്റെ ശത്രുക്കളിൽ നിന്ന് നിന്റെ ആരാധകരെ രക്ഷിക്കുന്ന ബലവാനായ കർത്താവേ, നിന്നോടു ഞങ്ങൾ യാചിക്കുന്നു.

**സമൂ** : മാറൻ എസ്രാഹം അലൈൻ.

**മ്ശം** : യൗനാൻ പ്രവാചകനെ ഭീകരമത്സ്യത്തിന്റെ വായിൽ നിന്നും കടലിൽനിന്നും രക്ഷിച്ചതുപോലെ നിന്റെ ജനത്തെയും തൃക്കൈനീട്ടി രക്ഷിച്ച ബലവാനായ കർത്താവേ, നിന്നോടു ഞങ്ങൾ യാചിക്കുന്നു.

**സമൂ** : മാറൻ എസ്രാഹം അലൈൻ.

**മ്ശം** : നിനവേക്കാർക്ക് അനുതപിക്കാൻ അവസരം നൽകുകയും അവരെ കൈക്കൊള്ളുകയും ചെയ്തതുപോലെ കഷ്ടതകളിൽ ഞങ്ങളെ സമാശ്വസിപ്പിക്കുകയും ഞങ്ങൾക്ക് രക്ഷ നൽകുകയും ചെയ്യുന്ന ബലവാനായ കർത്താവേ, നിന്നോടു ഞങ്ങൾ യാചിക്കുന്നു.

**സമൂ** : മാറൻ എസ്രാഹം അലൈൻ.

**മ്ശം** : ലോകത്തിന്റെ നാലുഭാഗങ്ങളിലുമുള്ള മിശിഹായുടെ സഭയെ നയിക്കുന്ന എല്ലാ ശ്രേഷ്ഠ ഇടയന്മാർക്കു വേണ്ടിയും പ്രത്യേകമായി കേപ്പാ ശ്ലീഹായുടെ പിൻഗാമിയായ മാർ *(പേര്)* പാപ്പായ്ക്കും മാർത്തോമ്മാ ശ്ലീഹായുടെ പിൻഗാമിയും അഖിലേന്ത്യയുടെ മെത്രാപ്പോലീത്തായും കവാടവുമായ മാർ *(പേര്)* മെത്രാപ്പോലീത്തായ്ക്കും വേണ്ടിയും ഞങ്ങളുടെ അതിരൂപതാധ്യക്ഷനായ മാർ *(പേര്)* മെത്രാപ്പോലീത്തായ്ക്കും രൂപതാധ്യക്ഷനായ മാർ *(പേര്)* മെത്രാനും മറ്റെല്ലാ മേല്പ്പട്ടക്കാർക്കുവേണ്ടിയും അവരുടെ സഹശുശ്രൂഷകരായ എല്ലാവരുടെയും

ക്ഷേമത്തിനുവേണ്ടിയും നിന്നോടു ഞങ്ങൾ യാചിക്കുന്നു.

**സമൂ** : മാറൻ എസ്രാഹം അലൈൻ.

**മ്ശം** : സകലതും ദയയോടെ പരിപാലിക്കുന്ന കൃപാലുവായ ദൈവമേ, നിന്നോടു ഞങ്ങൾ യാചിക്കുന്നു.

**സമൂ** : മാറൻ എസ്രാഹം അലൈൻ.

**മ്ശം** : സ്വർഗത്തിൽ സ്തുതിക്കപ്പെടുന്നവനും ഭൂമിയിൽ ആരാധിക്കപ്പെടുന്നവനും ആയവനേ, നിന്നോടു ഞങ്ങൾ യാചിക്കുന്നു.

**സമൂ** : മാറൻ എസ്രാഹം അലൈൻ.

**മ്ശം** : അങ്ങയുടെ ആട്ടിൻകൂട്ടത്തിലെ കുഞ്ഞാടുകളാകുന്ന ഈ ജനത്തെ രക്ഷിക്കുകയും സമാധാനപ്പെടുത്തുകയും സ്ലീവായാൽ അങ്ങ് വീണ്ടെടുത്ത തിരുസഭയെ കാത്തുപാലിക്കുകയും ചെയ്യുന്ന കരുണാസമ്പന്നനായ ഞങ്ങളുടെ മിശിഹാ രാജാവേ, ഞങ്ങളോടു കരുണ ചെയ്യേണമേ.

**സമൂ** : ആമ്മേൻ

**മ്ശം** : നമുക്കെല്ലാവർക്കും മുട്ടുകുത്താം.

## ഊനായ

(മാർ അപ്രേം രചിച്ചത്)

*(എല്ലാവരും മുട്ടുകുത്തി നിലംപറ്റെ കുമ്പിടുന്നു)*

മാറൻ എസ്രാഹം അലൈൻ
മാറൻ കമ്പെൽ ബാവൂസൻ
മാറൻ എസ്രാഹം അലൈൻ
മാറൻ എസ്രാ ല്അവ്ദയ്ക്ക്

കർത്താവേ കനിയണമേ, കാരുണ്യം ചെയ്തീടണമേ
യാചനമേൽ ചെവി ചായ്ക്കണമേ
കർത്താവേ കനിയണമേ, കാരുണ്യം ചെയ്തീടണമേ
ദാസരൊടൊരുമയിലാകണമേ.

*(എല്ലാവരും നിലംപറ്റെ കുമ്പിട്ട് എഴുന്നേൽക്കുന്നു.)*

**മ്ശം:** നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

## സ്ലോസാ

(മാർ ഏലിയ രചിച്ചത്)

**കാർമ്മി :** കാരുണ്യത്തിന്റെ നിലയ്ക്കാത്ത പ്രവാഹമായവനേ, നിന്നോടു ഞങ്ങൾ കേണപേക്ഷിക്കുന്നു *(ആവർത്തിക്കുന്നു)*. കരുണയ്ക്കായി കേഴുന്ന ആത്മാക്കളുടെമേൽ ഇടിനാദത്തിന്റെ ശക്തിയോടെ അളവറ്റ കൃപയുടെ മഴ പൊഴിക്കുന്നവനേ, നിത്യനന്മയും സകലത്തിന്റെയും സ്രഷ്ടാവുമായ ദൈവമേ, സൃഷ്ടിയെ സ്വർഗീയമഹത്ത്വത്തിന്റെ കിരീടത്താലും ആദാമിന്റെ രൂപസാദൃശ്യത്താലും മുദ്രകുത്തിയവനേ, കാണപ്പെടുന്നവയ്ക്കുമേൽ അവനു പദവി നൽകുകയും പുരോഹിതനായും പ്രവാചകനായും അഭിഷേകംചെയ്തു രക്താംബരംചാർത്തി അവനെ രാജകീയസ്ഥാനത്ത് പ്രതിഷ്ഠിക്കുകയും ചെയ്തവനേ, ആദാമിനു ഹവ്വയെ തുണയായി നൽകുകയും പറുദീസയിൽ അവനെ വാഴിക്കുകയും ചെയ്തവനേ, വിലക്കപ്പെട്ട കനി ഭക്ഷിച്ചാൽ മരണം ശിക്ഷയായി നൽകുമെന്നു കല്പിച്ചവനേ, നിന്നോട് ഞങ്ങൾ അപേക്ഷിക്കുന്നു. നിന്റെ കല്പനകൾ ലംഘിച്ച ആദാം വീണടിയുകയും തന്റെ ശാപത്തിനുള്ള ന്യായീകരണങ്ങൾ നിരത്തുകയും ചെയ്തു. എന്നാൽ, ദൈവം അവനെ കൈവിട്ടില്ല.

കടക്കാരനായ അവനെ കാലസമ്പൂർണതയിൽ തന്റെ ഏകജാതനെ അയച്ചുരക്ഷിച്ചു. ഇതാ, ഞങ്ങൾ അവിടുത്തെ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്നുദ്ഘോഷിച്ച് ഹല്ലേലൂയ്യാ പാടുന്നു. കർത്താവേ, കരുണാവാരിധിയേ, മണ്ണായ ഞങ്ങളുടെമേൽ നിന്റെ ദയാദാക്ഷിണ്യം ചൊരിയണമേ. ബലഹീനരായ ഞങ്ങളെ കടാക്ഷിക്കണമേ. ഞങ്ങളെ നിരാകരിക്കരുതേ, ഞങ്ങളോടു കോപിക്കരുതേ, ഞങ്ങളുടെമേൽ കനിവുണ്ടാകണമേ. പാപത്തിന്റെ അഗാധഗർത്തത്തിൽ ഞങ്ങളും ഇതാ വീണിരിക്കുന്നു. പാപകരമായ ശരീരത്തിൽനിന്ന് ആരു ഞങ്ങളെ മോചിപ്പിക്കും? ഞങ്ങളുടെ കടങ്ങൾ ഇളയ്ക്കാൻ ആർക്കു കഴിയും? ഞങ്ങളുടെ വിലാപവസ്ത്രങ്ങൾമാറ്റി നിർമ്മലരാക്കാൻ ആർക്കു കഴിയും? ദൈവമായ നിന്നോട് അനുരഞ്ജനപ്പെടാൻ നീചപാപികളായ ഞങ്ങളിൽ ഒരു നീതിമാൻ പോലുമില്ല. മണ്ണിനു കുശവനോട് എന്തുപറയാൻ കഴിയും? കർത്താവേ, ഞങ്ങൾ വെറും ചാരവും പൊടിയുമാണ്. നിന്റെ ചൂളയിൽ നീ ഞങ്ങളെ പാത്രങ്ങളായി മനഞ്ഞു. കഷ്ടതയുടെ ജലത്താൽ നീ ഞങ്ങളെ വേവിച്ചെടുത്തു. നിന്റെ ശ്വാസത്താൽ നീ ഞങ്ങൾക്കു ജീവൻ നൽകി. അറിവില്ലാത്ത ബലഹീനരായ ഞങ്ങൾ ഇതുവരെ മൂഢതയിൽനിന്ന് വിട്ടുമാറിയിട്ടില്ല. അരുതു കർത്താവേ, അരുതേ! നിന്റെ നിഗൂഢമായ ഈ രൂപസാദൃശ്യത്തിനെതിരെ നിന്റെ കോപം ജ്വലിപ്പിക്കരുതേ. ഈശോമിശിഹായുടെ മാമ്മോദീസാജലത്തിന്റെയും തിരുരക്തത്തിന്റെയും ഓഹരി നേടിയിരിക്കുന്ന

ഞങ്ങളെ നീ കൈവെടിയരുതേ. നിനക്കായി ദാഹിക്കുന്ന ഈ ആത്മാക്കളെ തകർത്തു കളയരുതേ. വിളക്കുതെളിക്കാൻ എണ്ണയില്ലാത്തവരും വിവേകരഹിതരുമായ ഞങ്ങളുടെ മുൻപിൽ നിന്റെ കരുണയുടെ വാതിൽ അടയ്ക്കരുതേ. തെറ്റിന്റെ മണ്ണിൽ, നാശത്തിൽ ചരിക്കുന്ന ഞങ്ങളുടെ മനുഷ്യത്വത്തിന്റെ ബലഹീനതകളിലേക്കു നിന്റെ നോട്ടം തിരിക്കണമേ. പാപത്തിന്റെ മരുഭൂമിയിൽ വഴിതെറ്റിയലയുന്ന നിന്റെ കുഞ്ഞാടുകളുടെമേൽ കാരുണ്യം ചൊരിയണമേ. പാപങ്ങളുടെ ചെളിക്കുഴിയിൽപ്പൂണ്ടവരായ ഈ ധൂർത്തരെ അന്വേഷിച്ചുവരണമേ. നിന്റെ കരുണയാൽ ഞങ്ങളെ ചേർത്തുപിടിച്ച് ആലിംഗനം ചെയ്യണമേ. എന്തുകൊണ്ടെന്നാൽ നീ കരുണാവാരിധിയും സ്നേഹസമ്പന്നനുമാകുന്നു. മാറാ ദ്കോൽ ആവാ വവ്റാ ഉറൂഹാദ്ക്കുദ്ശാ ല്അൽമീൻ .

**സമൂ** : ആമ്മേൻ. ബാറെക് മാർ.

## ഹ്വർസാ

(സഹ സ്ലോസാ)

**കാർമ്മി** : മാറൻ വാലാഹൻ, ഞങ്ങളുടെ കർത്താവും ഞങ്ങളുടെ ദൈവവുമായവനേ, കരുണക്കടലേ, കൃപാസമുദ്രമേ, ദയാനിധിയേ, കരുണയുടെ വാതിൽത്തുറന്ന് മനമുരുകുന്നവരെ അനുതാപത്തിലേക്കു വിളിക്കുന്നവനായ ഞങ്ങളുടെ ആലാഹായേ, ബലഹീനരായ ഞങ്ങളുടെ യാചനകൾക്കായി നിന്റെ കരുണയുടെ വാതിൽ തുറന്നുതരണമേ. അതിസമ്പന്നവും കവിഞ്ഞൊഴു

കുന്നതുമായ നിന്റെ നിക്ഷേപാലയത്തിൽനിന്ന് ഞങ്ങളുടെമേൽ അനുഗ്രഹം ചൊരിയണമേ. തന്നെ ഇടവിടാതെ വിളിച്ചപേക്ഷിക്കുന്നവരിൽനിന്ന് കൃപകളും ദാനങ്ങളും തടയാതിരിക്കുന്നവനായ നല്ല നാഥാ. മാറാ ദ്കോൽ ല് അൽമീൻ

**സമൂ** : ആമ്മേൻ

**മ്ശം** : നമുക്കെല്ലാവർക്കും മുട്ടുകുത്താം

## ഊനായ

(മാർ അപ്രേം രചിച്ചത്)

*(എല്ലാവരും മുട്ടുകുത്തി നിലംപറ്റെ കുമ്പിടുന്നു)*

മാറൻ എസ്രാഹം അലൈൻ
മാറൻ കമ്പെൽ ബാവൂസൻ
മാറൻ എസ്രാഹം അലൈൻ
മാറൻ എസ്രാ ല്അവ്ദയ്ക്ക്

കർത്താവേ കനിയണമേ, കാരുണ്യം ചെയ്തീടണമേ
യാചനമേൽ ചെവി ചായ്ക്കണമേ
കർത്താവേ കനിയണമേ, കാരുണ്യം ചെയ്തീടണമേ
ദാസരൊടൊരുമയിലാകണമേ.

*(എല്ലാവരും നിലംപറ്റെ കുമ്പിട്ട് എഴുന്നേൽക്കുന്നു.)*

## ഒന്നാം കെറിയാനാ

*(എല്ലാവരും ഇരിക്കുന്നു)*

*ശുശ്രൂഷി വിജ്ഞാപനം വായിക്കുന്നു*

ബാവൂസായ്ക്കു വരുന്നവർ തങ്ങളുടെ ചിന്തകളെ സംശുദ്ധമാക്കട്ടെ. അവരുടെ ശ്രദ്ധ ഏകാഗ്രമാക്കട്ടെ. അവരുടെ കണ്ണുകൾ ദൈവത്തിന്റെ പ്രകാശം ദർശിക്കട്ടെ. കടന്നുപോകുന്ന

ലോകത്തെക്കുറിച്ച് അവർ ചിന്തിക്കാതിരിക്കട്ടെ. 'ലോകം മുഴുവൻനേടിയാലും സ്വന്തം ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അവന് എന്തുഫല'മെന്ന ചിന്ത അവരിൽ വേരുറയ്ക്കട്ടെ. യഥാർത്ഥ മനസ്താപത്തോടെ അവർ ഹൃദയങ്ങൾ പരിശോധിക്കട്ടെ. നാവിനെ അടക്കി അവർ ജാഗരിക്കുകയും ചെയ്യട്ടെ. അരുതാത്ത കാഴ്ചകൾ കാണാതെ അവർ കണ്ണുകളെ നിയന്ത്രിക്കട്ടെ. സ്നേഹവിരുദ്ധമായി സഹോദരങ്ങളോടു പെരുമാറിയിട്ടുണ്ടെങ്കിൽ അവർ ദുഃഖിച്ചു മനസ്സുനുറുങ്ങി രമ്യതയിലാകട്ടെ. കോപത്തിന് അടിമപ്പെട്ടവർ തക്കപരിഹാരം ചെയ്യട്ടെ. അത്യാർത്തിയിൽ അന്ധരായവർ അനുതപിച്ച് ദൈവാനുഗ്രഹം പ്രാപിക്കട്ടെ. ഓരോരുത്തരുടെയും ഒറ്റപ്പെട്ട പാപങ്ങൾപോലും സമൂഹത്തെ മുഴുവൻ കളങ്കപ്പെടുത്തിയതോർത്ത് അവർ മനസ്സുതിരിയട്ടെ.

വരുവിൻ, നമ്മുടെ തെറ്റുകളെ നമുക്കു കണ്ടെത്തുകയും അവയെപ്പറ്റി അനുതപിക്കുകയും ചെയ്യാം. ഉപവാസത്തോടെ അനുതപിക്കുന്നവർക്കു നൂറുമേനിതരാൻ ദൈവം തിരുമനസ്സാണ്. മനസ്സാക്ഷിയുടെ ഉടമയായ ദൈവം നമ്മുടെ ഹൃദയവാതിൽക്കൽ നിന്നുകൊണ്ട് വിലപിക്കുന്നു. സാത്താന് ഇടംനൽകി ദൈവത്തെ പുറംതള്ളിയ നമ്മുടെ ക്രൂരതയോർത്ത് ഹൃദയവേദനയോടെ നമുക്കു വിലപിക്കാം. ദൈവത്തെ നമ്മുടെ സർവസ്വമായി പ്രതിഷ്ഠിക്കുകയും ചെയ്യാം. മഹാപുരോഹിതനായ കർത്താവ് ഹൃദയമദ്ബഹയിൽ കുർബാന അർപ്പിക്കട്ടെ. നമ്മുടെ മനസ്സാക്ഷി റൂഹാദ്ക്കുദ്ശായുടെ ആലയമായി പരിണമിക്കട്ടെ. അവിടെനിന്ന് എല്ലാസമയവും പ്രാർഥനകളും സ്തുതികളും ഉയരട്ടെ. അങ്ങനെ നമ്മുടെ ഓരോ അവയവവും അശുദ്ധിയിൽനിന്ന് മുക്തി നേടട്ടെ.

'ഞാൻ അശുദ്ധമായ അധരമുള്ള ജനത്തിനു നടുവിൽ വസിക്കുന്നു. എന്റെ കണ്ണ് സൈന്യങ്ങളുടെ ദൈവമായ കർത്താവിനെ കണ്ടു'എന്നുപറഞ്ഞു നിലവിളിക്കുന്ന ഏശയ്യാ നിവ്യായെപ്പോലെ അനുതാപത്തിന്റെ കണ്ണാടിയിൽക്കൂടി അവരവരുടെ രൂപം ഓരോരുത്തരും കാണട്ടെ. ദൈവം അവിടുത്തെ പുത്രന്റെ തിരുരക്തത്താൽ നമ്മുടെ പാപങ്ങൾക്ക് മോചനം നൽകട്ടെ. മാമ്മോദീസായിൽ വിശുദ്ധരുടെ പേരുകൾ സ്വീകരിച്ചിരിക്കുന്നവരായ നമുക്ക് ജീവിതവിശുദ്ധിയെക്കുറിച്ച് ധ്യാനിക്കാം. പേരുകളാൽ നമ്മൾ ദൈവത്തിന്റെ വലത്തുഭാഗത്തുള്ളവരാണ്. പ്രവൃത്തികളാലോ നമ്മൾ ഇടത്തുഭാഗത്തായിരിക്കുന്നു. നമ്മിൽ ഹൃദയകാഠിന്യവും ദ്രവ്യാഗ്രഹവും പരദൂഷണവും അഹങ്കാരവും സ്വാർത്ഥവും കലഹവും ആസക്തിയും കാപട്യവും നിറഞ്ഞിരിക്കുന്നു. സാത്താന്റെ കെണിയിൽപ്പെടാതെ ദൈവത്തിൽ ആശ്രയിച്ചു നമുക്കു പോരാടാം.

നമ്മുടെ ശക്തികേന്ദ്രങ്ങളെയും ബലഹീനതകളെയും പൂർണമായി ദൈവകരങ്ങളിൽ നമുക്കു സമർപ്പിക്കാം. ആത്മാവിന്റെ സൗന്ദര്യത്തെ മുക്കിക്കൊല്ലുന്ന ജഡികഭാരങ്ങളെ നമുക്ക് കുടഞ്ഞുകളയാം. പാപംനിറഞ്ഞ രാത്രി ഇതാ അവസാനിക്കുന്നു. പുലരിയുടെ വെളിച്ചം പരന്നിരിക്കുന്നു. പാപികളായ നമുക്ക്, നിസ്സംഗതയുടെ നിദ്രയിൽ നിന്നുണർന്ന് സൂര്യന്റെ പ്രഭാതകിരണങ്ങളിൽ ജീവിതവഴികളെ ക്രമീകരിക്കാം. നഷ്ടപ്പെട്ട കുഞ്ഞാടിനെത്തേടി ഇതാ ദൈവകൃപ നമ്മുടെ അടുത്തേക്കു വന്നിരിക്കുന്നു. നമുക്കു നിത്യജീവന്റെ ദേശത്തേക്കു തിരികെ ചെല്ലാൻ പ്രാർഥിക്കാം.

## മദ്‌രാശ

*(എല്ലാവരും എഴുന്നേൽക്കുന്നു)*

*(രീതി : ലാതെക് റേലാക്...വയലിൽ പുലരും)*

ഇഹലോകത്തിൽ മനസ്സുരുകാതെ, പരലോകത്തിൻ
യാതനയോർത്താൽ എന്തുഫലം നീ ഓർക്കണമെന്നും

*ഇഹലോകത്തിൽ മനസ്സുരുകാതെ, പരലോകത്തിൻ*
*യാതനയോർത്താൽ എന്തുഫലം നീ ഓർക്കണമെന്നും*

കർത്താവേ നിൻ ക്ഷമയുടെയാഴം ആരറിയുന്നു
കോപാസൂയാദികളാൽ ഞങ്ങൾ നിപതിച്ചല്ലോ

*ഇഹലോകത്തിൽ മനസ്സുരുകാതെ, പരലോകത്തിൻ*
*യാതനയോർത്താൽ എന്തുഫലം നീ ഓർക്കണമെന്നും*

ദയയില്ലാതെ ദുഷ്ടത മൂത്തു, ശാപവുമെത്തി
പാപാധിക്യം കൊടുമുടിയെക്കാൾ പൊങ്ങിനിരന്നു

*ഇഹലോകത്തിൽ മനസ്സുരുകാതെ, പരലോകത്തിൻ*
*യാതനയോർത്താൽ എന്തുഫലം നീ ഓർക്കണമെന്നും*

അതിശയമാണേ ആലാഹാതൻ കനിവും ദയയും
നീചമനുഷ്യൻ അതുമറിയാതെ നിഗളിക്കുന്നു

*ഇഹലോകത്തിൽ മനസ്സുരുകാതെ, പരലോകത്തിൻ*
*യാതനയോർത്താൽ എന്തുഫലം നീ ഓർക്കണമെന്നും*

പാപികളാമീ ഞങ്ങളോടൊട്ടും കോപമതില്ല
ബാവാ പുത്രൻ റൂഹായാകും കരുണക്കടലേ

*ഇഹലോകത്തിൽ മനസ്സുരുകാതെ, പരലോകത്തിൻ*
*യാതനയോർത്താൽ എന്തുഫലം നീ ഓർക്കണമെന്നും*

ചെയ്തികളൊന്നായ് ഞങ്ങളെ മാറ്റി, പേരു ദുഷിച്ചു
എങ്കിലുമങ്ങേ കരുണ വളർന്നു നീതിയതിന്മേൽ!

*ഇഹലോകത്തിൽ മനസ്സുരുകാതെ, പരലോകത്തിൻ*
*യാതനയോർത്താൽ എന്തുഫലം നീ ഓർക്കണമെന്നും*

## രണ്ടാം കെറിയാനാ

*(എല്ലാവരും ഇരിക്കുന്നു)*

*ശുശ്രൂഷി വിജ്ഞാപനം വായിക്കുന്നു*

ദൈവമേ, അനുതപിച്ചുനിലവിളിക്കുന്ന നിന്റെ ജനത്തിനു മോചനം നൽകണമേ. കർത്താവേ, ഞങ്ങളോടു രമ്യതയിലാകണമേ. സ്രഷ്ടാവായ നിന്റെ വാതിലൊഴിച്ച് മറ്റൊരു വാതിലും ഞങ്ങൾക്ക് അഭയം തന്നിട്ടില്ല എന്നു നീ ഓർക്കണമേ. കണ്ണീരുകൊണ്ട് ഞങ്ങളുടെ കടങ്ങൾ കഴുകട്ടെ. അങ്ങനെ നിന്റെ തിരുമുൻപിൽ ഞങ്ങൾ യോഗ്യരായിത്തീരട്ടെ.

കർത്താവേ, ഒരിക്കലും കുറയാത്ത നിന്റെ രക്ഷ ഒട്ടും വൈകാതെ ഞങ്ങൾക്ക് എത്തിച്ചുനൽകേണമേ. ഞങ്ങൾ പാപികളാണെന്ന് ഏറ്റുപറയുന്നു. ദൈവമേ, സാത്താനാണ് ഞങ്ങളെ പാപത്തിൽ തട്ടിമറിച്ചിട്ടതെന്ന് അങ്ങേക്ക് അറിയാമല്ലോ. ബലഹീനരായ ഞങ്ങളോടു കരുണ തോന്നണമേ. ഞങ്ങൾ ചെയ്ത പാപംമൂലം പ്രകൃതിക്ഷോഭങ്ങളും ഭൂകമ്പങ്ങളും കൊടുങ്കാറ്റുകളും പ്രളയവും പകർച്ചവ്യാധികളും പെരുകിയെന്ന് ഞങ്ങൾ അറിയുന്നു. നീ അയച്ച വെട്ടുക്കിളികളെ ഇസ്രായേലിന് അനുഗ്രഹത്തിന്റെ ഭക്ഷണമാക്കിമാറ്റിയ ദൈവമേ, ഞങ്ങളുടെ ശിക്ഷയുടെ കാരണങ്ങളെ അനുഗ്രഹങ്ങളാക്കി രൂപാന്തരപ്പെടുത്തണമേ.

മടങ്ങിവന്ന ധൂർത്തപുത്രനെ പൂർണമായ പുത്രാവകാശം നൽകി അരുമയായി കരുതിയ സ്നേഹമേ, പാപികളായ ഞങ്ങൾ മാനസാന്തരപ്പെട്ട് ദൈവസ്നേഹത്തിന്റെ ആനന്ദാനുഭവത്തിലേക്കും പൂർണമായ പുത്രത്വാവകാശത്തിലേക്കും കടന്നുവരാൻ ഇടയാക്കണമേ. ദ്രവ്യാഗ്രഹംവിട്ട് നേരും നെറിവുമുള്ളവരായി ദൈവതിരുമുൻപാകെ നമുക്കു ജീവിക്കാം. പൊന്നും വെള്ളിയും ഈശോയുടെ നാമത്തിന്റെ ശക്തിയോടു താരതമ്യപ്പെടുത്തുമ്പോൾ

ഒന്നുമല്ല എന്ന് ഞങ്ങൾ അറിയുന്നു. ദ്രവ്യാഗ്രഹത്തിന്റെ വലയിൽ ക്കുടുങ്ങി ഈശോമിശിഹായുടെ നാമത്തെ അവഹേളിച്ച നിമിഷ ങ്ങളോർത്ത് ഹൃദയമുരുകി പ്രാർഥിക്കാം. മനുഷ്യന് ആത്മാവു ണ്ടെന്നും നിത്യതയിലേക്കു ജീവിക്കുന്ന ആത്മാവിനെ നരകത്തിൽ അകപ്പെടാതെ സൂക്ഷിക്കേണ്ടതുണ്ടെന്നും ആരറിയുന്നു?

നുകം പൊട്ടിച്ചോടിയ കാളകളെപ്പോലെയാണ് ഇന്നത്തെ മനുഷ്യർ. അനുസരണയും എളിമയുമില്ലാതെ മനസ്സാക്ഷി മരവിപ്പിച്ച് അവർ പായുന്നു. വടികൊണ്ട് അടിക്കുമ്പോഴും തന്റെ മക്കളെയാണ് തല്ലുന്നതെന്ന ബോധത്താൽ ദൈവത്തിന്റെ ഹൃദയം വേദനകൊണ്ടു പിടയുന്നു. ഇതു മനസ്സിലാക്കി ദൈവത്തിന്റെ ശക്തമായ കരത്തിനു കീഴെ ശിക്ഷണംനേടാനും ആത്മപരിവർത്തനം വരുത്താനും നമുക്കു കഴിയട്ടെ. ആകയാൽ പാപംചെയ്തവരേ, പാപമുറിവുകളും വ്രണങ്ങളും ദൈവതിരുമുൻപിൽ തുറന്നുകാണിക്കുക. കൃപയുടെ ഔഷധംകൊണ്ടു നമ്മളെ സൗഖ്യപ്പെടുത്തുന്ന അത്യുത്തമനായ വൈദ്യനാണ് അവിടുന്ന്. നിങ്ങളുടെ മനസ്സാക്ഷിയുടെ പലകകളിൽ ഈശോമിശിഹായുടെ രൂപം കൊത്തപ്പെടട്ടെ.

സ്രഷ്ടാവായ ദൈവത്തിന്റെ കൃപയെ വാഴ്ത്തുന്നത് ന്യായവും യുക്തവുമാകുന്നു. നമ്മൾ അനുഭവിച്ച ശിക്ഷകൾ നമ്മുടെ പാപാവസ്ഥയെ കണ്ടറിയാനുള്ള കണ്ണാടിതന്നെയായിരുന്നു. സ്വർഗത്തിലെ രഹസ്യനിധികളും ഭൂമിയിൽ പാപമോചനമെന്ന അമൂല്യസമ്പത്തും ആത്മീയനിക്ഷേപങ്ങളും വൻതോതിൽ നമുക്കു നൽകുന്ന കാരുണ്യവാനായ ദൈവത്തിനു ഒന്നുചേർന്നു മഹത്ത്വം അർപ്പിക്കാം. കരുണാനിധിയായ ദൈവമേ, നിന്റെ ആട്ടിൻകൂട്ടമാകുന്ന പരിശുദ്ധ സഭ ഇതാ ഒന്നുചേർന്നു നിന്നെ പുകഴ്ത്തുന്നു.

# ബുർക്കാസ

*പ്രധാന കാർമ്മികൻ ബുർക്കാസ ചൊല്ലുന്നു. ഓരോ പാദത്തിന്റെയും ആദ്യവരി ചൊല്ലിക്കഴിയുമ്പോൾ സമൂഹം **'ഏൻ മറിയാ'** (അതേ കർത്താവേ) എന്നുചൊല്ലി നിലംപറ്റെ മുട്ടുകുത്തി കുമ്പിടുന്നു. രണ്ടാംപാദം കഴിയുമ്പോൾ **'ആമ്മേൻ'** എന്നുചൊല്ലി നിവരുന്നു.*

**കാർമ്മി** : മനുഷ്യസൃഷ്ടിയിൽ തന്റെ സ്നേഹമഹത്ത്വം വെളിവാക്കിയ ദൈവമേ,

**സമൂ** : **ഏൻ മറിയാ.**

**കാർമ്മി** : ഞങ്ങളുടെ കർത്താവേ ഞങ്ങളുടെ ദൈവമേ, മനുഷ്യന്റെ അകൃത്യത്താൽ അസ്വസ്ഥമായി ഇളകി മറിഞ്ഞിരിക്കുന്ന ലോകത്തെ ശാന്തമാക്കണമേ.

**സമൂ** : **ആമ്മേൻ.**

**കാർമ്മി** : മനുഷ്യസ്നേഹിതനായ മിശിഹായേ, ഞങ്ങൾക്കിടയിൽ നിന്ന് യുദ്ധങ്ങളും കലഹങ്ങളും ഭിന്നിപ്പും ഒഴിവാക്കി ഐക്യം വിതയ്ക്കണമേ.

**സമൂ** : **ഏൻ മറിയാ.**

**കാർമ്മി** : ഞങ്ങളുടെ കർത്താവേ, നിന്റെ കരുണയുടെ വാതിൽക്കൽ സദാ മുട്ടിവിളിക്കുന്ന നിന്റെ സഭയെ ദുഷ്ടനു കീഴ്പ്പെടാതെ ഉറപ്പിച്ചു നിർത്തണമേ.

**സമൂ** : **ആമ്മേൻ.**

**കാർമ്മി** : ഞങ്ങളുടെ കർത്താവേ, സഭയുടെ സന്താനങ്ങളെ സ്നേഹത്തിൽ ബന്ധിക്കണമേ. അവരിൽനിന്നും അസൂയയും ചതിയും വിദ്വേഷവും കാപട്യവും പിഴുതെറിയണമേ.

**സമൂ** : **ഏൻ മറിയാ.**

**കാർമ്മി** : ഞങ്ങളുടെ കർത്താവേ, സഭയെ നയിക്കാൻ നിന്റെ മുദ്ര പതിപ്പിച്ച മെത്രാന്മാരെ സഹായിക്കുകയും പിന്തുണയ്ക്കുകയും ചെയ്യേണമേ. സന്തോഷത്തോടെ അവർ നിന്റെ സഭയെ പരിപാലിക്കാൻ ഇടവരുത്തണമേ.

സമൂ : **ആമ്മേൻ.**

**കാർമ്മി** : ഞങ്ങളുടെ കർത്താവേ, ആത്മശരീരങ്ങളിൽ പരിശുദ്ധരായിരിക്കേണ്ടതിനായി നിന്റെ പുരോഹിതരെ പവിത്രീകരിക്കണമേ. അവരർപ്പിക്കുന്ന ബലികൾ നീ കനിവോടെ സ്വീകരിക്കണമേ.

സമൂ : **ഏൻ മറിയാ**

**കാർമ്മി** : ഞങ്ങളുടെ കർത്താവേ, പള്ളിക്കുള്ളിൽ നിനക്കു ശുശ്രൂഷ ചെയ്യുന്ന മ്ശംശാനാമാരെയും ശുശ്രൂഷകരെയും കളങ്കവും കറയുമില്ലാത്തവരാക്കി മാറ്റേണമേ.

സമൂ : **ആമ്മേൻ.**

**കാർമ്മി** : ഞങ്ങളുടെ കർത്താവേ, പവിത്രീകരിക്കുന്ന നിന്റെ റൂശ്മായുടെ അടയാളത്താൽ മുദ്രിതരായ അല്മായരെ അനുഗ്രഹിക്കണമേ. നിന്റെ പരിശുദ്ധനാമം അവരിൽ മഹത്ത്വപ്പെടട്ടെ.

സമൂ : **ഏൻ മറിയാ**

**കാർമ്മി** : കരുണക്കടലായ ആലാഹായേ, കുടുംബങ്ങളെ വിശുദ്ധീകരിക്കണമേ. വിശ്വാസത്തിലും സ്നേഹത്തിലും അവരെ കാക്കണമേ. കുഞ്ഞുങ്ങളെ സംരക്ഷിക്കുകയും റൂഹാദ്ക്കുദ്ശായെ നൽകി അവരെ വഴി കാട്ടുകയും ചെയ്യണമേ.

സമൂ : **ആമ്മേൻ.**

**കാർമ്മി :** ഞങ്ങളുടെ കർത്താവേ, നിന്റെ പക്കൽ സങ്കടത്തോടെ നിലവിളിച്ചപേക്ഷിക്കുന്നസുവിശേഷപ്രഘോഷകരെയും സത്യവിശ്വാസം പഠിപ്പിക്കുന്നവരെയും അവരുടെ ശുശ്രൂഷ സ്വീകരിക്കുന്നവരെയും കാരുണ്യപൂർവ്വം നീ സന്ദർശിക്കണമേ. ദുഷ്ടന്റെ കരങ്ങളിൽ അവരെ ഏൽപ്പിച്ചു കൊടുക്കരുതേ.

**സമൂ : ഏൻ മറിയാ**

**കാർമ്മി :** ഞങ്ങളുടെ കർത്താവേ, ഞെരുക്കപ്പെടുന്നവരും ദുഃഖിതരുമായ ഏവർക്കും ആശ്വാസം നൽകണമേ. അടിച്ചമർത്തപ്പെട്ടവർക്കു വിജയം നൽകി അവരുടെ ശിരസ്സുയർത്തണമേ.

**സമൂ : ആമ്മേൻ.**

**കാർമ്മി :** ആത്മാവിന്റെയും ശരീരത്തിന്റെയും ഉത്തമ വൈദ്യനായ ഞങ്ങളുടെ കർത്താവേ, മാരകരോഗങ്ങളാൽ മനസും ശരീരവും തളർന്നവർക്കു സൗഖ്യവും ആശ്വാസവും നൽകണമേ.

**സമൂ : ഏൻ മറിയാ**

**കാർമ്മി :** ഞങ്ങളുടെ കർത്താവേ, നഷ്ടപ്പെട്ടവരായ സകലർക്കും വഴിതെറ്റി അലയുന്നവർക്കും സാത്താന്റെ കെണിയിൽപ്പെട്ടവർക്കും മദ്യത്തിനും മയക്കുമരുന്നിനും ജഢികാസക്തിക്കും അടിമകളായവർക്കും ജീവന്റെ മാർഗം കാണിച്ചു കൊടുക്കണമേ.

**സമൂ : ആമ്മേൻ.**

**കാർമ്മി :** നിന്നിലുള്ള ആശ്രയത്താൽ കടലിലും കരയിലും ആകാശത്തിലും യാത്രചെയ്യുന്നവരെ വിനാശത്തിൽ നിന്നും അപകടങ്ങളിൽനിന്നും നിന്നും സംരക്ഷിക്കണമേ.

**സമൂ** : **ഏൻ മറിയാ**

**കാർമ്മി** : ഞങ്ങളുടെ അധരങ്ങൾ നിന്റെ നാമത്തിന് ഇപ്പോഴും എല്ലായ്പ്പോഴും സ്തുതി മുഴക്കുവാൻ നിന്റെ ശക്തി ഈ സമൂഹത്തിന് ഉന്നതമായ കോട്ടയായിരിക്കട്ടെ.

**സമൂ** : **ആമ്മേൻ.**

**മ്ശം** : നമുക്കെല്ലാവർക്കും മുട്ടുകുത്താം.

## ഊനായ

(മാർ അപ്രേം രചിച്ചത്)

*(എല്ലാവരും മുട്ടുകുത്തി നിലംപറ്റെ കുമ്പിടുന്നു)*

മാറൻ എസ്രാഹം അലൈൻ
മാറൻ കമ്പെൽ ബാവൂസൻ
മാറൻ എസ്രാഹം അലൈൻ
മാറൻ എസ്രാ ല്അവ്ദയ്ക്ക്

കർത്താവേ കനിയണമേ, കാരുണ്യം ചെയ്തീടണമേ
യാചനമേൽ ചെവി ചായ്ക്കണമേ
കർത്താവേ കനിയണമേ, കാരുണ്യം ചെയ്തീടണമേ
ദാസരൊടൊരുമയിലാകണമേ.

*(എല്ലാവരും നിലംപറ്റെ കുമ്പിട്ട് എഴുന്നേൽക്കുന്നു.)*

*കാർമ്മികൻ മദ്ബഹായുടെ കവാടത്തിങ്കൽ,*
*ഇടത്തുഭാഗത്തായി ജനാഭിമുഖമായി നിന്നുകൊണ്ട് ചൊല്ലുന്നു.*

## ഹുത്താമ്മ

(മുദ്രവയ്ക്കൽ പ്രാർഥന)

**കാർമ്മി** : പ്രാർഥനകേട്ട് ഉത്തരം നൽകുന്ന ദൈവമേ, ഞങ്ങൾ അങ്ങേക്കു നന്ദിപറയുന്നു. ലോകം മുഴുവനും നിന്റെ നിരന്തരമായ കരുണ വർഷിക്കണമേ. സഭയെയും പുരോഹിതരെയും അനുഗ്രഹിക്കണമേ. ബലിയർപ്പണ

ത്തിൽ അവർ തീക്ഷ്ണമതികളാകട്ടെ. ഭരണാധി കാരികളെ നീതിയുള്ളവരാക്കണമേ. അവർ നിനക്കു ജാഗ്രതയുള്ള ദാസരാകട്ടെ. ശെമ്മാശന്മാരെ ശുശ്രൂഷ യിൽ ഉത്സുകരാക്കണമേ. ആശ്രമവാസികളെ സഹായി ക്കണമേ. ദമ്പതികളെ സ്നേഹത്തിലും വിശ്വസ്തത യിലും നിലനിർത്തണമേ. ദൈവഭയത്തിലും ജ്ഞാന ത്തിലും ഞങ്ങളുടെ കുഞ്ഞുങ്ങളെ വളർത്തണമേ.

ഗർഭസ്ഥശിശുക്കളെയും രോഗികളെയും ദുർബ ലരെയും മാനസികവെല്ലുവിളി നേരിടുന്നവരെയും പരിപാലിക്കണമേ. അഗതികളെയും ദരിദ്രരെയും വിധവകളെയും പോറ്റണമേ. വൃദ്ധരെ പരിപാലി ക്കണമേ. യുവാക്കളെയും കുട്ടികളെയും ആത്മീയ സൗന്ദര്യത്താൽ പ്രകാശിപ്പിക്കണമേ. മക്കളില്ലാത്ത ദമ്പതികളിൽ കനിവുണ്ടാകണമെ. പ്രണയക്കുരുക്കിൽ അകപ്പെടുന്നവരെയുംലഹരിക്ക്അടിമപ്പെടുന്നവരെയും നേർവഴി കാട്ടണമേ. തൊഴിൽരഹിതരുടെ അപേക്ഷ കൈവെടിയരുതേ. കരയിലും കടലിലും ആകാശത്തും യാത്ര ചെയ്യുന്നവരെ സംരക്ഷിക്കേണമേ. പ്രകൃതി ക്ഷോഭങ്ങളിൽനിന്നും പകർച്ചവ്യാധികളിൽനിന്നും ഞങ്ങളെ സംരക്ഷിക്കേണമേ. നിരാശയിൽ കഴിയുന്ന വർക്കു പ്രത്യാശയും നിലവിളിക്കുന്നവർക്ക് ആശ്വാസവും നൽകണമേ.

വിശ്വാസികളിൽനിന്ന് ഇരുളിനെ അകറ്റണമേ. സാത്താന്റെ കെണിയിൽനിന്നും ഞങ്ങളെ സംരക്ഷി ക്കണമേ. അങ്ങയുടെ പരിശുദ്ധനാമത്തെപ്രതി

പീഡനങ്ങൾ അനുഭവിക്കുന്നവർക്കു ശക്തി നൽക ണമേ. ലജ്ജയും തണുപ്പുംകൂടാതെ നിനക്കു സാക്ഷ്യം വഹിക്കാൻ ഞങ്ങളുടെ ഹൃദയങ്ങളെ ജ്വലിപ്പിക്ക ണമേ. ചിതറിപ്പോയവരെ അനുരഞ്ജിപ്പിച്ച് ഒരുമിച്ചുകൂട്ടു കയും സഭാഗണത്തിൽ നിർത്തുകയും ചെയ്യണമേ. സത്യത്തിലും സ്നേഹത്തിലും സത്യദൈവമായ നിന്നെ ആരാധിക്കുന്ന യഥാർത്ഥ സഭയായി ഞങ്ങൾ രൂപാന്തരപ്പെടട്ടെ.

ഞങ്ങളുടെ കർത്താവേ, കർഷകരോടു കരുണ കാണിക്കണമേ. അവരുടെ അധ്വാനം ഫലമണിയി ക്കണമേ. ധനികർക്ക് ഔദാര്യശീലം നൽകണമേ. കൂലിക്കാരുടെ അവകാശം നിക്ഷേധിക്കരുതേ. നിന്റെ സങ്കേതം ആടുകൾക്കും ഇടയന്മാർക്കും അഭയമാകട്ടെ. അന്ധർക്കു കാഴ്ചനൽകുന്നവനായ എന്റെ കർത്താവേ, ഞങ്ങൾ നിന്റെ വലത്തുകരത്തിന്റെ പ്രകാശം കാണട്ടെ. മുടന്തരെ സുഖപ്പെടുത്തുകയും ബന്ധിക്കപ്പെട്ടവരെയും അടിമകളെയും മോചിപ്പിക്കുകയും ചെയ്യണമേ. ഗുണസമ്പന്നരെ ധൈര്യപ്പെടുത്തുകയും അജ്ഞരുടെ ഹൃദയങ്ങളെ തുറക്കുകയും അഹങ്കാരികളെ താഴ്ത്തു കയും ചെയ്യണമേ. മരിച്ചവരെ കരുണാപൂർവം കടാക്ഷി ക്കണമേ. സങ്കടപ്പെടുന്നവരെ സന്തോഷിപ്പിക്കണമേ. വലിയവരും ചെറിയവരും നിന്റെ സമൃദ്ധി അനുഭവി ക്കട്ടെ.

നിന്റെ വാഗ്ദാനംപോലെ നിന്നെ വിളിച്ചപേക്ഷിക്കുന്ന എല്ലാവരുടെയും യാചനകൾക്ക് ഉത്തരം അരുള ണമേ. ഞങ്ങളുടെ പ്രാർഥന, സന്ധ്യയിലും പ്രഭാത

ത്തിലും നിന്റെ മുൻപിൽ അർപ്പിക്കപ്പെടുന്ന സുരഭില ധൂപം പോലെയാകട്ടെ. ഈറേന്മാരോടൊപ്പം രാത്രി യിൽ ജാഗരിക്കുന്ന ഉത്സാഹികളുടെ യാചന കൈ ക്കൊള്ളണമേ. സങ്കീർത്തനങ്ങളാൽ നിന്നെ സ്തുതി ക്കുന്ന ഗായകരുടെ ശബ്ദം ഉയർത്തണമേ. നിന്റെ രാജ്യം വരേണമേ. നിന്റെ ദാസർ നിന്റെ ഭവനത്തിൽ സംതൃപ്തിയോടെ വസിക്കട്ടെ. എല്ലാ സൃഷ്ടികളിലും നിന്ന് നിനക്കു സ്തുതിയുണ്ടാകട്ടെ. എല്ലാനേരവും ആമ്മേൻ ആമ്മേൻ, ഹാശാ ✠ വവ്കോൽസ്വൻ വല്ആലം അല്മീൻ

**സമൂ** : ആമ്മേൻ

(എല്ലാവരും പരസ്പരം സമാധാനം നൽകുന്നു.
ഒന്നാം മൗത്വാ സമാപിക്കുന്നു)

# ബാവൂസായുടെ തിങ്കൾ
## രണ്ടാം മൗതവാ

കാർമ്മികൻ തിരുവസ്ത്രങ്ങൾ അണിഞ്ഞു ബേമ്മയിൽ വന്നു പരിശുദ്ധ മദ്ബഹായ്ക്ക് അഭിമുഖമായി നിൽക്കുന്നു. മ്ശംശാനമാർ കാർമ്മികനിൽ നിന്നും സമാധാനം ***(കൈക്കസ്തൂരി)*** സ്വീകരിച്ചു ദൈവജനത്തിനു നൽകുന്നു. എല്ലാവരും പരസ്പരം സമാധാനം നൽകിയതിനുശേഷം ആരംഭിക്കുന്നു.

**കാർമ്മി** : അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി. (3)

**സമൂ** : ആമ്മേൻ. (3)

**കാർമ്മി** : ഭൂമിയിൽ മനുഷ്യർക്കു സമാധാനവും പ്രത്യാശയും എപ്പോഴും എന്നേക്കും.

**സമൂ** : ആമ്മേൻ.

**കാർമ്മി** : സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, *(സമൂഹവും ചേർന്ന്)* അങ്ങയുടെ നാമം പൂജിതമാകണമേ. അങ്ങയുടെ രാജ്യം വരണമേ. അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ. സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ മഹത്ത്വത്താൽ സ്വർഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു. മാലാഖമാരും മനുഷ്യരും അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്ന് ഉദ്ഘോഷിക്കുന്നു.

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ നാമം പൂജിതമാകണമേ. അങ്ങയുടെ രാജ്യം വരണമേ. അങ്ങയുടെ തിരുമനസ്സു സ്വർഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ. ഞങ്ങൾക്ക് ആവശ്യകമായ

ആഹാരം ഇന്നു ഞങ്ങൾക്കു തരണമേ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടും ക്ഷമിക്കണമേ. ഞങ്ങൾ പ്രലോഭനത്തിൽ വീഴാൻ ഇടയാകരുതേ. ദുഷ്ടാരൂപിയിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ. എന്തുകൊണ്ടെന്നാൽ, രാജ്യവും ശക്തിയും മഹത്ത്വവും എന്നേക്കും അങ്ങയുടേതാകുന്നു. ആമ്മേൻ.

**കാർമ്മി** : ബാവായ്ക്കും പുത്രനും റൂഹാദ്ക്കുദ്ശായ്ക്കും സ്തുതി.

**സമൂ** : അനാദിമുതൽ എന്നേക്കും ആമ്മേൻ.

**കാർമ്മി** : സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, *(സമൂഹവും ചേർന്ന്)* അങ്ങയുടെ നാമം പൂജിതമാകണമേ. അങ്ങയുടെ രാജ്യം വരണമേ. അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ. സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ മഹത്ത്വത്താൽ സ്വർഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു. മാലാഖമാരും മനുഷ്യരും അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്ന് ഉദ്ഘോഷിക്കുന്നു.

**മ്ശം** : നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

## സ്ലോസ

**കാർമ്മി** : മാറൻ വാലഹൻ, ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ, ദാരിദ്ര്യത്തിൽനിന്നു വിധവ സമർപ്പിച്ച കൊച്ചുകാശുപോലെ, നെടുവീർപ്പോടെ അടിയങ്ങൾ അർപ്പിക്കുന്ന യാചന നിന്നെ പ്രസാദിപ്പിക്കുന്ന ബലിയായിരിക്കട്ടെ. നിന്റെ കരുണയുടെ

നിക്ഷേപാലയത്തിന്റെ സമൃദ്ധി ഞങ്ങളുടെ അളവുകൾക്ക്അതീതമാണല്ലോ.ഞങ്ങളുടെരോഗാവസ്ഥയിൽ അവിടുത്തെ സൗഖ്യത്തിന്റെ ഔഷധം വൈകാതെ ഞങ്ങൾക്കു നൽകണമേ. ഞങ്ങളുടെ കടങ്ങൾ മോചിച്ച്, അകൃത്യങ്ങളെ മായിക്കണമേ. ഞങ്ങളുടെ ശരീരങ്ങളെ തെളിമയുള്ളതാക്കുകയും ഞങ്ങളുടെ ആത്മാക്കളെ രക്ഷിക്കുകയും ചെയ്യേണമേ. ഞെരുക്കങ്ങളിൽ ആശ്വാസവും കഷ്ടാവസ്ഥയിൽ തുണയും അങ്ങു നൽകണമേ. നഷ്ടപ്പെട്ടവരായ ഞങ്ങളെ അവിടുന്നു തേടിക്കണ്ടെത്തണമേ. കാരുണ്യക്കടലായ നാഥാ, ഞങ്ങളുടെ പ്രാർഥനയുടെ കുറവുകൾ പരിഹരിക്കണമേ. ദയാസമ്പന്നനും കരുണനിറഞ്ഞവനും കടങ്ങൾ മോചിക്കുന്നവനും ബാവായും പുത്രനും റൂഹാദ്ക്കുദ്ശയും ആയ സകലത്തിന്റെയും നാഥാ എന്നേക്കും.

**സമൂ** : ആമ്മേൻ

## ഓനീസ

*(രീതി : പൂശ് ബശ്ലാമാ... വിടവാങ്ങുന്നേൻ)*

**നമ്മുടെ ദൈവം നമ്മുടെ ശക്തമായ സങ്കേതം.**

ദുഷ്ക്കർമത്താൽ ഭയപൂരിതരായ്
നിൽക്കും ഞങ്ങൾ എങ്ങനെ ചൊല്ലും?
ദൂഷണമതിനാൽ തിങ്ങിയ നാവാൽ
നിൻ കരുണയ്ക്കായ് എങ്ങനെ കേഴും?

**കർത്താവേ നിനക്കു തുല്യനായി ആരുണ്ട്?**

നീയല്ലാതെ നല്ലവനുണ്ടോ
കർത്താവേ, എൻ കരുണക്കടലേ,
ക്ഷണികസുഖങ്ങൾ, ധനമോഹങ്ങൾ
ഞങ്ങളിൽനിന്നും പിഴുതെറിയണമേ

**ദൈവം വിധിക്കാനായി നിൽക്കുമ്പോൾ.**

എവിടെയൊളിക്കും ന്യായാധിപനേ,
എല്ലാം കാണും നിന്നുടെ മിഴികൾ
ദുരിതം ദുരിതം എന്നുടെ സ്ഥിതിയിൽ
കരുണ പൊഴിക്കാൻ ദയവരുളേണം.

**ഭൂമിയുടെ എല്ലാ അതിർത്തികളുടെയും പ്രത്യാശ.**

അനുതാപികൾ തൻ തുറമുഖമേ നീ
മൃതനാമെന്നിൽ കനിയണമെന്നും
കരയുന്നു ഞാൻ പാപിനിയെപ്പോൽ
കഴുകണമെന്നിൽ മലിനതയെല്ലാം.

**എന്റെ ജീവിതം ദുരിതത്തിൽ മുങ്ങിയിരിക്കുന്നു.**

തുല്യത ചൊല്ലാൻ ഇല്ലിവിടാരും
നിന്നെപ്പോലെ നീ മാത്രം താൻ
വഴിതെറ്റിയൊരേ നേർവഴി ചേർക്കും
ദയ നീയല്ലോ, കൃപ നീയല്ലോ

## സങ്കീർത്തനം 12

**മ്ശം** : കർത്താവേ,രക്ഷിക്കണമേ;നല്ലവർഇല്ലാതായിരിക്കുന്നു; ഭൂമിയിൽ വിശ്വാസം ക്ഷയിച്ചിരിക്കുന്നു.
**(കാനോന)** നിനവേവാസികളോടു ദയ ചെയ്തതു പോലെ ഞങ്ങളോടും നീ കരുണ ചെയ്യണമേ.
ഹല്ലേലൂയ്യാ (3)

**കാർമ്മി** : മനുഷ്യൻ വ്യർഥഭാഷണം നടത്തുന്നു; അപരനോടു വ്യാജം പറയുന്നു; സത്യം മറച്ചു സംസാരിക്കുന്നു.

**സമൂ** : നിനവേവാസികളോടു ദയ ചെയ്തതുപോലെ ഞങ്ങളോടും നീ കരുണ ചെയ്യണമേ.

**കാർമ്മി** : കപടഭാഷണം നടത്തുന്ന അധരങ്ങളെയും വമ്പുപറയുന്ന നാവിനെയും കർത്താവു നശിപ്പിക്കും.

**സമൂ** : നിനവേവാസികളോടു ദയ ചെയ്തതുപോലെ ഞങ്ങളോടും നീ കരുണ ചെയ്യണമേ.

**കാർമ്മി** : എന്തുകൊണ്ടെന്നാൽ അവർ പറഞ്ഞു: നാവുകൊണ്ടു നമ്മെത്തന്നെ പുകഴ്ത്താം; അധരങ്ങളും നമ്മുടേതാണല്ലോ; നമുക്കുമേൽ ആരുണ്ട്?

**സമൂ** : നിനവേവാസികളോടു ദയ ചെയ്തതുപോലെ ഞങ്ങളോടും നീ കരുണ ചെയ്യണമേ.

**കാർമ്മി** : ദരിദ്രർ ചൂഷണം ചെയ്യപ്പെടുന്നു; പാവപ്പെട്ടവർ നെടുവീർപ്പിടുന്നു.

**സമൂ** : നിനവേവാസികളോടു ദയ ചെയ്തതുപോലെ ഞങ്ങളോടും നീ കരുണ ചെയ്യണമേ.

**കാർമ്മി** : അതിനാൽ കർത്താവ് അരുൾച്ചെയ്യുന്നു: ഞാനിതാ എഴുന്നേല്ക്കുന്നു; എല്ലാവരുടെയും മുമ്പാകെ അവർക്കു ഞാൻ രക്ഷനല്കും.

**സമൂ** : നിനവേവാസികളോടു ദയ ചെയ്തതുപോലെ ഞങ്ങളോടും നീ കരുണ ചെയ്യണമേ.

**കാർമ്മി** : കർത്താവിന്റെ വചനം നിർമലമാണ്; ഏഴാവൃത്തി സ്ഫുടംചെയ്ത വെള്ളിയാണ്.

**സമൂ** : നിനവേവാസികളോടു ദയ ചെയ്തതുപോലെ ഞങ്ങളോടും നീ കരുണ ചെയ്യണമേ.

**കാർമ്മി** : കർത്താവേ, അവരെ കാത്തുകൊള്ളണമേ; ഈ തലമുറയിൽനിന്ന് എന്നേക്കുമായി എന്നെ സംരക്ഷിക്കണമേ.

**സമൂ** : നിനവേവാസികളോടു ദയ ചെയ്തതുപോലെ ഞങ്ങളോടും നീ കരുണ ചെയ്യണമേ.

**കാർമ്മി** : ബാവായ്ക്കും പുത്രനും റൂഹാദ്ക്കുദ്ശായ്ക്കും സ്തുതി

**സമൂ** : അനാദി മുതൽ എന്നേക്കും ആമ്മേൻ.

**മ്ശം** : **(കാനോന)** നിനവേവാസികളോടു ദയ ചെയ്തതുപോലെ ഞങ്ങളോടും നീ കരുണ ചെയ്യണമേ.
ഹല്ലേലൂയ്യ (3)

**മ്ശം** : നമുക്കെല്ലാവർക്കും മുട്ടുകുത്താം

## ഊനായ

(മാർ അപ്രേം രചിച്ചത്)

*(എല്ലാവരും മുട്ടുകുത്തി നിലംപറ്റെ കുമ്പിടുന്നു)*

മാറൻ എസ്രാഹം അലൈൻ
മാറൻ കമ്പെൽ ബാവൂസൻ
മാറൻ എസ്രാഹം അലൈൻ
മാറൻ എസ്രാ ല്അവ്ദയ്ക്ക്

കർത്താവേ കനിയണമേ, കാരുണ്യം ചെയ്തീടണമേ
യാചനമേൽ ചെവി ചായ്ക്കണമേ
കർത്താവേ കനിയണമേ, കാരുണ്യം ചെയ്തീടണമേ
ദാസരൊടൊരുമയിലാകണമേ.

*(എല്ലാവരും നിലംപറ്റെ കുമ്പിട്ട് എഴുന്നേൽക്കുന്നു.)*

**മ്ശം** : നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

## സ്ലോസാ

**കാർമ്മി** : മാറൻ വാലാഹൻ, ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ, ഹൃദയംനുറുങ്ങി നിന്നോടു നിലവിളിക്കുന്ന ഈ മക്കളെ ആശ്വസിപ്പിക്കണമേ. നിന്റെ കർത്തൃത്വത്തിന്റെ വാതിൽക്കൽ മുട്ടുന്ന ആട്ടിൻകൂട്ടമായ ഞങ്ങളുടെ പ്രാർഥനകൾ നീ നിരസിക്കരുതേ. പാതാളവാതിലുകളോ ദുഷ്ടശത്രുവോ നിനക്കെതിരായി പ്രബലപ്പെടുകയില്ലെന്ന് നിന്റെ സഭയോട് തലമുറകളായി നീ ചെയ്ത വാഗ്ദാനം ഞങ്ങളിലും പൂർത്തിയാക്കണമേ. മാറാ ദ്കോൽ ല്അൽമീൻ.

**സമൂ:** ആമ്മേൻ

## തെശ്ബൊഹത്താ

*(രീതി: സഹനം വഴിയായ്)*

ചങ്കു തകർന്നൊരു നിലവിളിയോടെ
നിന്നെ വിളിച്ചെൻ നെഞ്ചുലയുന്നു

നല്ലവനേ, വഴി കാട്ടണമെന്നും
വഴിയല്ലോ നീ വൈദ്യനുമല്ലോ

കൈപ്പാണേ ഈ സഹനച്ചഷകം
നിന്റെ സഹായം മാത്രമതഭയം

പേരിനുപോലും നീതിയെഴുന്നോൻ
ഞങ്ങളിലില്ല എന്തൊരനർഥം!

ഞങ്ങടെ ചെയ്തികളാലെ കരയും
കടലും ഞങ്ങൾ കലുഷിതമാക്കി

നല്ലിടയാ നിൻ തിരുനിണമേകി
നേടിയൊരാടിനെ കൈവെടിയല്ലേ

ശാന്തിയോടഖിലം പുലരാൻ എന്നും
ത്രിത്വമഹത്ത്വം പാടാം ഞങ്ങൾ.

## ഊനായ

(മാർ അപ്രേം രചിച്ചത്)

*(എല്ലാവരും മുട്ടുകുത്തി നിലംപറ്റെ കുമ്പിടുന്നു)*

മാറൻ എസ്രാഹം അലൈൻ
മാറൻ കമ്പെൽ ബാവൂസൻ
മാറൻ എസ്രാഹം അലൈൻ
മാറൻ എസ്രാ ല്അവ്ദയ്ക്ക്

കർത്താവേ കനിയണമേ, കാരുണ്യം ചെയ്തീടണമേ
യാചനമേൽ ചെവി ചായ്ക്കണമേ
കർത്താവേ കനിയണമേ, കാരുണ്യം ചെയ്തീടണമേ
ദാസരൊടൊരുമയിലാകണമേ.

*(എല്ലാവരും നിലംപറ്റെ കുമ്പിട്ട് എഴുന്നേൽക്കുന്നു.)*

## കാറോസൂസാ

**മ്ശം** : നമുക്കെല്ലാവർക്കും അനുതാപത്തോടും ശ്രദ്ധയോടും കൂടെ മാറൻ എസ്രാഹം അലൈൻ എന്നപേക്ഷിക്കാം.

**സമൂ** : മാറൻ എസ്രാഹം അലൈൻ

**മ്ശം** : നിത്യനന്മയും തന്റെ നന്മയിൽനിന്ന് വ്യതിചലിക്കാത്തവനുമായ ദൈവമേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

**സമൂ** : മാറൻ എസ്രാഹം അലൈൻ

**മ്ശം** : തന്റെ ശക്തിയുടെ ജ്ഞാനം വെളിവാക്കുകയും തിരുഹിതം നടപ്പാക്കി സൃഷ്ടികളിൽ തന്റെ നന്മ പ്രകടമാക്കുകയും ചെയ്തവനേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

**സമൂ** : മാറൻ എസ്രാഹം അലൈൻ

**മ്ശം** : തന്റെ മഹത്ത്വരൂപമാർന്ന നാമത്താൽ ഞങ്ങളുടെ പ്രകൃതിയുടെ സവിശേഷമായ വീണ്ടെടുപ്പിലൂടെ, തന്റെ സ്നേഹമഹത്ത്വം വെളിവാക്കിയവനേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

**സമൂ** : മാറൻ എസ്രാഹം അലൈൻ

**മ്ശം** : സമയത്തിന്റെ തികവിൽ മഹത്ത്വപൂർണമായ ജനനത്തിന്റെ വെളിപാടിലൂടെ തന്റെ കൃപാസമൃദ്ധി ഞങ്ങളുടെ സത്തയുടെ രക്ഷയ്ക്കും സകല സൃഷ്ടികളുടെ

നവീകരണത്തിനുമായി ചൊരിഞ്ഞവനേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

**സമൂ** : മാറൻ എസ്രാഹം അലൈൻ

**മ്ശം** : വഴിതെറ്റി അലയുന്ന ആടിലും നഷ്ടപ്പെട്ടുപോയെങ്കിലും വീണ്ടെടുക്കപ്പെട്ട പുത്രനിലും ഞങ്ങളുടെ നഷ്ടപ്പെടലിന്റെയും വീണ്ടെടുക്കലിന്റെയും സാദൃശ്യം വിവരിച്ചവനേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

**സമൂ** : മാറൻ എസ്രാഹം അലൈൻ

**മ്ശം** : ദൈവികസത്തയുടെ മഹിമാകിരണങ്ങളാൽ തന്റെ മനുഷ്യത്വത്തിന്റെ വിളക്കിനെ പ്രകാശിപ്പിക്കുകയും കാണാതെപോയ നാണയത്തിന്റെ ഉപമയിലൂടെ, പൂഴിക്കുള്ളിൽ നഷ്ടപ്പെട്ട ഞങ്ങളുടെ ഛായ അന്വേഷിക്കുകയും അതു കണ്ടെത്തി തന്റെ മാലാഖമാരെ ആനന്ദിപ്പിക്കുകയും ചെയ്തവനേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

**സമൂ** : മാറൻ എസ്രാഹം അലൈൻ

**മ്ശം** : ദയയാൽ നമ്മെ വിളിക്കുകയും സമാനതകളില്ലാത്ത കാരുണ്യത്തിനനുസൃതമായി വീണ്ടെടുപ്പിലുള്ള നമ്മുടെ കാത്തിരിപ്പിന്റെ പ്രത്യാശയിൽ യാചനകൾ തന്റെ മുൻപാകെ അർപ്പിക്കാൻ സദാ ഞങ്ങളെ പ്രേരിപ്പിക്കുകയും ചെയ്തവനേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

**സമൂ** : മാറൻ എസ്രാഹം അലൈൻ

**മ്ശം** : നമുക്കെല്ലാവർക്കും മുട്ടുകുത്താം

# ശഹലെപ്പ്

*(മുട്ടുകുത്തുന്നു)*

താവാ ദ്മെംസോം
*റാഹേം അലൈൻ*

ശ്വീഹ് ബീസൂസേ
*റാഹേം അലൈൻ*

ബാറേ ബ്റീസാ
*റാഹേം അലൈൻ*

കന്തീശ് ബ്യാസേ
*റാഹേം അലൈൻ*

മസ്കെൻ കൊല്ലാ
*റാഹേം അലൈൻ*

മ്യക്കർ ഗെൻസൻ
*റാഹേം അലൈൻ*

സാവേ ബ്ഹയ്യെൻ
*റാഹേം അലൈൻ*

അത്ത് ആവോദൻ
*റാഹേം അലൈൻ*

അത്ത് നാസോപ്പൻ
*റാഹേം അലൈൻ*

അത്ത് ഹന്നാനാ
*റാഹേം അലൈൻ*

എസ്പ്പൻ അലൈൻ
*റാഹേം അലൈൻ*

അത്ത് ഈയാലൻ
*റാഹേം അലൈൻ*

താ ലുദ്റാനൻ
*റാഹേം അലൈൻ*

*(എഴുന്നേൽക്കുന്നു)*

**മ്ശം** : ലോകം മുഴുവന്റെയും എല്ലാ സഭകളുടെയും ശാന്തിയും ഐക്യവും സുസ്ഥിരതയും ഞങ്ങൾ അപേക്ഷിക്കുന്നു.

**സമൂ** : മാറൻ എസ്രാഹം അലൈൻ

**മ്ശം** : ഞങ്ങളുടെ രാജ്യത്തിനും സർവ രാജ്യങ്ങൾക്കും അവയിൽ വസിക്കുന്ന വിശ്വാസികൾക്കും വേണ്ടി ഞങ്ങൾ അപേക്ഷിക്കുന്നു.

**സമൂ** : മാറൻ എസ്രാഹം അലൈൻ

**മ്ശം** : അനുകൂലമായ കാലാവസ്ഥക്കും സുഭിക്ഷമായ വത്സരത്തിനും സമൃദ്ധമായ വിളകൾക്കും ലോകം മുഴുവന്റെയും നവീകരണത്തിനും വേണ്ടി ഞങ്ങൾ അപേക്ഷിക്കുന്നു

**സമൂ** : മാറൻ എസ്രാഹം അലൈൻ

**മ്ശം** : ലോകത്തിന്റെ നാലുഭാഗങ്ങളിലുമുള്ള മിശിഹായുടെ സഭയെ നയിക്കുന്ന എല്ലാ ശ്രേഷ്ഠ ഇടയന്മാർക്കു വേണ്ടിയും പ്രത്യേകമായി കേപ്പാ ശ്ലീഹായുടെ പിൻഗാമിയായ മാർ *(പേര്)* പാപ്പായ്ക്കും മാർത്തോമ്മാ ശ്ലീഹായുടെ പിൻഗാമിയും അഖിലേന്ത്യയുടെ മെത്രാപ്പോലീത്തായും കവാടവുമായ മാർ *(പേര്)* മെത്രാപ്പോലീത്തായ്ക്കുംവേണ്ടിയും ഞങ്ങളുടെ അതിരൂപതാധ്യക്ഷനായ മാർ *(പേര്)* മെത്രാപ്പോലീത്തായ്ക്കും രൂപതാധ്യക്ഷനായ മാർ *(പേര്)* മെത്രാനും മറ്റെല്ലാ മേല്പട്ടക്കാർക്കുവേണ്ടിയും അവരുടെ സഹ ശുശ്രൂഷകരായ എല്ലാവരുടേയും ആരോഗ്യത്തിനു വേണ്ടിയും നിന്നോടു ഞങ്ങൾ യാചിക്കുന്നു.

**സമൂ** : മാറൻ എസ്രാഹം അലൈൻ

**മ്ശം** : തന്റെ കരുണയാൽ സകലത്തെയും പരിപാലിക്കുന്ന കാരുണ്യവാനായ ആലാഹായേ, ഞങ്ങൾ അപേക്ഷിക്കുന്നു.

**സമൂ** : മാറൻ എസ്രാഹം അലൈൻ

**മ്ശം** : കരുണാസമ്പന്നനും കരുണയുടെ പ്രവാഹവുമായവനേ, ഞങ്ങൾ അപേക്ഷിക്കുന്നു.

**സമൂ** : മാറൻ എസ്രാഹം അലൈൻ

**മ്ശം** : നന്മ തന്നെയായവനും സകല നന്മകളുടെയും ദാതാവുമായവനേ, ഞങ്ങൾ അപേക്ഷിക്കുന്നു.

**സമൂ** : മാറൻ എസ്രാഹം അലൈൻ

**മ്ശം** : സ്വർഗത്തിൽ സ്തുതിക്കപ്പെടുന്നവനും ഭൂമിയിൽ ആരാധിക്കപ്പെടുന്നവനുമായവനേ, ഞങ്ങൾ അപേക്ഷിക്കുന്നു.

**സമൂ** : മാറൻ എസ്രാഹം അലൈൻ

**മ്ശം** : പ്രകൃത്യാ മരണമില്ലാത്തവനും ഉജ്ജ്വലപ്രകാശത്തിൽ വസിക്കുന്നവനുമായവനേ, ഞങ്ങൾ അപേക്ഷിക്കുന്നു.

**സമൂ** : മാറൻ എസ്രാഹം അലൈൻ

**മ്ശം** : ഞങ്ങളുടെ മിശിഹാതമ്പുരാനേ, ഞങ്ങൾ ഏവരെയും നിന്റെ കൃപയാൽ രക്ഷിക്കണമേ. നിന്റെ ശാന്തിയും സമാധാനവും ഞങ്ങളിൽ വർധിപ്പിച്ചു ഞങ്ങളുടെമേൽ കരുണയായിരിക്കണമേ.

**സമൂ** : ആമ്മേൻ.

**മ്ശം** : നമുക്കെല്ലാവർക്കും മുട്ടുകുത്താം

## ഊനായ

(മാർ അപ്രേം രചിച്ചത്)

*(എല്ലാവരും മുട്ടുകുത്തി നിലംപറ്റെ കുമ്പിടുന്നു)*

മാറൻ എസ്രാഹം അലൈൻ
മാറൻ കമ്പെൽ ബാവൂസൻ
മാറൻ എസ്രാഹം അലൈൻ
മാറൻ എസ്രാ ല്അവ്ദയ്ക്ക്

കർത്താവേ കനിയണമേ, കാരുണ്യം ചെയ്തീടണമേ
യാചനമേൽ ചെവി ചായ്ക്കണമേ
കർത്താവേ കനിയണമേ, കാരുണ്യം ചെയ്തീടണമേ
ദാസരൊടൊരുമയിലാകണമേ.

*(എല്ലാവരും നിലംപറ്റെ കുമ്പിട്ട് എഴുന്നേൽക്കുന്നു.)*

**മ്ശം** : നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

## സ്ലോസാ

(മാർ ഏലിയാ രചിച്ചത്)

**കാർമ്മി** : മാറൻ വാലഹൻ, ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ, പാപികളായ ഞങ്ങൾ മനസ്സുതിരിഞ്ഞ് നിന്റെയടുക്കൽ വരുന്നതിനായി, അപ്പനടുത്ത വാത്സല്യത്തോടെ മാത്രമാണ് നീ ഞങ്ങളെ ശിക്ഷിക്കുന്നതെന്നു ഞങ്ങൾ അറിയുന്നു. ഞങ്ങൾ നിന്റെ സ്വന്തം ജനവും സ്ലീവായാൽ നീ വീണ്ടെടുത്ത നിന്റെ ആടുകളുമാണല്ലോ. തിരുരക്തത്തിന്റെ വിലയാൽ നീ വീണ്ടെടുത്ത ഞങ്ങളുടെ ബലഹീനതകളും പോരായ്മകളും അതിരറ്റ കാരുണ്യത്തോടെയാണല്ലോ നീ നോക്കിക്കാണുന്നത്. ദൈവമേ, നിന്റെ ക്രോധത്തിന്റെ മുൻപാകെ നിൽക്കാൻ ആർക്കു കഴിയും? നിന്റെ

വാളിന്റെ വായ്ത്തലയാൽ മനുഷ്യൻ വീണുപോവുകയും നിന്റെ ശക്തിയുടെ വില്ലുകുലയ്ക്കുമ്പോൾ മലകൾ വിറയ്ക്കുകയും നിന്റെ കോപത്താൽ പ്രപഞ്ചം നടുങ്ങുകയും ചെയ്യുന്നു. ആകാശത്തെ നീ അടച്ചാൽ ആര് അതു തുറക്കും? നീ മഴ പെയ്യിച്ചാൽ ആര് അതിനെ തടുക്കും? ദൈവമേ, നിന്റെ സകലപ്രവൃത്തികളും സർവഗുണസമ്പന്നമാകുന്നു. എന്നാൽ, ഞങ്ങൾ നിന്റെ കല്പനകൾ ലംഘിച്ചു. നിന്നെ വിളിക്കുന്നതിനോ മിശിഹായുടെ സുവിശേഷം ജീവിക്കുന്നതിനോ ഞങ്ങൾ നിശ്ശേഷം അയോഗ്യരായിത്തീർന്നു. അയൽക്കാർക്കും അറിയുന്നോർക്കും ഞങ്ങൾ നിന്ദയും പരിഹാസവുമായിത്തീർന്നു. നിന്റെ സ്നേഹത്തിൽ നിന്നു ഞങ്ങൾ അകന്നുപോയി. അടിമുടി അഴുക്കുപുരണ്ടവരായി ഞങ്ങൾ മാറി. ശ്രേഷ്ഠതയുടെ വിശുദ്ധപുളിപ്പ് ഞങ്ങളിൽ ഇല്ലാതായി. കർത്താവേ, നിന്റെ തിരുനാമം നിമിത്തം ഞങ്ങളെ രക്ഷിക്കേണമേ. കർത്താവേ, എഴുന്നേൽക്കണമേ. ദുഷ്ടതയിൽനിന്നു ഞങ്ങളെ വിടുവിക്കേണമേ. ഒട്ടുംവൈകാതെ ഞങ്ങളെ രക്ഷിക്കണമേ. ഞങ്ങൾ വെറും മണ്ണാണെന്നും നീയാണ് മനയുന്നവനെന്നും ഞങ്ങൾ അറിയുന്നു. ഇസ്രായേലിന്റെ പ്രത്യാശയായവനേ, കഷ്ടകാലത്തു ഞങ്ങളെ രക്ഷിക്കണമേ. കർത്താവേ, ഞങ്ങളുടെ ഹൃദയങ്ങളിൽ നീ വസിക്കണമേ. ലജ്ജിക്കാൻ ഇടവരാതെ നിന്റെ മഹത്തായ നാമത്താൽ ഞങ്ങളെ വീണ്ടെടുക്കണമേ. നിന്റെ അവകാശമായ ഞങ്ങളെ

നിന്ദനത്തിനും പരിഹാസത്തിനും എറിഞ്ഞു കൊടുക്കരുതേ. നിന്റെ ആരാധകരായ ഞങ്ങളുടെ കഴുത്തിൽ നിന്റെ കോപത്തിന്റെ നുകം ചുമത്തരുതേ. ഞങ്ങൾക്കു നൽകിയിട്ടുള്ള നിന്റെ വാഗ്ദാനങ്ങൾ പിൻവലിക്കരുതേ. മിശിഹായുടെ രക്തത്താലും ജലത്താലും നീ വീണ്ടെടുത്ത ആടുകളെ നീ കൈവെടിയരുതേ. അടക്കവും സമാധാനവും ശാന്തതയും ഞങ്ങളിൽ വസിക്കാൻ കൃപചെയ്യണമേ. നിന്നെ പ്രീതിപ്പെടുത്തിയ വിശുദ്ധരുടെയും വേദസാക്ഷികളുടെയും യോഗ്യതയാൽ ഞങ്ങളുടെ ജീവിതകാലമത്രയും ഞങ്ങളെ സഹായിക്കണമേ. മാറാ ദ്കോൽ ആവാ വവ്റാ ഉറൂഹാദ്ക്കുദ്ശാ ല്അൽമീൻ

**സമൂ** : ആമ്മേൻ. ബാറെക് മാർ

## ഹ്വർസാ

(സഹ സ്ലോസാ)

**കാർമ്മി** : മാറൻ വാലാഹൻ, ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ, ബലഹീനരായ അടിയങ്ങളുടെ യാചനകൾ നീ സ്വർഗത്തിലേക്ക് ഉയർത്തണമേ. നിന്റെ മഹനീയവാസസ്ഥലത്തേക്കു ഞങ്ങളുടെ പ്രാർഥനകൾ സ്നേഹപൂർവം സ്വീകരിക്കേണമേ. അയോഗ്യരായ ഞങ്ങളുടെ ഈ പ്രാർഥനാശുശ്രൂഷ സ്വർഗമുഖത്തേക്ക് അടുപ്പിക്കണമേ. മഹത്ത്വമേറിയ നിന്റെ മദ്ബഹായിൽ ഞങ്ങളുടെ പ്രാർഥനകൾ ഇടം കണ്ടെത്തട്ടെ. നിന്റെ വലത്തുകരത്താൽ ഞങ്ങളുടെ കുറവുകളും പോരായ്മകളും കനിവോടെ പരിഹരിക്കണമേ. എന്തെന്നാൽ,

കൃപയാലും കരുണയായാലും ഞങ്ങൾക്ക് ആവശ്യ
കമായ എല്ലാസഹായങ്ങളും നന്മകളും നൽകുന്നവൻ
നീ മാത്രമാകുന്നല്ലോ. മാറാ ദ്കോൽ ല്അൽമീൻ.

**സമൂ** : ആമ്മേൻ.

**മ്ശം** : നമുക്കെല്ലാവർക്കും മുട്ടുകുത്താം

## ഊനായ

(മാർ അപ്രേം രചിച്ചത്)

*(എല്ലാവരും മുട്ടുകുത്തി നിലംപറ്റെ കുമ്പിടുന്നു)*

മാറൻ എസ്രാഹം അലൈൻ
മാറൻ കമ്പെൽ ബാവൂസൻ
മാറൻ എസ്രാഹം അലൈൻ
മാറൻ എസ്രാ ല്അവ്ദയ്ക്ക്

കർത്താവേ കനിയണമേ, കാരുണ്യം ചെയ്തീടണമേ
യാചനമേൽ ചെവി ചായ്ക്കണമേ
കർത്താവേ കനിയണമേ, കാരുണ്യം ചെയ്തീടണമേ
ദാസരൊടൊരുമയിലാകണമേ.

*(എല്ലാവരും നിലംപറ്റെ കുമ്പിട്ട് എഴുന്നേൽക്കുന്നു.)*

## ഒന്നാം കെറിയാനാ

*(എല്ലാവരും ഇരിക്കുന്നു)*

*ശുശ്രൂഷി വിജ്ഞാപനം വായിക്കുന്നു*

കർത്താവേ, നിന്റെ കൃപ ഞങ്ങളിൽ വർധിപ്പിക്കേണമേ. ഞങ്ങളുടെ അകൃത്യങ്ങൾ നീ അറിയുന്നുവല്ലോ. പാപി തിരിച്ചുവരാൻ എപ്പോഴും ആഗ്രഹിക്കുന്ന അവിടുന്ന് അതിനായി പ്രവർത്തിക്കുകയും ചെയ്യുന്നു. നമ്മിൽ പാപബോധമുളവാക്കാനും നമ്മെ മാനസാന്തരത്തിലേക്കു നയിക്കാനുമായി അവിടുന്നു

നൽകുന്ന അനുഭവങ്ങൾക്കു മുൻപിൽ ഹൃദയം കഠിനമാക്കാൻ ഇടവരുത്തരുതേ. പ്രാർഥനയിലൂടെ ഏതു കഠിനബാധയെയും ഇല്ലാതാക്കാൻ കഴിയുമെന്നു ഞങ്ങൾ പ്രത്യാശിക്കുന്നു. ഞങ്ങളുടെ കളപ്പുരകൾ നിറയ്ക്കണമേ. അഗതികളെയും വിധവകളെയും ദരിദ്രരെയും സംരക്ഷിണമേ. പട്ടിണിയും രോഗവും നിരാശയും നിമിത്തം ആരുടെയും വഴിമുട്ടാൻ ഇടയാക്കരുതേ. ഭൂമിയെയും കാലാവസ്ഥയെയും പ്രപഞ്ചത്തെയും അവിടുന്ന് സംരക്ഷിക്കണമേ. പ്രപഞ്ചസ്രഷ്ടാവേ, സകലബാധകളും പകർച്ചവ്യാധികളും തടഞ്ഞ് ലോകത്തിൽ ശാന്തിയും സമാധാനവും വർഷിക്കണമേ. ഞങ്ങളുടെ മേശകളെ പരിപുഷ്ടമാക്കണമേ. സ്ലീവായുടെ നിഗൂഢശക്തിയാൽ എല്ലാ ഇടങ്ങളിലേക്കും നിന്റെ കൃപയുടെ നീരൊഴുക്ക് ഉണ്ടാകട്ടെ. കഷ്ടതയിലും സമാധാനത്തിലും ഞങ്ങൾ എന്നും എപ്പോഴും നിന്റേതാകാനും നിന്നിൽ ആശ്രയിക്കാനും സഹായിക്കണമേ. ഞങ്ങൾക്കുവേണ്ടി സ്ലീവായിൽ മരണമേറ്റ കുഞ്ഞാടേ, നിന്റെ കരുണയും സ്നേഹവും വർഷിച്ചു ഞങ്ങളെ നിന്റെ അജഗണമാക്കണമേ. ദൈവമേ, ഞങ്ങളിൽനിന്ന് അഹങ്കാരം നീക്കിക്കളേണമേ. പാപബോധമുള്ളവരായി ദൈവകാരുണ്യത്തിനു ഞങ്ങൾ അപേക്ഷിക്കുന്നു. ദൈവകൃപയുടെ ഒഴുക്കിനെ തടയുന്ന അഹംഭാവത്തിന്റെയും ആത്മപ്രശംസയുടെയും പാറക്കെട്ടിനെ തകർത്തെറിയണമേ. നിന്റെ കോപംമൂലമുള്ള കയ്പ്പേറിയ പ്രവൃത്തിയിലായാലും സ്നേഹം നിമിത്തമുള്ള സമാധാനത്തിന്റെ പ്രവൃത്തിയിലായാലും രണ്ടു സ്ഥിതിയിലും നിന്റെ ആട്ടിൻ കൂട്ടമാകുന്ന പരിശുദ്ധ സഭ, നിനക്ക് എന്നെന്നും മഹത്ത്വം കരേറ്റുമാറാകട്ടെ.

## മദ്‌രാശ

*(എല്ലാവരും എഴുന്നേൽക്കുന്നു)*

*(രീതി : തൂയയ്)*

ലജ്ജിതരാണേ കർത്താവേ
താവക പൊറുതിയപേക്ഷിക്കാൻ
പലവുരു രമ്യത നേടീട്ടും
പഴയ കയത്തിൽത്തന്നെ ഞാൻ

*ലജ്ജിതരാണേ കർത്താവേ*
*താവക പൊറുതിയപേക്ഷിക്കാൻ*
*പലവുരു രമ്യത നേടീട്ടും*
*പഴയ കയത്തിൽത്തന്നെ ഞാൻ*

അനുതാപത്തിൽപോലും ഞാൻ
കപടത കൊണ്ടുനടന്നതിനാൽ
എന്നെത്തന്നെ വഞ്ചിച്ചു
സ്വർഗം പോലുമടഞ്ഞപ്പോൾ

*ലജ്ജിതരാണേ കർത്താവേ*
*താവക പൊറുതിയപേക്ഷിക്കാൻ*
*പലവുരു രമ്യത നേടീട്ടും*
*പഴയ കയത്തിൽത്തന്നെ ഞാൻ*

ചെയ്തികൾ നോക്കും കർത്താവിൻ
സന്നിധിയിൽ നാം നുണ ചൊല്ലി
സത്യത്തിൻ വഴി തേടീലാ
സന്മാർഗേ നാം പോയീലാ

*ലജ്ജിതരാണേ കർത്താവേ*
*താവക പൊറുതിയപേക്ഷിക്കാൻ*
*പലവുരു രമ്യത നേടീട്ടും*
*പഴയ കയത്തിൽത്തന്നെ ഞാൻ*

പാപം, കോപം, ക്രൂരതയിൽ
പലവട്ടം നാം വീഴുന്നു
ക്ഷണനേരത്തിന്നനുതാപം
കർത്താവറിയുന്നില്ലെന്നോ?

*ലജ്ജിതരാണേ കർത്താവേ*
*താവക പൊറുതിയപേക്ഷിക്കാൻ*
*പലവുരു രമ്യത നേടീട്ടും*
*പഴയ കയത്തിൽത്തന്നെ ഞാൻ*

## രണ്ടാം കെറിയാനാ

*(എല്ലാവരും ഇരിക്കുന്നു)*

*ശുശ്രൂഷി വിജ്ഞാപനം വായിക്കുന്നു*

കർത്താവേ, നീ നല്ലവനാകുന്നു. നിന്റെ ശാസനകൾ ഞങ്ങളുടെ ഉണർവിനും നന്മയ്ക്കുംവേണ്ടി മാത്രമാകുന്നുവെന്നു ഞങ്ങൾ അറിയുന്നു. നിന്റെ ഓരോ ശാസനയും ഞങ്ങളുടെ പുത്രത്വാവകാശത്തിന്റെ സ്ഥിരീകരണമാണ്. കല്ലേറുകൾ വന്നപ്പോൾ ദൈവത്തെ പഴിക്കാതെ, ഉന്നതങ്ങളിലേക്കു നോക്കി സ്തോത്രംചൊല്ലി, അതിനെ സ്വീകരിച്ച എസ്തപ്പാനോസ് സഹദായെ നമുക്ക് ഓർമിക്കാം. റൂഹാദ്ക്കുദ്ശായിൽ നിറഞ്ഞ് തന്റെ ആത്മാവിനെ ദൈവസന്നിധിയിൽ കാഴ്ചവച്ച് കിരീടാവകാശിയായി മാറിയതുപോലെ നമുക്കും വിചാരങ്ങൾ ഉന്നതങ്ങളിലേക്ക് ഉയർത്തി സ്വർഗകിരീടം നേടാം. കഷ്ടതകൾ വഹിക്കുന്നതിൽ നാം തളർന്നുപോയാൽ സാത്താൻ നമ്മെ കീഴ്പ്പെടുത്തും. എല്ലാം നന്മയ്ക്കായി പരിണമിപ്പിക്കുന്ന ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് നമുക്കും സഹനത്തെ നേരിടാം. പോരാട്ടത്തിൽ ജയിച്ചുവരുന്ന നമ്മെ സ്നേഹചുംബനങ്ങൾ നൽകി ദൈവം ആശ്ലേഷിച്ച് അനുഗ്രഹിക്കും. കരുണാസമ്പന്നനായ ദൈവം തന്റെ കൃപയാൽ

നമ്മെ സ്നേഹിക്കുകയും കാരുണ്യംകൊണ്ട് പൊതിയുകയും ചെയ്തു. ആറിപ്പോയ നമ്മെ ചൂടുപിടിപ്പിച്ചു. വഴിതെറ്റിയ നമ്മെ നേർവഴിയിലാക്കി. രോഗം വന്നപ്പോൾ അവിടുന്ന് നമ്മുടെ അരികിലിരുന്നു. കൃപയുടെ ഔഷധം നൽകി നമ്മെ സൗഖ്യപ്പെടുത്തി. തന്റെ മുന്തിരിത്തോട്ടമായ നമുക്കുവേണ്ടി അവൻ ചെയ്തതെല്ലാം പറഞ്ഞുതീർക്കാൻ നമുക്കാവുമോ? എങ്കിലും അവന്റെ ചോരയിൽ പുഷ്ടിപ്പെട്ട നമ്മിൽ കാട്ടുമുന്തിരിയുടെ കയ്പ്പും കവർപ്പും ഉണ്ടാകാതിരിക്കാനായി നമുക്കു പരിശ്രമിക്കാം. മാനസാന്തരത്തിനു യോഗ്യമായ ഫലം പുറപ്പെടുവിച്ച് നമുക്ക് അവനെ മഹത്ത്വപ്പെടുത്താം. പഞ്ചേന്ദ്രിയങ്ങളിലൂടെ ദൈവകല്പന കൾ അനുസരിക്കാനും ദൈവമഹത്ത്വം കരേറ്റാനും നമുക്കു പരിശ്രമിക്കാം. കണ്ണ് നിനക്ക് ഇടർച്ചയ്ക്കു കാരണമാകരുതെന്നും നാവ് തീയാണെന്നും തിരുവചനം നമ്മെ ഓർമപ്പെടുത്തുന്നു. നമ്മുടെ ഓരോ അവയവത്തിന്റെയും ദുരുപയോഗം തടയാൻ ജാഗരൂകരാകണമെന്ന് വചനം നമ്മെ ഉണർത്തുന്നു. ജഡികനായ ഒന്നാം ആദം പാപത്തിൽ വീണെങ്കിൽ, രണ്ടാം ആദമായ മിശിഹാതമ്പുരാൻ പാപവിമോചകനായി അണഞ്ഞു. മരണത്തെ ജയിച്ച് അവൻ ഉത്ഥാനംചെയ്തു. മാമ്മോദീസയിലൂടെ പഴയ ആദാമിനെ അടക്കം ചെയ്ത് പുതിയ ആദാമിനെ ധരിച്ചവരാണ് നമ്മൾ. അദ്ഭുതകരമായ അനുഭവങ്ങളെപ്രതി നമുക്കു കർത്താവിനെ സ്തുതിക്കാം. പുതിയ മനുഷ്യനെ ധരിച്ചിരിക്കുന്ന നമുക്കു ദൈവകൃപയിൽ ആശ്രയിച്ചു ജീവൻ അവകാശമാക്കാം. ബാവായെയും പുത്രനെയും റൂഹാദ്ക്കുദ്ശായെയും എന്നും എന്നേക്കും നമുക്കു വാഴ്ത്തി സ്തുതിക്കാം.

## ബുർക്കാസ

*പ്രധാന കാർമ്മികൻ ബുർക്കാസ ചൊല്ലുന്നു. ഓരോ പാദത്തിന്റെയും ആദ്യവരി ചൊല്ലിക്കഴിയുമ്പോൾ സമൂഹം **'ഏൻ മറിയാ'** (അതേ കർത്താവേ) എന്നുചൊല്ലി നിലംപറ്റെ മുട്ടുകുത്തി കുമ്പിടുന്നു. രണ്ടാംപാദം കഴിയുമ്പോൾ **'ആമ്മേൻ'** എന്നുചൊല്ലി നിവരുന്നു.*

**കാർമ്മി :** ഞങ്ങളുടെ കർത്താവേ, ശാന്തിയും സമാധാനവും നിറഞ്ഞ മഹാസമുദ്രമേ, അസ്വസ്ഥവും അശാന്തവുമായ ലോകത്തെ ശാന്തമാക്കണമേ.

**സമൂ :** **ഏൻ മറിയാ.**

**കാർമ്മി :** ഞങ്ങളുടെ കർത്താവേ, ഭരണാധികാരികളുടെ ഹൃദയങ്ങളെ സൗഹൃദത്താൽ ഒന്നിപ്പിക്കേണമേ. കലഹങ്ങളും യുദ്ധങ്ങളും ഭൂമുഖത്തുനിന്ന് ഇല്ലാതാക്കണമേ.

**സമൂ :** **ആമ്മേൻ.**

**കാർമ്മി :** ഞങ്ങളുടെ കർത്താവേ, ശ്ലീഹന്മാരുടെ തലവനായ യോനായുടെ പുത്രൻ കേപ്പായോട് സത്യമായി നീ ചെയ്ത വാഗ്ദാനം ഓർമിക്കണമേ.

**സമൂ :** **ഏൻ മറിയാ.**

**കാർമ്മി :** ഞങ്ങളുടെ കർത്താവേ, സകല ജനതകളിൽനിന്നും ജനപദങ്ങളിൽനിന്നും നീ തിരഞ്ഞെടുത്ത സഭക്കെതിരായി ശീയോലിന്റെ വാതിലുകൾ പ്രബലപ്പെടരുതേ.

**സമൂ :** **ആമ്മേൻ.**

**കാർമ്മി :** ഞങ്ങളുടെ കർത്താവേ, അവളുടെ കുഞ്ഞാടുകളെയും ആടുകളെയും കളങ്കമില്ലാതെ നയിക്കാൻ അവളുടെ ഇടയന്മാരെ അനുഗ്രഹിക്കുകയും അവരെ ശ്രദ്ധാപൂർവം സംരക്ഷിക്കുകയും ചെയ്യേണമേ.

**സമൂ :** **ഏൻ മറിയാ.**

**കാർമ്മി :** ഞങ്ങളുടെ കർത്താവേ, ചതിയുടെ സന്തതികളായ ശത്രുക്കളെയും വിദ്വേഷികളെയും കീഴടക്കാൻ അവൾക്ക് ശക്തിയും കരുത്തും ധീരതയും നൽകണമേ

**സമൂ :** **ആമ്മേൻ.**

**കാർമ്മി :** ഞങ്ങളുടെ കർത്താവേ, പരിശുദ്ധിയോടെ നിനക്കു ശുശ്രൂഷ ചെയ്യാൻ, സഭാശുശ്രൂഷയിൽ സദാ വ്യാപൃതരായിരിക്കുന്ന കശീശാമാരെയും മ്ശംശാനാമാരെയും വിശുദ്ധീകരിക്കണമേ.

**സമൂ :** **ഏൻ മറിയാ.**

**കാർമ്മി :** ഞങ്ങളുടെ കർത്താവേ, നിന്റെ പരിശുദ്ധ സഭയിൽ അഭയം തേടിയിരിക്കുന്ന നിന്റെ വിശ്വാസികളെ ദുരിതങ്ങളിൽനിന്നും ഇടർച്ചകളിൽനിന്നും സംരക്ഷിക്കണമേ.

**സമൂ :** **ആമ്മേൻ.**

**കാർമ്മി :** അവളുടെ വൃദ്ധരെയും യുവതീയുവാക്കളെയും അങ്ങയുടെ പ്രകാശത്തിൽ നടത്തണമേ.

**സമൂ :** **ഏൻ മറിയാ.**

**കാർമ്മി :** കുഞ്ഞുങ്ങളെയും അനാഥരെയും വിധവകളെയും സംരക്ഷിക്കണമെ. സ്നേഹത്തിന്റെ പൂർണ്ണതയിലേക്ക് അവരെ കൊണ്ടുവരണമേ.

**സമൂ :** **ആമ്മേൻ.**

**കാർമ്മി :** ബാവായ്ക്കും പുത്രനും റൂഹാദ്ക്കുദ്ശായ്ക്കും ഞങ്ങൾ സ്തുതി അർപ്പിക്കുന്നു. അവിടുത്തെ കരുണ എല്ലായ്പ്പോഴും നമ്മുടെ മേൽ ഉണ്ടാകട്ടെ.

**സമൂ :** **ഏൻ മറിയാ.**

**മ്ശം :** നമുക്കെല്ലാവർക്കും മുട്ടുകുത്താം

## ഊനായ

(മാർ അപ്രേം രചിച്ചത്)

*(എല്ലാവരും മുട്ടുകുത്തി നിലംപറ്റെ കുമ്പിടുന്നു)*

മാറൻ എന്ത്രാഹം അലൈൻ
മാറൻ കമ്പെൽ ബാവൂസൻ
മാറൻ എന്ത്രാഹം അലൈൻ
മാറൻ എന്ത്രാ ല്അവ്ദയ്ക്ക്

കർത്താവേ കനിയണമേ, കാരുണ്യം ചെയ്തീടണമേ
യാചനമേൽ ചെവി ചായ്ക്കണമേ
കർത്താവേ കനിയണമേ, കാരുണ്യം ചെയ്തീടണമേ
ദാസരൊടൊരുമയിലാകണമേ.

*(എല്ലാവരും നിലംപറ്റെ കുമ്പിട്ട് എഴുന്നേൽക്കുന്നു.)*

*കാർമ്മികൻ മദ്ബഹായുടെ കവാടത്തിങ്കൽ,*
*ഇടത്തുഭാഗത്തായി ജനാഭിമുഖമായി നിന്നുകൊണ്ട് ചൊല്ലുന്നു.*

## ഹുത്താമ്മ

(മുദ്രവയ്ക്കൽ പ്രാർഥന)

**കാർമ്മി** : പ്രാർഥനകേട്ട് ഉത്തരം നൽകുന്ന ദൈവമേ, ഞങ്ങൾ അങ്ങേക്കു നന്ദിപറയുന്നു. ലോകം മുഴുവനും നിന്റെ നിരന്തരമായ കരുണ വർഷിക്കണമേ. സഭയെയും പുരോഹിതരെയും അനുഗ്രഹിക്കണമേ. ബലിയർപ്പണത്തിൽ അവർ തീക്ഷ്ണമതികളാകട്ടെ. ഭരണാധികാരികളെ നീതിയുള്ളവരാക്കണമേ. അവർ നിനക്കു ജാഗ്രതയുള്ള ദാസരാകട്ടെ. ശെമ്മാശന്മാരെ ശുശ്രൂഷയിൽ ഉത്സുകരാക്കണമേ. ആശ്രമവാസികളെ സഹായിക്കണമേ. ദമ്പതികളെ സ്നേഹത്തിലും വിശ്വസ്തതയിലും നിലനിർത്തണമേ. ദൈവഭയത്തിലും ജ്ഞാനത്തിലും ഞങ്ങളുടെ കുഞ്ഞുങ്ങളെ വളർത്തണമേ.

ഗർഭസ്ഥശിശുക്കളെയും രോഗികളെയും ദുർബ ലരെയും മാനസികവെല്ലുവിളി നേരിടുന്നവരെയും പരിപാലിക്കണമേ. അഗതികളെയും ദരിദ്രരെയും വിധവകളെയും പോറ്റണമേ. വൃദ്ധരെ പരിപാലി ക്കണമേ. യുവാക്കളെയും കുട്ടികളെയും ആത്മീയ സൗന്ദര്യത്താൽ പ്രകാശിപ്പിക്കണമേ. മക്കളില്ലാത്ത ദമ്പതികളിൽ കനിവുണ്ടാകണമെ. പ്രണയക്കുരുക്കിൽ അകപ്പെടുന്നവരെയുംലഹരിക്ക്അടിമപ്പെടുന്നവരെയും നേർവഴി കാട്ടണമേ. തൊഴിൽരഹിതരുടെ അപേക്ഷ കൈവെടിയരുതേ. കരയിലും കടലിലും ആകാശത്തും യാത്ര ചെയ്യുന്നവരെ സംരക്ഷിക്കേണമേ. പ്രകൃതി ക്ഷോഭങ്ങളിൽനിന്നും പകർച്ചവ്യാധികളിൽനിന്നും ഞങ്ങളെ സംരക്ഷിക്കേണമേ. നിരാശയിൽ കഴിയുന്ന വർക്കു പ്രത്യാശയും നിലവിളിക്കുന്നവർക്ക് ആശ്വാസവും നൽകണമേ.

വിശ്വാസികളിൽനിന്ന് ഇരുളിനെ അകറ്റണമേ. സാത്താന്റെ കെണിയിൽനിന്നും ഞങ്ങളെ സംരക്ഷി ക്കണമേ. അങ്ങയുടെ പരിശുദ്ധനാമത്തെപ്രതി പീഡനങ്ങൾ അനുഭവിക്കുന്നവർക്കു ശക്തി നൽക ണമേ. ലജ്ജയും തണുപ്പുംകൂടാതെ നിനക്കു സാക്ഷ്യം വഹിക്കാൻ ഞങ്ങളുടെ ഹൃദയങ്ങളെ ജ്വലിപ്പിക്ക ണമേ.ചിതറിപ്പോയവരെഅനുരഞ്ജിപ്പിച്ച്ഒരുമിച്ചുകൂട്ടു കയും സഭാഗണത്തിൽ നിർത്തുകയും ചെയ്യണമേ. സത്യത്തിലും സ്നേഹത്തിലും സത്യദൈവമായ നിന്നെ ആരാധിക്കുന്ന യഥാർത്ഥ സഭയായി ഞങ്ങൾ രൂപാന്തരപ്പെടട്ടെ.

ഞങ്ങളുടെ കർത്താവേ, കർഷകരോടു കരുണ കാണിക്കണമേ. അവരുടെ അധ്വാനം ഫലമണിയി ക്കണമേ. ധനികർക്ക് ഔദാര്യശീലം നൽകണമേ.

കൂലിക്കാരുടെ അവകാശം നിക്ഷേധിക്കരുതേ. നിന്റെ സങ്കേതം ആടുകൾക്കും ഇടയന്മാർക്കും അഭയമാകട്ടെ. അന്ധർക്കു കാഴ്ചനൽകുന്നവനായ എന്റെ കർത്താവേ, ഞങ്ങൾ നിന്റെ വലത്തുകരത്തിന്റെ പ്രകാശം കാണട്ടെ. മുടന്തരെ സുഖപ്പെടുത്തുകയും ബന്ധിക്കപ്പെട്ടവരെയും അടിമകളെയും മോചിപ്പിക്കുകയും ചെയ്യണമേ. ഗുണസമ്പന്നരെ ധൈര്യപ്പെടുത്തുകയും അജ്ഞരുടെ ഹൃദയങ്ങളെ തുറക്കുകയും അഹങ്കാരികളെ താഴ്ത്തുകയും ചെയ്യണമേ. മരിച്ചവരെ കരുണാപൂർവം കടാക്ഷിക്കണമേ. സങ്കടപ്പെടുന്നവരെ സന്തോഷിപ്പിക്കണമേ. വലിയവരും ചെറിയവരും നിന്റെ സമൃദ്ധി അനുഭവിക്കട്ടെ.

നിന്റെ വാഗ്ദാനംപോലെ നിന്നെ വിളിച്ചപേക്ഷിക്കുന്ന എല്ലാവരുടെയും യാചനകൾക്ക് ഉത്തരം അരുളണമേ. ഞങ്ങളുടെ പ്രാർഥന, സന്ധ്യയിലും പ്രഭാതത്തിലും നിന്റെ മുൻപിൽ അർപ്പിക്കപ്പെടുന്ന സുരഭില ധൂപം പോലെയാകട്ടെ. ഈറേന്മാരോടൊപ്പം രാത്രിയിൽ ജാഗരിക്കുന്ന ഉത്സാഹികളുടെ യാചന കൈക്കൊള്ളണമേ. സങ്കീർത്തനങ്ങളാൽ നിന്നെ സ്തുതിക്കുന്ന ഗായകരുടെ ശബ്ദം ഉയർത്തണമേ. നിന്റെ രാജ്യം വരേണമേ. നിന്റെ ദാസർ നിന്റെ ഭവനത്തിൽ സംതൃപ്തിയോടെ വസിക്കട്ടെ. എല്ലാ സൃഷ്ടികളിലും നിന്ന് നിനക്കു സ്തുതിയുണ്ടാകട്ടെ. എല്ലാനേരവും ആമ്മേൻ ആമ്മേൻ, ഹാശാ ✠ വവ്കോൽസ്വൻ വല്ആലം അല്മീൻ

**സമൂ** : ആമ്മേൻ

(എല്ലാവരും പരസ്പരം സമാധാനം നൽകുന്നു.
രണ്ടാം മൗത്വാ സമാപിക്കുന്നു)

# ܬܠܬܒܫܒܐ ܕܒܥܘܬܐ
# ബാവൂസയുടെ ചൊവ്വ
## ഒന്നാം മൗത്വാ

കാർമ്മികൻ തിരുവസ്ത്രങ്ങൾ അണിഞ്ഞു ബേമ്മയിൽ വന്നു പരിശുദ്ധ മദ്ബഹായ്ക്ക് അഭിമുഖമായി നിൽക്കുന്നു. മ്ശംശാനമാർ കാർമ്മികനിൽ നിന്നും സമാധാനം ***(കൈക്കസ്തൂരി)*** സ്വീകരിച്ചു ദൈവജനത്തിനു നൽകുന്നു. എല്ലാവരും പരസ്പരം സമാധാനം നൽകിയതിനുശേഷം ആരംഭിക്കുന്നു.

**കാർമ്മി** : അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി. (3)

**സമൂ** : ആമ്മേൻ. (3)

**കാർമ്മി** : ഭൂമിയിൽ മനുഷ്യർക്കു സമാധാനവും പ്രത്യാശയും എപ്പോഴും എന്നേക്കും.

**സമൂ** : ആമ്മേൻ.

**കാർമ്മി** : സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, *(സമൂഹവും ചേർന്ന്)* അങ്ങയുടെ നാമം പൂജിതമാകണമേ. അങ്ങയുടെ രാജ്യം വരണമേ. അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ. സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ മഹത്ത്വത്താൽ സ്വർഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു. മാലാഖമാരും മനുഷ്യരും അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്ന് ഉദ്ഘോഷിക്കുന്നു.

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ നാമം പൂജിതമാകണമേ. അങ്ങയുടെ രാജ്യം വരണമേ. അങ്ങയുടെ തിരുമനസ്സു സ്വർഗത്തിലെപ്പോലെ

ഭൂമിയിലുമാകണമേ. ഞങ്ങൾക്ക് ആവശ്യകമായ ആഹാരം ഇന്നു ഞങ്ങൾക്കു തരണമേ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടും ക്ഷമിക്കണമേ. ഞങ്ങൾ പ്രലോഭനത്തിൽ വീഴാൻ ഇടയാകരുതേ. ദുഷ്ടാരൂപിയിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ. എന്തുകൊണ്ടെന്നാൽ, രാജ്യവും ശക്തിയും മഹത്ത്വവും എന്നേക്കും അങ്ങയുടേതാകുന്നു. ആമ്മേൻ.

**കാർമ്മി** : ബാവായ്ക്കും പുത്രനും റൂഹാദ്ക്കുദ്ശായ്ക്കും സ്തുതി.

**സമൂ** : അനാദിമുതൽ എന്നേക്കും ആമ്മേൻ.

**കാർമ്മി** : സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, *(സമൂഹവും ചേർന്ന്)* അങ്ങയുടെ നാമം പൂജിതമാകണമേ. അങ്ങയുടെ രാജ്യം വരണമേ. അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ. സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ മഹത്ത്വത്താൽ സ്വർഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു. മാലാഖമാരും മനുഷ്യരും അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്ന് ഉദ്ഘോഷിക്കുന്നു.

**മ്ശം** : നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

## സ്ലോസാ

**കാർമ്മി** : മാറൻ വാലാഹൻ, ഞങ്ങളുടെ കർത്താവും ഞങ്ങളുടെ ദൈവവുമായവനേ, കരുണക്കടലേ, കൃപാസമുദ്രമേ, ദയാനിധിയേ, കരുണയുടെ വാതിൽത്തുറന്ന് മനമുരുകുന്നവരെ അനുതാപത്തിലേക്കു വിളിക്കുന്നവനായ

ഞങ്ങളുടെ ആലാഹായേ, ബലഹീനരായ ഞങ്ങളുടെ യാചനകൾക്കായി നിന്റെ കരുണയുടെ വാതിൽ തുറന്നുതരണമേ. അതിസമ്പന്നവും കവിഞ്ഞൊഴുകുന്നതുമായ നിന്റെ നിക്ഷേപാലയത്തിൽനിന്ന് ഞങ്ങളുടെമേൽ അനുഗ്രഹം ചൊരിയണമേ. തന്നെ ഇടവിടാതെ വിളിച്ചപേക്ഷിക്കുന്നവരിൽനിന്ന് കൃപകളും ദാനങ്ങളും തടയാതിരിക്കുന്നവനായ നല്ല നാഥാ. മാറാ ദ്കോൽ ആവാ വവ്റാ ഉറൂഹാ ദ്ഖുദ്ശാ ല്അൽമീൻ.

**സമൂ** : ആമ്മേൻ

## ഓനീസ

*(രീതി: സഹദേ ബ്രീകേ... മിശിഹാ കർത്താവിൻ തിരുമെയ്...)*

**നീതിയുടെ വാതിൽ എനിക്കായി തുറക്കണമേ.**
പാപി മടങ്ങിവരാൻ
ദിനമെണ്ണുന്നവനേ,
ഈശോമിശിഹായേ,
എന്റെ കടങ്ങളിളയ്ക്കണമേ
എന്നുടെ മൂഢതയോർക്കരുതേ
കന്തീശങ്ങളുമായ് വാനിൽ
നീവന്നണയും ദിനമതിലെൻ
പങ്കുതരാൻ ദയവുണ്ടാകണമേ.

**കർത്താവേ, അകന്നു നിൽക്കുന്നത് എന്തുകൊണ്ട് ?**
സഭയുടെ മണവാളൻ
മിശിഹാരാജാവേ,

കൈകളുയർത്തണമേ
സഭയിൽ ഭിന്നത വിതറീടും
നീചപിശാചിനെ തീർക്കണമേ
തിരുരക്തത്താൽ നേടിയൊരെ
ദുഷ്ടനു വിട്ടുകൊടുക്കരുതേ
കെണിയിൽനിന്നിവരെ കാക്കണമേ.

**കർത്താവേ നിന്റെ കരുണ എന്നുമെന്നേക്കും**
കരുണ നിറഞ്ഞവനേ,
മിശിഹാ കർത്താവേ,
തുണ നീ നൽകണമേ
മോഹകയങ്ങളിലാഴാതെ
മോചകനായ് നീ വന്നിടണേ
തെളിയും ദീപവുമായ് നിന്നെ
എതിരേറ്റീടാനണയട്ടെ
മണവറയിൽ ചേരാൻ കനിയണമേ.

**അനാദിമുതൽ അനാദിവരെ**
മാറൻ വാലാഹൻ,
മാനവ സ്നേഹിതനേ,
ശരണം നീയെന്നും
ശ്രീഭണ്ഡാരത്തിൻ വാതിൽ
യാചനകൾക്കു തുറന്നവനേ,
അഭയം നിന്നിലണച്ചൊരെ
ലജ്ജിതരാക്കീലൊരുനാളും
സ്ലീവായാൽ കാത്തു കോട്ടസമം.

**ജനമെല്ലാം ആമ്മേൻ ആമ്മേൻ എന്നുദ്ഘോഷിക്കട്ടെ**

നിവ്യാ യൗനാനെ

മത്സ്യത്തിൽനിന്നും

പുറമെയെടുത്തോനേ,

തിരുവുത്ഥാന രഹസ്യത്തിൻ

മുൻകുറിയായതു ചെയ്തവനേ,

സഹനം വായ തുറക്കുമ്പോൾ

സദയം രക്ഷിച്ചീടണമേ

വായതുറന്നഖിലം പാടട്ടെ.

## സങ്കീർത്തനം 3

**മ്ശം** : കർത്താവേ, എന്നെ ഞെരുക്കുന്നവർ വർധിച്ചിരിക്കുന്നു; എനിക്കെതിരായി നില്ക്കുന്നവരും അനേകരാണല്ലോ. **(കാനോന)** അനുതാപികളെ സ്നേഹിക്കുന്നവനായ മിശിഹായേ, ഞങ്ങളുടെ പ്രാർഥനകൾക്കായി നീ വാതിൽ തുറക്കണമേ, ഞങ്ങളുടെ യാചന കൈക്കൊള്ളണമേ. ഹല്ലേലൂയ്യാ (3)

**കാർമ്മി** : 'നിന്റെ ദൈവത്തിൽ നിനക്കു രക്ഷയില്ല' എന്ന് എന്നോടു പറയുന്നവർ അനേകരാണ്.

**സമൂ** : അനുതാപികളെ സ്നേഹിക്കുന്നവനായ മിശിഹായേ, ഞങ്ങളുടെ പ്രാർഥനകൾക്കായി നീ വാതിൽ തുറക്കണമേ, ഞങ്ങളുടെ യാചന കൈക്കൊള്ളണമേ.

**കാർമ്മി** : കർത്താവേ, അങ്ങാണ് എന്റെ തുണയും മഹത്ത്വവും എന്റെ ശിരസ്സുയർത്തുന്നവനും അങ്ങുതന്നെ.

**സമൂ** : അനുതാപികളെ സ്നേഹിക്കുന്നവനായ മിശിഹായേ, ഞങ്ങളുടെ പ്രാർഥനകൾക്കായി നീ വാതിൽ തുറക്കണമേ, ഞങ്ങളുടെ യാചന കൈക്കൊള്ളണമേ.

**കാർമ്മി** : ഉച്ചത്തിൽ ഞാൻ കർത്താവിനെ വിളിച്ചു; വിശുദ്ധ ഗിരിയിൽനിന്ന് അവിടുന്ന് എനിക്ക് ഉത്തരമരുളി.

**സമൂ** : അനുതാപികളെ സ്നേഹിക്കുന്നവനായ മിശിഹായേ, ഞങ്ങളുടെ പ്രാർഥനകൾക്കായി നീ വാതിൽ തുറക്കണമേ, ഞങ്ങളുടെ യാചന കൈക്കൊള്ളണമേ.

**കാർമ്മി** : ഞാൻ കിടന്നുറങ്ങുകയും ഉണരുകയുംചെയ്തു; കർത്താവ് എനിക്കു തുണയായി നിന്നു.

**സമൂ** : അനുതാപികളെ സ്നേഹിക്കുന്നവനായ മിശിഹായേ, ഞങ്ങളുടെ പ്രാർഥനകൾക്കായി നീ വാതിൽ തുറക്കണമേ, ഞങ്ങളുടെ യാചന കൈക്കൊള്ളണമേ.

**കാർമ്മി** : എനിക്കെതിരേ അണിനിരക്കുന്ന പതിനായിരങ്ങളെ ഞാൻ തെല്ലും ഭയപ്പെടില്ല.

**സമൂ** : അനുതാപികളെ സ്നേഹിക്കുന്നവനായ മിശിഹായേ, ഞങ്ങളുടെ പ്രാർഥനകൾക്കായി നീ വാതിൽ തുറക്കണമേ, ഞങ്ങളുടെ യാചന കൈക്കൊള്ളണമേ.

**കാർമ്മി** : എന്റെ ദൈവമായ കർത്താവേ, എഴുന്നേറ്റ് എന്നെ രക്ഷിക്കണമേ.

**സമൂ** : അനുതാപികളെ സ്നേഹിക്കുന്നവനായ മിശിഹായേ, ഞങ്ങളുടെ പ്രാർഥനകൾക്കായി നീ വാതിൽ തുറക്കണമേ, ഞങ്ങളുടെ യാചന കൈക്കൊള്ളണമേ.

**കാർമ്മി** : അങ്ങ് എന്റെ ശത്രുക്കളെ പ്രഹരിക്കുകയും ദുഷ്ടരെ തകർക്കുകയും ചെയ്തു.

**മ്ശം** : അനുതാപികളെ സ്നേഹിക്കുന്നവനായ മിശിഹായേ, ഞങ്ങളുടെ പ്രാർഥനകൾക്കായി നീ വാതിൽ തുറക്കണമേ, ഞങ്ങളുടെ യാചന കൈക്കൊള്ളണമേ.

**സമൂ** : രക്ഷ കർത്താവിന്റേതാകുന്നു; അങ്ങയുടെ അനുഗ്രഹം എന്നേക്കും അങ്ങയുടെ ജനത്തിനുള്ളതാണല്ലോ.

**സമൂ** : അനുതാപികളെ സ്നേഹിക്കുന്നവനായ മിശിഹായേ, ഞങ്ങളുടെ പ്രാർഥനകൾക്കായി നീ വാതിൽ തുറക്കണമേ, ഞങ്ങളുടെ യാചന കൈക്കൊള്ളണമേ.

**കാർമ്മി** : ബാവായ്ക്കും പുത്രനും റൂഹാദ്ക്കുദ്ശായ്ക്കും സ്തുതി

**സമൂ** : അനാദി മുതൽ എന്നേക്കും ആമ്മേൻ.

**മ്ശം** : അനുതാപികളെ സ്നേഹിക്കുന്നവനായ മിശിഹായേ, ഞങ്ങളുടെ പ്രാർഥനകൾക്കായി നീ വാതിൽ തുറക്കണമേ, ഞങ്ങളുടെ യാചന കൈക്കൊള്ളണമേ. ഹല്ലേലൂയ്യാ (3)

**മ്ശം** : നമുക്കെല്ലാവർക്കും മുട്ടുകുത്താം

## ഊനായ

(മാർ അപ്രേം രചിച്ചത്)

*(എല്ലാവരും മുട്ടുകുത്തി നിലംപറ്റെ കുമ്പിടുന്നു)*

മാറൻ എസ്രാഹം അലൈൻ
മാറൻ കമ്പെൽ ബാവൂസൻ
മാറൻ എസ്രാഹം അലൈൻ
മാറൻ എസ്രാ ല്അവ്ദയ്ക്ക്

കർത്താവേ കനിയണമേ, കാരുണ്യം ചെയ്തീടണമേ
യാചനമേൽ ചെവി ചായ്ക്കണമേ
കർത്താവേ കനിയണമേ, കാരുണ്യം ചെയ്തീടണമേ
ദാസരൊടൊരുമയിലാകണമേ.

*(എല്ലാവരും നിലംപറ്റെ കുമ്പിട്ട് എഴുന്നേൽക്കുന്നു.)*

**മ്ശം:** നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

## സ്ലോസാ

**കാർമ്മി** : മാറൻ വാലാഹൻ, ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ, ഹൃദയംനുറുങ്ങി നിന്നോടു നിലവിളിക്കുന്ന ഈ മക്കളെ ആശ്വസിപ്പിക്കണമേ. നിന്റെ കർത്തൃത്വത്തിന്റെ വാതിൽക്കൽ മുട്ടുന്ന ആട്ടിൻകൂട്ടമായ ഞങ്ങളുടെ പ്രാർഥനകൾ നീ നിരസിക്കരുതേ. പാതാളവാതിലുകളോ ദുഷ്ടശത്രുവോ നിനക്കെതിരായി പ്രബലപ്പെടുകയില്ലെന്ന് നിന്റെ സഭയോടു തലമുറകളായി നീ ചെയ്ത വാഗ്ദാനം ഞങ്ങളിലും പൂർത്തിയാക്കണമേ. മാറാ ദ്കോൽ ല്അൽമീൻ.

**സമൂ** : ആമ്മേൻ

## തെശ്ബൊഹ്ത്താ

(മാർ ആവാ കാസോലിക്ക രചിച്ചത്)

*(രീതി: സഹനം മൂലം മരണത്തിന്മേൽ)*

സ്രഷ്ടാവേ നിന്നസ്തിത്വത്തിന്
പുകളതു പാടാൻ ആർക്കു വഴങ്ങും?

സൃഷ്ടികുലത്തിനു യോഗ്യതയില്ല
ഉടയോനേ നിൻ കൃപയാണെല്ലാം

മർത്യസ്വഭാവമെടുത്തണിയും നിൻ
മഹിമകൾ വാഴ്ത്താൻ ആരീ ദാസർ?

നിന്റെ മഹാകൃപയും ദയവായ്പും
ഞങ്ങൾക്കഭയം ശാശ്വതഭാഗ്യം

മരണത്തിൽനിന്നവനെ താതൻ
സദയമുയർത്തി, സ്വർഗവുമേകി

സകലത്തിൻമേൽ അവനെയുയർത്തി
സകലരുമവനെ താണുവണങ്ങി

ഇടതടവില്ലാതവനുടെ നാമം
മാലാഖാമാർ പാടിസ്തുതിച്ചു

ബാവാ പുത്രൻ റൂഹായെന്നും
പരിശുദ്ധൻ പരിശുദ്ധൻ ശുദ്ധൻ!

**മ്ശം:** നമുക്കെല്ലാവർക്കും മുട്ടുകുത്താം

## ഊനായ

(മാർ അപ്രേം രചിച്ചത്)

*(എല്ലാവരും മുട്ടുകുത്തി നിലംപറ്റെ കുമ്പിടുന്നു)*

മാറൻ എസ്രാഹം അലൈൻ
മാറൻ കമ്പെൽ ബാവൂസൻ
മാറൻ എസ്രാഹം അലൈൻ
മാറൻ എസ്രാ ല്അവ്ദയ്ക്ക്
കർത്താവേ കനിയണമേ, കാരുണ്യം ചെയ്തീടണമേ
യാചനമേൽ ചെവി ചായ്ക്കണമേ
കർത്താവേ കനിയണമേ, കാരുണ്യം ചെയ്തീടണമേ
ദാസരൊടൊരുമയിലാകണമേ.

*(എല്ലാവരും നിലംപറ്റെ കുമ്പിട്ട് എഴുന്നേൽക്കുന്നു.)*

## കാറോസൂസാ

**മ്ശം** : നമുക്കെല്ലാവർക്കും അനുതാപത്തോടും ശ്രദ്ധയോടും കൂടെ എഴുന്നേറ്റു നിന്നുകൊണ്ട് മാറൻ എസ്രാഹം അലൈൻ എന്ന് യാചിക്കാം.

**സമൂ** : മാറൻ എസ്രാഹം അലൈൻ

മ്ശം : ഏക സ്വഭാവവും മൂന്ന് ക്നോമകളും നിഗൂഢമായി കുടികൊള്ളുന്ന ദൈവമായ ബാവാ പുത്രൻ റൂഹാദ് ക്കുദ്ശായേ ഞങ്ങൾ നിന്നോടു യാചിക്കുന്നു.

സമൂ : മാറൻ എസ്രാഹം അലൈൻ

മ്ശം : സർവവും രഹസ്യമായോ പരസ്യമായോ തന്റെ പ്രവൃത്തികളാൽ വെളിപ്പെടുത്തിയിരിക്കുന്ന അനാദി യായ ബാവാ പുത്രൻ റൂഹാദ്ക്കുദ്ശായേ ഞങ്ങൾ നിന്നോടു യാചിക്കുന്നു.

സമൂ : മാറൻ എസ്രാഹം അലൈൻ

മ്ശം : തന്റെ കൃപയാൽ എല്ലാറ്റിനേയും നിയന്ത്രിക്കുന്നവനും ഭരിക്കുന്നവനുമായ ബാവാ പുത്രൻ റൂഹാദ്ക്കുദ്ശായേ ഞങ്ങൾ നിന്നോടു യാചിക്കുന്നു.

സമൂ : മാറൻ എസ്രാഹം അലൈൻ

മ്ശം : സർവ ചരാചരങ്ങളെയും ഒന്നുമില്ലായ്മയിൽനിന്ന് തന്റെ കൃപാധിക്യത്താൽ ചമച്ച നല്ലവനായ ബാവാ പുത്രൻ റൂഹാദ്ക്കുദ്ശായേ ഞങ്ങൾ നിന്നോടു യാചിക്കുന്നു.

സമൂ : മാറൻ എസ്രാഹം അലൈൻ

മ്ശം : മണ്മയരായ മനുഷ്യരെ തെറ്റിൽനിന്ന് രക്ഷിക്കാൻ അവരുടെ അടുക്കലേക്ക് ഇറങ്ങിവന്ന മഹോന്നതനായ ബാവാ പുത്രൻ റൂഹാദ്ക്കുദ്ശായേ ഞങ്ങൾ നിന്നോടു യാചിക്കുന്നു.

സമൂ : മാറൻ എസ്രാഹം അലൈൻ

മ്ശം : ഞങ്ങളുടെ നഷ്ടപ്പെട്ട സ്വഭാവത്തെ തേടിയിറങ്ങുകയും കണ്ടെത്തുകയും ചെയ്ത നല്ല ഇടയനായ ബാവാ പുത്രൻ റൂഹാദ്ക്കുദ്ശായേ ഞങ്ങൾ നിന്നോടു യാചിക്കുന്നു.

**സമൂ** : മാറൻ എസ്രാഹം അലൈൻ

**മ്ശം** : സർവ സഹായത്തിന്റെയും മഹോന്നത നിക്ഷേപാലയവും തന്നെ ആശ്രയിക്കുന്നവരുടെയെല്ലാം സങ്കേതവുമായ ബാവാ പുത്രൻ റൂഹാദ്ക്കുദ്ശായേ ഞങ്ങൾ നിന്നോടു യാചിക്കുന്നു.

**സമൂ** : മാറൻ എസ്രാഹം അലൈൻ

**മ്ശം** : തന്റെ കൃപയാൽ സർവരോടും ദയകാണിക്കുന്ന കാരുണ്യവാനും കൃപാസമ്പൂർണ്ണനുമായ ബാവാ പുത്രൻ റൂഹാദ്ക്കുദ്ശായേ ഞങ്ങൾ നിന്നോടു യാചിക്കുന്നു.

**സമൂ** : മാറൻ എസ്രാഹം അലൈൻ

**മ്ശം** : കൃപാവാരിധിയും സ്നേഹകാരുണ്യാദികളിൽ സമ്പന്നനും ദീർഘമായി ക്ഷമിക്കുന്നവനുമായ ബാവാ പുത്രൻ റൂഹാദ്ക്കുദ്ശായേ ഞങ്ങൾ നിന്നോടു യാചിക്കുന്നു.

**സമൂ** : മാറൻ എസ്രാഹം അലൈൻ.

**മ്ശം** : നമുക്കെല്ലാവർക്കും മുട്ടുകുത്താം.

## ശഹലെപ്പ്

*(മുട്ടുകുത്തുന്നു)*

ആവാ ഹയ്യാ

*റാഹേം അലൈൻ*

ബ്റാ മ്സോമായാ

*റാഹേം അലൈൻ*

ഗ്നീസ് ബക്യാനേ

*റാഹേം അലൈൻ*

ദയ്യാനാ ദ്കോൽ

*റാഹേം അലൈൻ*

ഹ്മൈറാ ദ്ശൈനാ

*റാഹേം അലൈൻ*

വാദാ ദ്ഹുമ്പാ

*റാഹേം അലൈൻ*

സക്കായാ ദ്കോൽ

*റാഹേം അലൈൻ*

ഹായേൻ കൊല്ലാ

*റാഹേം അലൈൻ*

താവാ ദ്മിൻ മ്സോം

*റാഹേം അലൈൻ*

യമ്മാ ദ്റഹ്മേ

*റാഹേം അലൈൻ*

**മ്ശം** : ഞങ്ങളുടെ പ്രാർഥന കേൾക്കുകയും ഞങ്ങളോടു കരുണയായിരിക്കുകയും ചെയ്യേണമേ.

*(എഴുന്നേൽക്കുന്നു)*

**മ്ശം** : പുരോഹിതന്മാരുടെ ശാന്തിക്കും രാജ്യത്തിന്റെ സമാധാനത്തിനും സഭകളുടെ നിലനിൽപ്പിനും സർവ മനുഷ്യരുടേയും പരിപാലനത്തിനും വേണ്ടി ബാവാ പുത്രൻ റൂഹാദ്ക്കുദ്ശായേ ഞങ്ങൾ നിന്നോടു യാചിക്കുന്നു.

**സമൂ** : മാറൻ എസ്രാഹം അലൈൻ

**മ്ശം** : ഞങ്ങളുടെ ഈ ദേശത്തിനും മറ്റെല്ലാ ദേശങ്ങൾക്കും അവയിൽ വസിക്കുന്നവർക്കും വേണ്ടി ബാവാ പുത്രൻ റൂഹാദ്ക്കുദ്ശായേ ഞങ്ങൾ നിന്നോടു യാചിക്കുന്നു.

**സമൂ** : മാറൻ എസ്രാഹം അലൈൻ

മ്ശം : ഭൂമിയിലെ ഫലമൂലാദികൾക്കും നല്ല കാലാവസ്ഥയ്ക്കും സമൃദ്ധമായ വിളവുകൾക്കും ഞങ്ങളുടെ എല്ലാഉപ ജീവന മാർഗ്ഗങ്ങൾക്കുവേണ്ടിയും ബാവാ പുത്രൻ റൂഹാദ്ക്കുദ്ശായേ ഞങ്ങൾ നിന്നോടു യാചിക്കുന്നു.

സമൂ : മാറൻ എസ്രാഹം അലൈൻ

മ്ശം : ലോകത്തിന്റെ നാലുഭാഗങ്ങളിലുമുള്ള മിശിഹായുടെ സഭയെ നയിക്കുന്ന എല്ലാ ശ്രേഷ്ഠ ഇടയന്മാർക്കു വേണ്ടിയും പ്രത്യേകമായി കേപ്പാ ശ്ലീഹായുടെ പിൻഗാമിയായ മാർ *(പേര്)* പാപ്പായ്ക്കും മാർത്തോമ്മാ ശ്ലീഹായുടെ പിൻഗാമിയും അഖിലേന്ത്യയുടെ മെത്രാപ്പോലീത്തായും കവാടവുമായ മാർ *(പേര്)* മെത്രാപ്പോലീത്തായ്ക്കുംവേണ്ടിയും ഞങ്ങളുടെ അതിരൂപതാധ്യക്ഷനായ മാർ *(പേര്)* മെത്രാ പ്പോലീത്തായ്ക്കും രൂപതാധ്യക്ഷനായ മാർ *(പേര്)* മെത്രാനും മറ്റെല്ലാ മേല്പട്ടക്കാർക്കുവേണ്ടിയും അവരുടെ സഹശുശ്രൂഷകരായ എല്ലാവരുടേയും ക്ഷേമത്തിനുവേണ്ടിയും നിന്നോടു ഞങ്ങൾ യാചി ക്കുന്നു.

സമൂ : മാറൻ എസ്രാഹം അലൈൻ

മ്ശം : കശീശാമാർ പരിശുദ്ധരാകാനും മ്ശംശാനാമാർ നിർമ്മലരാകാനും ഉടമ്പടിയുടെ മക്കളായ സന്ന്യാസി കൾ പ്രശോഭിതരാകാനും ബാവാ പുത്രൻ റൂഹാദ് ക്കുദ്ശായേ ഞങ്ങൾ നിന്നോടു യാചിക്കുന്നു.

സമൂ : മാറൻ എസ്രാഹം അലൈൻ

മ്ശം : എല്ലായ്പ്പോഴും ആത്മീയ ചിന്തയിലും ധ്യാനത്തിലും നിരതരായിരിക്കുന്ന ദയറാക്കാർക്കുവേണ്ടി ബാവാ

പുത്രൻ റൂഹാദ്ക്കുദ്ശായേ ഞങ്ങൾ നിന്നോടു യാചിക്കുന്നു.

**സമൂ** : മാറൻ എസ്രാഹം അലൈൻ

**മ്ശം** : രോഗികൾക്കും വേദനയനുഭവിക്കുന്നവർക്കും കഷ്ട പ്പെടുന്നവർക്കും ദുരിതങ്ങളിൽ ഞെരുങ്ങുന്നവർക്കും വേണ്ടി ബാവാ പുത്രൻ റൂഹാദ്ക്കുദ്ശായേ ഞങ്ങൾ നിന്നോടു യാചിക്കുന്നു.

**സമൂ** : മാറൻ എസ്രാഹം അലൈൻ

**മ്ശം** : തന്നോടു നിലവിളിക്കുന്നവർക്ക് ഉത്തരമരുളുന്ന കടലോളം കരുണയുള്ള ഞങ്ങളുടെ ദൈവമായ ബാവാ പുത്രൻ റൂഹാദ്ക്കുദ്ശായേ ഞങ്ങൾ നിന്നോടു യാചിക്കുന്നു.

**സമൂ** : മാറൻ എസ്രാഹം അലൈൻ

**മ്ശം** : അഗ്നിമയന്മാരായ മാലാഖന്മാരുടെ ഗണങ്ങളാൽ സ്വർഗത്തിൽ സ്തുതിക്കപ്പെടുന്നവനും മൺമയരായ ഭൗമികരുടെ കൂട്ടങ്ങളാൽ ഭൂമിയിൽ ആരാധിക്ക പ്പെടുന്നവനുമായ ബാവാ പുത്രൻ റൂഹാദ്ക്കുദ്ശായേ ഞങ്ങൾ നിന്നോടു യാചിക്കുന്നു.

**സമൂ** : മാറൻ എസ്രാഹം അലൈൻ

**മ്ശം** : ഞങ്ങളുടെ കർത്താവായ മിശിഹായേ, മരണത്തിന്റെ നുകത്തിൽനിന്ന് ഞങ്ങളെ എല്ലാവരേയും രക്ഷി ക്കുകയും ഞങ്ങളുടെ ആത്മശരീരങ്ങളിൽ ശാന്തി വർധിപ്പിക്കുകയും ഞങ്ങളുടെ ഉപവാസവും പ്രാർ ഥനയും സ്വീകരിക്കുകയും ഞങ്ങളോടു കരുണ യുണ്ടാകുകയും ചെയ്യേണമേ.

**സമൂ** : മാറൻ എസ്രാഹം അലൈൻ

**മ്ശം** : നമുക്കെല്ലാവർക്കും മുട്ടുകുത്താം.

## ഊനായ

(മാർ അപ്രേം രചിച്ചത്)

*(എല്ലാവരും മുട്ടുകുത്തി നിലംപറ്റെ കുമ്പിടുന്നു)*

മാറൻ എസ്രാഹം അലൈൻ
മാറൻ കമ്പെൽ ബാവൂസൻ
മാറൻ എസ്രാഹം അലൈൻ
മാറൻ എസ്രാ ല്അവ്ദയ്ക്ക്

കർത്താവേ കനിയണമേ, കാരുണ്യം ചെയ്തീടണമേ
യാചനമേൽ ചെവി ചായ്ക്കണമേ
കർത്താവേ കനിയണമേ, കാരുണ്യം ചെയ്തീടണമേ
ദാസരൊടൊരുമയിലാകണമേ.

*(എല്ലാവരും നിലംപറ്റെ കുമ്പിട്ട് എഴുന്നേൽക്കുന്നു.)*

**മ്ശം** : നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

## സ്ലോസാ

(മാർ ശല്ലീത്ത രചിച്ചത്)

**കാർമ്മി** : കരുണയും കൃപയും നിറഞ്ഞ ദൈവമായ കർത്താവേ, നിന്റെ മഹത്വത്തിന്റെ അതിശയം നിമിത്തം ഭൂമിയുടെ അതിരുകൾ വിറയ്ക്കുന്നു. അതിന്റെ പരിശുദ്ധിയാലും പ്രകാശത്താലും സ്വർഗവും സ്വർഗാദിസ്വർഗവും നിറഞ്ഞിരിക്കുന്നു. നിന്റെ വിശുദ്ധ മദ്ബഹായിൽ ബലിയർപ്പിക്കുന്നതിനു ഞങ്ങളെ സഹായിക്കണമേ. അഗ്നിമയന്മാരുടെ സൈന്യങ്ങളാൽ സ്തുതിക്കപ്പെടുന്ന മഹോന്നതനേ, നിന്റെ കരങ്ങൾ മനഞ്ഞെടുത്ത പൊടിയും ചാരവും മണ്ണുമായ ഞങ്ങൾ പൈതങ്ങൾ വത്സലപിതാവിന്റെ മുൻപിലെന്നപോലെ കൊഞ്ചിക്കൊഞ്ചി പ്രാർഥിക്കാൻ തുടങ്ങുന്നു. ഞങ്ങളുടെ ദാരിദ്ര്യത്തെയും ഇല്ലായ്മയെയും ബല

ഹീനതയെയും അവർണനീയമായ അങ്ങേ മഹത്ത്വത്തോടും പ്രഭാവത്തോടും തുലനംചെയ്യുമ്പോൾ ഒന്നുമല്ലാതായി മാറുന്നു. ഞങ്ങളുടെ അവയവങ്ങളിൽ ഒളിഞ്ഞുകിടക്കുന്ന പാപനോവുകളെ നീ മാത്രമറിയുന്നു. ഞങ്ങളുടെ ആത്മാക്കളുടെ നാഥനായ പിതാവേ, ഞങ്ങളുടെ കുറവുകളെല്ലാം നിന്റെ തിരുമുൻപാകെ തെളിവായിരിക്കുന്നു. ഞങ്ങളുടെ യാചനാസ്വരത്തെ നീ താഴ്മയുള്ളതാക്കണമേ. മനുഷ്യവംശത്തിന്റെ ഞെരുക്കങ്ങൾ അറിയുന്നവനേ, നീ അല്ലാതെ മറ്റ് ആര് ഞങ്ങളോടു കരുണ കാണിക്കും? പരിശുദ്ധ മനുഷ്യാവതാരത്താലും പാടുപീഢകളാലും ഞങ്ങളെ രക്ഷിച്ച നിന്റെ വാതിലിലല്ലാതെ പോയിമുട്ടുവാൻ മറ്റേതു വാതിലാണു ഞങ്ങൾക്കുള്ളത്? ഞങ്ങളുടെ വീഴ്ചയിൽ വേദനിക്കാൻ നീയല്ലാതെ മറ്റാരുണ്ട്?

കഷ്ടപ്പാടിൽ ഞങ്ങൾ നിന്നെ വിളിക്കുമ്പോൾ ഞങ്ങൾക്കു വിശ്വാസധീരതയും പ്രസന്നമുഖവും നൽകുന്ന നിന്റെ തിരുമുൻപിൽനിന്നു ഞങ്ങളെ തള്ളിക്കളഞ്ഞാൽ ഞങ്ങളെ സ്വീകരിക്കാൻ വേറെ ആരുണ്ട്? നിന്റെ കൃപയാൽ നീ ജന്മം തന്ന നിന്റെ മക്കളാണു ഞങ്ങൾ. സ്വർഗത്തിലെ ആദ്യജാതരുടെ കൂട്ടത്തിൽ ഞങ്ങളുടെ പേരുകളും നീ എഴുതേണമേ. 'ഞാൻ നിങ്ങളെ അറിയുന്നില്ല, അധർമം പ്രവർത്തിക്കുന്നവരേ എന്നെവിട്ടു പുറത്തുപോകുവിൻ' എന്ന ശബ്ദം ഞങ്ങളെ കേൾപ്പിക്കരുതേ. എന്തുകൊണ്ടെന്നാൽ, വേദനയിൽ ഞങ്ങളുടെ ആത്മാക്കൾ നിലത്തോളം താണിരിക്കുന്നു. കഷ്ടതയാൽ ഞങ്ങളുടെ വയറ് ഭൂമിയോട് ഒട്ടിയിരിക്കുന്നു. ഞങ്ങൾ

വഴിതെറ്റിപ്പോകാതിരിക്കാൻ അങ്ങു ഞങ്ങളെ താങ്ങണമേ. വലയുന്നവർക്ക് ആശ്വാസവും ഞെരുങ്ങുന്നവർക്കു സമാധാനവും ദുഃഖിതർക്ക് ആനന്ദവും ബന്ധിതർക്കു വിടുതലും അടിമകൾക്കു സ്വാതന്ത്ര്യവും രോഗികൾക്ക് ആരോഗ്യവും തെറ്റിപ്പോയവർക്കു തിരിച്ചുവരവും നാശോന്മുഖർക്കു രക്ഷയും ദരിദ്രർക്കു പ്രത്യാശയും മരിച്ചവരെക്കുറിച്ചുള്ള നല്ല ഓർമയും നീ നൽകണമേ. ഞങ്ങളുടെ വായ്കൾ നിന്റെ സ്തുതിയാൽ നിറയട്ടെ. ഞങ്ങളുടെ അധരഭാഷ നിന്റെ സ്തോത്രമായിരിക്കട്ടെ. മാലാഖമാരോടും റൂഹാനിഗണത്തോടും അർക്കോസ്, ശുൽത്താനേ, ഹൈലേ, മാറാവാസാ, മൗത്വെ, ക്രോവേ, സ്രാപ്പേ, ഈറേ എന്നീ സ്വർഗീയസമൂഹങ്ങളോടുംകൂടെ നിനക്കു മഹത്ത്വംപാടാൻ ഞങ്ങളെ യോഗ്യരാക്കേണമേ. മാറാ ദ്കോൽ ആവാ വവ്റാ ഉറൂഹാദ്ക്കുദ്ശാ ല്അൽമീൻ

**സമൂ** : ആമ്മേൻ. ബാറെക് മാർ

## ഹ്വർസാ

(സഹ സ്ലോസാ)

(അർബേലിലെ മാർ ഗീവർഗീസ് രചിച്ചത്)

**കാർമ്മി** : എന്റെ ദൈവമേ, എന്റെ ദൈവമേ, ഞങ്ങളുടെ വേദനയുടെനേരത്ത് നിന്റെ നോട്ടം ഞങ്ങളിൽനിന്നു പിൻവലിക്കുകയും അകന്നുനിൽക്കുകയും ചെയ്തത് എന്തുകൊണ്ട്? നിന്നിൽ പ്രത്യാശവെച്ച ഞങ്ങളുടെ പിതാക്കന്മാരെ നീ നാശത്തിൽനിന്ന് കരകയറ്റിയല്ലോ. നിന്നെനോക്കി നിലവിളിച്ച നീതിമാന്മാരെ നീ മോചിപ്പിച്ചു. ശരണംവച്ച സകലരുടെയും സങ്കടങ്ങളെ

നീ സന്തോഷമായി പകർത്തി. എന്റെ നാഥാ, ഞങ്ങൾ നിന്നോടു യാചിക്കുന്ന ഈ യാമത്തിലും ഞങ്ങളെ കാരുണ്യപൂർവം നോക്കണമേ. ഞങ്ങളിൽനിന്ന് ജഡമോഹങ്ങളും പാപചിന്തകളും അകറ്റിക്കളയണമേ. നിന്റെ തണലിൽ ഞങ്ങൾക്കു വിശ്രമമരുളേണമേ. പൂർവികർക്ക് എന്നതുപോലെ ഞങ്ങൾക്കു നീ തണലാകണമേ. പൊതിഞ്ഞുപിടിക്കുന്ന നിന്റെ സ്നേഹജ്വാലയെ ഞങ്ങളുടെ പാദങ്ങൾ കെടുത്തിക്കളയാതിരിക്കട്ടെ. എന്തുകൊണ്ടെന്നാൽ, തന്നെ വിളിച്ചപേക്ഷിക്കുന്ന അഗതികൾക്കും ദരിദ്രർക്കും നീ നല്ലവനും കരുണാനിധിയുമാകുന്നു. മാറാ ദ്കോൽ ല്അൽമീൻ

**സമൂ** : ആമ്മേൻ

**മ്ശം** : നമുക്കെല്ലാവർക്കും മുട്ടുകുത്താം.

## ഊനായ

(മാർ അപ്രേം രചിച്ചത്)

*(എല്ലാവരും മുട്ടുകുത്തി നിലംപറ്റെ കുമ്പിടുന്നു)*

മാറൻ എസ്രാഹം അലൈൻ
മാറൻ കമ്പെൽ ബാവൂസൻ
മാറൻ എസ്രാഹം അലൈൻ
മാറൻ എസ്രാ ല്അവ്ദയ്ക്ക്

കർത്താവേ കനിയണമേ, കാരുണ്യം ചെയ്തീടണമേ
യാചനമേൽ ചെവി ചായ്ക്കണമേ
കർത്താവേ കനിയണമേ, കാരുണ്യം ചെയ്തീടണമേ
ദാസരൊടൊരുമയിലാകണമേ.

*(എല്ലാവരും നിലംപറ്റെ കുമ്പിട്ട് എഴുന്നേൽക്കുന്നു.)*

## ഒന്നാം കെറിയാനാ

*(എല്ലാവരും ഇരിക്കുന്നു)*

*ശുശ്രൂഷി വിജ്ഞാപനം വായിക്കുന്നു*

യൗനാൻ നിവ്യ അധർമികളായ നിനവെക്കാരുടെ ഇടയിൽ പ്രസംഗിച്ചു. ചിന്താവീചികളാൽ അവരുടെ ഹൃദയങ്ങൾ കലങ്ങി മറിഞ്ഞു. അവൻ ദൈവസന്നിധിയിൽനിന്ന് ഓടിയപ്പോൾ കടൽ ഇളകുകയും അവന്റെ പ്രസംഗത്തിൽ കര പ്രകമ്പനം കൊള്ളുകയും ചെയ്തു. മത്സ്യത്തിന്റെ വയറ്റിൽക്കിടന്ന് അവൻ മനംനൊന്തുപ്രാർഥിച്ചു. ദൈവത്തിൽനിന്ന് ഓടിയ യൗനാനെയും നിനവെക്കാരെയും ദൈവം നീതി പരിശീലിപ്പിച്ചു. അനുതപിച്ചപ്പോൾ ഇരുകൂട്ടരേയും ദൈവം രക്ഷിച്ചു. രാജാവുമുതൽ സാധാരണക്കാർവരെ തന്നത്താൻ താഴ്ത്തി, ചാക്കുടുത്ത്, ഉപവസിച്ചു പ്രാർഥിച്ചു. ലോകവാസത്തിന്റെ അർഥശൂന്യത അവർക്കു നന്നായി മനസ്സിലായി. നശ്വരമായ സമ്പത്തിലല്ല അനശ്വരമായ ദൈവകൃപയിലാണ് ആശ്രയം വയ്ക്കേണ്ടതെന്ന് അവർക്കു ബോധ്യമായി. ആത്മാവിന്റെ ദരിദ്രാവസ്ഥയെ ഓർത്ത് പട്ടണമൊന്നാകെ കണ്ണീർപ്പൊഴിച്ചു. പാപവിഷത്തിന് എന്താണ് ഔഷധമെന്ന് അവർ അന്വേഷിച്ചുനടന്നു. ദൈവത്തിന്റെ വൈദ്യനായ യൗനാനെ അവർ കണ്ടു. ഉപവാസവും പ്രാർഥനയും മാത്രമേ പ്രതിവിധിയുള്ളൂവെന്നു മനസ്സിലാക്കിയ ജനം ദൈവകാരുണ്യത്തിന്റെ കവാടത്തിൽ മുട്ടിവിളിച്ചു. ദൈവത്തിന്റെ കാരുണ്യത്തിന്റെ അംശം കിട്ടാതെ രക്ഷയില്ലെന്ന് അവർ തിരിച്ചറിഞ്ഞു. ചെറിയവരും വലിയവരും കാളകളും കഴുതകളുംപോലും വിലപിച്ചു. ശരീരത്തിലെ ഓരോ അവയവും ശുദ്ധീകരിക്കാനായി ഓരോ പാപവും അവർ ഏറ്റുപറഞ്ഞുകൊണ്ടിരുന്നു. പൈതങ്ങളുടെയും മുലകുടിക്കുന്ന ശിശുക്കളുടെയും നിലവിളി സ്വർഗത്തിലേക്ക് ഉയർന്നു. യുവാക്കളും

വൃദ്ധരും ഏങ്ങലടിച്ചുകരഞ്ഞു. ഹൃദയം ദൈവസന്നിധിയിലേക്ക് ഉയർന്നപ്പോൾ മനോവ്യസനത്തിന്റെ ആധിക്യത്താൽ അവരുടെ സ്വരം ഇടറി. സംസാരശക്തി ഇല്ലാത്തവരെപ്പോലെ അവർ വിതുമ്പി. സൂര്യാസ്തമയത്തിനുമുൻപ് എല്ലാവരും ദുഃഖാധിക്യത്താൽ മരിക്കുമോ എന്നുപോലും അവർ ഭയന്നു.

സ്രഷ്ടാവായ ദൈവം നിനവെ വാസികളെ രക്ഷിക്കുമെന്ന് അവർ പ്രത്യാശിച്ചു. ദൈവം സ്നേഹനിധി ആകയാൽ ശിക്ഷയോടുകൂടെത്തന്നെ കരുണയും കൃപയും ഒഴുക്കുമെന്ന് അവർ പ്രത്യാശിച്ചു. ശിക്ഷയിലും ദുഃഖത്തിലും അവർ ദൈവകാരുണ്യത്തിൽ ആശ്രയിച്ച് ദൈവനന്മകളോർത്ത് പരസ്പരം സമാശ്വസിപ്പിച്ചുകൊണ്ടിരുന്നു. പുഴപോലെ ഒഴുകിയ അവരുടെ കണ്ണുനീരിനെ അവർ അടക്കാൻ ശ്രമിച്ചു. വിറകൊണ്ടു വിതുമ്പിയ അവരുടെ മനസ്സുകളെ അവർ ശാന്തരാക്കുകയും ചെയ്തു.

## മദ്‌രാശ

*(എല്ലാവരും എഴുന്നേൽക്കുന്നു)*

*(രീതി: യാദാ ഹൂശാവേ... അതിപൂജിതമാം നിൻ)*

നല്ലവനാവാതൻ വല്ലഭനീശോയേ,
കണ്ണീരോടെ നിൻ കാൽക്കലണഞ്ഞീടും
ഞങ്ങടെ പ്രാർഥന കേൾക്കണമേ തിരുമുഖമരുളണമേ

*നല്ലവനാവാതൻ വല്ലഭനീശോയേ,*
*കണ്ണീരോടെ നിൻ കാൽക്കലണഞ്ഞീടും*
*ഞങ്ങടെ പ്രാർഥന കേൾക്കണമേ തിരുമുഖമരുളണമേ*

കരുണാവാരിധിയേ, ദയതന്നുറവിടമേ,
അധരാർച്ചനയിൽ നീ പ്രീതിതനാകണമേ
വിധിയിൽ വീഴാൻ ഞങ്ങളെ നീ ഇടയാക്കീടരുതേ!

*നല്ലവനാവാതൻ വല്ലഭനീശോയേ,*
*കണ്ണീരോടെ നിൻ കാൽക്കലണഞ്ഞിടും*
*ഞങ്ങടെ പ്രാർഥന കേൾക്കണമേ തിരുമുഖമരുളണമേ*

തിരുസന്നിധിയിങ്കൽ മിഴിനട്ടീടുന്നു
അങ്ങു മനഞ്ഞവരെ തച്ചുതകർക്കരുതേ
കരുണാമയനേ, കർത്താവേ, വാതിൽ തുറക്കണമേ.

*നല്ലവനാവാതൻ വല്ലഭനീശോയേ,*
*കണ്ണീരോടെ നിൻ കാൽക്കലണഞ്ഞിടും*
*ഞങ്ങടെ പ്രാർഥന കേൾക്കണമേ തിരുമുഖമരുളണമേ*

തെളിവില്ലാ മുഖമോടങ്ങേ സന്നിധിയിൽ
മിഴിനീർ തൂകുന്നു കനിവുണ്ടാകണമേ
എന്റെയകൃത്യമളക്കരുതേ നിൻ മകനല്ലോ ഞാൻ.

*നല്ലവനാവാതൻ വല്ലഭനീശോയേ,*
*കണ്ണീരോടെ നിൻ കാൽക്കലണഞ്ഞിടും*
*ഞങ്ങടെ പ്രാർഥന കേൾക്കണമേ തിരുമുഖമരുളണമേ*

## രണ്ടാം കെറിയാനാ

*(എല്ലാവരും ഇരിക്കുന്നു)*

*ശുശ്രൂഷി വിജ്ഞാപനം വായിക്കുന്നു*

നിനവെക്കാർ ദൈവികസമാധാനത്തെപ്പറ്റി സംസാരിച്ചു കൊണ്ടിരുന്നു. മാനസാന്തരം പ്രാപിച്ച് ഉപവാസം മുടക്കാതെയും പ്രാർഥന കുറയ്ക്കാതെയും അവർ ദൈവത്തെ തിരഞ്ഞു. നരകത്തിന്റെ ഭീകരരൂപം അവരുടെ മുൻപിൽ തെളിഞ്ഞു. കെടാത്ത തീയും ചാകാത്ത പുഴുവും കരച്ചിലും പല്ലുകടിയും ജീവിതത്തിന്റെ നിസ്സാരതയെപ്പറ്റി അവരെ ബോധ്യപ്പെടുത്തി. നോഹയുടെ കാലത്തെ പ്രളയവും സോദോം ഗമോറയിലെ

തീയും ഗന്ധകവുമോർത്ത് അവർ ഞെട്ടിവിറച്ചു. സമ്പന്നനും ദരിദ്രനെന്നുമില്ലാതെ, ചെറിയവനും വലിയവനുമെന്നില്ലാതെ കൂട്ടത്തോടെ അവർ നിലവിളിച്ചു. നിനവെപട്ടണം ചാമ്പലാക്കാതിരിക്കാൻ തിന്മകളും മ്ലേച്ഛതകളും വെടിഞ്ഞ് നമുക്കു നമ്മോടുതന്നെ യുദ്ധം ചെയ്യാമെന്നവർ ആഹ്വാനംചെയ്തു. യൗനാൻ പ്രവാചകനിലൂടെ ദൈവത്തെ പ്രസാദിപ്പിക്കാനും ദൈവത്തിന്റെ രക്ഷ സ്വന്തമാക്കാനും അവർ ജീവിതത്തെ വിശുദ്ധീകരിച്ചു.

ജഡത്തിന്റെ ഇച്ഛകളും ചായിച്ചിലുകളും പിന്തുടർന്നവർ സകലതും വെടിഞ്ഞ് ഇപ്പോൾ ജീവനിലേക്ക് ഓടുകയാണ്. പൗലോസിനെപ്പോലെ ദൈവമൊഴികെ സകലതിനെയും കുപ്പയായി കരുതാൻപോന്നവിധമുള്ള ഹൃദയത്തിന്റെ മാന സാന്തരമാണ് നമ്മൾ അവരിൽ കാണുന്നത്. ആത്മാവിനെ പിന്തുടർന്നവർക്ക് മാറ്റിനിർത്താനാവാത്ത ഒന്നാണ് ഉപവാസം. നാല്പതുദിവസം ഉപവസിച്ചുകൊണ്ട് ദൈവത്തിൽനിന്ന് കല്പന കൾ നേടിയ മോശയെപ്പോലെ അവരും ദൈവസ്വരം ശ്രവിക്കാൻ തങ്ങളെ സജ്ജരാക്കി. ഉപവസിച്ചിട്ട് ഇറങ്ങിവന്ന മൂശേയുടെ മുഖം ദൈവത്തിന്റെ തേജസ്സായി ശോഭിച്ചു. അതുപോലെ 'നാല്പതു ദിവസത്തിനുള്ളിൽ നിനവെ ശൂന്യമാകുമെന്ന' യൗനാന്റെ പ്രസംഗം നിനവെ നിവാസികളെ ഉപവാസത്തിനായി ഒരുക്കി. അവർ ആത്മീയയുദ്ധം നടത്തി. കഠിനതപസ്സോടെ ദൈവകാരുണ്യം പിടിച്ചുപറ്റാൻ മൽപ്പിടുത്തം നടത്തി. ദൈവാനുഗ്രഹത്തിനായി പട്ടണം മുഴുവൻ തലതാഴ്ത്തി ദൈവസന്നിധിയിൽ ഉപ വാസത്തിനിരുന്നു. അവരുടെ യാചനയ്ക്ക് കനിവോടെ ഉത്തരം അരുളി ദൈവം അവർക്ക് പാപമോചനവും രക്ഷയും നൽകും.

## ബുർക്കാസ

*പ്രധാന കാർമ്മികൻ ബുർക്കാസ ചൊല്ലുന്നു. ഓരോ പാദത്തിന്റെയും ആദ്യവരി ചൊല്ലിക്കഴിയുമ്പോൾ സമൂഹം **'ഏൻ മറിയാ'** (അതേ കർത്താവേ) എന്നുചൊല്ലി നിലംപറ്റെ മുട്ടുകുത്തി കുമ്പിടുന്നു. രണ്ടാംപാദം കഴിയുമ്പോൾ **'ആമ്മേൻ'** എന്നുചൊല്ലി നിവരുന്നു.*

**കാർമ്മി** : ഉയരവും ആഴവും അവിടുത്തെ കരതലത്താൽ റൂശ്മ ചെയ്യപ്പെട്ടിരിക്കുന്നു. കാരുണ്യത്തോടെ നിന്റെ സൃഷ്ടിയെ കടാക്ഷിച്ച് അതിൽ കൃപ ചെയ്യണമേ. ഞങ്ങൾക്ക് നിത്യജീവൻ പകർന്ന ജീവന്റെ ഉറവേ, പാപത്താൽ കളങ്കിതമായ ലോകത്തെ അനുരഞ്ജിപ്പിക്കണമേ.

**സമൂ** : **ഏൻ മറിയാ.**

**കാർമ്മി** : ഞങ്ങളുടെ കർത്താവേ അനുഗ്രഹിക്കേണമേ. ഞങ്ങളുടെ കർത്താവേ കാത്തുകൊള്ളണമേ. ഞങ്ങളുടെ കർത്താവേ, ലോകത്തിന്റെ നാലുഭാഗങ്ങളിലുമുള്ള മിശിഹായുടെ സഭയെ നയിക്കുന്ന എല്ലാ ശ്രേഷ്ഠ ഇടയന്മാർക്കുവേണ്ടിയും പ്രത്യേകമായി കേപ്പാ ശ്ലീഹായുടെ പിൻഗാമിയായ മാർ *(പേര്)* പാപ്പായേയും മാർത്തോമ്മാ ശ്ലീഹായുടെ പിൻഗാമിയും അഖിലേന്ത്യയുടെ മെത്രാപ്പോലീത്തായും കവാടവുമായ മാർ *(പേര്)* മെത്രാപ്പോലീത്തായേയും ഞങ്ങളുടെ അതിരൂപത അധ്യക്ഷനായ മാർ *(പേര്)* മെത്രാപ്പോലീത്തായേയും രൂപതാ അധ്യക്ഷനായ മാർ *(പേര്)* മെത്രാനേയും മറ്റെല്ലാ മേല്പട്ടക്കാരെയും തുണയ്ക്കണമേ. അവരുടെ പ്രാർഥനകൾ നിന്റെ ദൈവത്വത്തെ പ്രസാദി

പ്പിക്കുന്ന സൗരഭ്യമാകട്ടെ. നിന്റെ വാഗ്ദാനം അനുസരിച്ച് അവരുടെ മൗനാപേക്ഷകൾക്ക് ഉത്തരമരുളേണമേ.

**സമൂ** : **ആമ്മേൻ.**

**കാർമ്മി** : ഞങ്ങളുടെ കർത്താവേ നിന്റെ കൃപയാൽ സംവത്സരം മുഴുവനെയും അനുഗ്രഹിക്കേണമേ. ഭൂമിയും അതിലെ നിവാസികളും നേതാക്കളും ജനതകളും ശാന്തിയിൽ ആയിരിക്കട്ടെ

**സമൂ** : **ഏൻ മറിയാ.**

**കാർമ്മി** : ഞങ്ങളുടെ കർത്താവേ, നിന്റെ സഭയെ സകല അനുഗ്രഹങ്ങളാലും നിറയ്ക്കണമേ. അവളുടെ മക്കളെ അങ്ങയുടെ ചിറകുകളാൽ പൊതിയണമേ. സാമ്പത്തികമായ സുസ്ഥിതി അവർക്ക് നൽകണമേ. അങ്ങയുടെ ഉദാരതയിൽനിന്ന് അവർ ചോദിക്കുന്നവ അവരുടെ കരങ്ങളിൽ നല്കണമേ. ദീർഘായുസ്സ് നൽകി അവരെ അനുഗ്രഹിക്കണമേ.

**സമൂ** : **ആമ്മേൻ.**

**കാർമ്മി** : ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ മെത്രാനെ അനുഗ്രഹിക്കേണമേ. നിരന്തരം ഞങ്ങളെ നയിക്കാൻ അദ്ദേഹത്തിന്റെ കരങ്ങളെ ശക്തിപ്പെടുത്തണമേ. ഞങ്ങളുടെ കർത്താവേ, സന്ന്യസ്തരെയും അർഥികളെയും അനുഗ്രഹിക്കേണമേ. അവരുടെ അദ്ധ്വാനത്തിന് വേതനമായി ഉന്നതരാജ്യം അവർക്കു നല്കണമേ.

**സമൂ** : **ഏൻ മറിയാ.**

**കാർമ്മി** : ഞങ്ങളുടെ കർത്താവേ, നിന്റെ ശ്രേഷ്ഠതയുടെ മുൻപാകെ തങ്ങളുടെ അധ്വാനത്തിലൂടെ തിരഞ്ഞെ

ടുക്കപ്പെട്ടവരാകാൻ എല്ലാ പുരോഹിതന്മാരെയും മ്ശംശാനമാരെയും അനുഗ്രഹിക്കേണമേ.

സമൂ : **ആമ്മേൻ.**

കാർമ്മി : ഞങ്ങളുടെ കർത്താവേ, വയോധികരെയും വർദ്ധക്യത്തിലേക്ക് പ്രവേശിക്കുന്നവരെയും അനുഗ്രഹിക്കേണമേ. വരാനിരിക്കുന്ന ജീവിതത്തിൽ അവരെ സന്തോഷിപ്പിക്കണമേ.

സമൂ : **ഏൻ മറിയാ.**

കാർമ്മി : യുവാക്കൾക്ക് പ്രകാശവും പ്രചോദനവും നൽകണമേ. കൗമാരത്തിലും ബാല്യത്തിലുമുള്ളവരെയും ശിശുക്കളെയും നീ സംരക്ഷിക്കണമേ..

സമൂ : **ആമ്മേൻ.**

കാർമ്മി : ഞങ്ങളുടെ വയലുകളിൽ മഴ പെയ്യിക്കുന്നതിന് മേഘങ്ങളോട് കൽപ്പിക്കണമേ. ഞങ്ങളുടെ ഉഴവുചാലുകൾ നനയ്ക്കണമേ. നിന്റെ കരുണയുടെ മഞ്ഞിനാൽ ഞങ്ങളുടെ നാടുകളെയും നാട്ടുകാരെയും അനുഗ്രഹിക്കണമേ.

സമൂ : **ഏൻ മറിയാ.**

കാർമ്മി : ഞങ്ങളുടെ കർത്താവേ, വിത്തുകളെയും കൃഷിയിടങ്ങളെയും സകല ഫലങ്ങളെയും ആശീർവദിക്കണമേ. നിന്റെ ദാസർ നിന്റെ നന്മകളിൽനിന്നു ഭക്ഷിച്ച് നിന്നെ സ്തുതിക്കട്ടെ.

സമൂ : **ആമ്മേൻ.**

കാർമ്മി : അനാഥരെ അനുഗ്രഹിക്കണമേ. മക്കളില്ലാത്ത ദമ്പതികൾ കനിയണമെ. വിധവകളെ തുണയ്ക്കണമേ. എന്തെന്നാൽ, നീയാണല്ലോ അവരുടെ പിതാവും പരിപോഷകനും.

സമൂ : **ഏൻ മറിയാ.**

**കാർമ്മി** : ഞങ്ങളുടെ കർത്താവേ, നിന്നെ സ്നേഹിച്ചവരും നിന്റെ ശ്രേഷ്ഠമായ നാമത്തെ ഇഷ്ടപ്പെട്ടവരുമായ നീതിമാൻമാരുടെ ഇടയിൽ നിന്റെ വലത്തുഭാഗത്ത് സ്തുതി ആലപിക്കാൻ ഞങ്ങളെ അനുവദിക്കണമേ.

**സമൂ** : **ആമ്മേൻ.**

**കാർമ്മി** : ഉയിർപ്പിന്റെ ദിനത്തിൽ കാഹളം ഊതുന്ന വേളയിൽ അനുഗ്രഹങ്ങൾ നിറഞ്ഞ ആ രാജ്യത്തിൽ നിന്നെ ദർശിക്കുന്നതിന് ഞങ്ങളെ അർഹരാക്കണമേ.

**സമൂ** : **ഏൻ മറിയാ.**

**കാർമ്മി** : ആ സമയം നിന്റെ കരുണ ഞങ്ങൾക്കുവേണ്ടിയുള്ള അഭിഭാഷകൻ ആകട്ടെ. മനുഷ്യസ്നേഹിതാ, ഞങ്ങളുടെ കടങ്ങൾ ഞങ്ങളെ നിന്നിൽനിന്ന് അകറ്റാതിരിക്കട്ടെ.

**സമൂ** : **ആമ്മേൻ.**

**കാർമ്മി** : നിന്റെ ദൈവത്വത്തിന്റെ പ്രഭ വിതറുന്ന ആഗമനത്തിൽ നിന്റെ വിശുദ്ധരോടൊപ്പം പ്രകാശത്തിന്റെ മണവറയിൽ പ്രവേശിക്കാൻ ഞങ്ങൾ യോഗ്യരാക്കട്ടെ.

**സമൂ** : **ഏൻ മറിയാ.**

**കാർമ്മി** : നമുക്കുവേണ്ടി ക്രൂശിക്കപ്പെട്ട കർത്താവിനെ നമുക്ക് സ്വീകരിക്കാം. ദുഷ്ടന്മാരോടൊപ്പം പുറത്തെ അന്ധകാരത്തിലേക്ക് നാം എറിയപ്പെടാതിരിക്കട്ടെ. അവിടുത്തെ ദാസരെ മഹത്വപ്പെടുത്തുന്നതിന് നമുക്ക് നിരന്തരം സ്തുതി അർപ്പിക്കാം. അവിടുത്തെ കരുണ നമ്മുടെമേൽ ഉണ്ടായിരിക്കട്ടെ. എന്നും എന്നേക്കും.

**സമൂ** : **ആമ്മേൻ.**

**മ്ശം** : നമുക്കെല്ലാവർക്കും മുട്ടുകുത്താം

## ഊനായ

(മാർ അപ്രേം രചിച്ചത്)

*(എല്ലാവരും മുട്ടുകുത്തി നിലംപറ്റെ കുമ്പിടുന്നു)*

മാറൻ എസ്രാഹം അലൈൻ
മാറൻ കമ്പെൽ ബാവൂസൻ
മാറൻ എസ്രാഹം അലൈൻ
മാറൻ എസ്രാ ല്അവ്ദയ്ക്ക്

കർത്താവേ കനിയണമേ, കാരുണ്യം ചെയ്തീടണമേ
യാചനമേൽ ചെവി ചായ്ക്കണമേ
കർത്താവേ കനിയണമേ, കാരുണ്യം ചെയ്തീടണമേ
ദാസരൊടൊരുമയിലാകണമേ.

*(എല്ലാവരും നിലംപറ്റെ കുമ്പിട്ട് എഴുന്നേൽക്കുന്നു.)*

*കാർമ്മികൻ മദ്ബഹായുടെ കവാടത്തിങ്കൽ,*
*ഇടത്തുഭാഗത്തായി ജനാഭിമുഖമായി നിന്നുകൊണ്ട് ചൊല്ലുന്നു.*

## ഹുത്താമ്മ

(മുദ്രവയ്ക്കൽ പ്രാർഥന)

**കാർമ്മി** : പ്രാർഥനകേട്ട് ഉത്തരം നൽകുന്ന ദൈവമേ, ഞങ്ങൾ അങ്ങേക്കു നന്ദിപറയുന്നു. ലോകം മുഴുവനും നിന്റെ നിരന്തരമായ കരുണ വർഷിക്കണമേ. സഭയെയും പുരോഹിതരെയും അനുഗ്രഹിക്കണമേ. ബലിയർപ്പണ ത്തിൽ അവർ തീക്ഷ്ണമതികളാകട്ടെ. ഭരണാധി കാരികളെ നീതിയുള്ളവരാക്കണമേ. അവർ നിനക്കു ജാഗ്രതയുള്ള ദാസരാകട്ടെ. ശെമ്മാശന്മാരെ ശുശ്രൂഷ യിൽ ഉത്സുകരാക്കണമേ. ആശ്രമവാസികളെ സഹായി ക്കണമേ. ദമ്പതികളെ സ്നേഹത്തിലും വിശ്വസ്തത യിലും നിലനിർത്തണമേ. ദൈവഭയത്തിലും ജ്ഞാന ത്തിലും ഞങ്ങളുടെ കുഞ്ഞുങ്ങളെ വളർത്തണമേ.

ഗർഭസ്ഥശിശുക്കളെയും രോഗികളെയും ദുർബ ലരെയും മാനസികവെല്ലുവിളി നേരിടുന്നവരെയും പരിപാലിക്കണമേ. അഗതികളെയും ദരിദ്രരെയും വിധവകളെയും പോറ്റണമേ. വൃദ്ധരെ പരിപാലി ക്കണമേ. യുവാക്കളെയും കുട്ടികളെയും ആത്മീയ സൗന്ദര്യത്താൽ പ്രകാശിപ്പിക്കണമേ. മക്കളില്ലാത്ത ദമ്പതികളിൽ കനിവുണ്ടാകണമെ. പ്രണയക്കുരുക്കിൽ അകപ്പെടുന്നവരെയുംലഹരിക്ക്അടിമപ്പെടുന്നവരെയും നേർവഴി കാട്ടണമേ. തൊഴിൽരഹിതരുടെ അപേക്ഷ കൈവെടിയരുതേ. കരയിലും കടലിലും ആകാശത്തും യാത്ര ചെയ്യുന്നവരെ സംരക്ഷിക്കേണമേ. പ്രകൃതി ക്ഷോഭങ്ങളിൽനിന്നും പകർച്ചവ്യാധികളിൽനിന്നും ഞങ്ങളെ സംരക്ഷിക്കേണമേ. നിരാശയിൽ കഴിയുന്ന വർക്കു പ്രത്യാശയും നിലവിളിക്കുന്നവർക്ക് ആശ്വാസവും നൽകണമേ.

വിശ്വാസികളിൽനിന്ന് ഇരുളിനെ അകറ്റണമേ. സാത്താന്റെ കെണിയിൽനിന്നും ഞങ്ങളെ സംരക്ഷി ക്കണമേ. അങ്ങയുടെ പരിശുദ്ധനാമത്തെപ്രതി പീഡനങ്ങൾ അനുഭവിക്കുന്നവർക്കു ശക്തി നൽക ണമേ. ലജ്ജയും തണുപ്പുംകൂടാതെ നിനക്കു സാക്ഷ്യം വഹിക്കാൻ ഞങ്ങളുടെ ഹൃദയങ്ങളെ ജ്വലിപ്പിക്ക ണമേ.ചിതറിപ്പോയവരെഅനുരഞ്ജിപ്പിച്ച്ഒരുമിച്ചുകൂട്ടു കയും സഭാഗണത്തിൽ നിർത്തുകയും ചെയ്യണമേ. സത്യത്തിലും സ്നേഹത്തിലും സത്യദൈവമായ നിന്നെ ആരാധിക്കുന്ന യഥാർത്ഥ സഭയായി ഞങ്ങൾ രൂപാന്തരപ്പെടട്ടെ.

ഞങ്ങളുടെ കർത്താവേ, കർഷകരോടു കരുണ കാണിക്കണമേ. അവരുടെ അധ്വാനം ഫലമണിയി ക്കണമേ. ധനികർക്ക് ഔദാര്യശീലം നൽകണമേ.

കൂലിക്കാരുടെ അവകാശം നിക്ഷേധിക്കരുതേ. നിന്റെ സങ്കേതം ആടുകൾക്കും ഇടയന്മാർക്കും അഭയമാകട്ടെ. അന്ധർക്കു കാഴ്ചനൽകുന്നവനായ എന്റെ കർത്താവേ, ഞങ്ങൾ നിന്റെ വലത്തുകരത്തിന്റെ പ്രകാശം കാണട്ടെ. മുടന്തരെ സുഖപ്പെടുത്തുകയും ബന്ധിക്കപ്പെട്ടവരെയും അടിമകളെയും മോചിപ്പിക്കുകയും ചെയ്യണമേ. ഗുണസമ്പന്നരെ ധൈര്യപ്പെടുത്തുകയും അജ്ഞരുടെ ഹൃദയങ്ങളെ തുറക്കുകയും അഹങ്കാരികളെ താഴ്ത്തുകയും ചെയ്യണമേ. മരിച്ചവരെ കരുണാപൂർവം കടാക്ഷിക്കണമേ. സങ്കടപ്പെടുന്നവരെ സന്തോഷിപ്പിക്കണമേ. വലിയവരും ചെറിയവരും നിന്റെ സമൃദ്ധി അനുഭവിക്കട്ടെ.

നിന്റെ വാഗ്ദാനംപോലെ നിന്നെ വിളിച്ചപേക്ഷിക്കുന്ന എല്ലാവരുടെയും യാചനകൾക്ക് ഉത്തരം അരുളണമേ. ഞങ്ങളുടെ പ്രാർഥന, സന്ധ്യയിലും പ്രഭാതത്തിലും നിന്റെ മുൻപിൽ അർപ്പിക്കപ്പെടുന്ന സുരഭില ധൂപം പോലെയാകട്ടെ. ഈറേന്മാരോടൊപ്പം രാത്രിയിൽ ജാഗരിക്കുന്ന ഉത്സാഹികളുടെ യാചന കൈക്കൊള്ളണമേ. സങ്കീർത്തനങ്ങളാൽ നിന്നെ സ്തുതിക്കുന്ന ഗായകരുടെ ശബ്ദം ഉയർത്തണമേ. നിന്റെ രാജ്യം വരേണമേ. നിന്റെ ദാസർ നിന്റെ ഭവനത്തിൽ സംതൃപ്തിയോടെ വസിക്കട്ടെ. എല്ലാ സൃഷ്ടികളിലും നിന്ന് നിനക്കു സ്തുതിയുണ്ടാകട്ടെ. എല്ലാനേരവും ആമ്മേൻ ആമ്മേൻ, ഹാശാ ✠ വവ്കോൽസ്വൻ വല്ആലം അല്മീൻ

സമൂ : ആമ്മേൻ

(എല്ലാവരും പരസ്പരം സമാധാനം നൽകുന്നു.
ഒന്നാം മൗത്വാ സമാപിക്കുന്നു)

# ബാവൂസയുടെ ചൊവ്വ
## രണ്ടാം മൗത്വാ

കാർമ്മികൻ തിരുവസ്ത്രങ്ങൾ അണിഞ്ഞു ബേമ്മയിൽ വന്നു പരിശുദ്ധ മദ്ബഹായ്ക്ക് അഭിമുഖമായി നിൽക്കുന്നു. മ്ശംശാനമാർ കാർമ്മികനിൽ നിന്നും സമാധാനം ***(കൈക്കസ്തൂരി)*** സ്വീകരിച്ചു ദൈവജനത്തിനു നൽകുന്നു. എല്ലാവരും പരസ്പരം സമാധാനം നൽകിയതിനുശേഷം ആരംഭിക്കുന്നു.

**കാർമ്മി** : അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി. (3)

**സമൂ** : ആമ്മേൻ. (3)

**കാർമ്മി** : ഭൂമിയിൽ മനുഷ്യർക്കു സമാധാനവും പ്രത്യാശയും എപ്പോഴും എന്നേക്കും.

**സമൂ** : ആമ്മേൻ.

**കാർമ്മി** : സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, *(സമൂഹവും ചേർന്ന്)* അങ്ങയുടെ നാമം പൂജിതമാകണമേ. അങ്ങയുടെ രാജ്യം വരണമേ. അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ. സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ മഹത്ത്വത്താൽ സ്വർഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു. മാലാഖമാരും മനുഷ്യരും അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്ന് ഉദ്ഘോഷിക്കുന്നു.

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ നാമം പൂജിതമാകണമേ. അങ്ങയുടെ രാജ്യം വരണമേ. അങ്ങയുടെ തിരുമനസ്സു സ്വർഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ. ഞങ്ങൾക്ക് ആവശ്യകമായ ആഹാരം ഇന്നു ഞങ്ങൾക്കു തരണമേ. ഞങ്ങളുടെ

കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടും ക്ഷമിക്കണമേ. ഞങ്ങൾ പ്രലോഭനത്തിൽ വീഴാൻ ഇടയാകരുതേ. ദുഷ്ടാരൂപിയിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ. എന്തുകൊണ്ടെന്നാൽ, രാജ്യവും ശക്തിയും മഹത്ത്വവും എന്നേക്കും അങ്ങയുടേതാകുന്നു. ആമ്മേൻ.

**കാർമ്മി** : ബാവായ്ക്കും പുത്രനും റൂഹാദ്ക്കുദ്ശായ്ക്കും സ്തുതി.

**സമൂ** : അനാദിമുതൽ എന്നേക്കും ആമ്മേൻ.

**കാർമ്മി** : സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, *(സമൂഹവും ചേർന്ന്)* അങ്ങയുടെ നാമം പൂജിതമാകണമേ. അങ്ങയുടെ രാജ്യം വരണമേ. അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ. സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ മഹത്ത്വത്താൽ സ്വർഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു. മാലാഖമാരും മനുഷ്യരും അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്ന് ഉദ്ഘോഷിക്കുന്നു.

**മ്ശം** : നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

## സ്ലോസ

**കാർമ്മി** : മാറൻ വാലഹൻ, ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ, ദാരിദ്ര്യത്തിൽനിന്ന് വിധവ സമർപ്പിച്ച കൊച്ചുകാശുപോലെ നെടുവീർപ്പോടെ അടിയങ്ങൾ അർപ്പിക്കുന്ന യാചന നിന്നെ പ്രസാദിപ്പിക്കുന്ന ബലിയായിരിക്കട്ടെ. നിന്റെ കരുണയുടെ നിക്ഷേപാലയത്തിന്റെ സമൃദ്ധി ഞങ്ങളുടെ അളവുകൾക്ക് അതീതമാണല്ലോ.

ഞങ്ങളുടെ രോഗാവസ്ഥയിൽ അവിടുന്ന് സൗഖ്യത്തിന്റെ ഔഷധം വൈകാതെ ഞങ്ങൾക്കു നൽകണമേ. ഞങ്ങളുടെ കടങ്ങൾ മോചിച്ച് അകൃത്യങ്ങളെ മായിക്കണമേ. ഞങ്ങളുടെ ശരീരങ്ങളെ പുതുതാക്കുകയും ഞങ്ങളുടെ ആത്മാക്കളെ രക്ഷിക്കുകയും ചെയ്യേണമേ. ഞെരുക്കങ്ങളിൽ ആശ്വാസവും കഷ്ടാവസ്ഥയിൽ തുണയും അങ്ങു നൽകണമേ. നഷ്ടപ്പെട്ടവരായ ഞങ്ങളെ അവിടുന്നു തേടിക്കണ്ടെത്തണമേ. കാരുണ്യക്കടലായ നാഥാ, ഞങ്ങളുടെ പ്രാർഥനയുടെ കുറവുകൾ പരിഹരിക്കണമേ. ദയാസമ്പന്നനും കരുണനിറഞ്ഞവനും കടങ്ങൾ മോചിക്കുന്നവനും ബാവായും പുത്രനും റൂഹാദ്ക്കുദ്ശായും ആയ സകലത്തിന്റെയും നാഥാ എന്നേയ്ക്കും.

**സമൂ** : ആമ്മേൻ

## ഓനീസ

*(രീതി : സഹദേ ബ്രീകേ... മിശിഹാ കർത്താവിൻ...)*

**കർത്താവേ, നിന്റെ മാർഗം എനിക്കു കാണിച്ചുതരണമേ**

പാപത്തിൻ ബോധം
നിന്നെ നയിക്കട്ടെ
ചെയ്തികൾ നോക്കട്ടെ
മരണത്തിൽ വീണീടാതെ
ഗേഹന്നായിൽ താഴാതെ
മാറൻ എസ്രാഹം അലയ്ൻ
മാറൻ കമ്പൽ ബാവൂസൻ
കേണുകരഞ്ഞെല്ലാ ജനതകളും.

**കർത്താവേ, എന്നെ രക്ഷിക്കണമേ**

വയലുകൾ വിളയുന്നു
കൊയ്ത്തുമടുത്തെത്തി
നിദ്ര വെടിഞ്ഞിടുക
അനുതാപത്തിൻ മനമോടെ
നിന്റെ രഹസ്യം ധ്യാനിക്കൂ
ഉപവാസത്താൽ ശുചി നേടൂ
ചാക്കുമുടുത്തു തപം ചെയ്യൂ
നേരമിതാ വൈകുന്നുണരൂ നീ.

**നിന്റെ കൈ നീട്ടി എനിക്കു രക്ഷ തരണമേ**

ജീവിതനൗകയിതാ
പലവഴികൾ താണ്ടി
തീരമണഞ്ഞല്ലോ
ആദിപിതാവിൻ പിഴവാലേ
നാശത്തിൻ വഴി പിഞ്ചെന്നു
എങ്കിലുമീശോ സ്നേഹത്താൽ
നമ്മുടെ ഛായ തിരിച്ചേകി
നമ്മൾക്കായ് ജീവൻ പുനരേകി.

**നമ്മുടെ സഹായം എവിടെനിന്നു വരും?**

ആകാശത്തോളം
പാപമുയർന്നല്ലോ
മഴയും മഞ്ഞും പോയ്
വറ്റിവരണ്ടൊരു ഭൂമിയിതിൽ
തിരുരക്തത്തിൻ ചാലൊഴുകി
സസ്യലതാദികൾ മൊട്ടിട്ടു
നമ്മുടെ ജീവനു കൃപയായി
അപ്പത്താൽ നേടീ നമ്മെയവൻ.

**ഹൃദയം തകർന്നവർക്ക് കർത്താവ് സമീപസ്ഥനാണ്**

മനമുരുകുന്നവരെ
മാറോടു ചേർക്കുമവൻ
മാറൻ വാലാഹൻ
വീഞ്ഞില്ലാത്തൊരു കൽഭരണി
വീണു തകർന്നൊരു മൺകുടവും
നാഥൻ കണ്ടതു വേണ്ടതുപോൽ
നേടിയെടുത്തു ജീവനതാൽ
എന്നെന്നും അവനെ വാഴ്ത്തീടാം.

## സങ്കീർത്തനം 95

**മ്ശം** : വരുവിൻ, നമുക്കു കർത്താവിനെ സ്തുതിക്കാം; രക്ഷകനായ നമ്മുടെ ദൈവത്തെ പാടിപ്പുകഴ്ത്താം. **(കാനോന)** നിനവേവാസികളോടു ദയചെയ്തതു പോലെ ഞങ്ങളോടും നീ കരുണ ചെയ്യണമേ. ഹല്ലേലൂയ്യാ (3)

**കാർമ്മി** : വരുവിൻ, നമുക്കു കർത്താവിനെ സ്തുതിക്കാം; രക്ഷകനായ നമ്മുടെ ദൈവത്തെ പാടിപ്പുകഴ്ത്താം. കൃതജ്ഞതാപൂർവം തിരുസന്നിധിയിലെത്താം; സങ്കീർത്തനങ്ങളാൽ അവിടത്തെ പാടിപ്പുകഴ്ത്താം.

**സമൂ** : നിനവേവാസികളോടു ദയചെയ്തതുപോലെ ഞങ്ങളോടും നീ കരുണ ചെയ്യണമേ.

**കാർമ്മി** : എന്തുകൊണ്ടെന്നാൽ, കർത്താവു മഹോന്നതദൈവമാണ്; സകലദേവന്മാരെക്കാൾ വലിയ രാജാവാണ്. ഭൂമിയുടെ അടിസ്ഥാനങ്ങളും ഗിരിശൃംഗങ്ങളും അവിടുത്തെ കൈകളിലാണല്ലോ.

**സമൂ** : നിനവേവാസികളോടു ദയചെയ്തതുപോലെ ഞങ്ങളോടും നീ കരുണ ചെയ്യണമേ.

**കാർമ്മി** : സമുദ്രം അവിടുത്തേതാണ്; അവിടുന്ന് അതിനു രൂപം നല്കി; തൃക്കരങ്ങൾ കരയെ മനഞ്ഞെടുത്തു.

**സമൂ** : നിനവേവാസികളോടു ദയചെയ്തതുപോലെ ഞങ്ങ ളോടും നീ കരുണ ചെയ്യണമേ.

**കാർമ്മി** : വരുവിൻ, നമുക്ക് അവിടുത്തെ കുമ്പിട്ടാരാധിക്കാം; നമ്മെ സൃഷ്ടിച്ച കർത്താവിനെ വാഴ്ത്താം; എന്തു കൊണ്ടെന്നാൽ, അവിടുന്നാകുന്നു നമ്മുടെ ദൈവം.

**സമൂ** : നിനവേവാസികളോടു ദയചെയ്തതുപോലെ ഞങ്ങ ളോടും നീ കരുണ ചെയ്യണമേ.

**കാർമ്മി** : അവിടുത്തെ സ്വരം ശ്രവിക്കുമെങ്കിൽ നാം അവിടത്തെ ജനമാണ്; മേച്ചിൽപ്പുറത്തെ അജഗണവും.

**സമൂ** : നിനവേവാസികളോടു ദയചെയ്തതുപോലെ ഞങ്ങ ളോടും നീ കരുണ ചെയ്യണമേ.

**കാർമ്മി** : അവിടുത്തേക്ക് എതിരായി പിറുപിറുക്കരുതേ; മരുഭൂമി യിലെ പരീക്ഷണകാലത്തെന്നപോലെ നിങ്ങളുടെ ഹൃദയം കഠിനമാക്കരുതേ.

**സമൂ** : നിനവേവാസികളോടു ദയചെയ്തതുപോലെ ഞങ്ങ ളോടും നീ കരുണ ചെയ്യണമേ.

**കാർമ്മി** : നിങ്ങളുടെ പിതാക്കന്മാർ എന്നെ പരീക്ഷിച്ചു; നാല്പതു സംവത്സരം എന്റെ പ്രവൃത്തികൾ പരീക്ഷിച്ചറിഞ്ഞു.

**സമൂ** : നിനവേവാസികളോടു ദയചെയ്തതുപോലെ ഞങ്ങ ളോടും നീ കരുണ ചെയ്യണമേ.

**കാർമ്മി** : എനിക്ക് ആ തലമുറയോടു നീരസം തോന്നി; ഞാനി പ്രകാരം പറഞ്ഞു: ഈ ജനം വഴിപിഴയ്ക്കുന്ന ഹൃദ യമുള്ളവരാണ്; എന്റെ വഴികൾ അവർ അറിയുന്നില്ല.

**സമൂ** : നിനവേവാസികളോടു ദയചെയ്തതുപോലെ ഞങ്ങ ളോടും നീ കരുണ ചെയ്യണമേ.

**കാർമ്മി** : കോപത്തിൽ ഞാൻ ശപഥം ചെയ്തു. എന്റെ വിശ്രമത്തിലേക്ക് അവർ പ്രവേശിക്കുകയില്ല.

**സമൂ** : നിനവേവാസികളോടു ദയചെയ്തതുപോലെ ഞങ്ങളോടും നീ കരുണ ചെയ്യണമേ.

**കാർമ്മി** : ബാവയ്ക്കും പുത്രനും റൂഹാദ്ക്കുദ്ശായ്ക്കും സ്തുതി

**സമൂ** : അനാദിമുതൽ എന്നേക്കും ആമ്മേൻ ആമ്മേൻ.

**മ്ശം** : **(കാനോന)** നിനവേവാസികളോടു ദയചെയ്തതുപോലെ ഞങ്ങളോടും നീ കരുണ ചെയ്യണമേ.
ഹല്ലേലൂയ്യാ (3)
നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

**മ്ശം:** നമുക്കെല്ലാവർക്കും മുട്ടുകുത്താം

## ഊനായ

(മാർ അപ്രേം രചിച്ചത്)

*(എല്ലാവരും മുട്ടുകുത്തി നിലംപറ്റെ കുമ്പിടുന്നു)*

മാറൻ എസ്രാഹം അലൈൻ
മാറൻ കമ്പെൽ ബാവൂസൻ
മാറൻ എസ്രാഹം അലൈൻ
മാറൻ എസ്രാ ല്അവ്ദയ്ക്ക്

കർത്താവേ കനിയണമേ, കാരുണ്യം ചെയ്തീടണമേ
യാചനമേൽ ചെവി ചായ്ക്കണമേ
കർത്താവേ കനിയണമേ, കാരുണ്യം ചെയ്തീടണമേ
ദാസരൊടൊരുമയിലാകണമേ.

*(എല്ലാവരും നിലംപറ്റെ കുമ്പിട്ട് എഴുന്നേൽക്കുന്നു.)*

**മ്ശം:** നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

## സ്ലോസാ

**കാർമ്മി:** മാറൻ വാലാഹൻ, ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ, ഹൃദയംനുറുങ്ങി നിന്നോടു നിലവിളിക്കുന്ന ഈ മക്കളെ ആശ്വസിപ്പിക്കണമേ. നിന്റെ കർത്തൃത്വത്തിന്റെ വാതിൽക്കൽ മുട്ടുന്ന ആട്ടിൻകൂട്ടമായ ഞങ്ങളുടെ പ്രാർഥനകൾ നീ നിരസിക്കരുതേ. പാതാളവാതിലുകളോ ദുഷ്ടശത്രുവോ നിനക്കെതിരായി പ്രബലപ്പെടുകയില്ലെന്ന് നിന്റെ സഭയോട് തലമുറകളായി നീ ചെയ്ത വാഗ്ദാനം ഞങ്ങളിലും പൂർത്തിയാക്കണമേ. മാറാ ദ്കോൽ ല്അൽമീൻ.

**സമൂ:** ആമ്മേൻ

## തെശ്ബൊഹത്താ

*(രീതി: സഹനം വഴിയായ്...)*

അനുതാപത്തിൻ കണ്ണീരോടെ
ശരണം തേടാം റാഹേം ആലൈൻ

നമ്മുടെ വരവും നോക്കിയിരിക്കാൻ
തിരുമനസ്സുള്ളവൻ ആവാ ദൈവം

ശത്രുപതുങ്ങിയിരിപ്പുണ്ടവിടെ
തക്കം പാർത്തവൻ നമ്മെ വിഴുങ്ങും

സൗമായാൽ നാം യുദ്ധം ചെയ്താൽ
നിശ്ചയമായ് നാം സ്വർഗം നേടും

നമ്മുടെ നാഥൻ നമ്മളെയൊന്നായ്
രക്ഷിച്ചവനുടെ പുത്രൻ വഴിയായ്

ആദരവും ബഹുമാനവുമേകി
തന്നുടെ നിണവും മാംസവുമതിനാൽ

പൊട്ടിയൊലിച്ചു പാപം വ്രണമായ്
ദുർഗന്ധത്താൽ സകലരുമോടി

വൈദ്യനിതാ സുഖമാക്കാനിവിടെ
മിശിഹാനാഥാ സൗഖ്യം തരണേ!

## കാറോസൂസാ

**മ്ശം** : നമുക്കെല്ലാവർക്കും അനുതാപത്തോടും ശ്രദ്ധയോടും കൂടെ മാറൻ എസ്രാഹം അലൈൻ എന്ന് അപേക്ഷിക്കാം.

**സമൂ** : മാറൻ എസ്രാഹം അലൈൻ

**മ്ശം** : വചനത്താൽ സകലതും സൃഷ്ടിക്കുകയും എല്ലാത്തിനെയും ക്രമപ്പെടുത്തുന്നവനുമായ നിത്യനായവനേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു

**സമൂ** : മാറൻ എസ്രാഹം അലൈൻ

**മ്ശം** : ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്നവനും സർവസൃഷ്ടികളെയും കയ്യാളുന്നവനുമായ സകലത്തിന്റെയും നാഥനായ ഞങ്ങളുടെ ദൈവമേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു

**സമൂ** : മാറൻ എസ്രാഹം അലൈൻ

**മ്ശം** : കാരുണ്യവാനും ദയാലുവും ഞങ്ങളുടെ വംശത്തിന്റെ പരിപാലകനും ഞങ്ങളുടെ സത്തയെ നവീകരിക്കുന്നവനും ഞങ്ങളുടെ നന്മകളുടെയെല്ലാം സംരക്ഷകനുമായവനേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

**സമൂ** : മാറൻ എസ്രാഹം അലൈൻ

**മ്ശം** : തന്റെ കൃപയാൽ നമ്മെ രൂപപ്പെടുത്തുകയും തന്റെ

മിശിഹായാൽ നമ്മെ രക്ഷിക്കുകയും ചെയ്തവനേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

**സമൂ** : മാറൻ എസ്രാഹം അലൈൻ

**മ്ശം** : ദീർഘക്ഷമയുള്ളവനും അതിശക്തനും തന്റെ ന്യായ വിധിയിൽ നേരുള്ളവനും വിവേകത്തിൽ പൂർണ്ണനുമായ വനേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു

**സമൂ** : മാറൻ എസ്രാഹം അലൈൻ

**മ്ശം** : സത്യവിശ്വാസത്തെപ്രതി കഷ്ടതയനുഭവിക്കുകയും പീഡിപ്പിക്കപ്പെടുകയും ചെയ്തവർക്കുവേണ്ടി ഞങ്ങൾ അപേക്ഷിക്കുന്നു.

**സമൂ** : മാറൻ എസ്രാഹം അലൈൻ

**മ്ശം** : തിന്മയുടെ ശക്തിയാൽ ഞെരുക്കപ്പെടുകയും കുറ്റമാരോപിക്കപ്പെടുകയും ആട്ടിയോടിക്കപ്പെടുകയും ചെയ്തവർക്കുവേണ്ടി ഞങ്ങൾ അപേക്ഷിക്കുന്നു.

**സമൂ** : മാറൻ എസ്രാഹം അലൈൻ

**മ്ശം** : തടവിലും ദ്വീപുകളിലും വിദൂരത്തും ഒറ്റപ്പെട്ടിരിക്കുന്നവർക്കുവേണ്ടി ഞങ്ങൾ അപേക്ഷിക്കുന്നു.

**സമൂ** : മാറൻ എസ്രാഹം അലൈൻ

**മ്ശം** : രോഗികൾ സൗഖ്യമാക്കപ്പെടുന്നതിനും തളർന്നവർ ഉന്മേഷമുള്ളവരാകുന്നതിനും ദുരിതം അനുഭവിക്കുന്നവർ ആശ്വാസം കണ്ടെത്തുന്നതിനും ദുഃഖിതർ ആശ്വസിപ്പിക്കപ്പെടുന്നതിനുംവേണ്ടി ഞങ്ങൾ അപേക്ഷിക്കുന്നു

**സമൂ** : മാറൻ എസ്രാഹം അലൈൻ

**മ്ശം** : നമുക്കെല്ലാവർക്കും മുട്ടുകുത്താം.

## ശഹലെപ്പ്

*(മുട്ടുകുത്തുന്നു)*

ശ്മാ ബാവൂസൻ

*റാഹേം അലെൻ*

ആവാ താവാ

*റാഹേം അലെൻ*

ബ്റാ മ്സോമായാ

*റാഹേം അലെൻ*

റൂഹാ ദ്ഖുദ്ശാ

*റാഹേം അലെൻ*

ഗ്നീസ് ബക്യാനേ

*റാഹേം അലെൻ*

ക്സേ വവ്സാസേ

*റാഹേം അലെൻ*

ത്മീഹ് ബാവാദാവ്

*റാഹേം അലെൻ*

അത്ത് ആദോറൻ

*റാഹേം അലെൻ*

അത്ത് മഹ്യാനൻ

*റാഹേം അലെൻ*

അത്ത് ബേസ് ഗൗസൻ

*റാഹേം അലെൻ*

**മ്ശം** : ഞങ്ങളുടെ സ്വരം നീ കേൾക്കണമേ ഞങ്ങളിൽ കനിയണമേ

**സമൂ** : ഞങ്ങളുടെ കർത്താവേ, ഞങ്ങളിൽ കനിയണമേ.

*(എഴുന്നേൽക്കുന്നു)*

**മ്ശം** : സഭകളുടെശാന്തിക്കുംരാജ്യങ്ങളുടെസമാധാനത്തിനും സുസ്ഥിരമായ ജീവിതത്തിനും ആശ്വാസപ്രദമായ ജീവിതക്രമത്തിനും വേണ്ടി ഞങ്ങളപേക്ഷിക്കുന്നു

**സമൂ** : ഞങ്ങളുടെ കർത്താവേ ഞങ്ങളിൽ കനിയണമേ.

**മ്ശം** : ലോകത്തിന്റെ നാലുഭാഗങ്ങളിലുമുള്ള മിശിഹായുടെ സഭയെ നയിക്കുന്ന എല്ലാ ശ്രേഷ്ഠ ഇടയന്മാർക്കു വേണ്ടിയും പ്രത്യേകമായി കേപ്പാ ശ്ലീഹായുടെ പിൻഗാമിയായ മാർ *(പേര്)* പാപ്പായ്ക്കും മാർത്തോമ്മാ ശ്ലീഹായുടെ പിൻഗാമിയും അഖിലേന്ത്യയുടെ മെത്രാപ്പോലീത്തായും കവാടവുമായ മാർ *(പേര്)* മെത്രാപ്പോലീത്തായ്ക്കും വേണ്ടിയും ഞങ്ങളുടെ അതിരൂപതാധ്യക്ഷനായ മാർ *(പേര്)* മെത്രാപ്പോലീത്തായ്ക്കും രൂപതാധ്യക്ഷനായ മാർ *(പേര്)* മെത്രാനും മറ്റെല്ലാ മേല്പട്ടക്കാർക്കുവേണ്ടിയും അവരുടെ സഹശുശ്രൂഷകരായ എല്ലാവരുടേയും ആരോഗ്യത്തിനുവേണ്ടിയും നിന്നോടു ഞങ്ങൾ യാചിക്കുന്നു.

**സമൂ** : മാറൻ എസ്രാഹം അലൈൻ

**മ്ശം** : ലോകം മുഴുവനിലുമുള്ള സത്യപ്രബോധകരായ ഞങ്ങളുടെ പിതാക്കന്മാരായ മെത്രാന്മാർക്കുവേണ്ടി ഞങ്ങൾ അപേക്ഷിക്കുന്നു

**സമൂ** : മാറൻ എസ്രാഹം അലൈൻ

**മ്ശം** : വൈദികർക്കും ശുശ്രൂഷികൾക്കും മിശിഹായുടെ ശരീരത്തിലെ അംഗങ്ങളായ സഭാ കൂട്ടായ്മയിലെ സകലർക്കുംവേണ്ടി ഞങ്ങൾ അപേക്ഷിക്കുന്നു

**സമൂ** : മാറൻ എസ്രാഹം അലൈൻ.

**മ്ശം** : ലോകവുമായി സമരസപ്പെടാതെ മാലാഖമാരുടെ ജീവിതശൈലി അനുകരിക്കുന്ന നീതിമാന്മാരായ മനുഷ്യർക്ക് വേണ്ടി ഞങ്ങൾ അപേക്ഷിക്കുന്നു

**സമൂ** : മാറൻ എസ്രാഹം അലൈൻ

**മ്ശം** : സൃഷ്ടികളുടെ നവീകരണവും പാപികളുടെ മാനസാന്തരവും സകല മനുഷ്യരുടെയും ജീവനും രക്ഷയും ആഗ്രഹിക്കുന്നവനേ, ഞങ്ങൾ അപേക്ഷിക്കുന്നു

**സമൂ** : മാറൻ എസ്രാഹം അലൈൻ

**മ്ശം** : മാലാഖമാരാലും മനുഷ്യരാലും ആത്മാവിലും സത്യത്തിലും ആരാധിക്കപ്പെടുന്നവനും അമർത്യനും അക്ഷയനുമായ സകലത്തിന്റെയും നാഥനായ ഞങ്ങളുടെ ദൈവമേ, ഞങ്ങൾ അപേക്ഷിക്കുന്നു

**സമൂ** : മാറൻ എസ്രാഹം അലൈൻ

**മ്ശം** : ആദിയും അന്ത്യവും ഇല്ലാത്തവനും സകലർക്കും അഗ്രാഹ്യനുമായ ബാവായും പുത്രനും റൂഹാദ്ക്കുദ്ശായുമായവനേ ഞങ്ങൾ അപേക്ഷിക്കുന്നു

**സമൂ** : മാറൻ എസ്രാഹം അലൈൻ

**മ്ശം** : ഞങ്ങളുടെ മിശിഹാ തമ്പുരാനേ, ഞങ്ങൾ ഏവരെയും നിന്റെ കൃപയാൽ രക്ഷിക്കണമേ. നിന്റെ ശാന്തിയും സമാധാനവും ഞങ്ങളിൽ നിവസിപ്പിച്ച് ഞങ്ങളിൽ കനിയണമേ.

**മ്ശം** : നമുക്കെല്ലാവർക്കും മുട്ടുകുത്താം.

## ഊനായ

(മാർ അപ്രേം രചിച്ചത്)

*(എല്ലാവരും മുട്ടുകുത്തി നിലംപറ്റെ കുമ്പിടുന്നു)*

മാറൻ എസ്രാഹം അലൈൻ
മാറൻ കമ്പെൽ ബാവൂസൻ
മാറൻ എസ്രാഹം അലൈൻ
മാറൻ എസ്രാ ല്അവ്ദയ്ക്ക്

കർത്താവേ കനിയണമേ, കാരുണ്യം ചെയ്തീടണമേ
യാചനമേൽ ചെവി ചായ്ക്കണമേ
കർത്താവേ കനിയണമേ, കാരുണ്യം ചെയ്തീടണമേ
ദാസരൊടൊരുമയിലാകണമേ.

*(എല്ലാവരും നിലംപറ്റെ കുമ്പിട്ട് എഴുന്നേൽക്കുന്നു.)*

**മ്ശം:** നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

## സ്ലോസാ

(ന്സീവീനിലെ മാർ ഏലിയാ രചിച്ചത്)

**കാർമ്മി :** ക്ലേശിക്കുന്നവരുടെ അഭയസങ്കേതവും കഷ്ടപ്പെടുന്നവരുടെ തുറമുഖവും അനുതാപികളുടെ നല്ല പ്രത്യാശയുമായ ദൈവമേ, ഞങ്ങൾ നിന്നെ ആരാധിക്കുകയും സ്തുതിക്കുകയും നിന്നോടു ഞങ്ങൾ അപേക്ഷിക്കുകയും ചെയ്യുന്നു. മഹത്ത്വം തുളുമ്പുന്ന നിന്റെ സന്നിധിയിൽ നെടുവീർപ്പോടെ ഞങ്ങൾ അർപ്പിക്കുന്ന പ്രാർഥനകൾ സ്വീകരിക്കേണമേ. മഹോന്നതമായ നിന്റെ ത്രോണോസിൻ മുൻപാകെ കരഞ്ഞുവിളിക്കുന്ന ഞങ്ങളെ കൈവിടരുതേ. കവിഞ്ഞൊഴുകുന്ന സമൃദ്ധിയും സ്വർഗീയസൈന്യങ്ങളാൽ ആരാധിക്കപ്പെടുന്നവനും പാപവിമോചകനുമായവനേ, ഞങ്ങളെ കഴുകണമേ. ഞങ്ങളുടെ വേദനകളും രോഗങ്ങളും ശമിപ്പിക്കണമേ. ഞങ്ങളുടെ ആത്മാക്കൾക്കു രക്ഷയും ജീവിതത്തിന് അഭിവൃദ്ധിയും നിന്റെ കരുണയുടെ നിക്ഷേപാലയത്തിൽനിന്ന് സദാ ചൊരിയണമേ, ലോകത്തിൽ നിന്റെ ശാന്തിയും സമാധാനവും പുലർത്തണമേ. ഫലമൂലാദികൾ വർധിപ്പിച്ച് ഭൂമിയെ സമ്പന്നമാക്കണമേ. ഭരണാധിപർക്കും അധികാരികൾക്കും നിന്റെ വിജ്ഞാനവും വിശുദ്ധിയും നൽകണമേ.

നിന്റെ പരിശുദ്ധ സഭയുടെമേൽ വലതുകരം നീട്ടണമേ. സഭയുടെ ഇടയന്മാരെയും അജഗണത്തെയും പരിപാലിക്കണമേ. അവൾക്കെതിരെ ദൂഷണം പറയുന്നവരെയും അവളെ പീഡിപ്പിക്കുന്നവരെയും ലജ്ജിപ്പിക്കണമേ. അഗതികളെ പരിപാലിക്കുകയും വിശക്കുന്നവർക്ക് ആഹാരം നൽകുകയും ചെയ്യണമേ. അനാഥരെ സംരക്ഷിക്കുകയും കഷ്ടപ്പെടുന്നവരെ സമാശ്വസിപ്പിക്കുകയും ചെയ്യണമേ. ആത്മാവിൽ ഞെരുങ്ങുന്നവരെ സന്തോഷിപ്പിക്കണമേ. കൂട്ടംതെറ്റിയവരെ നിന്റെ തൊഴുത്തിലേക്കു തിരികെ കൊണ്ടുവരണമേ. ദൂരസ്ഥരെ നിന്നിലേക്ക് അടുപ്പിക്കേണമേ. വീഴുന്നവരെ എഴുന്നേൽപ്പിക്കുകയും ബലഹീനരെ ശക്തിപ്പെടുത്തുകയും രോഗത്താൽ വലയുന്നവരെ സൗഖ്യപ്പെടുത്തുകയും ചെയ്യണമേ. നശിച്ചുപോകുന്നവരെ അന്വേഷിച്ചു കണ്ടെത്തണമേ. ഞങ്ങളുടെ മാതൃരാജ്യത്തിലും മറ്റെല്ലാ രാജ്യങ്ങളിലും ഈ ദേശത്തും നിന്റെ കൃപയുടെ വലതുകരം നീട്ടണമേ. കർത്താവേ, സമാധാനവും ശാന്തിയും നിറഞ്ഞ ജീവിതം ഞങ്ങൾക്കു പ്രദാനം ചെയ്യണമേ.

ഈ പ്രാർഥനാശുശ്രൂഷയിൽ പങ്കെടുക്കുന്ന സകലരെയും അനുഗ്രഹിക്കണമേ. അവരുടെ പ്രിയപ്പെട്ടവരായ മരിച്ചുപോയവരുടെ കടങ്ങൾ മോചിക്കുകയും അവരെ നിത്യമഹത്വം അണിയിക്കുകയും ചെയ്യേണമേ. നിന്റെ വലത്തുഭാഗത്ത് അവരെ അണിനിരത്തുകയും അവർക്കുവേണ്ടി അർപ്പിക്കുന്ന കുർബാന കൈക്കൊള്ളുകയും പ്രസാദിക്കുകയും ചെയ്യേണമേ. ദാനധർമങ്ങളാലും പ്രാർഥനകളാലും നിന്റെ ഇഷ്ടംതേടാൻ

ഞങ്ങളെ അനുഗ്രഹിക്കണമേ. എല്ലായ്പ്പോഴും നിനക്കു ബഹുമാനവും മഹത്ത്വവും സ്തുതിയും ആരാധനയും സമർപ്പിക്കാൻ ഞങ്ങളുടെ മനസ്സാക്ഷി നിർമലമാക്കുകയും ഞങ്ങളെ വിശുദ്ധീകരിക്കുകയും ചെയ്യേണമേ, മാറാ ദ്കോൽ ആവാ വവ്റാ ഉറൂഹാദ്ക്കുദ്ശാ ല്അൽമീൻ

**സമൂ** : ആമ്മേൻ. ബാറേക് മാർ

## ഹ്വർസാ

(സഹ സ്ലോസാ)

**കാർമ്മി** : സകലനീതിമാരുടെയും വിശുദ്ധരുടെയും പ്രാർഥന കൈക്കൊണ്ട് ലോകത്തെ രക്ഷിച്ച നല്ലദൈവമേ, തിരുമുൻപാകെ കേണപേക്ഷിക്കുന്ന അടിയങ്ങളുടെ യാചന കേൾക്കേണമേ. നിവ്യാമാരുടെയും തിരുവിഷ്ടം നിറവേറ്റുന്നവരുടെയും പ്രാർഥനയാൽ ലോകത്തിനു മുഴുവൻ രക്ഷപകർന്നവനേ, പൂർവികരെപ്പോലെ ഞങ്ങളും ഇതാ നിന്നെ വിളിച്ചുകരയുന്നു. നിന്റെ ആരാധകരെ കനിവോടെകേട്ട് അവർക്ക് ഉത്തരം അരുളണമേ. നിന്റെ തിരുമുൻപിൽ നിൽക്കുന്ന ഈ ജനത്തെയും നീ സന്ദർശിച്ച് അനുഗ്രഹിക്കണമേ. ശത്രുക്കളിൽനിന്നു ഞങ്ങളെ വിടുവിക്കണമേ. വെറുക്കുന്നവരിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ. ഉപദ്രവിക്കുന്നവരിൽനിന്നു ഞങ്ങളെ കാത്തുകൊള്ളണമേ. കഷ്ടതകളിൽ ഞങ്ങൾക്കു തുണയായിരിക്കണമേ. ഞെരുക്കങ്ങളിൽ ഞങ്ങളെ സന്തോഷിപ്പിക്കണമേ. നിന്റെ സമാധാനവും ശാന്തിയും ഞങ്ങളുടെ ഇടയിൽ വർധിപ്പിക്കണമേ. പരിപൂർണസ്നേഹം

കൊണ്ട് ഞങ്ങളെ നിറയ്ക്കണമേ. നിന്നിലുള്ള വിശ്വാസത്തിൽ ഞങ്ങളെ സമ്പന്നരാക്കണമേ. നിന്നിലുള്ള പ്രത്യാശയിൽ ഞങ്ങളെ ഉറപ്പിക്കണമേ. അന്ത്യവിധിനാളിൽ നിന്റെ ദിവ്യമായ ഉദയത്തെ ആനന്ദപൂർവം കൈക്കൊള്ളാനായി പാപക്കറയില്ലാത്ത വരാകാനും നിന്നെ സ്തുതിക്കുന്ന മാലാഖമാരോടൊപ്പം സ്വർഗത്തിൽ നിന്നെ മഹത്ത്വപ്പെടുത്താനും ഞങ്ങളെ യോഗ്യരാക്കണമേ. മാറാ ദ്കോൽ ല്അൽമീൻ.

**സമൂ** : ആമ്മേൻ

**മ്ശം** : നമുക്കെല്ലാവർക്കും മുട്ടുകുത്താം.

## ഊനായ

(മാർ അപ്രേം രചിച്ചത്)

*(എല്ലാവരും മുട്ടുകുത്തി നിലംപറ്റെ കുമ്പിടുന്നു)*

മാറൻ എസ്രാഹം അലൈൻ
മാറൻ കമ്പെൽ ബാവൂസൻ
മാറൻ എസ്രാഹം അലൈൻ
മാറൻ എസ്രാ ല്അവ്ദയ്ക്ക്

കർത്താവേ കനിയണമേ, കാരുണ്യം ചെയ്തീടണമേ
യാചനമേൽ ചെവി ചായ്ക്കണമേ
കർത്താവേ കനിയണമേ, കാരുണ്യം ചെയ്തീടണമേ
ദാസരൊടൊരുമയിലാകണമേ.

*(എല്ലാവരും നിലംപറ്റെ കുമ്പിട്ട് എഴുന്നേൽക്കുന്നു.)*

## ഒന്നാം കെറിയാനാ

*(എല്ലാവരും ഇരിക്കുന്നു)*

ശുശ്രൂഷി വിജ്ഞാപനം വായിക്കുന്നു

നിനവെയിലെ രാജാവ് ദുഃഖവും വിലാപവും ധരിച്ച് തന്റെ ജനത്തെ ഉപവാസത്തിനു ക്ഷണിക്കുന്നു. വാളുകൊണ്ട് ശത്രുക്കളെ ജയിച്ചിരുന്ന രാജാവ് അനുതാപംകൊണ്ട് ദൈവകാരുണ്യം നേടാൻ പരിശ്രമിക്കുന്നു. അകൃത്യങ്ങളും പാപങ്ങളും ഉപേക്ഷിച്ച് ഹൃദയങ്ങളെ അവർ ദൈവത്തിനു കാഴ്ചവയ്ക്കാൻ ഒരുക്കുന്നു. ദൈവത്തിന്റ ദൂത് പ്രസംഗിച്ച യൗനാൻ നിനവെക്കാരുടെ ഉപവാസത്തിലും പ്രാർഥനയിലും അമ്പരന്നു. അവരോടു ദൈവം കരുണകാട്ടിയാൽ താനൊരു കള്ളപ്രവാചകനാവുമെന്നു ഭയന്ന യൗനാൻ, നിനവേയിലേക്കു പോകുന്നതിനു പകരം താർശീശിലേക്കു കപ്പൽകയറി. കടലിൽനിന്നും മത്സ്യത്തിന്റെ വായിൽനിന്നും യൗനാനെ ദൈവം നിനവെയിലേക്കു തിരികെ കൊണ്ടുവന്നു. മത്സ്യത്തിന്റെ വയറ്റിലിരുന്ന് അനുതപിച്ച യൗനാന്റെ പ്രസംഗം നിനവെയിൽ മുഴങ്ങി. നീതിമാനായ ദൈവം ദഹിപ്പിക്കുന്ന അഗ്നിയാണെന്നു പറഞ്ഞുകൊണ്ട് ദൈവകാരുണ്യത്തെ അവൻ അവഗണിച്ചു. നാശത്തെക്കുറിച്ചും തിന്മയെക്കുറിച്ചും മാത്രമാണ് യൗനാൻ അവരോടു പ്രസംഗിച്ചത്. സോദോം ഗമോറായെപ്രതി ദൈവകാരുണ്യത്തിൽ ആശ്രയിച്ചു നിലവിളിച്ചപേക്ഷിച്ച അബ്രഹാത്തെപ്പോലെയല്ല യൗനാൻ പ്രാർഥിച്ചതും പറഞ്ഞതും. മാനസാന്തരത്തിന്റെ പൂർണതയ്ക്കുവേണ്ടി നിനവെക്കാർ നെട്ടോട്ടമോടുകയാണ്. കാഹളമൂതിക്കൊണ്ട് നഗരമൊന്നാകെ വിമോചനദിനം കൊണ്ടാടുന്നു. കടക്കാരുടെ കടം ഇളച്ചുകൊണ്ട് അവരെ ആശ്ലേഷിക്കുന്നു. അങ്ങനെ സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും ഉത്സവം അവർ കൊണ്ടാടുന്നു. 'ഞങ്ങളുടെ കടക്കാരോടു

ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടും ക്ഷമിക്കണമേ' യെന്ന് അപേക്ഷിച്ചുകൊണ്ട് മറ്റുള്ളവരുടെ കടങ്ങളും പാപങ്ങളും ക്ഷമിച്ച് നമുക്കും സാഹോദര്യത്തിൽ മുന്നേറാം.

## മദ്രാശ

*(എല്ലാവരും എഴുന്നേൽക്കുന്നു)*

*(രീതി: യാദാ ഹൂശാവേ... മിശിഹാ കർത്താവേ നരകുല...)*

കരുണ നിറഞ്ഞോനേ, ദയ തന്നുറവിടമേ,
ഞങ്ങളിൽ നിന്നങ്ങേ നോട്ടം മാറ്റരുതേ
ശ്രീഭണ്ഡാരത്തിൽനിന്നും രക്ഷ പകർന്നിടണേ

*കരുണ നിറഞ്ഞോനേ, ദയ തന്നുറവിടമേ,*
*ഞങ്ങളിൽ നിന്നങ്ങേ നോട്ടം മാറ്റരുതേ*
*ശ്രീഭണ്ഡാരത്തിൽനിന്നും രക്ഷ പകർന്നിടണേ*

തവകാരുണ്യത്താൽ പാപികൾ മോചിതരായ്
താവക സമ്പത്താൽ ശൂന്യർ നിറവുള്ളോർ
അങ്ങേ പതിവാൽ ഞങ്ങൾക്കിന്നുത്തരമരുളണമേ

*കരുണ നിറഞ്ഞോനേ, ദയ തന്നുറവിടമേ,*
*ഞങ്ങളിൽ നിന്നങ്ങേ നോട്ടം മാറ്റരുതേ*
*ശ്രീഭണ്ഡാരത്തിൽനിന്നും രക്ഷ പകർന്നിടണേ*

പാപിയെ രക്ഷിക്കാൻ കല്പന നീ നൽകി
തിരുസന്നിധിയല്ലാതില്ലഭയം വേറെ
വൈദ്യോത്തമനേ രക്ഷകനേ തൈലം പൂശണമേ

*കരുണ നിറഞ്ഞോനേ, ദയ തന്നുറവിടമേ,*
*ഞങ്ങളിൽ നിന്നങ്ങേ നോട്ടം മാറ്റരുതേ*
*ശ്രീഭണ്ഡാരത്തിൽനിന്നും രക്ഷ പകർന്നിടണേ*

നിന്നോടല്ലാതെ ആരൊടു കേണീടും
ദാസരെ നോക്കണമേ യാചന കേൾക്കണമേ,
സ്ലീവായല്ലാതൊരു വാതിൽ ഞങ്ങൾക്കറിയേണ്ട
*കരുണ നിറഞ്ഞോനേ, ദയ തന്നുറവിടമേ,*
*ഞങ്ങളിൽ നിന്നങ്ങേ നോട്ടം മാറ്റരുതേ*
*ശ്രീഭണ്ഡാരത്തിൽനിന്നും രക്ഷ പകർന്നിടണേ*

## രണ്ടാം കെറിയാനാ

*(എല്ലാവരും ഇരിക്കുന്നു)*

ശുശ്രൂഷി വിജ്ഞാപനം വായിക്കുന്നു

നിനവെക്കാർ ഒന്നിച്ചുകൂടി അവരുടെ സന്തോഷത്തിലേക്കു യൗനാനെ ക്ഷണിക്കുന്നു. മാനസാന്തരത്തിലൂടെ ഞങ്ങൾക്കു ലഭിച്ചിരിക്കുന്ന പുതുജീവന്റെ കാരണം നിന്റെ സത്യപ്രവചനങ്ങളാണ്. ഇതാ, ദൈവത്തിലുള്ള പ്രത്യാശയിലേക്കു ഞങ്ങളെ എത്തിച്ചിരിക്കുന്നതു നീയാണ്. എന്നാൽ യൗനാൻ നിരാശയിലാണ്. കാരണം പാപംചെയ്യുന്നവൻ മരിക്കണമെന്നാണു ദൈവത്തിന്റെ നീതിയെന്ന് അവൻ അവകാശപ്പെടുന്നു. തന്റെ ഇഷ്ടമനുസരിച്ച് നിനവെക്കാരെ ദൈവം നശിപ്പിക്കാത്തതിൽ യൗനാൻ ദുഃഖിതനാണ്. സ്വന്തം ഇഷ്ടത്തെ ദൈവേഷ്ടത്തിനു കീഴ്പ്പെടുത്താൻ യൗനാൻ പഠിച്ചിരുന്നില്ല. 'എന്റെ ഇഷ്ടമല്ല, അവിടുത്തെ ഇഷ്ടം നിറവേറട്ടെ'യെന്നു നമ്മുടെ കർത്താവ് പ്രാർഥിച്ചതുപോലെയാവണം നമ്മുടെ പ്രാർഥനകൾ. നിനവെക്കാരുടെ ഹൃദയംനുറുങ്ങിയ മാനസാന്തരംകണ്ട് അവരോടു മനസ്സലിവുകാട്ടിയ ദൈവത്തിന്റെ കരുണയിലാണ് നമ്മൾ ആശ്രയിക്കേണ്ടത്.

ദൈവത്തിന്റെ ചിന്ത മനുഷ്യചിന്തയെക്കാൾ എത്രയോ വലുതാണെന്ന് യൗനാൻ ചിന്തിക്കേണ്ടതായിരുന്നു. ദൈവവു

മായി സംസാരിച്ചുകഴിഞ്ഞപ്പോൾ യൗനാന്റെ ചിന്തകൾ മാറി മറിഞ്ഞു. ഇപ്പോൾ അവൻ തന്നത്തന്നെ താഴ്ത്തി.സ്വാർഥം ബലികഴിച്ച് ദൈവേഷ്ടത്തിന്റെ വക്താവായി മാറി. യൗനാനും നിനവെക്കാരും ഇപ്പോൾ ഒന്നിച്ചു മാനസാന്തരമാകുന്ന കപ്പലിൽ യാത്രചെയ്യുകയാണ്. ഇരുവർക്കും സീമാതീതമായ ആന ന്ദമാണ്. അവർ ഒരേസ്വരത്തിൽ പാടി. 'ഹല്ലേലൂയ്യാ. രക്ഷയും മഹത്ത്വവും ശക്തിയും ദൈവമായ കർത്താവിനുള്ളതാണ്.' ഇതാ പുതിയ ആകാശവും പുതിയ ഭൂമിയും. പഴയ പാപ മനുഷ്യന്റെ പ്രവൃത്തികളായ, ദുർന്നടപ്പ്, അശുദ്ധി, ദുഷ്കാമം, ക്രൂരത, വിഗ്രഹാരാധന, ആഭിചാരം, പിണക്കം, പക, വ്യാജം, ക്രോധം, അസൂയ, ഭിന്നത, മദ്യപാനം, കൊലപാതകം എന്നിവ ഇതാ ഒഴിഞ്ഞുപോയിരിക്കുന്നു. ഇവയ്ക്കുപകരം വീണ്ടെടുക്കപ്പെട്ട പുതിയ മനുഷ്യന്റെ ആത്മീയഫലങ്ങളായ വിശ്വാസം, സ്നേഹം, സന്തോഷം, സമാധാനം, സൗമ്യത, വിശ്വസ്തത, പരോപകാരം, ത്യാഗം, സത്യസന്ധത, ദീർഘക്ഷമ എന്നിവ സ്ഥിരപ്രതിഷ്ഠമായിരിക്കുന്നു. മാനസാന്തരംമൂലം ദൈവകൃപയാലാണ് അവർക്ക് ഈ അത്ഭുതം സ്വന്തമായത്. മനംതഴമ്പിച്ചുപോയവർ ഇന്നു മാംസളഹൃദയമുള്ളവരായി മാറിയിരിക്കുന്നു. അവർ ഇപ്പോൾ ദൈവത്തിന്റെ വെളിച്ചമായി രൂപാന്തരപ്പെട്ടുകഴിഞ്ഞു. ദൈവസമാധാനംകൊണ്ട് അവരുടെ ഹൃദയങ്ങൾ നിറഞ്ഞുകവിയുന്നു. ദൈവത്തിനു മഹത്ത്വം പാടിക്കൊണ്ട് യൗനാനും നിനവെക്കാരും ഇതാ രാജധാനിയുടെ മുറ്റത്തെത്തി.അവിടെ സജ്ജമാക്കിയിരിക്കുന്ന ഉയർന്ന വേദിയിലെ സിംഹാസനത്തിലേക്കു രാജാവ് യൗനാനെ ആനയിക്കുന്നു. താഴ്മയുള്ള മനസ്സോടെ നിനവെക്കാർക്കുവേണ്ടി സിംഹാസന സ്ഥനായിരിക്കുന്ന യൗനാനോട് രാജാവും പ്രജകളും തങ്ങളെ ആത്മീയാനുഭവത്തിലേക്കു നയിച്ചതിനു നന്ദിപറഞ്ഞു ദൈവത്തെ സ്തുതിക്കുന്നു. ചാക്കുടുത്തവർ ഇതാ ദൈവതേജസ്സിന്റെ വസ്ത്രം

അണിഞ്ഞിരിക്കുന്നു. ആത്മീയാനന്ദത്താൽ വെളിച്ചത്തിന്റെ ദൈവത്തിന് അവർ സ്തുതികൾ ആലപിച്ചു. നീതിമാന്മാരെ സ്നേഹിക്കുന്ന ദൈവമേ. മാനസാന്തരംമൂലം നീതീകരിക്കപ്പെട്ട നീതിമാന്മാരെക്കൊണ്ട് നിനവെയെ നിറച്ച കർത്താവേ, നിനക്കും നിന്റെ പുത്രനായ ഈശോമിശിഹായ്ക്കും എല്ലാറ്റിനെയും ശുദ്ധീകരിക്കുന്ന റൂഹാദ്ക്കുദ്ശായ്ക്കും ഞങ്ങളുടെ എല്ലാവരുടെയും അധരങ്ങളിൽനിന്ന് ഇതാ എന്നേക്കുമുള്ള മഹത്ത്വം ഞങ്ങളർപ്പിക്കുന്നു. ആമ്മേൻ.

## ബുർക്കാസ

*പ്രധാന കാർമ്മികൻ ബുർക്കാസ ചൊല്ലുന്നു. ഓരോ പാദത്തിന്റെയും ആദ്യവരി ചൊല്ലിക്കഴിയുമ്പോൾ സമൂഹം **'ഏൻ മറിയാ'** (അതേ കർത്താവേ) എന്നുചൊല്ലി നിലംപറ്റെ മുട്ടുകുത്തി കുമ്പിടുന്നു. രണ്ടാംപാദം കഴിയുമ്പോൾ **'ആമ്മേൻ'** എന്നുചൊല്ലി നിവരുന്നു.*

**കാർമ്മി** : കർത്താവേ, അങ്ങയുടെ പരിശുദ്ധിയുടെ സ്വർഗത്തിൽ നിന്ന് ഭൂമിയെ അനുഗ്രഹിക്കേണമേ. ഭൂമിയുടെ നാലു ദിക്കുകളിലും എല്ലാ അതിരുകളിലും നിന്റെ ശാന്തി നിവസിപ്പിക്കണമേ.

**സമൂ** : **ഏൻ മറിയാ**

**കാർമ്മി** : സർവ ജനതകളുടെയും ഇടയിൽനിന്ന് നീ തിരഞ്ഞെടുത്ത പരിശുദ്ധ സഭയെ നിന്നിൽ ഉറപ്പിക്കപ്പെടാൻ തക്കവിധം നിന്റെ വാഗ്ദാനം പാലിച്ചു നിറവേറ്റണമേ.

**സമൂ** : **ആമ്മേൻ.**

**കാർമ്മി** : ലോകത്തിന്റെ നാലുഭാഗങ്ങളിലുമുള്ള മിശിഹായുടെ സഭയെ നയിക്കുന്ന എല്ലാ ശ്രേഷ്ഠ ഇടയന്മാർക്കുവേണ്ടിയും പ്രത്യേകമായി കേപ്പാ ശ്ലീഹായുടെ പിൻഗാമിയായ മാർ *(പേര്)* പാപ്പാ നിന്റെ വലത്തു

കരത്താൽ ഉയർത്തപ്പെടുകയും അദ്ദേഹത്തിന്റെ വലതുകരം എല്ലാ പാഷണ്ഡതകളുടെയുംമേൽ ഉയർന്നുനിൽക്കുകയും ചെയ്യട്ടെ. ഭൂമി മുഴുവനിലുമുള്ള പിതാക്കന്മാരെയും ഇടയന്മാരെയും ശക്തിയുടെ ദണ്ഡിനാൽ നിരന്തരം മഹത്ത്വപ്പെടുത്തണമേ.

**സമൂ : ഏൻ മറിയാ**

**കാർമ്മി :** രോഗികളെ സൗഖ്യപ്പെടുത്തണമേ, മുറിവേറ്റതിനെ വച്ചുകെട്ടണമേ, ഞങ്ങളുടെ ഇടയന്മാരുടെ മാധ്യസ്ഥ്യത്താൽ ദുർബലമായതിനെ താങ്ങണമേ, അവരുടെ പ്രാർഥനകളാൽ നഷ്ടപ്പെട്ടതിനെ അന്വേഷിക്കണമേ.

**സമൂ : ആമ്മേൻ**

**കാർമ്മി :** എല്ലാ ദേശങ്ങളിലും നിനക്കായി പുരോഹിത ശുശ്രൂഷ നിർവഹിക്കുന്ന കശീശാമാരെ വിശുദ്ധിയിലും വിജ്ഞാനത്തിലും നിറയ്ക്കണമേ. സത്യപ്രബോധനവും വേദപ്രമാണങ്ങളും അവരുടെ അധരത്തിൽ നിറയ്ക്കണമേ.

**സമൂ : ഏൻ മറിയാ**

**കാർമ്മി :** എന്റെ കർത്താവേ, ശുശ്രൂഷികളുടെ കാറോസൂസയുടെ സ്വരം നിന്റെ സ്നേഹത്തിന്റെ ഐക്യമായി മാറാൻ അവർക്ക് ആത്മീയകിരീടങ്ങൾ മനയണമേ. എസ്തപ്പാനോസ് സഹദായുടെ മാതൃക അനുകരിച്ച് വിശുദ്ധ ആലയങ്ങളായ തങ്ങളുടെ അവയവങ്ങളെ അവർ നിനക്കായി പവിത്രീകരിക്കട്ടെ.

**സമൂ : ആമ്മേൻ**

**കാർമ്മി :** ഞങ്ങളുടെ കർത്താവേ, സത്യപ്രബോധകരായ മല്പാൻമാരെ ഓർക്കുകയും അവരുടെ ചിന്തകൾക്ക് നിന്റെ രഹസ്യങ്ങളുടെ നിക്ഷേപം തുറന്നുകൊടുക്കുകയും ചെയ്യണമേ.

**സമൂ : ഏൻ മറിയാ**

**കാർമ്മി** : കർത്താവേ, എല്ലാ വിദ്യാഭ്യാസസ്ഥാപങ്ങളെയും അധ്യാപകരെയും വിദ്യാർഥികളെയും ഓർക്കുകയും നിന്റെ ദൈവത്വത്തിന്റെ രഹസ്യങ്ങളിൽ അവരെ പൂരിതരാക്കുകയും ചെയ്യണമേ.

**സമൂ** : **ആമ്മേൻ**

**കാർമ്മി** : ആശ്രമാവാസികളെ സംരക്ഷിക്കണമേ. നിന്റെ സ്നേഹാഗ്നി അവരുടെ ഹൃദയത്തിൽ ജ്വലിക്കട്ടെ. അവരെ മരുഭൂമിയിലെ മാർ അന്തോനീസിന്റെ ശിഷ്യഗണത്തിന്റെ പ്രിയ ഇടത്തേക്കു നയിക്കണമേ.

**സമൂ** : **ഏൻ മറിയാ**

**കാർമ്മി** : ഗായകരെയും സന്ന്യാസികളെയും മഹത്ത്വമണിയിക്കണമേ. അവരെ സ്വർഗ്ഗീയമായ കൃപകളാൽ നയിക്കണമേ.

**സമൂ** : **ആമ്മേൻ**

**കാർമ്മി** : ഞങ്ങളുടെ ഭവനത്തിന്റെമേൽ നിന്റെ കണ്ണുകൾ എന്നേക്കും ഉണ്ടായിരിക്കണമേ. അതിലെ നിവാസികളെ പിശാചിന്റെ ഉപദ്രവങ്ങളിൽനിന്ന് സംരക്ഷിക്കണമേ.

**സമൂ** : **ഏൻ മറിയാ**

**കാർമ്മി** : നല്ലപിതാവേ, അനാഥരെ സഹായിക്കുകയും വിധവകളുടെ ആവശ്യങ്ങൾ നിറവേറ്റുകയും ചെയ്യണമേ.

**സമൂ** : **ആമ്മേൻ**

**കാർമ്മി** : നിന്റെ നാമത്തിൽ മാമ്മോദീസ സ്വീകരിച്ച് ഞങ്ങളിൽ നിന്നു വേർപെട്ട മരിച്ചവരുടെ ഓർമ, സ്വർഗത്തിലും ഭൂമിയിലുമുള്ള സഭയിൽ നിലനിർത്തണമേ.

**സമൂ** : **ഏൻ മറിയാ**

**കാർമ്മി** : ഞങ്ങളുടെ കർത്താവേ, സമൂഹം മുഴുവനെയും അതിന്റെ വരവിലും പോക്കിലും അനുഗ്രഹിക്കേണമേ.

നിന്റെ മാധുര്യമുള്ള കരുണയും കൃപയും അതിൽ വർദ്ധിപ്പിക്കണമേ.

**സമൂ** : **ആമ്മേൻ**

**കാർമ്മി** : നിന്റെ സ്ലീവാ ഞങ്ങളുടെ സഭകൾക്ക് ഉന്നതമായ കോട്ടയായിരിക്കട്ടെ. അതുവഴി ഞങ്ങൾ പിശാചിന്റെ ഉപദ്രവങ്ങളിൽനിന്ന് സംരക്ഷിതരായിരിക്കട്ടെ.

**സമൂ** : **ഏൻ മറിയാ**

**കാർമ്മി** : ആലാഹായായ ദൈവമേ, വിധവയുടെ ചില്ലിക്കാശെന്ന പോലെ പാപിയായ എന്നിൽനിന്നുള്ള സ്വരങ്ങളും കീർത്തനങ്ങളും സ്വീകരിക്കണമേ.

**സമൂ** : **ആമ്മേൻ.**

**കാർമ്മി** : ആലാഹായായ ദൈവമേ, എല്ലാ അധരങ്ങളിൽനിന്നും എല്ലാ നാവുകളിൽനിന്നും ബാവായും പുത്രനും റൂഹാദ്ക്കുദ്ശായുമായ നിനക്ക് സ്തുതി എപ്പോഴും എന്നേക്കും.

**സമൂ** : **ഏൻ മറിയാ**

**മ്ശം** : നമുക്കെല്ലാവർക്കും മുട്ടുകുത്താം.

## ഊനായ

(മാർ അപ്രേം രചിച്ചത്)

*(എല്ലാവരും മുട്ടുകുത്തി നിലംപറ്റെ കുമ്പിടുന്നു)*

മാറൻ എസ്രാഹം അലൈൻ
മാറൻ കമ്പെൽ ബാവൂസൻ
മാറൻ എസ്രാഹം അലൈൻ
മാറൻ എസ്രാ ല്അവ്ദയ്ക്ക്

കർത്താവേ കനിയണമേ, കാരുണ്യം ചെയ്തീടണമേ
യാചനമേൽ ചെവി ചായ്ക്കണമേ
കർത്താവേ കനിയണമേ, കാരുണ്യം ചെയ്തീടണമേ
ദാസരൊടൊരുമയിലാകണമേ.

*(എല്ലാവരും നിലംപറ്റെ കുമ്പിട്ട് എഴുന്നേൽക്കുന്നു.)*

*കാർമ്മികൻ മദ്ബഹായുടെ കവാടത്തിങ്കൽ,*
*ഇടത്തുഭാഗത്തായി ജനാഭിമുഖമായി നിന്നുകൊണ്ട് ചൊല്ലുന്നു.*

## ഹുത്താമ്മ

(മുദ്രവയ്ക്കൽ പ്രാർഥന)

**കാർമ്മി :** പ്രാർഥനകേട്ട് ഉത്തരം നൽകുന്ന ദൈവമേ, ഞങ്ങൾ അങ്ങേക്കു നന്ദിപറയുന്നു. ലോകം മുഴുവനും നിന്റെ നിരന്തരമായ കരുണ വർഷിക്കണമേ. സഭയെയും പുരോഹിതരെയും അനുഗ്രഹിക്കണമേ. ബലിയർപ്പണത്തിൽ അവർ തീക്ഷ്ണമതികളാകട്ടെ. ഭരണാധികാരികളെ നീതിയുള്ളവരാക്കണമേ. അവർ നിനക്കു ജാഗ്രതയുള്ള ദാസരാകട്ടെ. ശെമ്മാശന്മാരെ ശുശ്രൂഷയിൽ ഉത്സുകരാക്കണമേ. ആശ്രമവാസികളെ സഹായിക്കണമേ. ദമ്പതികളെ സ്നേഹത്തിലും വിശ്വസ്തതയിലും നിലനിർത്തണമേ. ദൈവഭയത്തിലും ജ്ഞാനത്തിലും ഞങ്ങളുടെ കുഞ്ഞുങ്ങളെ വളർത്തണമേ.

ഗർഭസ്ഥശിശുക്കളെയും രോഗികളെയും ദുർബലരെയും മാനസികവെല്ലുവിളി നേരിടുന്നവരെയും പരിപാലിക്കണമേ. അഗതികളെയും ദരിദ്രരെയും വിധവകളെയും പോറ്റണമേ. വൃദ്ധരെ പരിപാലിക്കണമേ. യുവാക്കളെയും കുട്ടികളെയും ആത്മീയ സൗന്ദര്യത്താൽ പ്രകാശിപ്പിക്കണമേ. മക്കളില്ലാത്ത ദമ്പതികളിൽ കനിവുണ്ടാകണമെ. പ്രണയക്കുരുക്കിൽ അകപ്പെടുന്നവരെയുംലഹരിക്ക്അടിമപ്പെടുന്നവരെയും നേർവഴി കാട്ടണമേ. തൊഴിൽരഹിതരുടെ അപേക്ഷ കൈവെടിയരുതേ. കരയിലും കടലിലും ആകാശത്തും

യാത്ര ചെയ്യുന്നവരെ സംരക്ഷിക്കേണമേ. പ്രകൃതി ക്ഷോഭങ്ങളിൽനിന്നും പകർച്ചവ്യാധികളിൽനിന്നും ഞങ്ങളെ സംരക്ഷിക്കേണമേ. നിരാശയിൽ കഴിയുന്ന വർക്കു പ്രത്യാശയും നിലവിളിക്കുന്നവർക്ക് ആശ്വാസവും നൽകണമേ.

വിശ്വാസികളിൽനിന്ന് ഇരുളിനെ അകറ്റണമേ. സാത്താന്റെ കെണിയിൽനിന്നും ഞങ്ങളെ സംരക്ഷി ക്കണമേ. അങ്ങയുടെ പരിശുദ്ധനാമത്തെപ്രതി പീഡനങ്ങൾ അനുഭവിക്കുന്നവർക്കു ശക്തി നൽക ണമേ. ലജ്ജയും തണുപ്പുംകൂടാതെ നിനക്കു സാക്ഷ്യം വഹിക്കാൻ ഞങ്ങളുടെ ഹൃദയങ്ങളെ ജ്വലിപ്പിക്ക ണമേ. ചിതറിപ്പോയവരെ അനുരഞ്ജിപ്പിച്ച് ഒരുമിച്ചുകൂട്ടു കയും സഭാഗണത്തിൽ നിർത്തുകയും ചെയ്യണമേ. സത്യത്തിലും സ്നേഹത്തിലും സത്യദൈവമായ നിന്നെ ആരാധിക്കുന്ന യഥാർത്ഥ സഭയായി ഞങ്ങൾ രൂപാന്തരപ്പെടട്ടെ.

ഞങ്ങളുടെ കർത്താവേ, കർഷകരോടു കരുണ കാണിക്കണമേ. അവരുടെ അധ്വാനം ഫലമണിയി ക്കണമേ. ധനികർക്ക് ഔദാര്യശീലം നൽകണമേ. കൂലിക്കാരുടെ അവകാശം നിഷേധിക്കരുതേ. നിന്റെ സങ്കേതം ആടുകൾക്കും ഇടയന്മാർക്കും അഭയമാകട്ടെ. അന്ധർക്കു കാഴ്ചനൽകുന്നവനായ എന്റെ കർത്താവേ, ഞങ്ങൾ നിന്റെ വലത്തുകരത്തിന്റെ പ്രകാശം കാണട്ടെ. മുടന്തരെ സുഖപ്പെടുത്തുകയും ബന്ധിക്കപ്പെട്ടവരെയും അടിമകളെയും മോചിപ്പിക്കുകയും ചെയ്യണമേ.

ഗുണസമ്പന്നരെ ധൈര്യപ്പെടുത്തുകയും അജ്ഞരുടെ ഹൃദയങ്ങളെ തുറക്കുകയും അഹങ്കാരികളെ താഴ്ത്തുകയും ചെയ്യണമേ. മരിച്ചവരെ കരുണാപൂർവം കടാക്ഷിക്കണമേ. സങ്കടപ്പെടുന്നവരെ സന്തോഷിപ്പിക്കണമേ. വലിയവരും ചെറിയവരും നിന്റെ സമൃദ്ധി അനുഭവിക്കട്ടെ.

നിന്റെ വാഗ്ദാനംപോലെ നിന്നെ വിളിച്ചപേക്ഷിക്കുന്ന എല്ലാവരുടെയും യാചനകൾക്ക് ഉത്തരം അരുളണമേ. ഞങ്ങളുടെ പ്രാർഥന, സന്ധ്യയിലും പ്രഭാതത്തിലും നിന്റെ മുൻപിൽ അർപ്പിക്കപ്പെടുന്ന സുരഭില ധൂപം പോലെയാകട്ടെ. ഈറേന്മാരോടൊപ്പം രാത്രിയിൽ ജാഗരിക്കുന്ന ഉത്സാഹികളുടെ യാചന കൈക്കൊള്ളണമേ. സങ്കീർത്തനങ്ങളാൽ നിന്നെ സ്തുതിക്കുന്ന ഗായകരുടെ ശബ്ദം ഉയർത്തണമേ. നിന്റെ രാജ്യം വരേണമേ. നിന്റെ ദാസർ നിന്റെ ഭവനത്തിൽ സംതൃപ്തിയോടെ വസിക്കട്ടെ. എല്ലാ സൃഷ്ടികളിലും നിന്ന് നിനക്കു സ്തുതിയുണ്ടാകട്ടെ. എല്ലാനേരവും ആമ്മേൻ ആമ്മേൻ, ഹാശാ ✠ വവ്കോൽസ്വൻ വല്ആലം അല്മീൻ

സമൂ : ആമ്മേൻ

(എല്ലാവരും പരസ്പരം സമാധാനം നൽകുന്നു.

രണ്ടാം മൗത്വാ സമാപിക്കുന്നു)

ܕܒܥܘܬܐ ܕܢܝܢܘܝܐ

# ബാവൂസായുടെ ബുധൻ

## ഒന്നാം മൗത്വാ

കാർമ്മികൻ തിരുവസ്ത്രങ്ങൾ അണിഞ്ഞു ബേമ്മയിൽ വന്നു പരിശുദ്ധ മദ്ബഹായ്ക്ക് അഭിമുഖമായി നിൽക്കുന്നു. മ്ശംശാനമാർ കാർമ്മികനിൽ നിന്നും സമാധാനം ***(കൈക്കസ്തൂരി)*** സ്വീകരിച്ചു ദൈവജനത്തിനു നൽകുന്നു. എല്ലാവരും പരസ്പരം സമാധാനം നൽകിയതിനുശേഷം ആരംഭിക്കുന്നു.

**കാർമ്മി** : അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി. (3)

**സമൂ** : ആമ്മേൻ. (3)

**കാർമ്മി** : ഭൂമിയിൽ മനുഷ്യർക്കു സമാധാനവും പ്രത്യാശയും എപ്പോഴും എന്നേക്കും.

**സമൂ** : ആമ്മേൻ.

**കാർമ്മി** : സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, *(സമൂഹവും ചേർന്ന്)* അങ്ങയുടെ നാമം പൂജിതമാകണമേ. അങ്ങയുടെ രാജ്യം വരണമേ. അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ. സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ മഹത്ത്വത്താൽ സ്വർഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു. മാലാഖമാരും മനുഷ്യരും അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്ന് ഉദ്ഘോഷിക്കുന്നു.

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ നാമം പൂജിതമാകണമേ. അങ്ങയുടെ രാജ്യം വരണമേ. അങ്ങയുടെ തിരുമനസ്സു സ്വർഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ. ഞങ്ങൾക്ക് ആവശ്യകമായ

ആഹാരം ഇന്നു ഞങ്ങൾക്കു തരണമേ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടും ക്ഷമിക്കണമേ. ഞങ്ങൾ പ്രലോഭനത്തിൽ വീഴാൻ ഇടയാകരുതേ. ദുഷ്ടാരൂപിയിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ. എന്തുകൊണ്ടെന്നാൽ, രാജ്യവും ശക്തിയും മഹത്ത്വവും എന്നേക്കും അങ്ങയുടേതാകുന്നു. ആമ്മേൻ.

**കാർമ്മി** : ബാവായ്ക്കും പുത്രനും റൂഹാദ്ക്കുദ്ശായ്ക്കും സ്തുതി.

**സമൂ** : അനാദിമുതൽ എന്നേക്കും ആമ്മേൻ.

**കാർമ്മി** : സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, *(സമൂഹവും ചേർന്ന്)* അങ്ങയുടെ നാമം പൂജിതമാകണമേ. അങ്ങയുടെ രാജ്യം വരണമേ. അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ. സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ മഹത്ത്വത്താൽ സ്വർഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു. മാലാഖമാരും മനുഷ്യരും അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്ന് ഉദ്ഘോഷിക്കുന്നു.

**മ്ശം** : നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

## സ്ലോസാ

**കാർമ്മി:** മാറൻ വാലാഹൻ, ഞങ്ങളുടെ കർത്താവും ഞങ്ങളുടെ ദൈവവുമായവനേ, കരുണക്കടലേ, കൃപാസമുദ്രമേ, ദയാനിധിയേ, കരുണയുടെ വാതിൽത്തുറന്ന് മനമുരുകുന്നവരെ അനുതാപത്തിലേക്കു വിളിക്കുന്നവനായ ഞങ്ങളുടെ ആലാഹായേ, ബലഹീനരായ ഞങ്ങളുടെ യാചനകൾക്കായി നിന്റെ കരുണയുടെ വാതിൽ തുറന്നുതരണമേ. അതിസമ്പന്നവും

കവിഞ്ഞൊഴുകുന്നതുമായ നിന്റെ നിക്ഷേപാലയത്തിൽനിന്ന് ഞങ്ങളുടെമേൽ അനുഗ്രഹം ചൊരിയണമേ. തന്നെ ഇടവിടാതെ വിളിച്ചപേക്ഷിക്കുന്നവവർക്ക് കൃപകളും ദാനങ്ങളും നിരസിക്കാത്തവനായ നല്ല നാഥാ. മാറാ ദ്കോൽ ആവാ വവ്റാ ഉറൂഹാ ദ്ഖുദ്ശാ ല്അൽമീൻ.

**സമൂ:** ആമ്മേൻ

## ഓനീസ

*(രീതി: സഹദേ ബ്രീകെ)*

**രാജപുത്രി മഹിമയോടെ നിന്നു.**

എളിമ നിറഞ്ഞോളേ,
സഭയുടെ മാതാവേ,
ഈശോ തന്നമ്മേ,
റൂഹാലയമേ തുറമുഖമേ,
കന്യാമാതേ ഞങ്ങൾക്കായ്
പ്രാർത്ഥിക്കണമേ എന്നാളും
നിൻ തിരുസുതനോടെന്നെന്നും
അമ്മേ നീ അഭയം ശരണവുമേ!

**സ്വർഗം സന്തോഷിക്കുകയും ഭൂമി ആനന്ദിക്കുകയും ചെയ്യട്ടെ**

നാഥനെയുദരത്തിൽ
ഏന്തിയൊരമ്മേ നിൻ
ചാരെ അണയുന്നു
സഭയാമമ്മയെ നോക്കണമേ
മക്കളെ ഒരുമയിലാക്കണമേ
ലോകം മുഴുവൻ നിറയട്ടെ
ശാന്തിയുമൈക്യവും അവളാലേ
ദൈവത്തിൻ നാമം വാഴ്ത്തീടാം.

**ജനമെല്ലാം പ്രകീർത്തിക്കട്ടെ**

ആത്മശരീരത്തിൽ
സൗഖ്യം നീയല്ലോ
ഈശോമിശിഹായേ,
നിൻ ദയയാൽ നീ ഞങ്ങൾ തൻ
പാപകടങ്ങൾ മോചിച്ചു
ആത്മാവിനു നീ സുഖമേകി
കുഷ്ഠം നീക്കി വെടിപ്പാക്കി
കുഞ്ഞാടേ, കറയില്ലാത്തവനേ

**കർത്താവേ, വലതുകരം നീട്ടണമേ**

നഷ്ടപ്പെട്ടതിനായ്
ജീവൻ നൽകിയൊനേ,
മാറൻ വാലാഹൻ,
നിൻദയ തന്നുടെ നുകമതിനായ്
എന്നുടെ തോളു കുനിക്കുന്നു
നിന്നുടെ മുന്തിരിവയലിൽ ഞാൻ
മടികൂടാതെൻ പണി ചെയ്യാം
കൂലി തരാതെന്നെ തള്ളരുതേ!

**ബാവായ്ക്കും പുത്രനും റൂഹാദ്ക്കുദ്ശായ്ക്കും സ്തുതി**

നിന്നുടെ സ്നേഹത്താൽ
എന്നെ പൊതിയണമേ
മിശിഹാ കർത്താവേ,
നിൻ മഹിമാവിൻ വീണയതായ്
എൻ നാവിനെ നീ മാറ്റണമേ
എന്നിൽ നിന്നും ഒഴുകട്ടെ
കാഹളനാദം നദിപോലെ
കർത്താവേ കൃപ തന്നുറവിടമേ

**അനാദിമുതൽ അനാദിവരെ**
നാഥാ സകലേശാ
നിന്നുടെ ബലമതിനാൽ
എന്നിൽ ശക്തി തരൂ
നിൻ നിഴലിൽ ഞാനെന്നാളും
അഭയം തേടിയൊളിക്കുന്നു
പാപിനിയവളുടെ മിഴിനീർപോൽ
ചോരൻ തന്നുടെ യാചനപോൽ
ഞാനുമിതാ തേങ്ങുന്നലിയണമേ.

## സങ്കീർത്തനം 145

**മ്ശം** : എന്റെ ആത്മാവേ, കർത്താവിനെ സ്തുതിക്കുക; ആയുഷ്കാലം മുഴുവൻ അവിടത്തെ പുകഴ്ത്തുക. **(കാനോന)** അനുതാപികളെ സ്നേഹിക്കുന്നവനായ മിശിഹായേ, ഞങ്ങളുടെ പ്രാർഥനകൾക്കായി നീ വാതിൽ തുറക്കണമേ, ഞങ്ങളുടെ യാചന കൈക്കൊള്ളണമേ. ഹല്ലേലൂയ്യാ (3)

**കാർമ്മി** : എന്റെ ആത്മാവേ, കർത്താവിനെ സ്തുതിക്കുക; ആയുഷ്കാലം മുഴുവൻ അവിടത്തെ പുകഴ്ത്തുക.

**സമൂ** : അനുതാപികളെ സ്നേഹിക്കുന്നവനായ മിശിഹായേ, ഞങ്ങളുടെ പ്രാർഥനകൾക്കായി നീ വാതിൽ തുറക്കണമേ, ഞങ്ങളുടെ യാചന കൈക്കൊള്ളണമേ.

**കാർമ്മി** : ജീവിച്ചിരിക്കുന്നിടത്തോളം കാലം ഞാൻ എന്റെ ദൈവത്തെ പാടിസ്തുതിക്കും.

**സമൂ** : അനുതാപികളെ സ്നേഹിക്കുന്നവനായ മിശിഹായേ, ഞങ്ങളുടെ പ്രാർഥനകൾക്കായി നീ വാതിൽ തുറക്കണമേ, ഞങ്ങളുടെ യാചന കൈക്കൊള്ളണമേ.

**കാർമ്മി** : അധികാരികളിലോ, മറ്റുള്ളവരിലോ ആശ്രയം വയ്ക്കരുത്; രക്ഷനല്കാൻ അവർക്കു കഴിയുകയില്ല.

**സമൂ** : അനുതാപികളെ സ്നേഹിക്കുന്നവനായ മിശിഹായേ, ഞങ്ങളുടെ പ്രാർഥനകൾക്കായി നീ വാതിൽ തുറക്കണമേ, ഞങ്ങളുടെ യാചന കൈക്കൊള്ളണമേ.

**കാർമ്മി** : ശ്വാസം നിലയ്ക്കുമ്പോൾ അവർ മണ്ണിലേക്കു മടങ്ങുന്നു; അവരുടെ പദ്ധതികളെല്ലാം തകരുന്നു.

**സമൂ** : അനുതാപികളെ സ്നേഹിക്കുന്നവനായ മിശിഹായേ, ഞങ്ങളുടെ പ്രാർഥനകൾക്കായി നീ വാതിൽ തുറക്കണമേ, ഞങ്ങളുടെ യാചന കൈക്കൊള്ളണമേ.

**കാർമ്മി** : യാക്കോബിന്റെ ദൈവം തുണയായുള്ളവൻ ഭാഗ്യവാനാകുന്നു; അവന്റെ ആശ്രയം ദൈവമായ കർത്താവിലാകുന്നു.

**സമൂ** : അനുതാപികളെ സ്നേഹിക്കുന്നവനായ മിശിഹായേ, ഞങ്ങളുടെ പ്രാർഥനകൾക്കായി നീ വാതിൽ തുറക്കണമേ, ഞങ്ങളുടെ യാചന കൈക്കൊള്ളണമേ.

**കാർമ്മി** : ആകാശവും ഭൂമിയും സമുദ്രവും അവയിലുള്ള സമസ്തവും അവിടന്നു സൃഷ്ടിച്ചതാണ്.

**സമൂ** : അനുതാപികളെ സ്നേഹിക്കുന്നവനായ മിശിഹായേ, ഞങ്ങളുടെ പ്രാർഥനകൾക്കായി നീ വാതിൽ തുറക്കണമേ, ഞങ്ങളുടെ യാചന കൈക്കൊള്ളണമേ.

**കാർമ്മി** : അവിടന്ന് എന്നെന്നും സത്യം സംരക്ഷിക്കുന്നു; മർദിതർക്കു നീതിനടത്തുന്നു.

**സമൂ** : അനുതാപികളെ സ്നേഹിക്കുന്നവനായ മിശിഹായേ, ഞങ്ങളുടെ പ്രാർഥനകൾക്കായി നീ വാതിൽ തുറക്കണമേ, ഞങ്ങളുടെ യാചന കൈക്കൊള്ളണമേ.

**കാർമ്മി** : കർത്താവു വിശക്കുന്നവർക്ക് ആഹാരമേകുന്നു; ബന്ധിതരെ സ്വതന്ത്രരാക്കുന്നു.

**സമൂ** : അനുതാപികളെ സ്നേഹിക്കുന്നവനായ മിശിഹായേ, ഞങ്ങളുടെ പ്രാർഥനകൾക്കായി നീ വാതിൽ തുറക്കണമേ, ഞങ്ങളുടെ യാചന കൈക്കൊള്ളണമേ.

**കാർമ്മി** : കർത്താവ് അന്ധരുടെ കണ്ണുതുറക്കുന്നു; കൂനിപ്പോയ വരെ നിവർത്തുന്നു.

**സമൂ** : അനുതാപികളെ സ്നേഹിക്കുന്നവനായ മിശിഹായേ, ഞങ്ങളുടെ പ്രാർഥനകൾക്കായി നീ വാതിൽ തുറക്കണമേ, ഞങ്ങളുടെ യാചന കൈക്കൊള്ളണമേ.

**കാർമ്മി** : കർത്താവു നീതിനിഷ്ഠരെ സ്നേഹിക്കുന്നു; അഗതികളെ പരിപാലിക്കുന്നു.

**സമൂ** : അനുതാപികളെ സ്നേഹിക്കുന്നവനായ മിശിഹായേ, ഞങ്ങളുടെ പ്രാർഥനകൾക്കായി നീ വാതിൽ തുറക്കണമേ, ഞങ്ങളുടെ യാചന കൈക്കൊള്ളണമേ.

**കാർമ്മി** : അനാഥരെയും വിധവകളെയും പോറ്റുന്നു; അധർമി കളുടെ മാർഗം തകർക്കുന്നു

**സമൂ** : അനുതാപികളെ സ്നേഹിക്കുന്നവനായ മിശിഹായേ, ഞങ്ങളുടെ പ്രാർഥനകൾക്കായി നീ വാതിൽ തുറക്കണമേ, ഞങ്ങളുടെ യാചന കൈക്കൊള്ളണമേ.

**കാർമ്മി** : കർത്താവ് എന്നേക്കും വാഴുന്നു; സെഹിയോനേ, നിന്റെ ദൈവം തലമുറകളോളം.

**സമൂ** : അനുതാപികളെ സ്നേഹിക്കുന്നവനായ മിശിഹായേ, ഞങ്ങളുടെ പ്രാർഥനകൾക്കായി നീ വാതിൽ തുറക്കണമേ, ഞങ്ങളുടെ യാചന കൈക്കൊള്ളണമേ.

**കാർമ്മി** : ബാവായ്ക്കും പുത്രനും റൂഹാദ്ക്കുദ്ശായ്ക്കും സ്തുതി

**സമൂ** : അനാദി മുതൽ എന്നേക്കും ആമ്മേൻ.

**മ്ശം** : അനുതാപികളെ സ്നേഹിക്കുന്നവനായ മിശിഹായേ, ഞങ്ങളുടെ പ്രാർഥനകൾക്കായി നീ വാതിൽ

തുറക്കണമേ, ഞങ്ങളുടെ യാചന കൈക്കൊള്ളണമേ.
ഹല്ലേലൂയ്യാ (3)

**മ്ശം** : നമുക്കെല്ലാവർക്കും മുട്ടുകുത്താം.

## ഊനായ

(മാർ അപ്രേം രചിച്ചത്)

*(എല്ലാവരും മുട്ടുകുത്തി നിലംപറ്റെ കുമ്പിടുന്നു)*

മാറൻ എസ്രാഹം അലൈൻ
മാറൻ കമ്പെൽ ബാവൂസൻ
മാറൻ എസ്രാഹം അലൈൻ
മാറൻ എസ്രാ ല്അവ്ദയ്ക്ക്

കർത്താവേ കനിയണമേ, കാരുണ്യം ചെയ്തീടണമേ
യാചനമേൽ ചെവി ചായ്ക്കണമേ
കർത്താവേ കനിയണമേ, കാരുണ്യം ചെയ്തീടണമേ
ദാസരൊടൊരുമയിലാകണമേ.

*(എല്ലാവരും നിലംപറ്റെ കുമ്പിട്ട് എഴുന്നേൽക്കുന്നു.)*

**മ്ശം** : നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

## സ്ലോസാ

**കാർമ്മി** : മാറൻ വാലാഹൻ, ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ, ഹൃദയംനുറുങ്ങി നിലവിളിക്കുന്ന ഈ മക്കളെ ആശ്വസിപ്പിക്കണമേ. നിന്റെ കർത്തൃത്വത്തിന്റെ വാതിൽക്കൽ മുട്ടുന്ന ആട്ടിൻകൂട്ടമായ ഞങ്ങളുടെ പ്രാർഥനകൾ നീ നിരസിക്കരുതേ. പാതാളവാതിലുകളോ ദുഷ്ടശത്രുവോ നിനക്കെതിരായി പ്രബലപ്പെടുകയില്ലെന്ന് നിന്റെ സഭയോട് തലമുറകളായി നീ ചെയ്ത വാഗ്ദാനം ഞങ്ങളിലും പൂർത്തിയാക്കണമേ. മാറാ ദ്കോൽ ല്അൽമീൻ.

**സമൂ** : ആമ്മേൻ

## തെശ്ബൊഹ്ത്താ

*(രീതി: എസ്പൻ അൽ സ്ലോസാ... മുൾച്ചെടികൾക്കിടയിൽ...)*

കരുണ പൊഴിക്കണമേ കർത്താവേ കനിവേ,
പാപമതിൻമേൽ നിൻ മിഴികളയക്കണമേ

വൈദ്യോത്തമനേ നിൻ സ്പർശനമതിനാലെൻ
അണുബാധകളെല്ലാം ദൂരെയകറ്റണമേ

മാനവ വംശത്തിൻ നൊമ്പരമറിവോനേ
നിന്നുടെ നന്മകളാൽ കറകൾ കഴുകണമേ

ഞങ്ങടെ മുറിവുകളിൽ നിൻ കൃപചിന്തണമേ
ഇരുളിൻ നയനങ്ങൾ പൊന്നൊളിചൂടട്ടെ

കൃപയുടെ പനിമഞ്ഞാൽ കറകൾ കഴുകണമേ
ത്രിത്വ സ്തുതിയതിനാൽ ഹൃദയം കവിയട്ടെ!

## ഊനായ

(മാർ അപ്രേം രചിച്ചത്)

*(എല്ലാവരും മുട്ടുകുത്തി നിലംപറ്റെ കുമ്പിടുന്നു)*

മാറൻ എസ്രാഹം അലൈൻ
മാറൻ കമ്പെൽ ബാവൂസൻ
മാറൻ എസ്രാഹം അലൈൻ
മാറൻ എസ്രാ ല്അവ്ദയ്ക്ക്

കർത്താവേ കനിയണമേ, കാരുണ്യം ചെയ്തീടണമേ
യാചനമേൽ ചെവി ചായ്ക്കണമേ
കർത്താവേ കനിയണമേ, കാരുണ്യം ചെയ്തീടണമേ
ദാസരൊടൊരുമയിലാകണമേ.

*(എല്ലാവരും നിലംപറ്റെ കുമ്പിട്ട് എഴുന്നേൽക്കുന്നു.)*

## കാറോസൂസാ

**മ്ശം** : നമുക്കെല്ലാവർക്കും അനുതാപത്തോടും ശ്രദ്ധയോടും കൂടെ നിന്ന് മാറൻ എസ്രാഹം അലൈൻ എന്ന് അപേക്ഷിക്കാം.

**സമൂ** : മാറൻ എസ്രാഹം അലൈൻ

**മ്ശം** : നിത്യമായ നന്മയും തന്റെ നന്മയിൽനിന്ന് വ്യതിചലിക്കാത്തവനുമായ നല്ല ദൈവമേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

**സമൂ** : മാറൻ എസ്രാഹം അലൈൻ

**മ്ശം** : തന്റെ കരുണയാൽ സർവവും നിയന്ത്രിക്കുന്ന മിശിഹായേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

**സമൂ** : മാറൻ എസ്രാഹം അലൈൻ

**മ്ശം** : തന്റെ കൃപയാൽ ഞങ്ങളെ സൃഷ്ടിക്കുകയും കരുണയാൽ ഞങ്ങൾക്കു രൂപം നൽകുകയും ചെയ്ത ദൈവമേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

**സമൂ** : മാറൻ എസ്രാഹം അലൈൻ

**മ്ശം** : തന്റെ കരുണയാൽ ഞങ്ങളെ സന്ദർശിക്കുകയും കൃപയാൽ ഞങ്ങളെ രക്ഷിക്കുകയും ചെയ്ത മിശിഹായേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

**സമൂ** : മാറൻ എസ്രാഹം അലൈൻ

**മ്ശം** : വിഗ്രഹാരാധനയിൽനിന്ന് ലോകത്തെ പിന്തിരിപ്പിക്കാൻ തന്റെ നിവ്യാമാരെ അയച്ച ദൈവമേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

**സമൂ** : മാറൻ എസ്രാഹം അലൈൻ

**മ്ശം** : പിശാചിനാൽ വഞ്ചിക്കപ്പെടുന്നതിൽനിന്നും ജനതകളെ തടയുന്നതിനായി തന്റെ ശ്ലീഹന്മാരെ അയച്ച മിശിഹായേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

**സമൂ** : മാറൻ എസ്രാഹം അലൈൻ

## ശഹലെപ്പ്

*(മുട്ടുകുത്തുന്നു)*

**മ്ശം** : ഞങ്ങളുടെ പ്രാർഥനകേട്ടു ഞങ്ങളിൽ കനിയണമേ

**സമൂ** : ഞങ്ങളുടെ കർത്താവേ ഞങ്ങളിൽ കനിയണമേ.

*(തുടരുന്നു)*

ബ്രാ മ്സോമായാ
*റാഹേം അലൈൻ*

ശ്മാ ബാവൂസൻ
*റാഹേം അലൈൻ*

ബ്രാ ഈഹീദായാ
*റാഹേം അലൈൻ*

മ്ശിഹാ സവ്റൻ
*റാഹേം അലൈൻ*

ഓ ഹന്നാനാ
*റാഹേം അലൈൻ*

ഓ മ്റഹ്മാനാ
*റാഹേം അലൈൻ*

ഓ മ്റഹ്പ്പാനാ
*റാഹേം അലൈൻ*

ആത്തേ ഹത്താഹേ
*റാഹേം അലൈൻ*

ശാവേക്ക് ഹൗബേ
*റാഹേം അലൈൻ*

മാസേ കേബേ
*റാഹേം അലൈൻ*

മാഹേ മീസേ
*റാഹേം അലൈൻ*

*(തുടരുന്നു)*

**മ്ശം** : ഞങ്ങളുടെ പ്രാർഥനകേട്ടു ഞങ്ങളിൽ കനിയണമേ

**സമൂ** : ഞങ്ങളുടെ കർത്താവേ ഞങ്ങളിൽ കനിയണമേ.

*(എഴുന്നേൽക്കുന്നു)*

**മ്ശം** : ലോകം മുഴുവന്റെയും എല്ലാ സഭകളുടെയും ശാന്തിയും ഐക്യവും സുസ്ഥിതിയും ഞങ്ങൾ അപേക്ഷിക്കുന്നു.

**സമൂ** : മാറൻ എസ്രാഹം അലൈൻ

**മ്ശം** : ഞങ്ങളുടെ രാജ്യത്തിനും എല്ലാ രാജ്യങ്ങൾക്കും അവയിൽ വസിക്കുന്ന വിശ്വാസികൾക്കുംവേണ്ടി ഞങ്ങൾ അപേക്ഷിക്കുന്നു .

**സമൂ** : മാറൻ എസ്രാഹം അലൈൻ

**മ്ശം** : അനുകൂലമായ കാലാവസ്ഥയ്ക്കും സുഭിക്ഷമായ വത്സരത്തിനും സമൃദ്ധമായ വിളകൾക്കും ലോകം മുഴുവന്റെയും നവീകരണത്തിനുംവേണ്ടി ഞങ്ങൾ അപേക്ഷിക്കുന്നു

**സമൂ** : മാറൻ എസ്രാഹം അലൈൻ

**മ്ശം** : ലോകത്തിന്റെ നാലുഭാഗങ്ങളിലുമുള്ള മിശിഹായുടെ സഭയെ നയിക്കുന്ന എല്ലാ ശ്രേഷ്ഠ ഇടയന്മാർക്കു വേണ്ടിയും പ്രത്യേകമായി കേപ്പാ ശ്ലീഹായുടെ പിൻഗാമിയായ മാർ *(പേര്)* പാപ്പായ്ക്കും മാർത്തോമ്മാ ശ്ലീഹായുടെ പിൻഗാമിയും അഖിലേന്ത്യയുടെ മെത്രാപ്പോലീത്തായും കവാടവുമായ മാർ *(പേര്)* മെത്രാപ്പോലീത്തായ്ക്കും വേണ്ടിയും ഞങ്ങളുടെ അതിരൂപതാധ്യക്ഷനായ മാർ *(പേര്)* മെത്രാപ്പോലീത്തായ്ക്കും രൂപതാധ്യക്ഷനായ മാർ *(പേര്)* മെത്രാനും മറ്റെല്ലാ മേല്പട്ടക്കാർക്കുവേണ്ടിയും അവരുടെ

സഹശുശ്രൂഷകരായ എല്ലാവരുടേയും ആരോഗ്യ ത്തിനുവേണ്ടിയും നിന്നോടു ഞങ്ങൾ യാചിക്കുന്നു.

**സമൂ** : മാറൻ എസ്രാഹം അലൈൻ.

**മ്ശം** : തന്റെ കരുണയാൽ സകലത്തെയും പരിപാലിക്കുന്ന കാരുണ്യവാനായ ദൈവമേ, ഞങ്ങൾ അപേക്ഷിക്കുന്നു.

**സമൂ** : മാറൻ എസ്രാഹം അലൈൻ.

**മ്ശം** : കരുണാസമ്പന്നനുംകരുണയുടെപ്രവാഹവുമായവനേ, ഞങ്ങൾ അപേക്ഷിക്കുന്നു.

**സമൂ** : മാറൻ എസ്രാഹം അലൈൻ.

**മ്ശം** : പ്രകൃത്യാ നന്മ തന്നെയായവനും സകല നന്മകളുടെയും ദാതാവുമായവനേ, ഞങ്ങൾ അപേക്ഷിക്കുന്നു.

**സമൂ** : മാറൻ എസ്രാഹം അലൈൻ

**മ്ശം** : സ്വർഗത്തിൽ സ്തുതിക്കപ്പെടുന്നവനും ഭൂമിയിൽ ആരാധിക്കപ്പെടുന്നവനുമായവനേ, ഞങ്ങൾ അപേക്ഷിക്കുന്നു.

**സമൂ** : മാറൻ എസ്രാഹം അലൈൻ

**മ്ശം** : പ്രകൃത്യാ മരണമില്ലാത്തവനും ഉജ്ജ്വലപ്രകാശത്തിൽ വസിക്കുന്നവനുമായവനേ, ഞങ്ങൾ അപേക്ഷിക്കുന്നു

**സമൂ** : മാറൻ എസ്രാഹം അലൈൻ

**മ്ശം** : ഞങ്ങളുടെ മിശിഹാ തമ്പുരാനേ, ഞങ്ങൾ ഏവരെയും നിന്റെ കൃപയാൽ രക്ഷിക്കണമേ. നിന്റെ ശാന്തിയും സമാധാനവും ഞങ്ങളിൽ വർധിപ്പിച്ച് ഞങ്ങളുടെമേൽ കരുണയായിരിക്കണമേ.

**സമൂ** : ആമ്മേൻ

**മ്ശം** : നമുക്കെല്ലാവർക്കും മുട്ടുകുത്താം

## ഊനായ

(മാർ അപ്രേം രചിച്ചത്)

*(എല്ലാവരും മുട്ടുകുത്തി നിലംപറ്റെ കുമ്പിടുന്നു)*

മാറൻ എസ്രാഹം അലൈൻ
മാറൻ കമ്പെൽ ബാവൂസൻ
മാറൻ എസ്രാഹം അലൈൻ
മാറൻ എസ്രാ ല്അവ്ദയ്ക്ക്

കർത്താവേ കനിയണമേ, കാരുണ്യം ചെയ്തീടണമേ
യാചനമേൽ ചെവി ചായ്ക്കണമേ
കർത്താവേ കനിയണമേ, കാരുണ്യം ചെയ്തീടണമേ
ദാസരൊടൊരുമയിലാകണമേ.

*(എല്ലാവരും നിലംപറ്റെ കുമ്പിട്ട് എഴുന്നേൽക്കുന്നു.)*

**മ്ശം** : നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

## സ്ലോസാ

(മാർ ഏലിയ രചിച്ചത്)

**കാർമ്മി** : അറിവിന്റെയും കരുണയുടെയും ആഴക്കടലേ, ഗീഹോൻ നദിപോലെ അനുഗ്രഹങ്ങൾ ഒഴുക്കുന്നവനേ, പീഷോൻ നദിപോലെ കൃപയുടെ പ്രവാഹമേ, തന്റെ സ്വഭാവത്താൽ നന്മമാത്രമായവനേ, നീ അനാദിയും നീതിമാനുമാകുന്നു. നിന്നോടു ഞങ്ങൾ നെഞ്ചുനുറുങ്ങി അപേക്ഷിക്കുന്നു. കർത്താവേ, നിന്റെ കരുണയാൽ ഞങ്ങളിലേക്കു തിരിയണമേ. നിന്റെ സ്നേഹത്താൽ ഞങ്ങളെ നോക്കണമേ. ഞങ്ങളിലേക്ക് ഇറങ്ങിവരേണമേ. ഞങ്ങളുടെ കുറവുകളും പോരായ്മകളും പൊറുത്തു ഞങ്ങളെ ശ്രവിക്കണമേ. ഞങ്ങളുടെ പാപാവസ്ഥകണ്ടു നിന്റെ

മനസ്സ് അലിയണമേ. ഔദാര്യത്തോടെ നന്മകൾ വർഷിക്കുന്ന നിന്റെ കരുണ ഞങ്ങളെ ചേർത്തു പിടിക്കട്ടെ. നിന്റെ കാരുണ്യത്താൽ ഞങ്ങളിൽനിന്ന് ദുഷ്ടതയും കലഹങ്ങളും രോഗങ്ങളും കാലാവസ്ഥയുടെ കെടുതികളും അണുബാധകളും അസത്യപ്രചരണങ്ങളും ഇല്ലാതാകട്ടെ. വിലാപവും വിളിച്ചപേക്ഷിക്കലുമായി നിന്റെ മുൻപിൽ അണഞ്ഞവരെ പരിഗണിക്കണമേ. രാത്രിയിൽ ജാഗരണം അനുഷ്ഠിക്കുന്നവരുടെ യാചനകളാലും നീതിമാന്മാരുടെ അപേക്ഷകളാലും ധർമിഷ്ഠരുടെ കാരുണ്യപ്രവൃത്തികളാലും നിവ്യാമാരുടെ നിലവിളികളാലും ശ്ലീഹന്മാരുടെ അർഥനകളാലും മല്പാന്മാരുടെ സത്യപ്രബോധനത്താലും ഭരണാധികാരികളുടെ കരുതലിനാലും അജപാലകരുടെ ജാഗ്രതയാലും അഭയാർത്ഥികളുടെ കഷ്ടപ്പാടിനാലും ഒന്നുമില്ലാത്തവരുടെ ദൈന്യത്താലും കൃഷിക്കാരുടെ അധ്വാനത്താലും സഹദേമാർ ചിന്തിയ രക്തത്താലും മൗദേനന്മാരുടെ സഹനങ്ങളാലും പരിശുദ്ധന്മാരുടെ ഗണങ്ങളാലും മാലാഖമാരുടെ ഒമ്പതുനിരകളാലും കർത്താവേ, കാരുണ്യത്തോടെ ഞങ്ങളെ കടാക്ഷിക്കണമേ. വത്സലനിധിയായ പിതാവിനെപ്പോലെ ഞങ്ങളോടു കരുണ കാണിക്കണമേ. എന്തെന്നാൽ നീ ദീർഘക്ഷമയുള്ളവനും കൃപയും സത്യവും നിറഞ്ഞവനുമാകുന്നു. മാറാ ദ്കോൽ ആവാ വവ്റാ ഉറൂഹാദ്ക്കുദ്ശാ ല്അൽമീൻ

**സമൂ** : ആമ്മേൻ. ബാറേക് മാർ

## ഹ്വർസാ

(സഹ സ്ലോസാ)

**കാർമ്മി** : ഞെരുങ്ങുന്നവരുടെ നിലവിളികേൾക്കുന്നവനേ, അനുതാപികളുടെ യാചന തള്ളിക്കളയാത്തവനേ, കഷ്ടപ്പെടുന്നവരുടെ കെട്ടുകൾ അഴിക്കുന്നവനേ, ബലഹീനർക്കു ശക്തിപകരുന്നവനേ, വീഴുന്നവരെ എഴുന്നേൽപ്പിക്കുന്നവനേ, നാശത്തിൽ ചരിക്കുന്നവരെ കൃപയാൽ അന്വേഷിച്ചു കണ്ടെത്തുന്നവനേ, തന്റെ കരുണയാൽ രോഗികളെ സന്ദർശിക്കുന്നവനേ, തന്റെ പ്രവൃത്തികളാൽ അദ്ഭുതങ്ങൾ ചെയ്യുന്നവനേ, പാപികളായ അടിയങ്ങൾ തിരുമുൻപാകെ സമർപ്പിച്ചതും സമർപ്പിക്കുന്നതുമായ പ്രാർഥനകളും അപേക്ഷകളും നീ കൈക്കൊള്ളണമേ. നിന്നെ വിളിച്ചപേക്ഷിക്കാനുള്ള പുത്രസ്ഥാനം നീ ഞങ്ങൾക്കു നൽകിയിരിക്കുന്നതിനാൽ കർത്താവേ, ഞങ്ങളുടെ അപേക്ഷകൾ കൈക്കൊള്ളണമേ. തന്നെ ആശ്രയിക്കുന്നവരെ കൈപിടിച്ചു നടത്തുന്ന സ്നേഹമേ, മാറാ ദ്കോൽ ആവാ വവ്റാ ഉറൂഹാദ്ക്കുദ്ശാ ല്അൽമീൻ.

**സമൂ** : ആമ്മേൻ.

**മ്ശം** : നമുക്കെല്ലാവർക്കും മുട്ടുകുത്താം.

## ഊനായ

(മാർ അപ്രേം രചിച്ചത്)

*(എല്ലാവരും മുട്ടുകുത്തി നിലംപറ്റെ കുമ്പിടുന്നു)*

മാറൻ എന്രാഹം അലൈൻ
മാറൻ കമ്പെൽ ബാവൂസൻ
മാറൻ എന്രാഹം അലൈൻ
മാറൻ എന്രാ ല്അവ്ദയ്ക്ക്

കർത്താവേ കനിയണമേ, കാരുണ്യം ചെയ്തീടണമേ
യാചനമേൽ ചെവി ചായ്ക്കണമേ
കർത്താവേ കനിയണമേ, കാരുണ്യം ചെയ്തീടണമേ
ദാസരൊടൊരുമയിലാകണമേ.

*(എല്ലാവരും നിലംപറ്റെ കുമ്പിട്ട് എഴുന്നേൽക്കുന്നു.)*

## ഒന്നാം കെറിയാനാ

*(എല്ലാവരും ഇരിക്കുന്നു)*

*ശുശ്രൂഷി വിജ്ഞാപനം വായിക്കുന്നു*

അനശ്വരമായ ആത്മാവിന്റെ ഔഷധത്താൽ പ്രപഞ്ചത്തെ വരയ്ക്കുന്നവനേ, ഞങ്ങളുടെ മനസ്സിൽനിന്നും ഇരുട്ടിന്റെ മലിനതയെ ശുദ്ധീകരിക്കണമേ. ഞങ്ങളുടെ ശരീരത്തെ സൃഷ്ടിച്ച് അതിൽ ജീവശ്വാസം ഊതുന്നവനേ, ലോകമോഹങ്ങളിൽ ചാഞ്ചാടുന്ന ഞങ്ങളുടെ മനസ്സിനെ സ്ഥിരമാക്കി നിർത്തണമേ. സ്വർഗത്തെയും ഭൂമിയെയും മനുഷ്യനിൽ ഉള്ളടക്കം ചെയ്ത സ്രഷ്ടാവേ, അങ്ങയുടെ മഹാവൈഭവത്തെ ആരു വിവരിക്കും? മനുഷ്യനെ തന്റെ സാദൃശ്യത്തിൽ സൃഷ്ടിച്ച് പേരുചൊല്ലി അവനെ വിളിച്ച് അവനെ മഹാദ്ഭുതമാക്കിയ അങ്ങയുടെ സ്നേഹം അനന്തവും അവർണനീയവുമാകുന്നു. സ്വപുത്രനെ അയച്ചുകൊണ്ട് അവനെ നിത്യജീവന് അവകാശിയാക്കിയ അങ്ങയെ ഞങ്ങൾ വാഴ്ത്തുന്നു. തന്റെ പുത്രനായ ഈശോമിശിഹായുടെയും റൂഹാദ്ക്കുദ്ശായുടെയും ദർശനംനൽകി അവന്റെ മനുഷ്യപദവിയെ അത്യുന്നതത്തോളം ദൈവം ഉയർത്തി. എന്നാൽ നമ്മുടെ ബലഹീനതകളെപ്പറ്റി നമ്മൾ ബോധമുള്ളവരായിരിക്കണം. ദൈവജ്ഞാനമാകുന്ന സമുദ്രത്തിന്റെ ആഴത്തിലേക്കിറങ്ങി, ദൈവികരഹസ്യങ്ങളെ മനസ്സിലാക്കാൻ മനുഷ്യൻ ശ്രമിക്കുമ്പോൾ കടലിൽ നടന്ന കേപ്പായെപ്പോലെ അവനും വിറയലുണ്ടാവുന്നു. ദൈവവചനമാകുന്ന സമുദ്രത്തിലേക്കു നമ്മൾ ഇറങ്ങുമ്പോൾ,

ലോകത്തിന്റെ കാറ്റും കോളുംകൊണ്ട് പരിഭ്രമിക്കുകയെന്നത് സ്വാഭാവികമാണ്. ഒന്നുമാത്രമേ ഇവിടെ നമ്മൾക്ക് ചെയ്യാനുള്ളൂ. 'കർത്താവേ, ഞങ്ങളെ രക്ഷിക്കേണമേ'യെന്ന് അപേക്ഷിക്കുക. നമ്മുടെയും സഹോദരങ്ങളുടെയും ബലഹീനതകളോർത്ത് ദൈവത്തെ വിളിച്ചപേക്ഷിക്കുക. കർത്താവ് കരുണതോന്നി നമ്മുടെ ശരീരത്തിന്റെ ബലഹീനതയെ പരിഹരിച്ചു നമ്മളെ ശുദ്ധീകരിക്കുന്നു.

## രണ്ടാം കെറിയാനാ

*ശുശ്രൂഷി വിജ്ഞാപനം വായിക്കുന്നു*

മനുഷ്യൻ കോതമ്പിന്റെയോ ധാന്യത്തിന്റെയോ വെറും ചെറുമണിയാണ്. അഴിയുന്ന വിത്തിനെ ദൈവം ഉയിർപ്പിക്കുന്നു, മുളപ്പിക്കുന്നു, ഫലം ചൂടിക്കുന്നു. മനുഷ്യൻ അതു ശേഖരിക്കുകയും ചെയ്യുന്നു. മനുഷ്യജീവിതവും ഇങ്ങനെതന്നെ. ജനിക്കുന്നു, വളരുന്നു, ജീവിതയാത്രയിൽ ഫലം സംഭരിക്കുന്നു. രാപകൽ ഇതിനായി അവൻ യുദ്ധം ചെയ്യുന്നു. ജീവൻ നിലനിർത്താനും ശരീരത്തിന്റെ ഞെരുക്കങ്ങൾ വിജയിക്കാനും അവൻ പോരാടുന്നു. കൊടുംവരൾച്ചയിലും അതിവർഷത്തിലും വിളവിനെയോർത്ത് അവൻ ആകുലപ്പെടുന്നു. താൻ വിതച്ച വിത്തിനെപ്രതി മനുഷ്യൻ ക്ലേശിക്കുന്നു. എല്ലാം അനുകൂലമായി നല്ല വിളവു ലഭിച്ചാൽ അവന് അഹങ്കാരം ഉണ്ടാകുന്നു. ശരീരത്തെപ്രതി വേവലാതിപ്പെടുന്ന മനുഷ്യൻ തന്റെ ആത്മാവിനെപ്പറ്റി അല്പ മെങ്കിലും ചിന്തിക്കുന്നുണ്ടോ? മണ്ണിൽ അഴിയുന്ന ശരീരത്തേക്കാൾ അനശ്വരമായ ആത്മാവിനെക്കുറിച്ചല്ലേ അവൻ ആകുലപ്പെടേണ്ടത്? ആത്മാവിനു നല്ല പങ്കുലഭിക്കാനാവണം അവന്റെ അധ്വാനം. നശ്വരമായ ഈ ലോകത്തെയും ജഡത്തെയും പിന്തള്ളി, അനശ്വരമായ ഞങ്ങളുടെ ആത്മാക്കൾക്കു സ്വർഗഭാഗ്യം നൽകണമേയെന്നു നമുക്കു പ്രാർഥിക്കാം.

## മദ്‌രാശ

*(എല്ലാവരും എഴുന്നേൽക്കുന്നു)*

*(രീതി : തൂയൈ)*

ദാവീദിനൊടെന്നതുപോലെ
ഞങ്ങളൊടും ദയ തോന്നണമേ
അവനൊടു ചൊല്ലിയ മൊഴിയതിനാൽ
പാപവിമോചനമേകണമേ.

*ദാവീദിനൊടെന്നതുപോലെ*
*ഞങ്ങളൊടും ദയ തോന്നണമേ*
*അവനൊടു ചൊല്ലിയ മൊഴിയതിനാൽ*
*പാപവിമോചനമേകണമേ.*

മോചിക്കണമേ പാപങ്ങൾ
കഴുകണമേ നിൻ നിണമതിനാൽ
സാത്താൻ വീണു നശിക്കട്ടെ
ഞങ്ങൾ മോചിതരാകട്ടെ.

*ദാവീദിനൊടെന്നതുപോലെ*
*ഞങ്ങളൊടും ദയ തോന്നണമേ*
*അവനൊടു ചൊല്ലിയ മൊഴിയതിനാൽ*
*പാപവിമോചനമേകണമേ.*

സാത്താൻ മനയും നിഗളത്തെ
വചനത്താൽ നീ നീക്കണമേ
ദാവീദിനെയെന്നതുപോലെ
ഞങ്ങളെയും നീ കൊള്ളണമേ

*ദാവീദിനൊടെന്നതുപോലെ*
*ഞങ്ങളൊടും ദയ തോന്നണമേ*
*അവനൊടു ചൊല്ലിയ മൊഴിയതിനാൽ*
*പാപവിമോചനമേകണമേ.*

ശിക്ഷാ ദണ്ഡനമതിൽനിന്നും
ഞങ്ങളെ രക്ഷിച്ചീടണമേ
പിഴകൾ ചെയ്തവരാണങ്ങേ
കരുണയതൊന്നേ തണലുള്ളൂ.

*ദാവീദിനൊടെന്നതുപോലെ*
*ഞങ്ങളൊടും ദയ തോന്നണമേ*
*അവനൊടു ചൊല്ലിയ മൊഴിയതിനാൽ*
*പാപവിമോചനമേകണമേ.*

## മൂന്നാം കെറിയാനാ

*(എല്ലാവരും ഇരിക്കുന്നു)*

*ശുശ്രൂഷി വിജ്ഞാപനം വായിക്കുന്നു*

ഹെസക്യായുടെ പ്രാർഥനകേട്ട്, ഏശയ്യായിലൂടെ ഉത്തരം അരുളി, ഓറശ്ലേമിനെ അസീറിയൻ സൈന്യങ്ങളിൽനിന്ന് അദ്ഭുതകരമായി രക്ഷിച്ച ദൈവമേ, ഞങ്ങളെ ചുറ്റിയിരിക്കുന്ന സാത്താന്റെ സൈന്യനിരകളിൽനിന്നു ഞങ്ങളെ കാത്തുകൊള്ളണമേ. ധൂർത്തരായ ഞങ്ങൾ നിന്റെ സ്നേഹം അറിയാതെ വിദൂരങ്ങളിൽ ഓടിയലഞ്ഞു. നിന്റെ സ്നേഹം ഞങ്ങളെ അപ്പോഴും തിരഞ്ഞുകൊണ്ടിരുന്നു. മാനസാന്തരപ്പെട്ട മുടിയനായ പുത്രനെ ദൈവം ആലിംഗനംചെയ്തു സ്വീകരിച്ചതു കൂലിക്കാരനായിട്ടല്ല, തന്റെ അരുമയായിട്ടാണ്. ദൈവമേ, ഞങ്ങളെ സ്വീകരിക്കേണമേ. നിന്റെ പുത്രന്റെ പെസഹാരഹസ്യങ്ങളുടെ ആഘോഷമായ പരിശുദ്ധ കുർബാന അർപ്പിക്കാൻ ഞങ്ങളെ ഒരുക്കണമേ. ഞങ്ങളുടെ അവയവങ്ങളിൽ അധികാരം നടത്തുന്ന പാപത്തിന്റെ ശക്തിയെ നീക്കിക്കളഞ്ഞു രക്ഷയും നിത്യജീവനും ഞങ്ങൾക്കു നൽകണമേ. മാനസാന്തരപ്പെടുന്ന പാപിയെച്ചൊല്ലി മാലാഖമാർക്കിടയിൽ സന്തോഷം ഉണ്ടാകുമെന്ന് അരുൾച്ചെയ്ത ദൈവമേ,

അനുതപിക്കുന്ന ഞങ്ങളെച്ചൊല്ലി മാലാഖവൃന്ദത്തോടൊപ്പം അങ്ങു സന്തോഷിക്കണമേ. അന്നന്നുവേണ്ട അപ്പം ഞങ്ങൾക്കു നൽക ണമേ. ഞങ്ങൾക്കു മഴ തരണമേ. നിന്റെ കരുണയുടെ വാതിൽക്കൽ ഞങ്ങൾ ഇതാ മുട്ടുന്നു. കർത്താവേ, കുറവുള്ളതെങ്കിലും നിന്റെ മഹത്ത്വത്തിനായി ഞങ്ങൾ ഉയർത്തുന്ന സ്തുതികളിൽ കരുണ ഉണ്ടാകണമേ. അതിക്രമംനിമിത്തം കലങ്ങിയിരിക്കുന്ന ഞങ്ങളുടെ ഹൃദയങ്ങളെ പ്രസന്നമാക്കണമേ. നിന്നോടു രമ്യതയിലാകാൻ ഞങ്ങളെ സഹായിക്കണമേ. ഞങ്ങളുടെ വായ്കൾ നിന്റെ സ്തുതി ഉയർത്തട്ടെ. കർത്താവേ, ഞങ്ങളുടെ പ്രാർഥനകൾവഴി നിന്റെ നിക്ഷേപാലയത്തിൽനിന്നു കടങ്ങളുടെ മോചനവും ജീവിതത്തിന് ആവശ്യകമായതും ഞങ്ങൾക്കു ലഭിക്കുമാറാകട്ടെ. ആമ്മേൻ.

## നാലാം കെറിയാനാ

*ശുശ്രൂഷി വിജ്ഞാപനം വായിക്കുന്നു*

കർത്താവേ രക്ഷകനായ ദൈവമേ, ഞങ്ങളുടെ മലിനതകൾ നിർമലമായ ആകാശത്തെപ്പോലും വിരൂപമാക്കിയിരിക്കുന്നു. ഞങ്ങളുടെ തിന്മകളും ദുഷ്ടവാക്കുകളും നിന്റെ അനുഗ്രഹങ്ങളെ തടഞ്ഞുനിർത്തിയിരിക്കുന്നു. മാറ്റമില്ലാത്ത നന്മയാണല്ലോ നീ. അചഞ്ചലമായ നീതിയാണല്ലോ നീ. നിന്റെ മഹത്തായ പരി ശുദ്ധിക്കു മുൻപിൽ മനുഷ്യനും അവന്റെ സർവതും എത്രയോ നിസ്സാരങ്ങളാണ്. നീതിമാനായ നിന്റെ കാരുണ്യം സ്വർഗത്തിലും ഭൂമിയിലും നിറഞ്ഞിരിക്കുന്നു. എങ്ങനെ പ്രാർഥിക്കണം, എങ്ങനെ സ്തുതിക്കണം എന്ന് ഞങ്ങൾക്ക് അറിയില്ല കർത്താവേ. എല്ലാംകൊണ്ടും പരിപൂർണനായ നിനക്കു ഞങ്ങൾ എങ്ങനെ മഹത്ത്വം പാടും? മനസ്സുനുറുങ്ങി നിന്റെ അടുത്തുവരുമ്പോൾ എന്തു ചെയ്യണമെന്നു നീയാണു ഞങ്ങളെ പഠിപ്പിക്കുന്നത്. ആദിയും അന്ത്യവും നീയാകുന്നു. സ്രഷ്ടാവായ നിന്നെ വെറും സൃഷ്ടികളായ

ഞങ്ങൾ മനസ്സിലാക്കാൻ പരിശ്രമിക്കുന്നുവെന്നു മാത്രം. കനിവോടെ നീ ഞങ്ങളെ സൃഷ്ടിച്ചു. ദിവ്യനിക്ഷേപങ്ങൾകൊണ്ടു നീ ഞങ്ങളെ ധന്യരാക്കി. ഞങ്ങളെ നിന്റെ വത്സലപാത്രങ്ങളാക്കി. ഞങ്ങൾക്കു നീ നിത്യജീവൻ പ്രദാനംചെയ്തു. നിന്റെ ആദ്യജാതനോടൊപ്പം ഞങ്ങൾക്കു കൂട്ടവകാശവും നൽകി. പിതാവായ ദൈവം അറിയാതെ ഞങ്ങൾക്കൊന്നും സംഭവിക്കുകയില്ലെന്നു കരുതി എന്തും സഹിക്കാൻ ഞങ്ങൾ തയ്യാറാണ്. ഏതു ബാധയും കഷ്ടവും നീ അറിയാതെ ഞങ്ങൾക്കു വരില്ല. ക്ഷാമം, രോഗം, ഞെരുക്കങ്ങൾ, എല്ലാം നിന്റെ ശിക്ഷണമാർഗങ്ങളെന്നു കരുതി ഞങ്ങൾ സഹിക്കുന്നു. നിന്റെ മക്കളാണു ഞങ്ങൾ. ഞങ്ങളുടെ നന്മയ്ക്കും പ്രയോജനത്തിനുമല്ലാതെ കർത്താവ് ഒന്നും ഞങ്ങൾക്കു വരുത്തില്ല. മുറുമുറുപ്പു കൂടാതെ എല്ലാം സഹിച്ചു നിന്നോടു കൂടെവരാൻ ഞങ്ങൾക്കു സാധിക്കണമെന്നുമാത്രം. ഞങ്ങൾക്ക് ഒന്നേ പ്രാർഥിക്കാനുള്ളൂ. കർത്താവേ, നിന്റെ ശാസനയും ശിക്ഷയും ഞങ്ങളുടെ തിന്മമൂലമുള്ള നിന്റെ കോപ ജ്വാലയുടെ കാഠിന്യത്താൽ ആകരുതേ. ദാവീദിനെപ്പോലെ ഞങ്ങളും അകൃത്യത്തെപ്രതി പ്രാർഥിക്കുന്നു. ദൈവവചനമാകുന്ന പാതയിലൂടെ സഞ്ചരിച്ചു മാനസാന്തര തുറമുഖത്തേക്കു ഞങ്ങളെ എത്തിക്കേണമേ. ആമ്മേൻ.

## മദ്‌രാശ

*(എല്ലാവരും എഴുന്നേൽക്കുന്നു)*

*(രീതി : ലാതെക് റേലാക്...വയലിൽ പുലരും)*

ഇഹലോകത്തിൽ മനസ്സുരുകാതെ, പരലോകത്തിൻ
യാതനയോർത്താൽ, എന്തുഫലം നീ ഓർക്കണമെന്നും

*ഇഹലോകത്തിൽ മനസ്സുരുകാതെ, പരലോകത്തിൻ*
*യാതനയോർത്താൽ, എന്തുഫലം നീ ഓർക്കണമെന്നും*

കർത്താവേ, നിൻ ക്ഷമയുടെയാഴം ആരറിയുന്നു
കോപാസൂയാദികളാൽ ഞങ്ങൾ നിപതിച്ചല്ലോ
*ഇഹലോകത്തിൽ മനസ്സുരുകാതെ, പരലോകത്തിൻ*
*യാതനയോർത്താൽ, എന്തുഫലം നീ ഓർക്കണമെന്നും*
ദയയില്ലാതെ ദുഷ്ടത മൂത്തു, ശാപവുമെത്തി
പാപാധിക്യം കൊടുമുടിയെക്കാൾ പൊങ്ങിനിരന്നു
*ഇഹലോകത്തിൽ മനസ്സുരുകാതെ, പരലോകത്തിൻ*
*യാതനയോർത്താൽ, എന്തുഫലം നീ ഓർക്കണമെന്നും*
അതിശയമാണേ ആലാഹാതൻ കനിവും ദയയും
നീചമനുഷ്യൻ അതുമറിയാതെ നിഗളിക്കുന്നു
*ഇഹലോകത്തിൽ മനസ്സുരുകാതെ, പരലോകത്തിൻ*
*യാതനയോർത്താൽ, എന്തുഫലം നീ ഓർക്കണമെന്നും*
പാപികളാമീ ഞങ്ങളോടൊട്ടും കോപമതില്ല
ബാവാ പുത്രൻ റൂഹായാകും കരുണക്കടലേ
*ഇഹലോകത്തിൽ മനസ്സുരുകാതെ, പരലോകത്തിൻ*
*യാതനയോർത്താൽ, എന്തുഫലം നീ ഓർക്കണമെന്നും*
ചെയ്തികളൊന്നായ് ഞങ്ങളെ മാറ്റി, പേരു ദുഷിച്ചു
എങ്കിലുമങ്ങേ കരുണ വളർന്നു നീതിയതിന്മേൽ!
*ഇഹലോകത്തിൽ മനസ്സുരുകാതെ, പരലോകത്തിൻ*
*യാതനയോർത്താൽ, എന്തുഫലം നീ ഓർക്കണമെന്നും*

## അഞ്ചാം കെറിയാനാ

*(എല്ലാവരും ഇരിക്കുന്നു)*

*ശുശ്രൂഷി വിജ്ഞാപനം വായിക്കുന്നു*

നീതിമാന്മാരുടെ പ്രാർഥനയാൽ കരുണയുടെ പനിമഞ്ഞ് ഞങ്ങളുടെമേൽ വർഷിക്കുന്ന കർത്താവേ, ശത്രുക്കൾ ഞങ്ങളെ

പരിഹസിക്കാൻ ഇടവരുത്തരുതേ. വിഗ്രഹാരാധന നടത്തിയ ഇസ്രയേൽമക്കളുടെ പാപം മൂശയുടെ പ്രാർഥനയാലും ഉപവാസത്താലും നീ മോചിച്ചു. ജോഷ്വായുടെ പ്രാർഥനയാൽ സൂര്യന്റെയും നക്ഷത്രങ്ങളുടെയും സഞ്ചാരഗതികളെ ദൈവം സ്തംഭിപ്പിച്ചു. ശമുവേലിന്റെ പ്രാർഥനയാൽ പതിവില്ലാത്തകാലത്ത് അവിടുന്ന് മഴ നൽകി. ഏലിയാ പ്രാർഥിച്ചപ്പോൾ മഴയെ വഹിക്കുന്ന കാറ്റിനെ നീ തടഞ്ഞുനിർത്തി. ഏലിശ്വായുടെ പ്രാർഥനയാൽ മക്കളില്ലാത്ത ശൂനേംകാരിക്കു മകനെ നൽകി. അകാലത്തിൽ മരണപ്പെട്ടവനെ ഉയിർപ്പിച്ചു. ഹെസക്യായുടെ പ്രാർഥനയാൽ അസീറിയൻസൈന്യങ്ങളെ തന്റെ മാലാഖയെ അയച്ചു ദൈവം സംരക്ഷിച്ചു. ദൈവസഹായത്താൽ ദാനിയേൽ സ്വപ്നങ്ങൾ വിവരിച്ചു, ദൈവകീർത്തനങ്ങൾ ആലപിച്ചു. എല്ലാതലമുറകളിലും നീതിമാന്മാരുടെ പ്രാർഥനയാൽ ദൈവമേ, നീ ഞങ്ങളെ വീണ്ടെടുത്തു. എന്നാൽ ഇന്നോ, ഞങ്ങളിൽ നീതിമാന്മാർ ആരുമില്ല. നീ നല്ലവനാകയാൽ ഞങ്ങളുടെ തലമുറകളോടു കരുണ കാണിക്കണമേ. ഇല്ലായ്മയിൽനിന്നും മനുഷ്യനെ സൃഷ്ടിച്ചതും അവനു നിന്റെ രൂപസാദൃശ്യം നൽകിയതും അവനു മകുടമായി മഹത്ത്വം അണിയിച്ചതും നിന്റെ നന്മ ഒന്നുമാത്രമാണല്ലോ. ആ മഹാനന്മയെ ഞങ്ങൾ വേദനിപ്പിച്ചിട്ടുണ്ടെന്ന് എളിമയോടെ ഞങ്ങൾ ഏറ്റുപറയുന്നു. ദൈവമേ, നിന്റെ കാരുണ്യം അനന്തമാണല്ലോ. മണ്ണായ ഞങ്ങളെ മഹത്ത്വംതന്നു നീ ഉയർത്തി. മണ്ണിൽനിന്ന് ശരീരമെടുത്ത ഈശോമിശിഹായാണല്ലോ മഹത്ത്വംധരിച്ച് അവിടുത്തെ വലത്തുഭാഗത്ത് ഇരിക്കുന്നത്. അതിനാൽ സാത്താന് ഇനി ഞങ്ങളുടെമേൽ വിജയമില്ല. ദൈവമേ, തിരുനാമത്തിന് അപഹാസ്യമായതൊന്നും ഞങ്ങളിൽനിന്ന് ഉണ്ടാകാതിരിക്കട്ടെ. ഇതാ ഞങ്ങൾ സ്വയം താഴ്ത്തുന്നു. ഞങ്ങളെ കൈനീട്ടി

രക്ഷിക്കേണമേ. സഭയിലെ ഭിന്നതകളും കലഹങ്ങളും കഷ്ടതകളും ഇല്ലാതാക്കാൻ ആത്മീയനേതാക്കന്മാരെ വിളിച്ചുണർത്തി കൽപ്പിക്കണമേ. ആറിപ്പോയ നിന്റെ സഭയെ ചൂടുപിടിപ്പിക്കാൻ നിന്റെ മാലാഖമാരെ അയയ്ക്കണമേ. നിന്റെ സമാധാനവും ഐക്യവും ലോകസമക്ഷം ഉയർത്തിപ്പിടിക്കാൻ സഭയെ സഹായിക്കണമേ. നിന്റെ സ്ലീവാമരണത്തിന്റെ ശക്തിയാൽ ഞങ്ങൾക്കിടയിലെ വഴക്കും ഐക്യമില്ലായ്മയും ശത്രുതയും ഇല്ലാതാക്കണമേ. നിന്റെ നിക്ഷേപാലയം അക്ഷയമാണല്ലോ. ഞങ്ങളുടെ വംശത്തിന് അതിൽനിന്ന് പ്രതിഫലേച്ഛ കൂടാതെ നീ കാരുണ്യം ഒഴുക്കണമേ. നല്ലവനേ, നിന്റെ പതിവനുസരിച്ചു ഞങ്ങളുടെ ബലഹീനതകളോടു കരുണയുണ്ടാകണമേ. ആമ്മേൻ.

## ബുർക്കാസ

*പ്രധാന കാർമ്മികൻ ബുർക്കാസ ചൊല്ലുന്നു. ഓരോ പാദത്തിന്റെയും ആദ്യവരി ചൊല്ലിക്കഴിയുമ്പോൾ സമൂഹം **'ഏൻ മറിയാ'** (അതേ കർത്താവേ) എന്നുചൊല്ലി നിലംപറ്റെ മുട്ടുകുത്തി കുമ്പിടുന്നു. രണ്ടാംപാദം കഴിയുമ്പോൾ **'ആമ്മേൻ'** എന്നുചൊല്ലി നിവരുന്നു.*

**കാർമ്മി :** സീനായ് മലമേൽ തന്റെ വാസം ഉറപ്പിച്ച സർവ ശക്തനായ ദൈവമേ, അസ്വസ്ഥമായ ലോകത്തിൽ നിന്റെ ദൈവത്വത്തിന്റെ ശാന്തി ഉറപ്പിക്കണമേ. ഉന്നതത്തിലും ആഴത്തിലും തന്റെ ഇഷ്ടം നടപ്പാക്കുന്ന സർവ ശക്തനായ ദൈവമേ, ഞങ്ങളുടെ ദുഷ്ടത മൂലം സൃഷ്ടിജാലം വീഴാതെ താങ്ങിനിർത്തണമേ.

**സമൂ :** **ഏൻ മറിയാ**

**കാർമ്മി :** പ്രകാശത്തെ സൃഷ്ടിച്ചു വെളിച്ചം നൽകുന്നവനായ സർവ ശക്തനായ ദൈവമേ, സകലത്തെയും പ്രകാ

ശിപ്പിക്കുന്ന നിന്റെ തേജസ്സിനാൽ ഞങ്ങളുടെ മുഖങ്ങളെ പ്രകാശിപ്പിക്കണമേ.

**സമൂ** : **ആമ്മേൻ.**

**കാർമ്മി** : സർവ ശക്തനായ ദൈവമേ, നിന്റെ കരുണയാൽ ആണ്ടു വട്ടത്തെ ഫലസമൃദ്ധികൊണ്ടും വിളകൾകൊണ്ടും എന്നേക്കും അനുഗ്രഹിക്കണമേ. ഭൂവാസികൾ എല്ലാവരും ശാന്തവും ആശ്വാസപ്രദവുമായ ജീവിതം നയിക്കേണ്ടതിന് നിന്നിൽനിന്നുള്ള ശാന്തിയിൽ എല്ലാവരെയും നീ ഒന്നിപ്പിക്കണമേ.

**സമൂ** : **ഏൻ മറിയാ**

**കാർമ്മി** : സർവശക്തനായ ദൈവമേ, പരദേശികളായ ഞങ്ങളുടെ ഈ വാസസ്ഥാനത്തിന് നിന്റെ സംരക്ഷണത്തിന്റെ കോട്ട തീർക്കണമേ.

**സമൂ** : **ആമ്മേൻ.**

**കാർമ്മി** : കോട്ടകൾ ഉയർത്തി തന്റെ മക്കളെ സംരക്ഷിച്ച സർവ ശക്തനായ ദൈവമേ, നിരന്തരം നിന്നെ സ്തുതിക്കാൻ ഞങ്ങളുടെ സമൂഹത്തെ പ്രാപ്തമാക്കണമേ.

**സമൂ** : **ഏൻ മറിയാ**

**കാർമ്മി** : സർവശക്തനായ ദൈവമേ, ഇസ്രയേലിന് മൂശേ എന്നതുപോലെ ഞങ്ങൾക്ക് ശിരസ്സായിരിക്കാൻ ലോകത്തിന്റെ നാലുഭാഗങ്ങളിലുമുള്ള മിശിഹായുടെ സഭയെ നയിക്കുന്ന എല്ലാ ശ്രേഷ്ഠ ഇടയന്മാരെയും പ്രത്യേകമായി കേപ്പാ ശ്ലീഹായുടെ പിൻഗാമിയായ മാർ *(പേര്)* പാപ്പായെയും മാർത്തോമ്മാ ശ്ലീഹാ യുടെ പിൻഗാമിയും അഖിലേന്ത്യയുടെ മെത്രാപ്പോലീ ത്തായും കവാടവുമായ മാർ *(പേര്)* മെത്രാപ്പോലീ

ത്തായെയും ഞങ്ങളുടെ അതിരൂപതാധ്യക്ഷനായ മാർ *(പേര്)* മെത്രാപ്പോലീത്തായെയും രൂപതാധ്യക്ഷനായ മാർ *(പേര്)* മെത്രാനെയും മറ്റെല്ലാ മേല്പട്ടക്കാരെയും അവരുടെ സഹശുശ്രൂഷകരായ എല്ലാവരെയും അനുഗ്രഹിക്കണമേ.

**സമൂ** : **ആമ്മേൻ.**

**കാർമ്മി** : സർവശക്തനായ ദൈവമേ, ഉതപ്പുകൾക്ക് മുമ്പിൽ പതറാതിരിക്കേണ്ടതിനായി നിന്റെ ശക്തിയുടെ ദണ്ഡിനാൽഅവരുടെപ്രവർത്തനങ്ങളെശക്തിപ്പെടുത്തുകയും ആത്മാക്കളെ സംരക്ഷിക്കുകയും ചെയ്യണമേ.

**സമൂ** : **ഏൻ മറിയാ**

**കാർമ്മി** : സർവശക്തനായ ദൈവമേ, ശ്രേഷ്ഠ പുരോഹിതരും അധികാരികളും സത്യം അറിയാൻ അവരുടെ ഹൃദയനയനങ്ങളെ പ്രകാശിപ്പിക്കമേ. സർവശക്തനായ ദൈവമേ, നിന്റെ നാമത്തിൽ പുരോഹിത ശുശ്രൂഷ ചെയ്യുന്ന കശീശാമാർക്ക് അവരുടെ പ്രയത്നത്തിന് പ്രതിഫലമായി ഉത്തമ ദനാറാകൾ നൽകണമേ.

**സമൂ** : **ആമ്മേൻ.**

**കാർമ്മി** : സർവശക്തനായ ദൈവമേ, നിന്റെ മദ്ബഹായിൽ ശുശ്രൂഷ ചെയ്യുന്ന മ്ശംശാനാമാർക്ക് എല്ലാവിധ അനുഗ്രഹങ്ങളാലും അവരുടെ പ്രയത്നങ്ങൾക്കൊത്ത പോഷണം നൽകണമേ.

**സമൂ** : **ഏൻ മറിയാ**

**കാർമ്മി** : സർവശക്തനായ ദൈവമേ, വിവിധ ജീവിതാന്തസ്സുകളിൽപ്പെട്ടവരെ നിന്റെ തണലിൻ സംരക്ഷിക്കുകയും ഇടർച്ചകളിൽനിന്ന് നിന്റെ ജീവന്റെ അടയാളത്താൽ അവരെ വീണ്ടെടുക്കുകയും ചെയ്യണമേ.

**സമൂ** : **ആമ്മേൻ.**

**കാർമ്മി** : സർവശക്തനായ ദൈവമേ, നിന്റെ സഹായത്താൽ സത്യത്തിന്റെ വഴിയിലൂടെ ഉന്നത ദേശത്ത് എത്തിച്ചേരാൻ നീ അവരെ നയിക്കണമേ.

**സമൂ** : **ഏൻ മറിയാ**

**കാർമ്മി** : സർവശക്തനായ ദൈവമേ, ഞങ്ങളിലാരും ലോകാഭിലാഷങ്ങളുടെ വഴിയിൽ അലഞ്ഞ് അസ്വസ്ഥരാകാതിരിക്കാൻ ഞങ്ങളുടെ ഹൃദയങ്ങളിൽ നിന്റെ ജീവിക്കുന്ന സ്ലീവാ ആലേഖനം ചെയ്യണമേ.

**സമൂ** : **ആമ്മേൻ.**

**കാർമ്മി** : സർവശക്തനായ ദൈവമേ, രോഗികളെയും മുറിവേറ്റവരെയും സൗഖ്യപ്പെടുത്തണമേ. ദുഃഖിതരെയും ദുരിതമനുഭവിക്കുന്നവരെയും ആശ്വസിപ്പിക്കണമേ.

**സമൂ** : **ഏൻ മറിയാ**

**കാർമ്മി** : സർവശക്തനായ ദൈവമേ, കരയിലും കടലിലും ആകാശത്തും യാത്രചെയ്യുന്നവരെ സുരക്ഷിതസ്ഥാനങ്ങളിൽ എത്തിക്കണമേ.

**സമൂ** : **ആമ്മേൻ.**

**കാർമ്മി** : സർവശക്തനായദൈവമേ,വൃദ്ധരെഅനുഗ്രഹിക്കണമേ. കരുണ നിറഞ്ഞ നിന്റെ കരം വിശ്വാസികളുടെ ആത്മാക്കളുടെ മേൽ നിഴലിപ്പിക്കണമേ.

**സമൂ** : **ഏൻ മറിയാ**

**കാർമ്മി** : സർവശക്തനായ ദൈവമേ, കുട്ടികളെ അനുഗ്രഹിക്കുകയും അവരെ സന്തോഷിപ്പിക്കുകയും ചെയ്യണമേ. യുവതീയുവാക്കളെ നിന്റെ കരുണയുടെ സഹായത്താൽ കാക്കണമേ.

**സമൂ** : **ആമ്മേൻ.**

**കാർമ്മി** : സർവശക്തനായ ദൈവമേ, പ്രവാസികളെയും അവരുടെ ദേശത്തെയും അനുഗ്രഹിക്കണമേ. യുദ്ധവും പട്ടിണിയും ക്രോധത്തിന്റെ ദണ്ഡും അവിടെനിന്നകറ്റണമേ.

**സമൂ** : **ഏൻ മറിയാ**

**കാർമ്മി** : സർവശക്തനായ ദൈവമേ, ഞങ്ങളുടെ പ്രാർഥനകളും യാചനകളും സ്വീകരിക്കണമേ. നിന്റെ കരുണയാൽ ഞങ്ങളുടെ എല്ലാ ആവശ്യങ്ങളും നിന്റെ ബേസ് ഗസായിൽ പരിഗണിക്കണമേ.

**സമൂ** : **ആമ്മേൻ.**

**കാർമ്മി** : സർവശക്തനായ ദൈവമേ, ഏലിയായുടെ എന്നതുപോലെ ഞങ്ങളുടെ നോമ്പ് സ്വീകരിക്കണമേ. ദാനിയേലിന്റെ എന്നതുപോലെ ഞങ്ങളുടെ പ്രാർഥനകൾ നിന്റെ മുമ്പിൽ എത്തട്ടെ.

**സമൂ** : **ഏൻ മറിയാ**

**കാർമ്മി** : സർവശക്തനായ ദൈവമേ, ഈ സമൂഹത്തിന്റെമേൽ നിന്റെ കരുണ വർഷിക്കണമേ. എല്ലാ സമയവും ഇവരിൽനിന്ന് ദുഷ്ടന്റെ ആക്രമണങ്ങൾ അകറ്റണമേ.

**സമൂ** : **ആമ്മേൻ.**

**കാർമ്മി** : സർവശക്തനായ ദൈവമേ, നിന്റെ മുമ്പിൽ തൊണ്ടയിടറിയ എന്റെ കടങ്ങൾ പൊറുക്കുകയും പാപങ്ങൾ മായിച്ചു കളയുകയും ചെയ്യണമേ. എന്റെമേൽ കരുണയായിരിക്കണമേ.

**സമൂ** : **ഏൻ മറിയാ**

**കാർമ്മി** : സർവശക്തനായ ദൈവമേ, എല്ലാ അധരങ്ങളിൽനിന്നും നിനക്ക് സ്തുതി, ആവാ വവ്റാ ഉറൂഹാദ്ക്കുദ്ശാ ല്അൽമീൻ.

**സമൂ** : **ആമ്മേൻ.**

# അനുഗ്രഹങ്ങളുടെ മദ്‌രാശ

കാർമ്മികൻ മദ്ബഹായുടെ വാതിൽക്കലെത്തി മദ്ബഹായ്ക്ക്

അഭിമുഖമായിനിന്ന് വിലാപസ്വരത്തിൽ ചൊല്ലുന്നു.

**കാർമ്മി** : സകലത്തിന്റെയും നാഥനായ ഞങ്ങളുടെ കർത്താവേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

**സമൂ** : ഞങ്ങളുടെ കർത്താവേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു, ഞങ്ങളിൽ കനിയണമേ.

*(കാർമ്മികൻ പ്രാർത്ഥന ചൊല്ലുമ്പോൾ എല്ലാവരും മുട്ടുകുത്തുന്നു*

*സമൂഹം മറുപടി ചൊല്ലി എഴുന്നേല്ക്കുന്നു.)*

**കാർമ്മി** : സകലത്തിന്റെയും നാഥാ, ഭൂമിയിൽ ശാന്തിയും ദിക്കുകളിലെല്ലാം സകലരെയും സമാശ്വസിപ്പിക്കുന്ന സമാധാനവും വർധിപ്പിക്കേണമേ. കരുണാമയൻ വസിക്കേണ്ട ശാന്തിയുടെയും സമാധാനത്തിന്റെയും ഭവനമായ ഭൂമിയിൽനിന്നും യുദ്ധങ്ങളും കലഹങ്ങളും ഇല്ലാതാക്കണമേ. സകലത്തിന്റെയും നാഥനായ എന്റെ കർത്താവേ, നിന്റെ ജീവരക്തത്താൽ നീ വീണ്ടെടുത്ത പരിശുദ്ധ സഭയെ നിന്റെ കൃപയാൽ അനുഗ്രഹിക്കണമേ. സകലത്തെയും സംരക്ഷിക്കുന്ന നിന്റെ സ്ലീവായാൽ അവളുടെ മക്കളെ ദുഷ്ടന്റെ വഞ്ചനകളിൽനിന്ന് സംരക്ഷിക്കണമേ, ഞങ്ങളിൽ കനിയണമേ.

**സമൂ** : ഞങ്ങളുടെ കർത്താവേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു, ഞങ്ങളിൽ കനിയണമേ.

**കാർമ്മി** : സകലത്തെയും സംരക്ഷിക്കുന്ന കാരുണ്യവാനേ, വൃദ്ധരെയും യുവാക്കളെയും കുഞ്ഞുങ്ങളെയും അനുഗ്രഹിക്കണമേ. എന്തെന്നാൽ അവരിലൂടെ ഞങ്ങൾ വിവേകം ഗ്രഹിക്കട്ടെ. സകലത്തെയും

വിശുദ്ധീകരിക്കുന്നവനേ, ബ്രഹ്മചാരികളെ പരിപാലിക്കണമേ. അവർ നിനക്കായി തങ്ങളുടെ ശരീരങ്ങളെ പവിത്രമാക്കട്ടെ. സകലത്തെയും സൗഖ്യമാക്കുന്നവനേ, കിടപ്പുരോഗികൾ സൗഖ്യപ്പെടട്ടെ. സകലത്തെയും രക്ഷിക്കുന്നവനേ, ദുരിതമനുഭവിക്കുന്നവരെ ആശ്വസിപ്പിക്കണമേ. സകലത്തെയും സംരക്ഷിക്കുന്നവനേ, ആരോഗ്യമുള്ളവരെ കാത്തുകൊള്ളണമേ. ധർമ്മപ്രവൃത്തികളാൽ എന്നുമെന്നും നിന്നെ ഞങ്ങൾ വാഴ്ത്തും, ഞങ്ങളിൽ കനിയണമേ.

**സമൂ** : ഞങ്ങളുടെ കർത്താവേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു, ഞങ്ങളിൽ കനിയണമേ.

**കാർമ്മി** : കർത്താവേ, നിന്റെ കൃപയാൽ ആണ്ടുവട്ടത്തെ അനുഗ്രഹിക്കണമേ. നിന്റെ കരുണയാൽ ഞങ്ങളുടെ വയലുകളെ ഫലസമൃദ്ധമാക്കണമേ. സകലത്തോടും കരുണയുള്ളവനേ, വഴിതെറ്റിയവരെ നിന്റെ പക്കലേക്കു തിരിക്കണമേ. സകലവും കണ്ടെത്തുന്നവനേ, നഷ്ടപ്പെട്ടുപോയവരെ കണ്ടെത്തണമേ.. സകലവും പൊറുക്കുന്ന കർത്താവേ, നിന്റെ ജനത്തിൽ നിന്ന് നിന്റെ കോപം പൂർണ്ണമായി അവസാനിക്കേണ്ടതിന് പാപികളെക്കൂടി നീതീകരിക്കണമേ. കർത്താവേ, നിന്റെ മഹിമയാൽ സംരക്ഷിക്കപ്പെടേണ്ടതിനായി ഞങ്ങളുടെ ജീവിതം മുഴുവൻ നിന്റെ കൃപയാൽ അനുഗ്രഹിക്കണമേ, ഞങ്ങളിൽ കനിയണമേ.

**സമൂ** : ഞങ്ങളുടെ കർത്താവേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു, ഞങ്ങളിൽ കനിയണമേ.

**കാർമ്മി** : ഞങ്ങളുടെ കർത്താവേ, നിന്റെ കരുണയാൽ ഞങ്ങളുടെ യാചന സ്വീകരിക്കേണമേ. സകലത്തിനും ഉത്തരം നൽകുന്നവനേ, ഞങ്ങളുടെ അപേക്ഷ നിന്റെ മുമ്പാകെ

എത്തട്ടെ. സകലരെയും സ്നേഹിക്കുന്നവനേ, ഞങ്ങളുടെ അനുതാപം നിന്റെ സ്നേഹത്തിന് പാത്രമായിത്തീരട്ടെ. ഞങ്ങളുടെ അനുരഞ്ജന ബലി എല്ലായ്പ്പോഴും സ്വീകാര്യമായിരിക്കട്ടെ. സകലവും കേൾക്കുന്ന കർത്താവേ, നിന്റെ കൃപയാൽ നിന്റെ ദാസരുടെ പ്രാർഥനയും നിന്നെ സ്തുതിക്കുന്നവരുടെ അപേക്ഷയും സ്വീകരിക്കണമേ. കാരുണ്യവാനേ, ഞങ്ങളുടെ യാചനകൾക്ക് നിന്റെ ബേസ്ഗസായിൽ നിന്ന് പ്രതിഫലം ലഭിക്കട്ടെ. ഞങ്ങളിൽ കനിയണമേ.

**സമൂ :** ഞങ്ങളുടെ കർത്താവേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു, ഞങ്ങളിൽ കനിയണമേ.

**കാർമ്മി :** സകലത്തെയും അനുഗ്രഹിക്കുന്നവനേ, നിന്റെ കൃപയാൽ ഞങ്ങളുടെ സമൂഹത്തെ അനുഗ്രഹിക്കണമേ. സകലരെയും സഹായിക്കുന്നവനേ, ഞങ്ങളുടെ നേർക്കുള്ള നിന്റെ സഹായങ്ങൾ വർധിപ്പിക്കണമേ. സകലവും പൂർത്തീകരിക്കുന്ന ജീവദാതാവേ, ആയുസ്സിലെ എല്ലാ ദിവസങ്ങളിലും നിന്റെ തിരുവിഷ്ടം പൂർത്തിയാക്കാൻ ഞങ്ങളെ അനുവദിക്കണമേ. സകലരാലും വാഴ്ത്തപ്പെടുന്ന ഞങ്ങളുടെ രക്ഷകാ, കാഹളങ്ങൾക്കുസമം നിന്നെ പാടിസ്തുതിച്ച അധരങ്ങളെ അനുഗ്രഹിക്കണമേ. സകലത്തിന്റെയും നാഥാ, നിന്റെ അജഗണം മുഴുവന്റെയും അധരത്തിൽ നിന്ന് നിന്റെ നാമത്തിന് സ്തുതി, ആമ്മേൻ. ഞങ്ങളിൽ കനിയണമേ.

**സമൂ :** ഞങ്ങളുടെ കർത്താവേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു, ഞങ്ങളിൽ കനിയണമേ.

**കാർമ്മി :** കർത്താവേ, നിന്റെ കൃപയാൽ ഈ പള്ളിയിൽ അനുഗ്രഹങ്ങൾ വർഷിക്കണമേ. സകലത്തിന്റെയും

നാഥാ, കഷ്ടതകളിൽ സുരക്ഷിത സങ്കേതവും അഭയസ്ഥാനവും ആയിത്തീരേണ്ടതിന് ഞങ്ങളുടെ ദേശത്തിന്റെ സംരക്ഷകയായ മർത്ത് മറിയത്തിന്റെ മധ്യസ്ഥതയാൽ നിന്റെ അനുഗ്രഹങ്ങൾ ഇതിനുള്ളിൽ നിവസിപ്പിക്കണമേ. ദരിദ്രമായ ഞങ്ങളുടെ സമൂഹ ത്തിന്റെ മേൽ നിന്റെ കാരുണ്യം ചൊരിയണമേ. കർത്താവായ നിന്റെ തിരുവിഷ്ടം നിറവേറ്റാൻ ഞങ്ങളെ ശക്തരാക്കണമേ. സകലവും പൊറുക്കുന്നവനേ, ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഇളയ്ക്കണമേ. എല്ലാ കൃപകളാലും ഞങ്ങളെ അനുഗ്രഹിക്കണമേ, ഞങ്ങളിൽ കനിയണമേ

**സമൂ** : ഞങ്ങളുടെ കർത്താവേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു, ഞങ്ങളിൽ കനിയണമേ.

**കാർമ്മി** : എന്റെ കർത്താവേ, ഞാൻ പാപിയും പരദേശിയും ദരിദ്രനും ആകുന്നു. നിന്റെ കൃപയാൽ എനിക്ക് ആത്മവിശ്വാസം നൽകണമേ. സകലവും പൊറുക്കു ന്നവനേ, എന്റെ കടങ്ങളും പാപങ്ങളും കുറ്റങ്ങളും കഴുക ണമേ. മരണമടഞ്ഞ ഞങ്ങളുടെ പ്രിയപ്പെട്ടവരുടെമേൽ ദയ തോന്നണമേ. അവരോടു കരുണയായിരിക്കണമേ. നിന്റെ കളങ്കമില്ലാത്ത കുഞ്ഞാടുകളോടും വിവേകി കളായ ചെമ്മരിയാടുകളോടും കൂടെ അവരെ ചേർക്കണമേ ആമ്മേൻ, ഞങ്ങളിൽ കനിയണമേ.

**സമൂ** : ഞങ്ങളുടെ കർത്താവേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു, ഞങ്ങളിൽ കനിയണമേ.

**മ്ശം** : നമുക്കെല്ലാവർക്കും മുട്ടുകുത്താം

## ഊനായ

(മാർ അപ്രേം രചിച്ചത്)

*(എല്ലാവരും മുട്ടുകുത്തി നിലംപറ്റെ കുമ്പിടുന്നു)*

മാറൻ എസ്രാഹം അലൈൻ
മാറൻ കമ്പെൽ ബാവൂസൻ
മാറൻ എസ്രാഹം അലൈൻ
മാറൻ എസ്രാ ല്അവ്ദയ്ക്ക്

കർത്താവേ കനിയണമേ, കാരുണ്യം ചെയ്തീടണമേ
യാചനമേൽ ചെവി ചായ്ക്കണമേ
കർത്താവേ കനിയണമേ, കാരുണ്യം ചെയ്തീടണമേ
ദാസരൊടൊരുമയിലാകണമേ.

*(എല്ലാവരും നിലംപറ്റെ കുമ്പിട്ട് എഴുന്നേൽക്കുന്നു.)*

*കാർമ്മികൻ മദ്ബഹായുടെ കവാടത്തിങ്കൽ,*
*ഇടത്തുഭാഗത്തായി ജനാഭിമുഖമായി നിന്നുകൊണ്ട് ചൊല്ലുന്നു.*

## ഹുത്താമ്മ

(മുദ്രവയ്ക്കൽ പ്രാർഥന)

**കാർമ്മി :** പ്രാർഥനകേട്ട് ഉത്തരം നൽകുന്ന ദൈവമേ, ഞങ്ങൾ അങ്ങേക്കു നന്ദിപറയുന്നു. ലോകം മുഴുവനും നിന്റെ നിരന്തരമായ കരുണ വർഷിക്കണമേ. സഭയെയും പുരോഹിതരെയും അനുഗ്രഹിക്കണമേ. ബലിയർപ്പണത്തിൽ അവർ തീക്ഷ്ണമതികളാകട്ടെ. ഭരണാധികാരികളെ നീതിയുള്ളവരാക്കണമേ. അവർ നിനക്കു ജാഗ്രതയുള്ള ദാസരാകട്ടെ. ശെമ്മാശന്മാരെ ശുശ്രൂഷയിൽ ഉത്സുകരാക്കണമേ. ആശ്രമവാസികളെ സഹായിക്കണമേ. ദമ്പതികളെ സ്നേഹത്തിലും വിശ്വസ്തതയിലും നിലനിർത്തണമേ. ദൈവഭയത്തിലും ജ്ഞാനത്തിലും ഞങ്ങളുടെ കുഞ്ഞുങ്ങളെ വളർത്തണമേ.

ഗർഭസ്ഥശിശുക്കളെയും രോഗികളെയും ദുർബലരെയും മാനസികവെല്ലുവിളി നേരിടുന്നവരെയും പരിപാലിക്കണമേ. അഗതികളെയും ദരിദ്രരെയും വിധവകളെയും പോറ്റണമേ. വൃദ്ധരെ പരിപാലിക്കണമേ. യുവാക്കളെയും കുട്ടികളെയും ആത്മീയ സൗന്ദര്യത്താൽ പ്രകാശിപ്പിക്കണമേ. മക്കളില്ലാത്ത ദമ്പതികളിൽ കനിവുണ്ടാകണമെ. പ്രണയക്കുരുക്കിൽ അകപ്പെടുന്നവരെയുംലഹരിക്ക്അടിമപ്പെടുന്നവരെയും നേർവഴി കാട്ടണമേ. തൊഴിൽരഹിതരുടെ അപേക്ഷ കൈവെടിയരുതേ. കരയിലും കടലിലും ആകാശത്തും യാത്ര ചെയ്യുന്നവരെ സംരക്ഷിക്കേണമേ. പ്രകൃതി ക്ഷോഭങ്ങളിൽനിന്നും പകർച്ചവ്യാധികളിൽനിന്നും ഞങ്ങളെ സംരക്ഷിക്കേണമേ. നിരാശയിൽ കഴിയുന്നവർക്കു പ്രത്യാശയും നിലവിളിക്കുന്നവർക്ക് ആശ്വാസവും നൽകണമേ.

വിശ്വാസികളിൽനിന്ന് ഇരുളിനെ അകറ്റണമേ. സാത്താന്റെ കെണിയിൽനിന്നും ഞങ്ങളെ സംരക്ഷിക്കണമേ. അങ്ങയുടെ പരിശുദ്ധനാമത്തെപ്രതി പീഡനങ്ങൾ അനുഭവിക്കുന്നവർക്കു ശക്തി നൽകണമേ. ലജ്ജയും തണുപ്പുംകൂടാതെ നിനക്കു സാക്ഷ്യം വഹിക്കാൻ ഞങ്ങളുടെ ഹൃദയങ്ങളെ ജ്വലിപ്പിക്കണമേ.ചിതറിപ്പോയവരെഅനുരഞ്ജിപ്പിച്ച്ഒരുമിച്ചുകൂട്ടുകയും സഭാഗണത്തിൽ നിർത്തുകയും ചെയ്യണമേ. സത്യത്തിലും സ്നേഹത്തിലും സത്യദൈവമായ നിന്നെ ആരാധിക്കുന്ന യഥാർത്ഥ സഭയായി ഞങ്ങൾ രൂപാന്തരപ്പെടട്ടെ.

ഞങ്ങളുടെ കർത്താവേ, കർഷകരോടു കരുണ കാണിക്കണമേ. അവരുടെ അധ്വാനം ഫലമണിയിക്കണമേ. ധനികർക്ക് ഔദാര്യശീലം നൽകണമേ.

കൂലിക്കാരുടെ അവകാശം നിഷേധിക്കരുതേ. നിന്റെ സങ്കേതം ആടുകൾക്കും ഇടയന്മാർക്കും അഭയമാകട്ടെ. അന്ധർക്കു കാഴ്ചനൽകുന്നവനായ എന്റെ കർത്താവേ, ഞങ്ങൾ നിന്റെ വലത്തുകരത്തിന്റെ പ്രകാശം കാണട്ടെ. മുടന്തരെ സുഖപ്പെടുത്തുകയും ബന്ധിക്കപ്പെട്ടവരെയും അടിമകളെയും മോചിപ്പിക്കുകയും ചെയ്യണമേ. ഗുണസമ്പന്നരെ ധൈര്യപ്പെടുത്തുകയും അജ്ഞരുടെ ഹൃദയങ്ങളെ തുറക്കുകയും അഹങ്കാരികളെ താഴ്ത്തുകയും ചെയ്യണമേ. മരിച്ചവരെ കരുണാപൂർവം കടാക്ഷിക്കണമേ. സങ്കടപ്പെടുന്നവരെ സന്തോഷിപ്പിക്കണമേ. വലിയവരും ചെറിയവരും നിന്റെ സമൃദ്ധി അനുഭവിക്കട്ടെ.

നിന്റെ വാഗ്ദാനംപോലെ നിന്നെ വിളിച്ചപേക്ഷിക്കുന്ന എല്ലാവരുടെയും യാചനകൾക്ക് ഉത്തരം അരുളണമേ. ഞങ്ങളുടെ പ്രാർഥന, സന്ധ്യയിലും പ്രഭാതത്തിലും നിന്റെ മുൻപിൽ അർപ്പിക്കപ്പെടുന്ന സുരഭില ധൂപം പോലെയാകട്ടെ. ഈറേന്മാരോടൊപ്പം രാത്രിയിൽ ജാഗരിക്കുന്ന ഉത്സാഹികളുടെ യാചന കൈക്കൊള്ളണമേ. സങ്കീർത്തനങ്ങളാൽ നിന്നെ സ്തുതിക്കുന്ന ഗായകരുടെ ശബ്ദം ഉയർത്തണമേ. നിന്റെ രാജ്യം വരേണമേ. നിന്റെ ദാസർ നിന്റെ ഭവനത്തിൽ സംതൃപ്തിയോടെ വസിക്കട്ടെ. എല്ലാ സൃഷ്ടികളിലും നിന്ന് നിനക്കു സ്തുതിയുണ്ടാകട്ടെ. എല്ലാനേരവും ആമ്മേൻ ആമ്മേൻ, ഹാശാ ✠ വവ്കോൽസ്വൻ വല്ആലം അല്മീൻ

**സമൂ** : ആമ്മേൻ

(എല്ലാവരും പരസ്പരം സമാധാനം നൽകുന്നു.

ഒന്നാം മൗത്വാ സമാപിക്കുന്നു)

# ബാവൂസായുടെ ബുധൻ
## രണ്ടാം മൗത്വാ

കാർമ്മികൻ തിരുവസ്ത്രങ്ങൾ അണിഞ്ഞു ബേമ്മയിൽ വന്നു പരിശുദ്ധ മദ്ബഹായ്ക്ക് അഭിമുഖമായി നിൽക്കുന്നു. മ്ശംശാനമാർ കാർമ്മികനിൽ നിന്നും സമാധാനം ***(കൈക്കസ്തൂരി)*** സ്വീകരിച്ചു ദൈവജനത്തിനു നൽകുന്നു. എല്ലാവരും പരസ്പരം സമാധാനം നൽകിയതിനുശേഷം ആരംഭിക്കുന്നു.

**കാർമ്മി** : അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി. (3)

**സമൂ** : ആമ്മേൻ. (3)

**കാർമ്മി** : ഭൂമിയിൽ മനുഷ്യർക്കു സമാധാനവും പ്രത്യാശയും എപ്പോഴും എന്നേക്കും.

**സമൂ** : ആമ്മേൻ.

**കാർമ്മി** : സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, *(സമൂഹവും ചേർന്ന്)* അങ്ങയുടെ നാമം പൂജിതമാകണമേ. അങ്ങയുടെ രാജ്യം വരണമേ. അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ. സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ മഹത്ത്വത്താൽ സ്വർഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു. മാലാഖമാരും മനുഷ്യരും അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്ന് ഉദ്ഘോഷിക്കുന്നു.

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ നാമം പൂജിതമാകണമേ. അങ്ങയുടെ രാജ്യം വരണമേ. അങ്ങയുടെ തിരുമനസ്സു സ്വർഗത്തിലെപ്പോലെ

ഭൂമിയിലുമാകണമേ. ഞങ്ങൾക്ക് ആവശ്യകമായ ആഹാരം ഇന്നു ഞങ്ങൾക്കു തരണമേ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടും ക്ഷമിക്കണമേ. ഞങ്ങൾ പ്രലോഭനത്തിൽ വീഴാൻ ഇടയാകരുതേ. ദുഷ്ടാരൂപിയിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ. എന്തുകൊണ്ടെന്നാൽ, രാജ്യവും ശക്തിയും മഹത്ത്വവും എന്നേക്കും അങ്ങയുടേതാകുന്നു. ആമ്മേൻ.

**കാർമ്മി** : ബാവായ്ക്കും പുത്രനും റൂഹാദ്ക്കുദ്ശായ്ക്കും സ്തുതി.

**സമൂ** : അനാദിമുതൽ എന്നേക്കും ആമ്മേൻ.

**കാർമ്മി** : സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, *(സമൂഹവും ചേർന്ന്)* അങ്ങയുടെ നാമം പൂജിതമാകണമേ. അങ്ങയുടെ രാജ്യം വരണമേ. അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ. സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ മഹത്ത്വത്താൽ സ്വർഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു. മാലാഖമാരും മനുഷ്യരും അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്ന് ഉദ്ഘോഷിക്കുന്നു.

**മ്ശം** : നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

## സ്ലോസ

**കാർമ്മി** : മാറൻ വാലഹൻ, ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ, ദാരിദ്ര്യത്തിൽനിന്ന് വിധവ സമർപ്പിച്ച കൊച്ചുകാശുപോലെ നെടുവീർപ്പോടെ അടിയങ്ങൾ അർപ്പിക്കുന്ന യാചന നിന്നെ പ്രസാദിപ്പിക്കുന്ന ബലിയായിരിക്കട്ടെ. നിന്റെ കരുണയുടെ നിക്ഷേ പാലയത്തിന്റെ സമൃദ്ധി ഞങ്ങളുടെ അളവുകൾക്ക്

അതീതമാണല്ലോ. ഞങ്ങളുടെ രോഗാവസ്ഥയിൽ അവിടുത്തെ സൗഖ്യത്തിന്റെ ഔഷധം വൈകാതെ ഞങ്ങൾക്കു നൽകണമേ. ഞങ്ങളുടെ കടങ്ങൾ മോചിച്ച് അകൃത്യങ്ങളെ മായിക്കണമേ. ഞങ്ങളുടെ ശരീരങ്ങളെ തെളിമയുള്ളതാക്കുകയും ഞങ്ങളുടെ ആത്മാക്കളെ രക്ഷിക്കുകയും ചെയ്യേണമേ. ഞെരുക്കങ്ങളിൽ ആശ്വാസവും കഷ്ടാവസ്ഥയിൽ തുണയും അങ്ങു നൽകണമേ. നഷ്ടപ്പെട്ടവരായ ഞങ്ങളെ അവിടുന്നു തേടിക്കണ്ടെത്തണമേ. കാരുണ്യക്കടലായ നാഥാ, ഞങ്ങളുടെ പ്രാർഥനയുടെ കുറവുകൾ പരിഹരിക്കണമേ. ദയാസമ്പന്നനും കരുണനിറഞ്ഞവനും കടങ്ങൾ മോചിക്കുന്നവനുമായ മാറാ ദ്കോൽ ആവാ വവ്റാ ഉറൂഹാ ദ്ഖുദ്ശാ ല്അൽമീൻ.

**സമൂ** : ആമ്മേൻ

## ഓനീസ

*(രീതി: സഹദേ ബ്രീകെ... മിശിഹാ കർത്താവിൻ...)*

**ഭൂമി കുലുങ്ങി, നടുങ്ങിപ്പോയി**
നമ്മുടെ പാപത്താൽ
ഭൂമി കുലുങ്ങിപ്പോയ്
സകലതുമതിൽ വീണു
പനിമതിപോലും പങ്കിലമായ്
സകലേശാ, കനിവാകണമേ
നാശം നീക്കാൻ വന്നിടണേ
ഞങ്ങളിതാ കരയുന്നങ്ങേ
കരുണയതാൽ
ദയതോന്നീടണമേ!

**കർത്താവേ എഴുന്നേല്ക്കണമേ,**

**കരുണയാൽ ഞങ്ങളെ രക്ഷിക്കണമേ**

ഏറമ്യായേ, നീ
പൊടിയിൽ നിന്നുണരൂ
കണ്ണീരാലെഴുതൂ
ശമരിയിലെപ്പോൽ ക്ഷാമമിതാ
തലമുറയിൽ നടമാടുന്നു
ഭൂമി ശവത്താൽ മൂടുന്നു
കുട്ടികൾ വീണു മരിക്കുന്നു
അവരുടെമേൽ
നാഥാ കനിയണമേ!

**അവൻ എന്നെ മരണത്തിന് ഏല്പിച്ചില്ല**

സ്ലീവാ മരണത്താൽ
വിജയം നേടിയൊനേ,
ഈശോമിശിഹായേ,
പങ്കിലമാമീ ലോകത്തിൽ
നിന്നുടെ ശ്ലാമാ പുലരട്ടെ
നിൻ മുഖശോഭ പരക്കട്ടെ
ഞങ്ങൾ നിന്നെ നോക്കട്ടെ
ധരയഖിലം
സൗഖ്യം നിറയട്ടെ!

**ബാവായ്ക്കും പുത്രനും റൂഹാദ്ക്കുദ്ശായ്ക്കും സ്തുതി**

പാപി തിരിഞ്ഞെന്നാൽ
നീയവനെ നേടും
തോളിലെടുത്തീടും
നിൻ നാമത്തിൻ വിലതീരാ-
മുദ്രയവന്മേൽ ചാർത്തീടും

ദുഷ്ടകരത്തിൽ നിന്നവനെ
വിടുവിക്കും നീ നിശ്ചയമായ്
ബാറെക് മാർ
മാറൻ വാലാഹൻ!

**അനാദിമുതൽ അനാദിവരെ**
കണ്ണീരാൽ മറിയം
കർത്താവിൻ പാദം
കഴുകീയന്നാളിൽ
ഉപവാസത്താൽ പ്രാർഥനയാൽ
ഞങ്ങളുമിപ്പോൾ കരയുന്നു
സകലം കാൽക്കലണയ്ക്കുന്നു
പരിഹാരമിതാ കൊള്ളണമേ
ബാറെക് മാർ
മാറൻ വാലാഹൻ!

## സങ്കീർത്തനം 38

**മ്ശം** : കർത്താവേ, കോപത്തോടെ എന്നെ ശാസിക്കരുതേ;
ക്രോധത്തോടെ എന്നെ ശിക്ഷിക്കരുതേ.

**(കാനോന)** നിനിവേവാസികളോടു ദയ ചെയ്തതുപോലെ
ഞങ്ങളോടും നീ കരുണ ചെയ്യണമേ.
ഹല്ലേലൂയ്യാ (3)

**കാർമ്മി** : കർത്താവേ, കോപത്തോടെ എന്നെ ശാസിക്കരുതേ;
ക്രോധത്തോടെ എന്നെ ശിക്ഷിക്കരുതേ.

**സമൂ** : നിനിവേവാസികളോടു ദയ ചെയ്തതുപോലെ
ഞങ്ങളോടും നീ കരുണ ചെയ്യണമേ.

**കാർമ്മി** : അങ്ങയുടെ അസ്ത്രങ്ങൾ എന്നിൽ തറച്ചിരിക്കുന്നു;
അങ്ങയുടെ കരം എന്റെമേൽ പതിച്ചിരിക്കുന്നു.

**സമൂ** : നിനിവേവാസികളോടു ദയ ചെയ്തതുപോലെ ഞങ്ങളോടും നീ കരുണ ചെയ്യണമേ.

**കാർമ്മി** : അങ്ങയുടെ രോഷം നിമിത്തം എന്റെ ശരീരത്തിനു സൗഖ്യമില്ല; പാപങ്ങൾ നിമിത്തം അസ്ഥികൾക്കു സ്വസ്ഥതയില്ല.

**സമൂ** : നിനിവേവാസികളോടു ദയ ചെയ്തതുപോലെ ഞങ്ങളോടും നീ കരുണ ചെയ്യണമേ.

**കാർമ്മി** : എന്റെ കുറ്റങ്ങൾ തലയ്ക്കുമീതേ ഉയർന്നു; അവ ദുർവഹമായ ചുമടുപോലെ എന്നെ ഭാരപ്പെടുത്തുന്നു.

**സമൂ** : നിനിവേവാസികളോടു ദയ ചെയ്തതുപോലെ ഞങ്ങളോടും നീ കരുണ ചെയ്യണമേ.

**കാർമ്മി** : എന്റെ വ്രണങ്ങൾ അഴുകി ദുർഗന്ധം പരന്നു; പാപങ്ങൾനിമിത്തം ഞാൻ അസ്വസ്ഥനായി; ദിവസം മുഴുവൻ വിഷാദത്തിൽ കഴിഞ്ഞു.

**സമൂ** : നിനിവേവാസികളോടു ദയ ചെയ്തതുപോലെ ഞങ്ങളോടും നീ കരുണ ചെയ്യണമേ.

**കാർമ്മി** : എന്റെ കണങ്കാലുകൾ വിറയ്ക്കുന്നു; സംഭ്രമം എന്നിൽ നിറഞ്ഞിരിക്കുന്നു; എന്റെ ശരീരം അസ്വസ്ഥമായി.

**സമൂ** : നിനിവേവാസികളോടു ദയ ചെയ്തതുപോലെ ഞങ്ങളോടും നീ കരുണ ചെയ്യണമേ.

**കാർമ്മി** : പരിഭ്രമത്താൽ ഞാൻ ഏറെ വിവശനായി; ഹൃദയവേദനയാൽ നെടുവീർപ്പിട്ടു.

**സമൂ** : നിനിവേവാസികളോടു ദയ ചെയ്തതുപോലെ ഞങ്ങളോടും നീ കരുണ ചെയ്യണമേ.

**കാർമ്മി** : കർത്താവേ, എന്റെ അഭിലാഷങ്ങൾ അങ്ങ് അറിയുന്നുവല്ലോ; എന്റെ നെടുവീർപ്പുകൾ അങ്ങേക്ക് അജ്ഞാതമല്ല.

**സമൂ** : നിനിവേവാസികളോടു ദയ ചെയ്തതുപോലെ ഞങ്ങളോടും നീ കരുണ ചെയ്യണമേ.

**കാർമ്മി** : എന്റെ ഹൃദയം അതിശക്തം മിടിക്കുന്നു; ശക്തിയെല്ലാം ചോർന്നുപോയിരിക്കുന്നു; കണ്ണുകൾക്കു പ്രകാശം ഇല്ലാതെയായി.

**സമൂ** : നിനിവേവാസികളോടു ദയ ചെയ്തതുപോലെ ഞങ്ങളോടും നീ കരുണ ചെയ്യണമേ.

**കാർമ്മി** : സ്നേഹിതരും പരിചിതരും എന്റെ വേദനയിൽ സഹതപിച്ചില്ല; ബന്ധുജനങ്ങൾ അകന്നുനിന്നു.

**സമൂ** : നിനിവേവാസികളോടു ദയ ചെയ്തതുപോലെ ഞങ്ങളോടും നീ കരുണ ചെയ്യണമേ.

**കാർമ്മി** : എന്റെ ജീവൻ തേടുന്നവരും എന്റെ നാശം ആഗ്രഹിക്കുന്നവരും എന്നെ പിടികൂടിയിരിക്കുന്നു.

**സമൂ** : നിനിവേവാസികളോടു ദയ ചെയ്തതുപോലെ ഞങ്ങളോടും നീ കരുണ ചെയ്യണമേ.

**കാർമ്മി** : അവർ വഞ്ചനയും വ്യാജവും സംസാരിക്കുന്നു; ദിവസംമുഴുവൻ ദുരാലോചനയിൽ മുഴുകുന്നു.

**സമൂ** : നിനിവേവാസികളോടു ദയ ചെയ്തതുപോലെ ഞങ്ങളോടും നീ കരുണ ചെയ്യണമേ.

**കാർമ്മി** : ഞാനോ ബധിരനെപ്പോലെ ഒന്നും കേൾക്കാതിരുന്നു; മൂകനെപ്പോലെ ഞാൻ വായ് തുറന്നില്ല; ഞാൻ ചെകിടനെയും ഊമയെയുംപോലെയായി.

**സമൂ** : നിനിവേവാസികളോടു ദയ ചെയ്തതുപോലെ ഞങ്ങളോടും നീ കരുണ ചെയ്യണമേ.

**കാർമ്മി** : കർത്താവേ, ഞാൻ അങ്ങയെ കാത്തിരുന്നു; എന്റെ ദൈവമായ കർത്താവേ, അങ്ങ് എനിക്ക് ഉത്തരമരുളി.

**സമൂ** : നിനിവേവാസികളോടു ദയ ചെയ്തതുപോലെ ഞങ്ങളോടും നീ കരുണ ചെയ്യണമേ.

**കാർമ്മി** : ഇപ്രകാരം ഞാൻ പ്രാർഥിച്ചിരുന്നു: എന്നെപ്രതി അവർ സന്തോഷിക്കാതിരിക്കട്ടെ; എന്റെ കാലിടറുമ്പോൾ അവർ നിന്ദിക്കാൻ ഇടയാക്കരുതേ.

**സമൂ** : നിനിവേവാസികളോടു ദയ ചെയ്തതുപോലെ ഞങ്ങളോടും നീ കരുണ ചെയ്യണമേ.

**കാർമ്മി** : സഹിക്കാൻ ഞാൻ ഒരുങ്ങിക്കഴിഞ്ഞു; വേദന എപ്പോഴും എന്റെ കൺമുമ്പിലുണ്ട്.

**സമൂ** : നിനിവേവാസികളോടു ദയ ചെയ്തതുപോലെ ഞങ്ങളോടും നീ കരുണ ചെയ്യണമേ.

**കാർമ്മി** : എന്റെ അകൃത്യമോരോന്നും ഞാൻ ഏറ്റുപറയും; പാപത്തിൽനിന്ന് അങ്ങ് എന്നെ ശുദ്ധനാക്കും.

**സമൂ** : നിനിവേവാസികളോടു ദയ ചെയ്തതുപോലെ ഞങ്ങളോടും നീ കരുണ ചെയ്യണമേ.

**കാർമ്മി** : എന്റെ ശത്രുക്കൾ അതിശക്തരാണ്; അകാരണമായി എന്നെ വെറുക്കുന്നവർ അസംഖ്യമാണ്.

**സമൂ** : നിനിവേവാസികളോടു ദയ ചെയ്തതുപോലെ ഞങ്ങളോടും നീ കരുണ ചെയ്യണമേ.

**കാർമ്മി** : നന്മയ്ക്കു പകരം അവർ തിന്മ ചെയ്യുന്നു; നന്മ തേടുന്നതിനാൽ അവർ എന്നെ വെറുക്കുന്നു.

**സമൂ** : നിനിവേവാസികളോടു ദയ ചെയ്തതുപോലെ ഞങ്ങളോടും നീ കരുണ ചെയ്യണമേ.

**കാർമ്മി** : കർത്താവേ, എന്നെ കൈവിടരുതേ; എന്റെ ദൈവമേ, എന്നിൽ നിന്നകന്നുപോകരുതേ. എന്റെ സഹായത്തിനു വേഗംവരണമേ; എനിക്കു രക്ഷ നല്കണമേ.

**സമൂ** : നിനിവേവാസികളോടു ദയ ചെയ്തതുപോലെ ഞങ്ങളോടും നീ കരുണ ചെയ്യണമേ.

**കാർമ്മി** : ബാവായ്ക്കും പുത്രനും റൂഹാദ്ക്കുദ്ശായ്ക്കും സ്തുതി

**സമൂ** : അനാദിമുതൽ എന്നേക്കും ആമ്മേൻ ആമ്മേൻ.

**മ്ശം** : **(കാനോന)** നിനിവേവാസികളോടു ദയ ചെയ്തതു പോലെ ഞങ്ങളോടും നീ കരുണ ചെയ്യണമേ.
ഹല്ലേലൂയ്യാ (3)

**മ്ശം** : നമുക്കെല്ലാവർക്കും മുട്ടുകുത്താം.

## ഊനായ

(മാർ അപ്രേം രചിച്ചത്)

*(എല്ലാവരും മുട്ടുകുത്തി നിലംപറ്റെ കുമ്പിടുന്നു)*

മാറൻ എസ്രാഹം അലൈൻ
മാറൻ കമ്പെൽ ബാവൂസൻ
മാറൻ എസ്രാഹം അലൈൻ
മാറൻ എസ്രാ ല്അവ്ദയ്ക്ക്

കർത്താവേ കനിയണമേ, കാരുണ്യം ചെയ്തീടണമേ
യാചനമേൽ ചെവി ചായ്ക്കണമേ
കർത്താവേ കനിയണമേ, കാരുണ്യം ചെയ്തീടണമേ
ദാസരൊടൊരുമയിലാകണമേ.

*(എല്ലാവരും നിലംപറ്റെ കുമ്പിട്ട് എഴുന്നേൽക്കുന്നു.)*

**മ്ശം** : നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

## സ്ലോസാ

**കാർമ്മി** : മാറൻ വാലാഹൻ, ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ദൈവമേ, ഹൃദയംനുറുങ്ങി നിന്നോടു നിലവിളിക്കുന്ന ഈ മക്കളെ ആശ്വസിപ്പിക്കണമേ. നിന്റെ കർത്തൃത്വത്തിന്റെ വാതിൽക്കൽ മുട്ടുന്ന ആട്ടിൻകൂട്ടമായ ഞങ്ങളുടെ പ്രാർഥനകൾ നീ നിരസിക്കരുതേ. പാതാളവാതിലുകളോ ദുഷ്ടശത്രുവോ നിനക്കെതിരായി പ്രബലപ്പെടുകയില്ലെന്ന് നിന്റെ സഭയോട് തലമുറകളായി നീ ചെയ്ത വാഗ്ദാനം ഞങ്ങളിലും പൂർത്തിയാക്കണമേ. മാറാ ദ്കോൽ ല്അൽമീൻ.

**സമൂ** : ആമ്മേൻ

## തെശ്ബൊഹത്താ

*(രീതി: സഹനം വഴിയായി)*

ദുസ്ഥിതി ഓർത്തു കരഞ്ഞീടേണം
എല്ലാരെക്കാൾ ഞാനെന്നാളും

അത്രയപാരം എന്നുടെ പാപം
എത്രയശുദ്ധം എന്നുടെയുള്ളം!

എന്നിൽ നിന്നു വമിക്കും ഗന്ധം
എല്ലാവരെയും ഭീതിതരാക്കി

ലോകാധിപനാം സാത്താനെന്നിൽ
വാണീടുന്നു രാവും പകലും

ആദാമിനെയന്നാദേനിലെ പോൽ
എന്നെയുമിപ്പോൾ നിന്ദിതനാക്കി

നാണം മാറ്റാൻ വസ്ത്രം തരണേ
സ്രഷ്ടാവേ ഞാൻ കേണു വിളിപ്പൂ.

സ്നേഹാംബുധിയേ നീയല്ലാതെ
നല്ലവനില്ല ഭൂസ്വർഗത്തിൽ

ലജ്ജിതനാകാതന്ത്യദിനത്തിൽ
നിന്റെ മുഖം ഞാൻ കണ്ടീടട്ടെ

വരുവിൻ നാഥനു സ്തുതി പാടീടാം
കൃപയാണെല്ലാം, കനിവാണെല്ലാം.

## ഊനായ

(മാർ അപ്രേം രചിച്ചത്)

*(എല്ലാവരും മുട്ടുകുത്തി നിലംപറ്റെ കുമ്പിടുന്നു)*

മാറൻ എസ്രാഹം അലൈൻ
മാറൻ കമ്പെൽ ബാവൂസൻ
മാറൻ എസ്രാഹം അലൈൻ
മാറൻ എസ്രാ ല്അവ്ദയ്ക്ക്

കർത്താവേ കനിയണമേ, കാരുണ്യം ചെയ്തീടണമേ
യാചനമേൽ ചെവി ചായ്ക്കണമേ
കർത്താവേ കനിയണമേ, കാരുണ്യം ചെയ്തീടണമേ
ദാസരൊടൊരുമയിലാകണമേ.

*(എല്ലാവരും നിലംപറ്റെ കുമ്പിട്ട് എഴുന്നേൽക്കുന്നു.)*

## കാറോസൂസാ

**മ്ശം** : നമുക്കെല്ലാവർക്കും അനുതാപത്തോടും ശ്രദ്ധയോടും കൂടെ നിന്ന് മാറൻ എസ്രാഹം അലൈൻ എന്ന് അപേക്ഷിക്കാം.

**സമൂ** : മാറൻ എസ്രാഹം അലൈൻ

**മ്ശം** : ഈശോമിശിഹായെ തന്റെ കാരുണ്യാധിക്യത്താൽ, ഞങ്ങളുടെ വംശത്തിൽ നിന്നുള്ളവനായി ഞങ്ങൾക്ക് അയച്ചുതരികയും തെറ്റിൽനിന്ന് ഞങ്ങളെ വീണ്ടെടുക്കുകയും ചെയ്ത അനാദിയും നല്ലവനുമായ ദൈവമേ

**സമൂ** : മാറൻ എസ്രാഹം അലൈൻ

**മ്ശം** : റൂഹാദ്ക്കുദ്ശായാൽ കന്യകയുടെ ഉദരത്തിൽനിന്ന് ജനിച്ചവനും സ്വർഗീയരേയും ഭൗമികരേയും സന്തോഷിപ്പിച്ച് അവരെക്കൊണ്ട് തങ്ങളുടെ രക്ഷകനായ കർത്താവിന് മഹത്ത്വം പാടാൻ ഇടയാക്കുകയും ചെയ്ത ദൈവമേ

**സമൂ** : മാറൻ എസ്രാഹം അലൈൻ

**മ്ശം** : തന്റെ മഹത്ത്വപൂർണ്ണമായ പ്രത്യക്ഷീകരണത്തിന്റെ പ്രകാശവും പരിശുദ്ധ ത്രിത്വത്തിന്റെ സത്തയും ഞങ്ങളുടെ മനുഷ്യശരീരമാകുന്ന പള്ളിയിൽ ഉദിപ്പിക്കുകയും തന്റെ മാമോദീസായാലും മരണത്തിന്റെ റാസയാലും ഞങ്ങൾക്ക് പുത്രത്വാവകാശം നൽകുകയും ചെയ്തവനായ ദൈവമേ

**സമൂ** : മാറൻ എസ്രാഹം അലൈൻ

**മ്ശം** : തന്റെ ഉപവാസത്താൽ ഞങ്ങളുടെ കടം വീട്ടുകയും ധിക്കാരിയെ തോൽപ്പിക്കുകയും ഞങ്ങളുടെ ബലഹീനമായ വംശത്തിന് വിജയം നൽകുകയും ഉപവാസത്താലും പ്രാർഥനയാലും ദുഷ്ടനെയും അവന്റെ തന്ത്രങ്ങളെയും തോൽപ്പിക്കാൻ ഞങ്ങളെ പഠിപ്പിക്കുകയും ചെയ്ത ദൈവമേ

**സമൂ** : മാറൻ എസ്രാഹം അലൈൻ

**മ്ശം** : കഴുതക്കുട്ടിയുടെ പുറത്തിരുന്നു യാത്ര ചെയ്തവനും സൈത്തിൻ ചില്ലകളാലും സ്തുതിഘോഷങ്ങളാലും ജനത്താൽ സ്തുതിക്കപ്പെട്ടവനും സംസാരിക്കാൻ കഴിയാത്ത കൊച്ചുപൈതങ്ങളുടെ നാവുകളിൽ നിന്ന് ഓശാന വിളികൾ സ്വീകരിച്ചവനുമായ മിശിഹായേ,

**സമൂ** : മാറൻ എസ്രാഹം അലൈൻ

**മ്ശം** : ശിഷ്യന്മാരുടെ കാലുകൾ കഴുകി എളിമയുടെ പാരമ്യം കാണിച്ചവനും തന്റെ തിരുശരീരം ഞങ്ങളുടെ പാപമോചനത്തിനായി മുറിക്കുകയും തിരുരക്തം ഞങ്ങളുടെ വീണ്ടെടുപ്പിനുള്ള പാനീയമായി ഒരുക്കുകയും ചെയ്ത മിശിഹായേ

**സമൂ** : മാറൻ എസ്രാഹം അലൈൻ

**മ്ശം** : സ്നേഹത്താൽഞങ്ങൾക്കുവേണ്ടിതന്നത്താൻതാഴ്ത്തി മാമോദീസ മുങ്ങാൻ തലകുനിച്ചവനും പടയാളികളാൽ മുഖത്ത് തുപ്പൽ ഏറ്റവനും തന്റെ കൈകാലുകളും ശരീരവും ചീന്തപ്പെടാനും തുളയ്ക്കപ്പെടാനും അനുവദിച്ചവനും ഗാഗുൽത്തായുടെ അഗ്രത്തിൽ തന്റെ പിതാവിന്റെ സന്നിധിയിൽ പരിശുദ്ധ ബലിയായി തന്നത്താൻ അർപ്പിക്കുന്നതിന് ഏൽപ്പിച്ചു കൊടുക്കുകയും ചെയ്തവനായ മിശിഹായേ

സമൂ : മാറൻ എസ്രാഹം അലൈൻ

മ്ശം : പാതാളത്തിലേക്ക് ഇറങ്ങുകയും കൊലയാളിയായ സാത്താനെ തോൽപ്പിച്ച് മൂന്നാം ദിവസം ഉയിർക്കുകയും അനേകരെ ഉയിർപ്പിക്കുകയും ഉയിർത്തെഴുന്നേറ്റ വരെക്കൊണ്ട് തങ്ങളെ ഉയിർപ്പിച്ചവന് സ്തുതി സ്തോത്രങ്ങൾ പാടിപ്പിക്കുകയും ചെയ്തവനായ മിശിഹായേ

സമൂ : മാറൻ എസ്രാഹം അലൈൻ

മ്ശം : ഞങ്ങളുടെ പിതാവായ മാർ തോമാശ്ലീഹായ്ക്ക് തുളയ്ക്കപ്പെട്ട തന്റെ കയ്യും തിരുവിലാവും കാണിച്ചു കൊടുക്കുകയും ശിഷ്യന്മാർക്ക് തന്റെ തിരുവുത്ഥാനത്തിലുള്ള വിശ്വാസവും പ്രത്യാശയും ഉറപ്പാക്കിക്കൊടുക്കുന്നതിനുവേണ്ടി അവരുടെ കണ്ണുകൾക്കു മുമ്പാകെ ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്തവനുമായ മിശിഹായേ

സമൂ : മാറൻ എസ്രാഹം അലൈൻ

മ്ശം : തന്റെ പിതാവിന്റെ അടുക്കലേക്കു മഹത്ത്വത്തോടെ ആരോഹണം ചെയ്തവനും മാലാഖമാരുടെ മൊഴിപോലെ, ഓരോരുത്തനും അവനവന്റെ പ്രയത്നത്തിന് നീതിപൂർവ്വമായ പ്രതിഫലം നൽകുന്നവനും നമ്മുടെ ഉയിർപ്പിന്റെ ദിവസത്തിൽ വീണ്ടും വരാനിരിക്കുന്നവനുമായ മിശിഹായേ

സമൂ : മാറൻ എസ്രാഹം അലൈൻ

മ്ശം : വിശ്വാസത്താലുംപ്രത്യാശയാലുമുള്ള സത്യത്തിന്റേയും നിത്യജീവന്റേയും പാത ഞങ്ങൾക്ക് കാണിച്ചവനും ഞങ്ങളുടെ അതിക്രമങ്ങളേയും കുറ്റങ്ങളേയും ദയയോടെ ക്ഷമിക്കുന്നവനും പരസ്പരം സ്നേഹിക്കുന്നതിനു ഞങ്ങളോടു കൽപ്പിച്ചവനുമായ മിശിഹായേ

സമൂ : മാറൻ എസ്രാഹം അലൈൻ

മ്ശം : ഞങ്ങളുടെ യാചന കേൾക്കുകയും ഞങ്ങളോട് കരുണയായിരിക്കുകയും ചെയ്യേണമേ.

സമൂ : മാറൻ എസ്രാഹം അലൈൻ

## ശഹലെപ്പ്

*(മുട്ടുകുത്തുന്നു)*

ആവാ സ്ഗീദാ

*റാഹേം അലൈൻ*

ബ്റാ മ്സോമായാ

*റാഹേം അലൈൻ*

റൂഹാ ദ്ഖുദ്ശാ

*റാഹേം അലൈൻ*

സവ്റാ ദ്ഹയ്യെൻ

*റാഹേം അലൈൻ*

ഈശോ മൽക്കൻ

*റാഹേം അലൈൻ*

ശ്മാ കാൽ അവ്ദൈക്

*റാഹേം അലൈൻ*

ഹസ്സാ ഹൗബൈൻ

*റാഹേം അലൈൻ*

ആനീൻ ഹന്നാനാ

*റാഹേം അലൈൻ*

സാവേ ബ്ഹയ്യെൻ

*റാഹേം അലൈൻ*

റാഹേം നാശാ

*റാഹേം അലൈൻ*

*(തുടരുന്നു)*

**മ്ശം** : ഞങ്ങളുടെ പ്രാർഥന കേട്ടു ഞങ്ങളിൽ കനിയണമേ

**സമൂ** : മാറൻ എസ്രാഹം അലൈൻ

*(എഴുന്നേൽക്കുന്നു)*

**മ്ശം** : ലോകത്തിന്റെ നാനാഭാഗങ്ങളിലും ശാന്തിക്കും സമാധാനത്തിനും ലോകമെമ്പാടും സാർവത്രിക സഭയുടെ വളർച്ചയ്ക്കും നിലനിൽപ്പിനും അവളുടെ മക്കളുടെ സംരക്ഷണത്തിനും ഞെരുക്കത്തിൽ ആയിരിക്കുന്ന ഏവരുടേയും രക്ഷയ്ക്കും വേണ്ടിയും നിന്നോടു ഞങ്ങൾ യാചിക്കുന്നു.

**സമൂ** : മാറൻ എസ്രാഹം അലൈൻ

**മ്ശം** : ലോകത്തിന്റെ നാലുഭാഗങ്ങളിലുമുള്ള മിശിഹായുടെ സഭയെ നയിക്കുന്ന എല്ലാ ശ്രേഷ്ഠ ഇടയന്മാർക്കു വേണ്ടിയും പ്രത്യേകമായി കേപ്പാ ശ്ലീഹായുടെ പിൻഗാമിയായ മാർ *(പേര്)* പാപ്പായ്ക്കും മാർത്തോമ്മാ ശ്ലീഹായുടെ പിൻഗാമിയും അഖിലേന്ത്യയുടെ മെത്രാപ്പോലീത്തായും കവാടവുമായ മാർ *(പേര്)* മെത്രാപ്പോലീത്തായ്ക്കും വേണ്ടിയും ഞങ്ങളുടെ അതിരൂപതാധ്യക്ഷനായ മാർ *(പേര്)* മെത്രാപ്പോലീത്തായ്ക്കും രൂപതാധ്യക്ഷനായ മാർ *(പേര്)* മെത്രാനും മറ്റെല്ലാ മേല്പട്ടക്കാർക്കുവേണ്ടിയും അവരുടെ സഹശുശ്രൂഷകരായ എല്ലാവരുടേയും ക്ഷേമത്തിനുവേണ്ടിയും നിന്നോടു ഞങ്ങൾ യാചിക്കുന്നു.

**സമൂ** : മാറൻ എസ്രാഹം അലൈൻ

**മ്ശം** : കർത്താവേ, നിന്നിലുള്ള വിശ്വാസത്തിലും പ്രത്യാശയിലും ദിവ്യജ്ഞാനത്തിലും ഭയഭക്തിയിലും കശീശമാരെയും ഭരണകർത്താക്കളെയും നീ സുസ്ഥിരരാക്കുന്നതിനും നിന്റെ കരുണയിലും

സ്നേഹത്തിലും ഐക്യത്തിലും അവർ തങ്ങളുടെ ശുശ്രൂഷ നിർവഹിക്കുന്നതിനുവേണ്ടിയും നിന്നോടു ഞങ്ങൾ യാചിക്കുന്നു.

**സമൂ** : മാറൻ എസ്രാഹം അലൈൻ

**മ്ശം** : എല്ലാറ്റിനുംമീതെ നിന്നെ കണക്കാക്കി നിന്റെ കല്പനകൾ അനുസരിക്കുന്നതിൽ മാത്രം ശുഷ്കാന്തി പ്രദർശിപ്പിച്ചുകൊണ്ട് വനത്തിലും ഗുഹാന്തരങ്ങളിലും വസിക്കുന്നവർക്കുവേണ്ടിയും ദയറാവാസികളായ സന്ന്യാസീ-സന്ന്യാസിനികൾക്കുവേണ്ടിയും നിന്നോടു ഞങ്ങൾ യാചിക്കുന്നു.

**സമൂ** : മാറൻ എസ്രാഹം അലൈൻ

**മ്ശം** : കടലിലും കരയിലും ആകാശത്തിലും യാത്രചെയ്യുന്നവർ, നീതിക്കുവേണ്ടി അധ്വാനിക്കുന്നവർ, കാരാഗൃഹവാസികൾ, അടിമ നുകത്തിൽ കഴിയുന്നവർ എന്നിവർക്കുവേണ്ടിയും ഞങ്ങളെ വെറുക്കുന്ന ഞങ്ങളുടെ ശത്രുക്കൾക്കുവേണ്ടിയും ഞങ്ങളോട് എതിരിടുന്നവർക്കുവേണ്ടിയും നിന്നോടു ഞങ്ങൾ യാചിക്കുന്നു.

**സമൂ** : മാറൻ എസ്രാഹം അലൈൻ

**മ്ശം** : രോഗികളും വേദനിക്കുന്നവരും നിന്റെ തിരുമനസ്സിനാൽ സൗഖ്യമാക്കപ്പെടുന്നതിനും നിന്നിലുള്ള പ്രത്യാശയാൽ ഞെരുങ്ങുന്നവരും പ്രയാസപ്പെടുന്നവരും സമാധാനം കണ്ടെത്തുന്നതിനും നിന്റെ കർത്തൃത്വത്തിന്റെ വലതുകയ്യാൽ ബലഹീനരും ദരിദ്രരും താങ്ങപ്പെടുന്നതിനും വേണ്ടിയും നിന്നോടു ഞങ്ങൾ യാചിക്കുന്നു.

**സമൂ** : മാറൻ എസ്രാഹം അലൈൻ

**മ്ശം** : ദുഷ്ടരുടെയും അനീതി നിറഞ്ഞവരുടെയും മേൽ നന്മകൾ വർഷിക്കുന്ന സ്നേഹസമ്പന്നനും സർവ

സൃഷ്ടികളേയും കരുതുന്ന കാരുണ്യവാനും പരിപാലകനുമായ ദൈവമേ നിന്നോടു ഞങ്ങൾ യാചിക്കുന്നു.

**സമൂ** : മാറൻ എസ്രാഹം അലൈൻ

**മ്ശം** : സ്വർഗവാസികളായ ക്രോവേമാർകുമ്പിട്ടാരാധിക്കുകയും സ്രാപ്പേമാർ പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ എന്ന് സ്തുതി പാടുകയും മൗത്വേമാരുടെ ഗണം മഹത്ത്വം അർപ്പിക്കുകയും എല്ലാ മാലാഖമാരും തന്റെ തിരുനാമത്തിന് ആരാധനാഗീതികൾ പാടുന്നവനുമായ ദൈവമേ, നിന്നോടു ഞങ്ങൾ യാചിക്കുന്നു.

**സമൂ** : മാറൻ എസ്രാഹം അലൈൻ

**മ്ശം** : അനാദിയായവനും നല്ലവനും എന്നേക്കും കരുണയുള്ളവനും സ്നേഹസമ്പന്നനും ഒന്നുമില്ലായ്മയിൽനിന്ന് ഞങ്ങളെ സൃഷ്ടിച്ചവനുമായ ദൈവമേ, നിന്നോടു ഞങ്ങൾ യാചിക്കുന്നു.

**സമൂ** : മാറൻ എസ്രാഹം അലൈൻ

**മ്ശം** : നിന്റെ കരുണയാൽ ഞങ്ങളുടെ വേദനകൾക്ക് ആശ്വാസവും, നിന്റെ മനസ്സലിവിന്റെ ഔഷധത്താൽ ഞങ്ങളുടെ മുറിവുകൾക്ക് സൗഖ്യവും നൽകേണമേ എന്ന് നിന്നോട് ഞങ്ങൾ യാചിക്കുന്നു.

**സമൂ** : മാറൻ എസ്രാഹം അലൈൻ

**മ്ശം** : ഞങ്ങൾക്കുവേണ്ടി ഗാഗുൽത്തായിൽ പങ്കപ്പാടുകൾ സഹിച്ച മിശിഹായേ, നിന്റെ സ്ലീവായാൽ ഞങ്ങളെ എല്ലാവരേയും രക്ഷിക്കുകയും വിലയേറിയ നിന്റെ രക്തത്താൽ നീ വീണ്ടെടുത്ത നിന്റെ സഭയിൽ സമാധാനം നിറയ്ക്കുകയും ഞങ്ങളോടു കരുണ കാണിക്കുകയും ചെയ്യേണമേ.

**സമൂ** : ആമ്മേൻ.

**മ്ശം** : നമുക്കെല്ലാവർക്കും മുട്ടുകുത്താം.

## ഊനായ

(മാർ അപ്രേം രചിച്ചത്)

*(എല്ലാവരും മുട്ടുകുത്തി നിലംപറ്റെ കുമ്പിടുന്നു)*

മാറൻ എസ്രാഹം അലൈൻ
മാറൻ കമ്പെൽ ബാവൂസൻ
മാറൻ എസ്രാഹം അലൈൻ
മാറൻ എസ്രാ ല്അവ്ദയ്ക്ക്

കർത്താവേ കനിയണമേ, കാരുണ്യം ചെയ്തീടണമേ
യാചനമേൽ ചെവി ചായ്ക്കണമേ
കർത്താവേ കനിയണമേ, കാരുണ്യം ചെയ്തീടണമേ
ദാസരൊടൊരുമയിലാകണമേ.

*(എല്ലാവരും നിലംപറ്റെ കുമ്പിട്ട് എഴുന്നേൽക്കുന്നു.)*

**മ്ശം** : നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

## സ്ലോസാ

*(സോവയിലെ മാർ ഏലിയായുടെ പ്രാർഥന)*

**കാർമ്മി :** മാറൻ വാലാഹൻ, വറ്റാത്ത കരുണയും കുറയാത്ത സ്നേഹവുമായവനേ, സ്വർഗത്തെയും ഭൂമിയെയും സൃഷ്ടിച്ച സ്നേഹപിതാവേ, ദാവീദിന് അവന്റെ പാപവും കേപ്പായ്ക്ക് അവന്റെ തള്ളിപ്പറച്ചിലും പൗലോസിന് പൂർവകാലപാപങ്ങളും ചുങ്കക്കാരൻ സക്കൈക്ക് അവന്റെ കുറവുകളും സ്ലീവായിലെ കള്ളന് അവന്റെ കൊടുംപാപങ്ങളും മോചിച്ചു കൊടുത്തവനേ, പാപികളായ ഞങ്ങൾ ഇതാ, നിന്റെ കരുണയുടെ വാതിൽക്കൽനിന്ന് നിലവിളിച്ച് അപേക്ഷിക്കുന്നു. നിന്റെ ചിറകിൻകീഴിൽനിന്ന് ഞങ്ങളെ അകറ്റിക്കളയരുതേ. നിന്റെ സഹായത്തിന്റെ തണലിൽനിന്നു മാറ്റി പിശാചിന്റെ തടവറകളിലേക്കു

ഞങ്ങളെ വിട്ടുകൊടുക്കരുതേ. നിന്റെ ആലയത്തിൽ നിന്ന് അകന്നുപോകാനോ നിന്റെ പരിപാലന യിൽനിന്നു പിന്തിരിയാനോ ഞങ്ങൾക്ക് ഇടവരുത്ത രുതേ. നീ ഞങ്ങൾക്കു നൽകിയിരിക്കുന്ന മഹത്ത്വ ത്തെ വിലമതിക്കാതെ ഞങ്ങൾ നാശോന്മുഖരായിട്ടു ണ്ടെങ്കിൽ, നിന്റെ തിരുമുൻപിൽ നിൽക്കാനുള്ള മനോധൈര്യവും മുഖപ്രസാദവും ഞങ്ങൾക്ക് ഇല്ലെന്നുവന്നിട്ടുണ്ടെങ്കിൽ നാഥാ ഞങ്ങളോടു ക്ഷമിക്കേണമേ. അയോഗ്യരായിരുന്നിട്ടും നിന്റെ കരുണയാൽ നീ ഞങ്ങൾക്കു പാപമോചനം നൽകു ന്നുവല്ലോ. നിന്റെ സമൃദ്ധമായ കൃപയും കരുണയും ദീർഘക്ഷമയും എന്നും എന്നേക്കുമുള്ളതാകുന്നു. മാറാ ദ്കോൽ ആവാ വവ്റാ ഉറൂഹാദ്ക്കുദ്ശാ ല്അൽമീൻ.

**സമൂ :** ആമ്മേൻ. ബാറേക് മാർ.

## ഹ്വർസാ

(സഹ സ്ലോസാ)

*(നിസിവീനിലെ മാർ ഏലിയയുടെ പ്രാർഥന)*

**കാർമ്മി :** എന്റെ കർത്താവേ, നിന്നോടു നിലവിളിച്ചു പ്രാർത്ഥിക്കുന്ന നിന്റെ ജനത്തെ അനുഗ്രഹിക്കണമേ. നിന്നോട് യാചിക്കുന്ന നിന്റെ ഈ ആട്ടിൻകൂട്ടത്തെ ആശീർവദിക്കണമേ. നിന്നിൽ മാത്രം ആശ്രയം തേടുന്ന ഞങ്ങളെ കൈവിടരുതേ. നിന്റെ വിസ്മയ കരമായ ശക്തിയാൽ ബലഹീനരായ ഞങ്ങളെ ശക്തിപ്പെടുത്തണമേ. വൃദ്ധജനങ്ങളെ നിന്റെ വലം കയ്യാൽ ആശീർവദിക്കുകയും യുവതീയുവാക്കളെ

നിന്റെ പരിശുദ്ധി പഠിപ്പിക്കുകയും ചെയ്യണമേ. നിന്റെ വാത്സല്യത്താൽ പൈതങ്ങളെ അനുഗ്രഹിക്കുകയും ദൈവികകാര്യങ്ങളിൽ അവരെ ജ്ഞാനികൾ ആക്കുകയും ചെയ്യണമേ. പാപികളെ അനുഗ്രഹിച്ച്, നിന്റെ കരുണയാൽ അവരുടെ പാപങ്ങൾ ക്ഷമിക്കണമേ. അനുതാപികളെ അനുഗ്രഹിച്ച്, നിന്റെ സ്നേഹത്താൽ അവരെ നീതീകരിക്കണമേ. ഈ ദേശത്തെങ്ങുമുള്ള വിശ്വാസികളെ നിന്റെ കരുണയാൽ അനുഗ്രഹിക്കണമേ. നീ ജീവന്റെ ഉറവും സർവ നന്മകളുടെയും ദാതാവും ലോപമില്ലാതെ സമ്പത്ത് ഞങ്ങൾക്കായി ചൊരിയുന്നവനും ആകുന്നുവല്ലോ. മാറാ ദ്കോൽ ആവാ വവ്റാ ഉറൂഹാ ദ്കുദ്ശാ ല്അൽമീൻ.

**സമൂ** : ആമ്മേൻ.

**മ്ശം** : നമുക്കെല്ലാവർക്കും മുട്ടുകുത്താം.

## ഊനായ

(മാർ അപ്രേം രചിച്ചത്)

*(എല്ലാവരും മുട്ടുകുത്തി നിലംപറ്റെ കുമ്പിടുന്നു)*

മാറൻ എന്രാഹം അലൈൻ
മാറൻ കമ്പെൽ ബാവൂസൻ
മാറൻ എന്രാഹം അലൈൻ
മാറൻ എന്രാ ല്അവ്ദയ്ക്ക്

കർത്താവേ കനിയണമേ, കാരുണ്യം ചെയ്തീടണമേ
യാചനമേൽ ചെവി ചായ്ക്കണമേ
കർത്താവേ കനിയണമേ, കാരുണ്യം ചെയ്തീടണമേ
ദാസരൊടൊരുമയിലാകണമേ.

*(എല്ലാവരും നിലംപറ്റെ കുമ്പിട്ട് എഴുന്നേൽക്കുന്നു.)*

## ഒന്നാം കെറിയാനാ

*(എല്ലാവരും ഇരിക്കുന്നു)*

*ശുശ്രൂഷി വിജ്ഞാപനം വായിക്കുന്നു*

ദൈവകല്പന ലംഘിച്ച ആദാം ഞങ്ങൾക്ക് അവകാശമായി തന്നത് നഷ്ടവും കഷ്ടവും മാത്രമായിരുന്നു. രണ്ടാം ആദാമായ ഇശോമിശിഹായുടെ ആഗമനം വരെ മനുഷ്യവംശം ദൈവ ശിക്ഷയിൽ കഷ്ടപ്പെട്ടുകൊണ്ടിരുന്നു. മിശിഹാ വന്ന് ലോകത്തിന്റെ പാപത്തേയും ശാപത്തേയും ചുമക്കുന്ന ഒരു കുഞ്ഞാടായി സ്വയം സ്ലീവാമേൽ ബലിയായി അർപ്പിച്ച് മനുഷ്യകുലത്തെ രക്ഷിച്ച് മനുഷ്യന് മാനസാന്തരത്തിൻറെ വാതിൽ തുറന്നുതന്നു.

എന്നാൽ, അത് അടയ്ക്കപ്പെടുന്ന ഒരു കാലം വരും. കർത്താവിന്റെ വരവിനെ കാത്തിരുന്ന പത്തു കന്യകമാരുടെ ഉപമയെ ഓർക്കുക. എണ്ണ വാങ്ങി വന്ന കന്യകമാർക്ക് അടഞ്ഞ വാതിലാണ് കാണാൻ കഴിഞ്ഞത്.

ശരീരം മുഴുവനും വ്രണങ്ങളും ഹൃദയം മുഴുവനും പാപ രോഗവും പിടിച്ചവരാണ് നാം. എന്നാൽ കർത്താവ് നമ്മുടെ രോഗങ്ങളെ വഹിച്ചു. വേദനകളെ ചുമന്നു; നമ്മുടെ അതിക്രമങ്ങൾ നിമിത്തം അവൻ മുറിവേറ്റു. രോമം കത്രിക്കുന്നവരുടെ മുമ്പിൽ മിണ്ടാതെയിരിക്കുന്ന ആടിനെപ്പോലെ സർവപീഡനങ്ങളും സഹിച്ചു സ്ലീവാമരണം വരിച്ചു. ഇപ്പോൾ നമ്മുടെ എല്ലാ രോഗങ്ങൾക്കും മതിയായ ഔഷധം അവന്റെ പക്കലുണ്ട്. ഒന്നുമാത്രം, നാം അവന്റെ അടുക്കലേക്ക് അനുതപിച്ചു തിരിയണം.

ദൈവത്തിന്റെ കരുണയുടെ വാതിൽ അടയ്ക്കപ്പെട്ടാൽ നമുക്കു ശേഷിക്കുക പാതാളത്തിലെ കെടാത്ത തീയും കരച്ചിലും പല്ലുകടിയും മാത്രമായിരിക്കും. ദൈവകല്പനകളെ ആദരിക്കാതെ സമ്പത്തിൽമാത്രം ആശവെച്ച് ദരിദ്രരെക്കുറിച്ചു കരുതാതെ ജീവിക്കുന്ന ധനവാന്മാർ പാതാളയാതനകൾ കാണുമ്പോൾ മാത്രമേ മാനസാന്തരത്തിലേക്കു തിരിയുന്നുള്ളൂവെന്നു ധനവാന്റെയും ലാസറിന്റെയും ഉപമ നമ്മളെ ഓർമിപ്പിക്കുന്നു. അതിനാൽ

മാനസാന്തരത്തിനു സമയമുള്ള ഇപ്പോൾ നാം അനുതപിക്കുക. ഹൃദയം നുറുങ്ങി മാറത്തടിച്ചു പ്രാർഥിക്കുക. നമ്മൾ ദൈവത്തിന്റെ ഭവനമെന്നും ദൈവത്തിന്റെ റൂഹാ നമ്മിൽ വസിക്കുന്നുവെന്നും നാം അറിയുന്നു. ദൈവത്തിന്റെ ഭവനം നശിപ്പിക്കുന്നവരെ ദൈവം നശിപ്പിക്കുന്നു. റൂഹാദ്ക്കുദ്ശാ വസിക്കുന്ന നമ്മുടെ ശരീരത്തെ എത്ര പവിത്രമായി കാത്തുകൊള്ളേണ്ടതാണെന്നു നാം പഠിച്ചിട്ടുണ്ടെങ്കിലും തന്നിഷ്ടത്താലും മറ്റു മ്ലേച്ഛപ്രവർത്തികളാലും നാം നമ്മുടെ ശരീരങ്ങളെ നശിപ്പിക്കാൻ തക്കവണ്ണം കളങ്കപ്പെടുത്തിയിട്ടില്ലേ? എല്ലായിടത്തും അകൃത്യം പെരുകിയിരിക്കുന്നു; ദുഷ്ടത വർദ്ധിച്ചിരിക്കുന്നു; സ്നേഹം ഇല്ലാതായിരിക്കുന്നു; മനുഷ്യാത്മാവിനു വിലയില്ലാതായി കഴിഞ്ഞു. യഥാർത്ഥ അനുതാപത്തോടെ ചാക്കുടുത്തു പ്രാർഥിക്കുന്നതിന് ഇന്നത്തെ മനുഷ്യൻ ലജ്ജിക്കുന്നു. അവൻ ചെയ്യുന്ന പാപപ്രവൃത്തികളെ കണക്കാക്കുമ്പോൾ എത്രയോകാലം അവൻ ചാരത്തിലിരിക്കേണ്ടവനാണ്. ദൈവസ്നേഹം പ്രകടമാകുന്നതിനായി നാം എന്തു ചെയ്തു? നമ്മുടെ ശരീരത്തെ കർത്താവിന്റെ ആലയമായി നാം പ്രതിഷ്ഠിച്ചിട്ടുണ്ടോ? മറ്റുള്ളവരെ സ്നേഹിക്കുന്നതിനും, സേവിക്കുന്നതിനും നാം ഒരു ചെറുവിരൽ അനക്കിയിട്ടുണ്ടോ? നമ്മുടെ സഹാനുഭൂതി അർഹിക്കുന്ന എത്രയോ പേർ നമ്മുടെ ചുറ്റുപാടുമുണ്ട്. നാം അവർക്കു എന്തു നന്മ ചെയ്തു എന്ന നമ്മോടുതന്നെ ചോദിക്കുക. മറ്റുള്ളവരെ സേവിക്കുന്നതിനുവേണ്ടി, ദൈവസ്നേഹത്തെ പ്രതി നാം എന്തെങ്കിലും സഹിച്ചിട്ടുണ്ടോ? നീതിമാനായ ഇയ്യോബും വിശ്വാസിയായ അബ്രാഹാമും ദൈവസന്നിധിയിലെ അവരുടെ നീതികരണത്തിനായി എന്തെല്ലാം സഹിച്ചുവെന്നു നാം ഓർക്കുന്നുണ്ടോ? അവരുടെയും മറ്റു പിതാക്കന്മാരുടേയും ദൈവാശ്രയമെന്ന സമ്പത്തിനെ ഞങ്ങൾക്കും തരണമേ. കള്ളൻ എടുക്കയോ, പുഴുതിന്നുകയോ ചെയ്യാത്ത സ്വർഗനിക്ഷേപത്തിനായി ഞങ്ങളെ ഒരുക്കേണമേ. കർത്താവേ, ഞങ്ങൾ ഇരുലോകങ്ങളിലും നിന്നെ ആരാധിക്കൻ യോഗ്യരാകട്ടെ. ഇവിടെ ഞങ്ങൾക്കു ദീർഘമായ

സമാധാനവും ഉപജീവനമാർഗവും നൽകണമേ. അവിടെ സ്വർഗത്തിൽ നിന്നോടൊത്തു നിത്യജീവൻ ഞങ്ങൾക്കു നൽകണമെ. അഴുകിപ്പോകുന്ന ഞങ്ങളുടെ ഇവിടത്തെ വസ്ത്രത്തിനു പകരം ഞങ്ങളെ തേജസ്സിന്റെ വസ്ത്രം ധരിപ്പിക്കേണമെ. ഇവിടെ നിന്റെ പരിപാലനവും അവിടെ സ്വർഗീയ ഏദൻദേശത്തെ ആനന്ദവും ഞങ്ങൾക്കു നല്കേണമെ. നിന്റെ കൃപയാലും കരുണയാലും ഏതവസ്ഥയിലും ഇവിടെയും അവിടെയും നിന്നെ സ്തുതിക്കാനും പുകഴ്ത്താനും ഞങ്ങൾക്കു വരം നൽകേണമെ. ഇവിടെ ഞങ്ങളുടെ ചുറ്റും കുന്നുകൂടിയിരിക്കുന്ന തിന്മകളേയും അശുദ്ധികളേയും ഞെരുക്കങ്ങളേയും ഞങ്ങളിൽനിന്ന് ദൂരത്തകറ്റി നിന്റെ കൃപയാലും കരുണയാലും ഞങ്ങളെ സമാധാനിപ്പിക്കേണമെ. കർത്താവേ, നിന്റെ സഭയാകുന്ന ഈ കൂട്ടത്തെയും നിന്റെ പക്കലേക്കുനോക്കി നിലവിളിക്കുന്ന ഈ ജനത്തെയും നീ കടാക്ഷിച്ചു ഉത്തരമരുളേണമെ. കർത്താവേ, നിൻെറ സഭ നിന്നിൽ മാത്രം പ്രശംസിക്കട്ടെ. പ്രാർഥനയ്ക്ക് ഉത്തരം ലഭിച്ച നിന്റെ ആട്ടിൻകൂട്ടം നിന്നിൽ സമാധാനം കണ്ടെത്തട്ടെ. ബാവൂസാ അനുഷ്ഠിക്കുന്ന ഈ ജനക്കൂട്ടമെല്ലാം നിന്നിൽ ആനന്ദിക്കട്ടെ. നിനക്കും നീ മുഖേന നിന്റെ പിതാവിനും റൂഹാദ്ക്കുദ്ശായ്ക്കും ഞങ്ങളുടെ ഈ സമൂഹം മഹത്ത്വവും സ്തുതിയും അർപ്പിക്കുമാറാകട്ടെ. ആമ്മേൻ.

## മദ്‌രാശ

*(എല്ലാവരും എഴുന്നേൽക്കുന്നു)*

*(രീതി : യാദാ ഹൂശാവേ... അതിപൂജിതമാം നിൻ... )*

നല്ലവനേ നാഥാ, പാപികൾ ഞങ്ങളിതാ
അന്ത്യമെഴാത്തോരാ കരുണകവാടത്തിൽ
മുട്ടുന്നൂ മനമുഴലുന്നു യാചന കേൾക്കണമേ

*നല്ലവനേ നാഥാ, പാപികൾ ഞങ്ങളിതാ*
*അന്ത്യമെഴാത്തോരാ കരുണകവാടത്തിൽ*
*മുട്ടുന്നൂ മനമുഴലുന്നു യാചന കേൾക്കണമേ*

നന്ദി പറഞ്ഞീടാൻ നാവിനു കഴിവില്ല
കൃപയെണ്ണിപ്പറയാൻ വിരലുകൾ തികയില്ല
പെയ്യും തുള്ളിയിൽ മിന്നുന്നു നിന്റെ മഹാമഹിമ.

*നല്ലവനേ നാഥാ, പാപികൾ ഞങ്ങളിതാ*
*അന്ത്യമെഴാത്തോരാ കരുണകവാടത്തിൽ*
*മുട്ടുന്നൂ മനമുഴലുന്നു യാചന കേൾക്കണമേ*

ആടിനെ ബലിനൽകും ഹാബേലിൻകൂടെ
നാഥനു ബലിയേകാം നന്ദി പറഞ്ഞീടാം
അവനുടെ കുഞ്ഞാടതിനാലെ മേഷഗണം പെരുകാൻ

*നല്ലവനേ നാഥാ, പാപികൾ ഞങ്ങളിതാ*
*അന്ത്യമെഴാത്തോരാ കരുണകവാടത്തിൽ*
*മുട്ടുന്നൂ മനമുഴലുന്നു യാചന കേൾക്കണമേ*

മൃത്യു ജയിച്ചവനാം ഹേനോക്കിന്നൊപ്പം
നന്ദി പറഞ്ഞീടാം നാഥനെ വാഴ്ത്തീടാം
ന്യായാധിപനുടെ മുന്നിലവൻ നമ്മെ കരുതട്ടെ.

*നല്ലവനേ നാഥാ, പാപികൾ ഞങ്ങളിതാ*
*അന്ത്യമെഴാത്തോരാ കരുണകവാടത്തിൽ*
*മുട്ടുന്നൂ മനമുഴലുന്നു യാചന കേൾക്കണമേ*

പേടകമതിനുള്ളിൽ അപ്പം കരുതിയൊരാ
നോഹിൻ പ്രാർഥനകൾ തുണയരുളീടട്ടെ
അവനുടെ കരുതൽ നമ്മളിലും ജീവൻ പകരട്ടെ.

*നല്ലവനേ നാഥാ, പാപികൾ ഞങ്ങളിതാ*
*അന്ത്യമെഴാത്തോരാ കരുണകവാടത്തിൽ*
*മുട്ടുന്നൂ മനമുഴലുന്നു യാചന കേൾക്കണമേ*

അന്നം നൽകിയൊരാ അബ്രാമിൻ മേശ
മാതൃകയാകട്ടെ നമ്മൾക്കെന്നാളും
പൈദാഹം കൊണ്ടലയുവൊരെ ചേർത്തുപിടിച്ചീടാൻ.

*നല്ലവനേ നാഥാ, പാപികൾ ഞങ്ങളിതാ*
*അന്ത്യമെഴാത്തോരാ കരുണകവാടത്തിൽ*
*മുട്ടുന്നൂ മനമുഴലുന്നു യാചന കേൾക്കണമേ*

നല്ലവനേ ആവാ, നിന്നിഷ്ടം തിന്മാൻ *
പോന്നൊരു ഹൃദയം നീ എന്നിൽ നൽകണമേ,
നല്ലവനേ നിൻ കൽപ്പനയെൻ കാതിൽ നിറയട്ടെ.

*നല്ലവനേ നാഥാ, പാപികൾ ഞങ്ങളിതാ*
*അന്ത്യമെഴാത്തോരാ കരുണകവാടത്തിൽ*
*മുട്ടുന്നൂ മനമുഴലുന്നു യാചന കേൾക്കണമേ*

ഉപവാസത്താലെ പ്രാർഥനയതിനാലെ
വയലുകൾ വിളയട്ടെ വലകൾ നിറയട്ടെ
നിവ്യാമാരുടെ പ്രാർഥനയാൽ നീർച്ചാലൊഴുകട്ടെ.

*നല്ലവനേ നാഥാ, പാപികൾ ഞങ്ങളിതാ*
*അന്ത്യമെഴാത്തോരാ കരുണകവാടത്തിൽ*
*മുട്ടുന്നൂ മനമുഴലുന്നു യാചന കേൾക്കണമേ*

## രണ്ടാം കെറിയാനാ

*(എല്ലാവരും ഇരിക്കുന്നു)*

*ശുശ്രൂഷി വിജ്ഞാപനം വായിക്കുന്നു*

പ്രിയപ്പെട്ടവരേ, വിവേകികളായ മക്കളോടെന്നതുപോലെ ഞാൻ നിങ്ങളോടു പറയുന്നു. നിങ്ങളുടെ ബാവൂസായെ ശ്രവിച്ച് ദൈവം ദിവ്യദാനങ്ങൾ നിങ്ങൾക്കു നൽകാൻ തുടങ്ങിയതിനെക്കരുതി നിങ്ങളുടെ യാചനകളുടെ ശക്തിയും പ്രാർഥനകളുടെ തീക്ഷ്ണതയും കുറയ്ക്കരുതേ. ദൈവകരുണയെ വാഴ്ത്താനും അവിടുത്തേക്കു നന്ദിപറയാനും മതിയായ

---

* *തിന്മാൻ = തിന്നാൻ (ദൈവേഷ്ടം തിന്നുക എന്ന മാർ അപ്രേമിന്റെ ദൈവശാസ്ത്രം).*

വാക്കുകളോ ജീവിതമോ നമുക്കില്ലെന്ന് തിരിച്ചറിയുക. മഴത്തുള്ളി ചോദിച്ച നമുക്ക് പെരുമഴതന്ന നിറവാണ് നമ്മിലിപ്പോൾ. അയോഗ്യരായ നമുക്കു ദൈവപ്രസാദം നേടിയിട്ടുള്ള നമ്മുടെ പൂർവികരോടുചേർന്ന് ദൈവത്തിനു സ്തുതിപാടാം. ഊന മില്ലാത്ത കുഞ്ഞാടിനെ കർത്താവിനർപ്പിച്ചു ബലിയേകിയ ഹാബേലിന്റെ പ്രാർഥന നമ്മുടെ കുർബാനയ്ക്കും നേർച്ചകൾക്കും അനുഗ്രഹമാകട്ടെ. കുടുംബത്തെ പോറ്റിപ്പുലർത്തുന്ന സമയത്തും ജീവിതവിശുദ്ധിപാലിച്ചുകൊണ്ട് ദൈവത്തോട് ഒന്നിച്ചുനടന്ന അവിടുത്തെ അരുമസ്നേഹിതനായ ഹേനോക്കിന്റെ പ്രാർഥന മരണത്തെയും സാത്താനെയും ജയിക്കാൻ നമുക്കു കൃപന ൽകട്ടെ. ദൈവേഷ്ടത്തിനു വിധേയനായി പെട്ടകമുണ്ടാക്കി രക്ഷപ്രാപിച്ച്, ദൈവത്തിനു യാഗപീഠംപണിത് ഹോമയാഗം അർപ്പിച്ച നോഹയോടും കുടുംബത്തോടുംചേർന്ന് നമുക്കു ദൈവത്തെ സ്തുതിക്കാം. ദരിദ്രരെയും അഗതികളെയും അതിഥികളെയും പോഷിപ്പിച്ച അബ്രഹാത്തിന്റെ മേശ പാവങ്ങളെ പോറ്റേണ്ട ചുമതല നമുക്കുണ്ടെന്ന ബോധ്യം നമ്മിൽ നിറയ്ക്കട്ടെ. കർഷകനായി ജീവിച്ച്, വിത്തു വിതച്ചുകാത്തിരുന്ന അബ്രഹാത്തിന്റെ മകനായ ഇസഹാക്കിന്റെ പ്രാർഥന എല്ലാ കർഷകർക്കും വലിയ അനുഗ്രഹമാകട്ടെ. ദൈവം സമൃദ്ധമായി അനുഗ്രഹിച്ച് ആടുമാടുകളും സമ്പത്തും നൽകിയ യാക്കോബിന്റെ പ്രാർഥന നമുക്കു തുണയാകട്ടെ. യാക്കോബ് ജന്മം നൽകിയ പന്ത്രണ്ടു ഗോത്രപിതാക്കന്മാരുടെയും പ്രാർഥന നമുക്കു ശക്തി പകരട്ടെ. അടിമത്തത്തിൽനിന്ന് ജനങ്ങളെ രക്ഷിച്ച മൂശയുടെ പ്രാർഥന നമ്മെ മോചിപ്പിക്കട്ടെ. ദൈവാലയത്തിൽ സ്വർഗം ദർശിച്ച ഏശയ്യാനിവ്യായുടെ പ്രാർഥനാനുഭവം നമുക്കുണ്ടാകട്ടെ. എല്ലാ നിവ്യാമാരുടെയും പ്രാർഥനകൾ നമുക്കു ശക്തിതരട്ടെ.

നമ്മളോടൊപ്പം പ്രാർഥിച്ച് ദൈവസ്തുതികൾ പാടാൻ നമ്മളെ സഹായിച്ച സഹദാമാരെയും കന്തീശങ്ങളെയും നിവ്യാമാരെയും നമുക്ക് അനുസ്മരിക്കാം. നമ്മുടെ പ്രാർഥനകളുടെയും സ്തുതി സ്തോത്രങ്ങളുടെയും അപൂർണത അവർ നികത്തട്ടെ. ഉപ വാസത്താലും പ്രാർഥനയാലും അല്ലാതെ ലോകത്തെ കീഴ്പ്പെടുത്താനാകില്ലെന്നു പ്രസംഗിച്ച യോഹന്നാൻ മാംദാന യുടെ പ്രസംഗം നമുക്കു കേൾക്കാം. ദൈവരാജ്യത്തിന്റെ ആത്മാനന്ദത്തിനു നമ്മെത്തന്നെ നമുക്കു വിട്ടുകൊടുക്കാം. എല്ലാ രോഗങ്ങളും വേദനകളും സൗഖ്യപ്പെടുത്തുന്നവനാണ് ഈശോമിശിഹാ. തന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കുമെന്ന് അവൻ പ്രഖ്യാപിച്ചു. മരണാനന്തരമുള്ള സ്വർഗീയ ജീവിതമാണ് ഏറ്റവും പ്രധാനമെന്ന് ശിഷ്യന്മാർക്ക് അവൻ കാണിച്ചുകൊടുത്തു. സ്ലീവാമേൽകിടത്തി തന്റെ ആത്മാവിനെ പിതാവിന് ഏൽപ്പിച്ചുകൊടുത്തുകൊണ്ട് അവൻ മരണത്തെ ജയിച്ചുയിർത്തു. ആദ്യത്തെ സഹദായായ എസ്തപ്പാനോസും സകല സഹദാമാരും സ്വർഗത്തിലേക്കു മിഴികളുയർത്തി മരണത്തിൽ ഉത്ഥാനം ദർശിച്ചു. മാർ ഔഗേനും കൂട്ടരും ഞങ്ങളുടെ സഭയിലെ സകല വിശുദ്ധരും വാഴ്ത്തപ്പെട്ടവരും വിശുദ്ധിയുടെ മാർഗം തെളിച്ച് ഈശോമിശിഹായിലേക്കു നമ്മെ നയിച്ചു. ബാവൂസായിലൂടെ നമുക്ക് ആത്മീയ ഉണർവുനൽകിയ ദൈവത്തെ നമുക്ക് ആരാധിക്കാം. ഞങ്ങളുടെ പ്രാർഥനകൾകേട്ട് ഉത്തരം അരുളിയവനേ, നിന്റെ കാരുണ്യത്തെപ്രതി നിനക്കു ഞങ്ങൾ സ്തുതിസ്തോത്രങ്ങൾ അർപ്പിക്കുന്നു. പാടാനും പറയാനും ഞങ്ങളുടെ അധരങ്ങളെ തുറന്നത് നീയാണ്. ഞങ്ങളുടെ സങ്കടങ്ങളിലും ഞെരുക്കങ്ങളിലും ഞങ്ങളെ ഉപേക്ഷിക്കാതെ സമാധാനം നൽകിയ ജീവിക്കുന്ന ദൈവമേ, സ്വർഗവാസികളും ഭൂവാസികളുമായ സകലരിലുംനിന്ന് നിനക്ക് എന്നും എന്നേക്കും മഹത്ത്വം ഉണ്ടാകട്ടെ. ആമ്മേൻ.

# ബുർക്കാസ

*പ്രധാന കാർമ്മികൻ ബുർക്കാസ ചൊല്ലുന്നു. ഓരോ പാദത്തിന്റെയും ആദ്യവരി ചൊല്ലിക്കഴിയുമ്പോൾ സമൂഹം **'ഏൻ മറിയാ'** (അതേ കർത്താവേ) എന്നുചൊല്ലി നിലംപറ്റെ മുട്ടുകുത്തി കുമ്പിടുന്നു. രണ്ടാംപാദം കഴിയുമ്പോൾ **'ആമ്മേൻ'** എന്നുചൊല്ലി നിവരുന്നു.*

**കാർമ്മി :** നിങ്ങളുടെ പ്രാർഥനകളാൽ നമ്മുടെ കർത്താവ് നാലു ദിക്കുകളിലും ശാന്തിയും സമാധാനവും നിവസിപ്പിക്കട്ടെ.

**സമൂ :** **ഏൻ മറിയാ.**

**കാർമ്മി :** നിങ്ങളുടെ പ്രാർഥനകളാൽ, ഭരണകർത്താക്കൾ ഐക്യത്തിലും സ്നേഹത്തിലും ആയിരിക്കട്ടെ.

**സമൂ :** **ആമ്മേൻ.**

**കാർമ്മി :** നിങ്ങളുടെ പ്രാർഥനകളാൽ, ജീവനുള്ള രക്തത്താൽ രക്ഷിക്കപ്പെട്ട സഭ, പാഷണ്ഡതകൾക്കെല്ലാമെതിരെ തന്റെ കൊമ്പ് ഉയർത്തട്ടെ.

**സമൂ :** **ഏൻ മറിയാ.**

**കാർമ്മി :** നിങ്ങളുടെ പ്രാർഥനകളാൽ വലിയ ഇടയനായ മാർപാപ്പ തന്റെ ആടുകളെ നിസ്വാർത്ഥമായി നയിക്കട്ടെ.

**സമൂ :** **ആമ്മേൻ.**

**കാർമ്മി :** നിങ്ങളുടെ പ്രാർഥനകളാൽ മേജർ ആർച്ച്ബിഷപ്പും മറ്റെല്ലാ ഇടയന്മാരും സകല ആത്മീയ ദാനങ്ങളാലും അലംകൃതരായിത്തീരട്ടെ.

**സമൂ :** **ഏൻ മറിയാ.**

**കാർമ്മി :** നിങ്ങളുടെ പ്രാർഥനകളാൽ ആരാധ്യമായ റാസകളെ പരികർമ്മം ചെയ്യുന്ന പുരോഹിതരുടെമേൽ സർവ അനുഗ്രഹങ്ങളും ഉണ്ടാവട്ടെ.

**സമൂ :** **ആമ്മേൻ.**

**കാർമ്മി :** നിങ്ങളുടെ പ്രാർഥനകളാൽ മദ്ബഹാകളിൽ ശുശ്രൂഷിക്കുന്ന മ്ശംശാനാമാർക്ക് സർവസഹായങ്ങളും ലഭിക്കട്ടെ.

**സമൂ : ഏൻ മറിയാ.**

**കാർമ്മി :** നിങ്ങളുടെ പ്രാർഥനകളാൽ നമ്മുടെ കർത്താവ് ഈഹീദായമാരെ (ഏകാന്തവാസികളെ) തിരുവെഴുത്തുകളുടെ പഠനങ്ങളിലും ചിന്തകളിലും ജ്ഞാനികളാക്കട്ടെ.

**സമൂ : ആമ്മേൻ.**

**കാർമ്മി :** നിങ്ങളുടെ പ്രാർഥനകളാൽ ഈ വാസസ്ഥാനം ദുഷ്ടരുടെ ഉപദ്രവങ്ങളിൽനിന്ന് സംരക്ഷിക്കപ്പെടട്ടെ.

**സമൂ : ഏൻ മറിയാ.**

**കാർമ്മി :** നിങ്ങളുടെ പ്രാർഥനകളാൽ കർത്താവ് നമ്മുടെ ആചാര്യന്മാരെയും ആശ്രമാധിപരെയും എന്നേക്കും തുണയ്ക്കട്ടെ.

**സമൂ : ആമ്മേൻ.**

**കാർമ്മി :** നിങ്ങളുടെ പ്രാർഥനകളാൽ നമ്മുടെ കർത്താവ് വിശ്വാസികളെ സഹായിക്കട്ടെ. അവർ ധർമ്മിഷ്ഠരായ മക്കൾക്ക് ജന്മമേകട്ടെ.

**സമൂ : ഏൻ മറിയാ.**

**കാർമ്മി :** നിങ്ങളുടെ പ്രാർഥനകളാൽ അനാഥരെയും വിധവകളെയും അവിടുന്ന് സംരക്ഷിക്കട്ടെ, വിശക്കുന്നവരെ അവിടുന്ന് തീറ്റിപ്പോറ്റുകയും സമ്പന്നരാക്കുകയും ചെയ്യട്ടെ.

**സമൂ : ഏൻ മറിയാ**

**കാർമ്മി :** നിങ്ങളുടെ പ്രാർഥനകളാൽ നിലവിളിക്കുന്നവരിൽ നിന്ന് വിലാപം കടന്നുപോകട്ടെ, രോഗികളെ അവിടുന്ന് സൗഖ്യപ്പെടുത്തട്ടെ.

**സമൂ : ആമ്മേൻ.**

**കാർമ്മി :** നിങ്ങളുടെ പ്രാർഥനകളാൽ കർത്താവ് ബാലികാ ബാലന്മാർക്ക് ജീവിതക്രമം നൽകട്ടെ, അവർ രക്ഷിതരായിത്തീരട്ടെ.

**സമൂ :** **ഏൻ മറിയാ.**

**കാർമ്മി :** നിങ്ങളുടെ പ്രാർഥനകളാൽ പരീക്ഷിക്കപ്പെടുന്നവർക്ക് രക്ഷയുണ്ടാകട്ടെ, ദുഷ്ടന്റെ നുകത്തിൽനിന്ന് അവിടുന്ന് അവരെ സ്വതന്ത്രരാക്കട്ടെ.

**സമൂ :** **ആമ്മേൻ.**

**കാർമ്മി :** നിങ്ങളുടെ പ്രാർഥനകളാൽ പീഡിപ്പിക്കപ്പെടുന്നവർക്കെല്ലാം മോചനമുണ്ടാകട്ടെ, തടവിലാക്കപ്പെട്ടവർക്കെല്ലാം രക്ഷയുമുണ്ടാകട്ടെ.

**സമൂ :** **ഏൻ മറിയാ**

**കാർമ്മി :** നിങ്ങളുടെ പ്രാർഥനകളാൽ സർവദുരിതങ്ങളാൽ വലയുന്നവരെ കർത്താവ് ആശ്വസിപ്പിക്കുകയും അവർക്കു വിശ്രമം നൽകുകയും ചെയ്യട്ടെ.

**സമൂ :** **ആമ്മേൻ.**

**കാർമ്മി :** നിങ്ങളുടെ പ്രാർഥനകളാൽ കടലിലും കരയിലും ആകാശത്തിലും സഞ്ചരിക്കുന്നവരെ ശാന്തിയുടെ മാർഗത്തിൽ അവിടുന്ന് നയിക്കട്ടെ.

**സമൂ :** **ഏൻ മറിയാ.**

**കാർമ്മി :** നിങ്ങളുടെ പ്രാർഥനകളാൽ നമ്മുടെ കർത്താവിന്റെ വലത്തുകരം നിങ്ങളുടെമേൽ നിഴലിക്കുകയും ഈശോയുടെ കാരുണ്യം നമ്മളോടൊപ്പം ഉണ്ടായിരിക്കുകയും ചെയ്യട്ടെ.

**സമൂ :** **ആമ്മേൻ.**

**കാർമ്മി :** നിങ്ങളുടെ പ്രാർഥനകളാൽ നമ്മുടെ ആത്മങ്ങളുടെ മേൽ കർത്താവ് അനുഗ്രഹങ്ങൾ ചൊരിയുകയും കരുണ വർഷിക്കുകയും ചെയ്യട്ടെ.

**സമൂ :** **ഏൻ മറിയാ.**

**കാർമ്മി :** നിങ്ങളുടെ പ്രാർഥനകളാൽ തന്റെ ദാസരെ സംരക്ഷിക്കുന്ന കർത്താവിനു മഹത്ത്വം. നമ്മുടെ സമൂഹത്തെ ബലപ്പെടുത്തുന്ന ശക്തിക്ക് നന്ദി.

**സമൂ :** **ആമ്മേൻ.**

**കാർമ്മി :** നിങ്ങളുടെ പ്രാർഥനകളാൽ ഞങ്ങളേവരും ബാവായും പുത്രനും പരിശുദ്ധ റൂഹായുമായവനിലേക്കു തിരിഞ്ഞ് സ്തുതി പാടട്ടെ, എന്നേക്കും.

**സമൂ :** **ആമ്മേൻ.**

**മ്ശം :** നമുക്കെല്ലാവർക്കും മുട്ടുകുത്താം

## ഊനായ

(മാർ അപ്രേം രചിച്ചത്)

*(എല്ലാവരും മുട്ടുകുത്തി നിലംപറ്റെ കുമ്പിടുന്നു)*

മാറൻ എസ്രാഹം അലൈൻ
മാറൻ കമ്പെൽ ബാവൂസൻ
മാറൻ എസ്രാഹം അലൈൻ
മാറൻ എസ്രാ ല്അവ്ദയ്ക്ക്

കർത്താവേ കനിയണമേ, കാരുണ്യം ചെയ്തീടണമേ
യാചനമേൽ ചെവി ചായ്ക്കണമേ
കർത്താവേ കനിയണമേ, കാരുണ്യം ചെയ്തീടണമേ
ദാസരൊടൊരുമയിലാകണമേ.

*(എല്ലാവരും നിലംപറ്റെ കുമ്പിട്ട് എഴുന്നേൽക്കുന്നു.)*

*കാർമ്മികൻ മദ്ബഹായുടെ കവാടത്തിങ്കൽ,*
*ഇടത്തുഭാഗത്തായി ജനാഭിമുഖമായി നിന്നുകൊണ്ട് ചൊല്ലുന്നു.*

## ഹുത്താമ്മ

(മുദ്രവയ്ക്കൽ പ്രാർഥന)

**കാർമ്മി** : പ്രാർഥനകേട്ട് ഉത്തരം നൽകുന്ന ദൈവമേ, ഞങ്ങൾ അങ്ങേക്കു നന്ദിപറയുന്നു. ലോകം മുഴുവനും നിന്റെ നിരന്തരമായ കരുണ വർഷിക്കണമേ. സഭയെയും പുരോഹിതരെയും അനുഗ്രഹിക്കണമേ. ബലിയർപ്പണത്തിൽ അവർ തീക്ഷ്ണമതികളാകട്ടെ. ഭരണാധികാരികളെ നീതിയുള്ളവരാക്കണമേ. അവർ നിനക്കു ജാഗ്രതയുള്ള ദാസരാകട്ടെ. ശെമ്മാശന്മാരെ ശുശ്രൂഷയിൽ ഉത്സുകരാക്കണമേ. ആശ്രമവാസികളെ സഹായിക്കണമേ. ദമ്പതികളെ സ്നേഹത്തിലും വിശ്വസ്തതയിലും നിലനിർത്തണമേ. ദൈവഭയത്തിലും ജ്ഞാനത്തിലും ഞങ്ങളുടെ കുഞ്ഞുങ്ങളെ വളർത്തണമേ.

ഗർഭസ്ഥശിശുക്കളെയും രോഗികളെയും ദുർബലരെയും മാനസികവെല്ലുവിളി നേരിടുന്നവരെയും പരിപാലിക്കണമേ. അഗതികളെയും ദരിദ്രരെയും വിധവകളെയും പോറ്റണമേ. വൃദ്ധരെ പരിപാലിക്കണമേ. യുവാക്കളെയും കുട്ടികളെയും ആത്മീയ സൗന്ദര്യത്താൽ പ്രകാശിപ്പിക്കണമേ. മക്കളില്ലാത്ത ദമ്പതികളിൽ കനിവുണ്ടാകണമെ. പ്രണയക്കുരുക്കിൽ അകപ്പെടുന്നവരെയുംലഹരിക്ക്അടിമപ്പെടുന്നവരെയും നേർവഴി കാട്ടണമേ. തൊഴിൽരഹിതരുടെ അപേക്ഷ കൈവെടിയരുതേ. കരയിലും കടലിലും ആകാശത്തും

യാത്ര ചെയ്യുന്നവരെ സംരക്ഷിക്കേണമേ. പ്രകൃതി ക്ഷോഭങ്ങളിൽനിന്നും പകർച്ചവ്യാധികളിൽനിന്നും ഞങ്ങളെ സംരക്ഷിക്കേണമേ. നിരാശയിൽ കഴിയുന്ന വർക്കു പ്രത്യാശയും നിലവിളിക്കുന്നവർക്ക് ആശ്വാസവും നൽകണമേ.

വിശ്വാസികളിൽനിന്ന് ഇരുളിനെ അകറ്റണമേ. സാത്താന്റെ കെണിയിൽനിന്നും ഞങ്ങളെ സംരക്ഷി ക്കണമേ. അങ്ങയുടെ പരിശുദ്ധനാമത്തെപ്രതി പീഡനങ്ങൾ അനുഭവിക്കുന്നവർക്കു ശക്തി നൽക ണമേ. ലജ്ജയും തണുപ്പുംകൂടാതെ നിനക്കു സാക്ഷ്യം വഹിക്കാൻ ഞങ്ങളുടെ ഹൃദയങ്ങളെ ജ്വലിപ്പിക്ക ണമേ. ചിതറിപ്പോയവരെ അനുരഞ്ജിപ്പിച്ച് ഒരുമിച്ചുകൂട്ടു കയും സഭാഗണത്തിൽ നിർത്തുകയും ചെയ്യണമേ. സത്യത്തിലും സ്നേഹത്തിലും സത്യദൈവമായ നിന്നെ ആരാധിക്കുന്ന യഥാർത്ഥ സഭയായി ഞങ്ങൾ രൂപാന്തരപ്പെടട്ടെ.

ഞങ്ങളുടെ കർത്താവേ, കർഷകരോടു കരുണ കാണിക്കണമേ. അവരുടെ അധ്വാനം ഫലമണിയി ക്കണമേ. ധനികർക്ക് ഔദാര്യശീലം നൽകണമേ. കൂലിക്കാരുടെ അവകാശം നിഷേധിക്കരുതേ. നിന്റെ സങ്കേതം ആടുകൾക്കും ഇടയന്മാർക്കും അഭയമാകട്ടെ. അന്ധർക്കു കാഴ്ചനൽകുന്നവനായ എന്റെ കർത്താവേ, ഞങ്ങൾ നിന്റെ വലത്തുകരത്തിന്റെ പ്രകാശം കാണട്ടെ. മുടന്തരെ സുഖപ്പെടുത്തുകയും ബന്ധിക്കപ്പെട്ടവരെയും അടിമകളെയും മോചിപ്പിക്കുകയും ചെയ്യണമേ. ഗുണസമ്പന്നരെ ധൈര്യപ്പെടുത്തുകയും അജ്ഞരുടെ

ഹൃദയങ്ങളെ തുറക്കുകയും അഹങ്കാരികളെ താഴ്ത്തുകയും ചെയ്യണമേ. മരിച്ചവരെ കരുണാപൂർവം കടാക്ഷിക്കണമേ. സങ്കടപ്പെടുന്നവരെ സന്തോഷിപ്പിക്കണമേ. വലിയവരും ചെറിയവരും നിന്റെ സമൃദ്ധി അനുഭവിക്കട്ടെ.

നിന്റെ വാഗ്ദാനംപോലെ നിന്നെ വിളിച്ചപേക്ഷിക്കുന്ന എല്ലാവരുടെയും യാചനകൾക്ക് ഉത്തരം അരുളണമേ. ഞങ്ങളുടെ പ്രാർഥന, സന്ധ്യയിലും പ്രഭാതത്തിലും നിന്റെ മുൻപിൽ അർപ്പിക്കപ്പെടുന്ന സുരഭില ധൂപം പോലെയാകട്ടെ. ഈറേന്മാരോടൊപ്പം രാത്രിയിൽ ജാഗരിക്കുന്ന ഉത്സാഹികളുടെ യാചന കൈക്കൊള്ളണമേ. സങ്കീർത്തനങ്ങളാൽ നിന്നെ സ്തുതിക്കുന്ന ഗായകരുടെ ശബ്ദം ഉയർത്തണമേ. നിന്റെ രാജ്യം വരേണമേ. നിന്റെ ദാസർ നിന്റെ ഭവനത്തിൽ സംതൃപ്തിയോടെ വസിക്കട്ടെ. എല്ലാ സൃഷ്ടികളിലും നിന്ന് നിനക്കു സ്തുതിയുണ്ടാകട്ടെ. എല്ലാനേരവും ആമ്മേൻ ആമ്മേൻ, ഹാശാ ✠ വവ്കോൽസ്വൻ വല്ആലം അല്മീൻ

**സമൂ** : ആമ്മേൻ

(എല്ലാവരും പരസ്പരം സമാധാനം നൽകുന്നു.
ഒന്നാം മൗത്വാ സമാപിക്കുന്നു)

*നമ്മുടെ കർത്താവ് ഈശോ മിശിഹായുടെ കൃപയാൽ നിനവേക്കാരുടെ ബാവൂസായുടെ (മൂന്നു നോമ്പിന്റെ) ക്രമം സമാപിച്ചു. അവിടുത്തെ പരിശുദ്ധ നാമത്തിനു മഹത്ത്വമുണ്ടായിരിക്കട്ടെ.*

ܫܠܡ

## സുറിയാനിപ്പദങ്ങളുടെ അർത്ഥം

| | | |
|---|---|---|
| ബാവൂസാ | : | യാചന |
| മൗത്വാ | : | ഭാഗം |
| ഊനായാ | : | പ്രത്യുത്തരഗീതം |
| ഓനീസാ | : | ഗീതം |
| തെശ്ബൊഹ്ത്താ | : | സ്തുതിഗീതം |
| കാറോസൂസാ | : | പ്രഘോഷണ പ്രാർഥന |
| ഹ്വർസാ | : | സഹജപം |
| സ്ലോസാ | : | വൈദികൻ ചൊല്ലുന്ന പ്രാർഥന |
| മദ്‌രാശാ | : | പ്രബോധന ഗാനം |
| കെറിയാനാ | : | വിജ്ഞാപനം/ വായന |
| ബുർക്കാസാ | : | ആശീർവാദങ്ങൾ |
| ശഹലെപ്പ് | : | ഊണവ്യതിയാനം |
| കക്രാ | : | നാണയം |
| ഏറമ്യാ | : | ജെറമിയ |
| ബാറെക് മാർ | : | കർത്താവേ ആശീർവദിക്കണമേ |
| മാറൻ വാലാഹൻ | : | ഞങ്ങളുടെ കർത്താവേ,<br>ഞങ്ങളുടെ ദൈവമേ |
| ആവാ | : | പിതാവ് |
| മൗത്വേ മാലാകാ | : | നവവൃന്ദം മാലാകാമാരിലെ ഒരു ഗണം |
| ആലാഹാ | : | ദൈവം |
| ഏൻ മറിയാ | : | അതേ കർത്താവേ |
| ആവാ | : | പിതാവ് |
| ആവാ താവാ | : | നല്ല പിതാവ് |
| മാറാ ദ്കോൽ | : | സകലത്തിന്റെയും നാഥൻ |
| കന്ദീശങ്ങൾ | : | വിശുദ്ധർ |
| ഈറേമാർ | : | ജാഗരിക്കുന്ന മാലാകാമാർ |
| ഓറശ്ലേം | : | ജറുസലേം |
| ഹാബേൽ | : | ആബേൽ |
| നിവ്യാ | : | പ്രവാചകൻ |
| മൗദ്യാനന്മാർ | : | വേദപാരംഗതർ |

| | | |
|---|---|---|
| ശ്ലാമാ | : | സമാധാനം |
| മൂശെ | : | മോശ |
| ഈഹീദായാ | : | ഏകാന്തവാസി |
| ദയറാ | : | സന്ന്യാസാശ്രമം |
| ഗേഹന്നാ | : | തീ കെടാത്ത നരകം |
| റാഹേം അലൈൻ | : | കരുണ കാണിക്കണമേ |
| കേപ്പാ | : | പത്രോസ് |
| കശീശാ | : | വൈദികൻ |
| ബേസ്ഗസ്സാ | : | നിക്ഷേപാലയം |
| സൗമാ | : | നോമ്പ് |

റമ്പെ
അർക്കോസ്
ശുൽത്താനേ
ഹൈലേ
മാറാവാസാ
മൗത്വേ
ക്രോവേ
സ്രാപ്പേ
ഈറേ
} നവവൃന്ദം മാലാകാമാർ

**ശൂവ്ഹാ ലാവാ ഉലവ്റാ വല്റൂഹാ ദ്കുദ്ശാ:**

ബാവായ്ക്കും പുത്രനും റൂഹാ ദ്കുദ്ശായ്ക്കും സ്തുതി.

**ഹാശാ വവ്കോല്സ്വൻ വല്ആലം അല്മീൻ ആമേൻ:**

ഇപ്പോഴും എപ്പോഴും എന്നേയ്ക്കും ആമേൻ.

**മാറാ ദ്കോൽ ആവാ വവ്റാ ഉറൂഹാ ദ്കുദ്ശാ ല്അല്മീൻ:**

സകലത്തിന്റെയും നാഥനും ബാവായും പുത്രനും
റൂഹാ ദ്കുദ്ശായുമായ സർവേശ്വരാ എന്നേയ്ക്കും.

**മാറൻ എസ്റാഹം അലൈൻ:**

കർത്താവേ ഞങ്ങളുടെ മേൽ കരുണ ഉണ്ടാകണമേ...

**നേമർ കൊല്ലേ അമ്മാ ആമേൻ വാമേൻ:**

എല്ലാവരും ആമേൻ ആമേൻ എന്ന് ഉദ്ഘോഷിക്കട്ടെ.

marggam
Digital Library of Christianity in India
www.marggam.com

**A digital archive of Christian Art, Books, Manuscripts & Manuals, Imagery Literature and Music.**

Support Our Ongoing Projects

- Marggam Digital Library of Christianity in India.
- Aramaic Project - Reclaim Syriac to Reaffirm Identity.
- Encyclopedia of Syriac Chants.
- Resources for Researchers.
- Directory of Christaian Songs.
- Christian Arts / Music Iconography.

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA
www.TheCMSIndia.org

An international forum for interdisiplinary discussion, and dissemination of knowledge,on Art, Literature and Music of about thirty million Christians in India

Christian Musicological Society of India, Josef Ross, 1st Floor, Peter's Enclave, Opp. Kairali Apts., Panampilly Nagar, Kochi
Kerala, India-682036. Phone: +91 9496244981, +91 9446514981, Email - info@thecmsindia.org